# പ്രവചനം സംസാരിക്കുന്നു
# സംശയങ്ങൾ അലിയുന്നു

*ഏൾ ആൽബർട്ട് റൊവെൽ*

*വിവർത്തനം : സി. ജെ. ആന്റണി*
*Financed by : Elizabeth Mathew*

## ആമുഖം

ഡേവിഡ് ഡെയറിന്റെ ഈ കഥയ്ക്കും ബൈബിൾ ഗവേഷണത്തിലെ അനുഭവങ്ങൾക്കും നമ്മൾ ഏൾ ആൽബർട്ട് റൊവെലിനോട് കടപ്പെട്ടിരിക്കുന്നു. 'വിമർശകന്റെ ഗുഹയിലെ ബൈബിൾ', 'പരിവർത്തിത അവിശ്വാസി അജ്ഞേയതാവാദി യായ പിതാവിനെഴുതിയ കത്തുകൾ', 'സമൂഹത്തിലെ ചെന്നാ യ്ക്കളോടുള്ള പോരാട്ടം' തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതി കളാണ്. ഒരു നാസ്തിക കുടുംബത്തിൽ വളർന്ന അദ്ദേഹം സ്വയം ഒരു പരിവർത്തിത നാസ്തികനാണ്. അമേരിക്കയുടെ പസഫിക് തീരത്ത് ഏതാനം വർഷങ്ങൾ അദ്ദേഹം ക്ലാസു കളെടുത്തു. എല്ലാ തരത്തിലുമുള്ള അവിശ്വാസികളെ പരസ്യ ങ്ങളിലൂടെയും മറ്റും മീറ്റിംഗിൽ സംബന്ധിക്കാൻ ക്ഷണിക്കുകയും ക്ലാസിനിടയിൽ അവർ തൊടുക്കുന്ന ഏതു ചോദ്യത്തിനും ഉത്തരം നൽകാമെന്ന ഉറപ്പ് നൽകുകയും ചെയ്തിരുന്നു. ഡേവി ഡ് ഡെയറിന്റെ കഥ യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമായ ഇത്തരം അനുഭവങ്ങളുടെ മിശ്രണമാണ്.

# സൂചിക


| അദ്ധ്യായം | | പേജ് |
|---|---|---|
| 1. | പരിഹാസിയുടെ പരിഹാസം | 4 |
| 2. | പ്രവചന മൽസരത്തിനൊരു വെല്ലുവിളി | 16 |
| 3. | പരീക്ഷ ആരംഭിക്കുന്നു | 28 |
| 4. | ബൈബിൾ തെറ്റാണെന്ന് എങ്ങനെ തെളിയിക്കാം | 33 |
| 5. | അവിശ്വാസിയുടെ ചിന്താക്കുഴപ്പമായി ഈജിപ്ത് | 41 |
| 6. | ദാനിയേലിന്റെ സാഹസം | 53 |
| 7. | ഓരോ ജൂതനും ഒരൽഭുതം | 61 |
| 8. | അവിശ്വാസികൾ വചനത്തിനു സാക്ഷികളാവാൻ നിർബന്ധിതരാകുന്നു | 65 |
| 9. | അവിശ്വാസിയായ ഭരണകർത്താവ് പ്രവചനം ചുരുളഴിക്കാൻ ശ്രമിക്കുന്നു | 85 |
| 10. | ക്രിസ്തു - പ്രവചനത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയം | 91 |
| 11. | അവിശ്വാസികൾ യേശുവിനായി സാക്ഷ്യം പറയുന്നു | 107 |
| 12. | പ്രമുഖരായ ആധുനിക അവിശ്വാസികളുടെ ഏറ്റുപറച്ചിൽ | 123 |
| 13. | മനം തിരിഞ്ഞ നാസ്തികർ | 132 |
| 14. | നാസ്തികന് എന്താണ് നൽകാനുള്ളത് | 142 |
| 15. | ക്രിസ്ത്യാനിത്വത്തിന് എന്താണ് നൽകാനുള്ളത്; എമേഴ്സൺ കുടുംബത്തിന്റെ പരിവർത്തനം | 152 |
| | കുറിപ്പുകൾ | 165 |

# 1. പരിഹാസിയുടെ പരിഹാസം

**ജോർജ്ജ് എമേഴ്സൺ**, ഒരു പരസ്യത്തിലേക്ക് വിരൽ ഊന്നി ക്കൊണ്ട് ആശ്ചര്യത്തോടെ പിതാവിനോട് പറഞ്ഞു, "ഡാഡ് അത് വായിക്കൂ".

പിതാവ് പത്രമെടുത്ത് ഉറക്കെ വായിച്ചു. വായിക്കുന്തോറും ഒരു ദോഷൈകദൃക്കിന്റെ ആവേശം അയാളുടെ ശബ്ദത്തിൽ ധ്വനി ക്കുന്നുണ്ടായിരുന്നു.

"**അവിശ്വാസത്തെ വെല്ലുവിളിച്ച് തെറ്റാണെന്ന് തെളിയി ക്കുന്നു**".

"ഒരു പരിവർത്തിത അവിശ്വാസി, ഡേവിഡ് ഡെയറിന്റെ അസാധാരണ പ്രഭാഷണം. എല്ലാ നാസ്തികന്മാരെയും പരിഹാ സികളെയും അവിശ്വാസികളെയും മതവിശ്വാസമില്ലാത്തവരെയും വിശിഷ്യ എല്ലാ ഗണത്തിലുമുള്ള സംശയദൃക്കുകളെയും ഈ സു പ്രധാന പ്രഭാഷണം ശ്രവിക്കാനായി പ്രത്യേകം ക്ഷണിക്കുന്നു. പ്രഭാ ഷണത്തിനിടെ എപ്പോൾ വേണമെങ്കിലും നിങ്ങൾക്ക് ചോദ്യങ്ങളോ പ്രഭാഷകന്റെ പ്രസ്താവനയോടുള്ള എതിർപ്പോ പ്രകടിപ്പിക്കാൻ അവസരമുണ്ടായിരിക്കും. നിങ്ങൾ ഒരു സ്വതന്ത്ര ചിന്തകൻ, ഒരു അജ്ഞേയതാവാദി *(ദൈവം ഉണ്ടോ എന്ന് നിശ്ചയമില്ലാത്തവൻ)*, ഒരു മതനിന്ദകൻ, അല്ലെങ്കിൽ ഒരു നിരീശ്വരവാദിയോ ആകട്ടെ വരിക! **ഈ പൊതുയോഗം നിങ്ങളെപ്പോലുള്ളവർക്കു വേണ്ടി മാത്രമു ള്ളതാണ്.**"

പിതാവ് പുച്ഛരത്തോടെ പത്രം താഴെയിട്ടു. "ഇയാൾ, അതി രുകടന്ന വെല്ലുവിളിയാണല്ലോ നടത്തിയിരിക്കുന്നത്".

"പിതാവിനെയും അയാൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു തന്നെയാണ് അവസരം ഡാഡ്" -ആഹ്ലാദത്തോടെ ജോർജ് പറഞ്ഞു. "ഡാഡ്, ക്രിസ്ത്യാനികളോട് പ്രത്യേകിച്ച് ദൈവദാസന്മാരോട് കടി ച്ചാൽ പൊട്ടാത്ത ചോദ്യങ്ങൾ ചോദിച്ച് ഉത്തരം മുട്ടിക്കാറില്ലേ.

നമുക്ക് പോയി ഇയാൾ പറയുന്നത് കേൾക്കാം. എനിക്കുമുണ്ട് ചില ചോദ്യങ്ങൾ ചോദിക്കാൻ.

ജോർജ്ജിന്റെ ചോദ്യങ്ങൾ അവ്യക്തമായവയായിരുന്നെങ്കിലും അത് തന്റെ പിതാവിനെ അവിടേക്ക് കൊണ്ടുപോകാനുള്ള തന്ത്രമായിരുന്നു.

"ജോർജ്ജ എന്റെ ചോദ്യങ്ങൾ അയാൾക്ക് സ്വീകാര്യമാകണമെന്നില്ല, അതും **എന്റെ**" -അൽപം തറപ്പിച്ച് ആത്മവിശ്വാസം നിറഞ്ഞ ചിരിയോടെയാണ് പിതാവ് അത് പറഞ്ഞത്.

"പക്ഷെ എന്തു തന്നെയായാലും ചോദ്യങ്ങളുമായി വരുന്ന അവിശ്വാസികൾ തന്നെയാണ് ക്ഷണിക്കപ്പെട്ടിരിക്കുന്നത്", -മകൻ ആവേശത്തോടെ വാദിച്ചു.

"ഉവ്വ് ഞാനത് ശ്രദ്ധിച്ചു, അതൊരു പ്രത്യേകതയോടെയാണ് പറഞ്ഞിരിക്കുന്നത്"-ഹെൻറി എമേഴ്സൺ അതംഗീകരിച്ചു.

"ആളെക്കൂട്ടാനുള്ള തന്ത്രമായാണോ അതിനെ കാണുന്നത്? അതോ, വെറുതെ പറഞ്ഞതാണെന്നാണോ കരുതുന്നത്?"

"ഇതുപോലൊരു പൊതുയോഗത്തെക്കുറിച്ച് ഇതിനു മുമ്പ് ഞാൻ കേട്ടിട്ടേയില്ല. പരസ്യത്തിൽ പറഞ്ഞതനുസരിച്ച് നടന്നാൽ ഈ യോഗം അയാളെയും കൊണ്ടേ പോകൂ. നമുക്ക് നേരിട്ട് പോയി കാണാം." പിതാവിനെ പോകാൻ പ്രേരിപ്പിച്ചുകൊണ്ട് ജോർജ്ജ് തുടർന്നു, "ഒരുപക്ഷേ ഡാഡ് സത്ബധനായേക്കാം."

"ശരി നമ്മൾ തീർച്ചയായും പോകുന്നു" - പിതാവ് സമ്മതം മൂളി. "നീ ഇത്രമാത്രം ആകാംക്ഷ കാണിക്കുകയല്ലേ, പോകാം. സംശയിക്കേണ്ട അവിടെ ഹൗസ് ഫുൾ ആയിരിക്കും."

യഥാർത്ഥത്തിൽ എമേഴ്സൺ ആ യോഗത്തിൽ സംബന്ധിക്കാൻ അതീവ തൽപരനായിരുന്നു എന്നാൽ മകന്റെയൊപ്പം പോകാൻ മനസ്സില്ലാമനസോടെ സമ്മതം മൂളുന്നതായി കാണിച്ച് അദ്ദേഹം അതു മറച്ചുവച്ചു.

മതത്തെ സംശയത്തോടെ മാത്രം കണ്ടിരുന്ന ചുറ്റുപാടിൽ

വളർന്നുവന്ന ജോർജ്ജ് എന്ന ഇരുപതുകാരൻ ഉഷാറായി. വലിയ തത്വങ്ങൾ മുറുകെ പിടിക്കുകയും ശരാശരി വിദ്യാഭ്യാസം മാത്രം ലഭിക്കുകയും ചെയ്തിട്ടുള്ള ജോർജ്ജിന്റെ പിതാവ് സൂക്ഷ്മബുദ്ധിയോടെ തെറ്റുകൾ മാത്രം കണ്ടെത്താനും തയ്യാറെടുത്തു.

ഇരുവരും ഈ വിചിത്രമായ പരസ്യത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നപ്പോൾ എമേഴ്സന്റെ ഭാര്യയും മകൾ ലൂസിലെയും കടന്നു വന്നു.

"മറ്റൊരു മത തർക്കമോ" - പിതാവിന്റെ പടപ്പുറപ്പാടിനു സമമായ ഭാവം മനസിലാക്കിയ ലൂസിലെ പരിഹാസച്ചിരിയോടെ പറഞ്ഞു.

"അല്ലേയല്ല, മൊത്തത്തിൽ ഒരു സംഭവമായി മാറിയേക്കാവുന്ന ഒന്നിന് നാന്ദി കുറിച്ചുകൊണ്ടുള്ള സംഭാഷണം." ജോർജ്ജ് സഹോദരിയോട് ഉറപ്പിച്ചു പറഞ്ഞു.

"ആദിയോടന്തം ഒരു മത തർക്കം!" - മനസ്സിലാവാതെ ലൂസിലെ ആശ്ചര്യപ്പെട്ടു. "തെളിച്ചു പറയൂ, എന്താ നീ അർത്ഥമാക്കുന്നത്.''

"പത്രത്തിലെ പരസ്യം കണ്ടോ? ഒരു വിശ്വാസിയായി മാറിയ അവിശ്വാസി എല്ലാത്തരക്കാരുടെയും വെല്ലുവിളി ഒരേ സമയം നേരിടാനൊരുങ്ങുന്നു," - തിളങ്ങുന്ന കണ്ണുകളോടെ ജോർജ്ജ് പറഞ്ഞു.

വലിയ അമ്പരപ്പോടെ ലൂസിലെ ആ പരസ്യം മുഴുവൻ വായിച്ചു.

"ഏയ് ഇതു നടക്കാൻ പോകുന്നില്ല. മതത്തിന്റെ പേര് പറഞ്ഞു പണം തട്ടാനുള്ള ഏർപ്പാടായിരിക്കും." അവൾ തീരുമാനിച്ചു.

"അല്ല, താഴോട്ട് വായിച്ചു നോക്കൂ, ഈ യോഗം സ്പോൺസർ ചെയ്തിരിക്കുന്നത് യഥാസ്ഥിതികരായിട്ടുള്ള വ്യക്തികളാണ്." പരസ്യം ചൂണ്ടിക്കാണിച്ചുകൊണ്ട് ജോർജ്ജ് പറഞ്ഞു.

പുരികം ചുളിച്ചുകൊണ്ട് ലൂസിലെ പിതാവിനെ നോക്കിയിട്ട്

ജോർജ്ജിനോട് പറഞ്ഞു, "വ്യവസ്ഥിതിയെ ചോദ്യം ചെയ്യുന്നതിൽ നൈപുണ്യം നേടിയൊരാൾക്ക് സന്തോഷം വരുന്നതു പോലെയാണ് ഇന്ന് എന്റെ പിതാവിനും."

സഹോദരിയെ തന്റെ വശത്തേക്ക് ചേർത്തുകൊണ്ട് ആവേശത്തോടെ ജോർജ്ജ് ചോദിച്ചു, "ഇന്നു രാത്രിയാണത്, നീ വരുന്നുണ്ടോ?"

"ഡാഡ് പോകുന്നുണ്ടോ?"

"ഉണ്ട്."

"എങ്കിൽ എന്നെ ഒഴിവാക്കിയേക്ക്, എനിക്കറിയാം ഒരു തോൽവിയിലേക്കാണ് ഡാഡ് പോകുന്നത്."

"നീ അങ്ങനെയാണോ കരുതുന്നത്?"

"ഞാൻ അങ്ങനെയാണോ കരുതുന്നത്?" ജോർജ്ജിനെ കളിയാക്കിക്കൊണ്ട് ലൂസിലെ പറഞ്ഞു, "എനിക്കുറപ്പാണ്, അല്ലെങ്കിൽ നീ വിചാരിക്കുന്നുണ്ടോ, ഇത്തരമൊരു സ്പോൺസേർഡ് പരിപാടിക്ക് പരസ്യം നൽകുന്നയാൾ അതിനെക്കുറിച്ച് ഒന്നും അറിയാതെയായിരിക്കും വരികയെന്ന്?"

"ബൈബിളിനെക്കുറിച്ചോ?", – തിരക്കിട്ട് യാത്രയാകുന്നതിനിടെ ജോർജ്ജ് കൂട്ടിച്ചേർത്തു.

എമേഴ്സൺ കുടുംബം പതിനഞ്ച് മിനിട്ട് നേരത്തെ എത്തിയെങ്കിലും ആ വലിയ ഓഡിറ്റോറിയത്തിൽ അവർ വളരെ ബുദ്ധിമുട്ടിയാണ് ഇരിക്കാൻ ഇടം കണ്ടെത്തിയത്.

"കാലു കുത്താനെങ്കിലും ഇടം കിട്ടിയത് ഭാഗ്യം." ജോർജ്ജ് ലൂസിലെയോട് മെല്ലെ പറഞ്ഞു.

"ഇത്ര വിചിത്രമായൊരു യോഗം അവർ എങ്ങനെയാണ് നടത്താൻ പോകുന്നതെന്നാണ് ഞാൻ കൗതുകത്തോടെ വീക്ഷിക്കുന്നത്." ഇരിപ്പുറപ്പിച്ചുകൊണ്ട് എമേഴ്സൺ പറഞ്ഞു.

"അധിക സമയം കാത്തിരിക്കേണ്ടി വരില്ലെന്നു തോന്നുന്നു, ദാ അവർ സ്റ്റേജിലേക്ക് കയറിക്കഴിഞ്ഞു." ലൂസിലെ ചൂണ്ടി

ക്കാണിച്ചു. “എന്തായിരിക്കും ഇനി നടക്കാൻ പോകുന്നത്. ഓ എനിക്കാലോചിക്കാനേ പറ്റുന്നില്ല.”

“എന്ത്, ഡോ. മോർലി യോഗാദ്ധ്യക്ഷനോ.” അമ്പരപ്പോടെ എമേഴ്സൺ പറഞ്ഞു. “എന്തു പറഞ്ഞായിരിക്കും ഡേവിഡ് ഡെയർ നഗരത്തിലെ പ്രമുഖ ഫിസിഷ്യനെ പ്രലോഭിപ്പിച്ച് ഇവിടേക്ക് കൊണ്ടുവന്നത്.”

മുപ്പതു കഴിഞ്ഞ, സാധാരണയിൽ കവിഞ്ഞ ഉയരമുള്ളൊരാൾ അപ്പോൾ ഒട്ടും സുബോധമില്ലെന്ന് തോന്നിപ്പിക്കും വിധം എന്നാൽ ഉത്സാഹത്തോടെ നടന്നുവന്ന് ഡോ. മോർലിയുടെ അടുത്തിരുന്ന് സംസാരിക്കാൻ തുടങ്ങി. അതാണ് ഡേവിഡ് ഡെയർ. ജനം വന്നുകൊണ്ടേയിരുന്നു.

യോഗനടപടികൾ ആരംഭിച്ചുകൊണ്ട് ഡോ. മോർലി സ്പഷ്ടമായി സംസാരിച്ചു തുടങ്ങി. **“അവിശ്വാസത്തെ വെല്ലുവിളിച്ച് തെറ്റാണെന്ന് തെളിയിക്കുന്നു** എന്ന ഈ പ്രഭാഷണ പരമ്പര ഏതാനം ആഴ്ചകൾ എല്ലാ ഞായറാഴ്ചയും ഉച്ചതിരിഞ്ഞ് ഉണ്ടായിരിക്കുന്നതാണ്. ഇത് സംശയങ്ങളുടെ ഒരു കാലഘട്ടമാണ്. പ്രഭാഷകനായ ഡെയർ വളർന്നു വന്നത് ഒരു അവിശ്വാസി കുടുംബത്തിലാണ്. ഒരിക്കൽ അദ്ദേഹവും അടിയുറച്ച ഒരു നാസ്തികനായിരുന്നു. തന്റെ പ്രസ്താവനകളെ സ്വതന്ത്രമായി ചോദ്യം ചെയ്യാൻ എല്ലാത്തരം സംശയദൃക്കുകളെയും അദ്ദേഹം ക്ഷണിച്ചിരിക്കുന്നു. അത് തന്റെ പ്രസംഗം തടസപ്പെടുത്തിക്കൊണ്ടാണെങ്കിൽപോലും. ബൈബിളിൽ എന്തെങ്കിലും സത്യം ഉണ്ടോ എന്നന്വേഷിക്കുന്ന അവിശ്വാസികളെ സഹായിക്കാനുള്ള ഒരാത്മാർത്ഥ ശ്രമമാണിത്. എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് ഇനി ഡെയർ നിങ്ങളോട് സംസാരിക്കും.”

ശാന്തമായി എന്നാൽ കുലീനതയോടെ ഡെയർ മുന്നിലേക്ക് വന്നപ്പോൾ വിദ്യുശ്ശക്തിയേറ്റതുപോലെ പ്രതീക്ഷാനിർഭരമായ ഒരു നിശബ്ദത ആ ഓഡിറ്റോറിയത്തിലാകെ പരന്നു. അവിടെ തിങ്ങിനിറഞ്ഞ മുഖങ്ങളിലേക്ക് തുറന്ന മനസ്സോടെ നോക്കിക്കൊണ്ട് കുറച്ചു നിമിഷം അദ്ദേഹം നിശ്ചലനായി നിന്നു.

"ഞാൻ എന്താണ് ചെയ്യുകയെന്ന തെറ്റിദ്ധാരണയോടെ ആയിരിക്കും നിങ്ങളെല്ലാവരും ഇവിടെയെത്തിയിരിക്കുക." ഡെയർ പറഞ്ഞു തുടങ്ങി.

"ഞാൻ പറഞ്ഞില്ലേ, എനിക്കറിയാമായിരുന്നു," എമേഴ്സൺ അടക്കം പറഞ്ഞു. ആശ്ചര്യത്തോടെയുള്ള ഇത്തരം ശബ്ദങ്ങൾ ഓഡിറ്റോറിയം മുഴുവൻ മുഴങ്ങുന്നുണ്ടായിരുന്നു.

"അയ്യേ", - പതിഞ്ഞ ശബ്ദത്തിൽ ലൂസിലെ പറഞ്ഞു, എന്നാൽ ജോർജ്ജ് മിണ്ടാതിരുന്നു.

"ഞാൻ ആരെയും വെല്ലുവിളിക്കാനെത്തിയതല്ല. അവിശ്വാസത്തെയൊ അവിശ്വാസികളെയൊ ഞാൻ വെല്ലുവിളിക്കുന്നില്ല." ഡെയർ ശാന്തനായി തുടർന്നു. ഓഡിറ്റോറിയത്തിലുള്ള ജനം അക്ഷമരായി ഇളകി മറിഞ്ഞു.

"അവിശ്വാസത്തെയും അവിശ്വാസികളെയും ഖണ്ഡിക്കാനും ഞാനുദ്ദേശിക്കുന്നില്ല." ഡെയറിന്റെ തെളിഞ്ഞ ശബ്ദം അവിടമാകെ മുഴങ്ങി. എല്ലാവരുടെയും മുറുമുറുപ്പുകൾക്കു മീതെ ആ ശബ്ദം കേൾക്കാമായിരുന്നു.

"ഇതെന്താ തമാശയാണോ, നമ്മൾ വെറുതെ സമയം കളയുകയാണ്, പോകാം." എമേഴ്സൺ ദേഷ്യപ്പെട്ടുകൊണ്ട് പകുതി എഴുന്നേറ്റു.

"എന്നാലും അവിശ്വാസികളും അവിശ്വാസവും വെല്ലുവിളിക്കപ്പെടും. അവിശ്വാസവും അവിശ്വാസികളും ഖണ്ഡിക്കപ്പെടും." വ്യക്തമായ, മുഴങ്ങുന്ന ശബ്ദത്തിൽ ഡേവിഡ് ഡെയർ ഉറപ്പു നൽകി.

പോകാനെഴുന്നേറ്റവർ പെട്ടെന്ന് ഇരുന്നു. "ഇതു കൊള്ളാം" എമേഴ്സൺ പറഞ്ഞു. "എങ്കിൽ ഒന്നറിഞ്ഞിട്ടു തന്നെ കാര്യം."

വൻ ജനാവലി വീണ്ടും നിശ്ചലമായി, അവിടെ സംഭവിക്കുന്നതൊന്നും വിട്ടുപോകാതെ അതീവ ശ്രദ്ധയോടെയിരുന്നു. അവരുടെ ഞെട്ടലും പുച്ഛരവും ഭാവമാറ്റവുമെല്ലാം മനസിലാക്കിയ ഡേവിഡ് ഡെയർ ചിരിച്ചു. അവരുടെ പരിഹാസം ഇപ്പോൾ നിറഞ്ഞ

താൽപര്യമായി മാറിയിരിക്കുന്നു. പ്ലാറ്റ്ഫോമിന്റെ അറ്റത്തേക്ക് കയറി വന്ന് ഗൗരവത്തോടെ എല്ലാ ശ്രദ്ധയും പിടിച്ചുപറ്റും വിധം പതുക്കെ അദ്ദേഹം സംസാരിച്ചു തുടങ്ങി.

“അതെ, സംശയിക്കുന്നവർ വെല്ലുവിളിക്കപ്പെടും അവിശ്വാസികൾ ഖണ്ഡിക്കപ്പെടും, പക്ഷെ ഞാനല്ല അവരെ വെല്ലുവിളിക്കുന്നതും ഖണ്ഡിക്കുന്നതും. ഇന്നത്തെ പരിഹാസികളെയും ഇക്കൂട്ടത്തിലെ അവിശ്വാസികളെയും നൂറ്റാണ്ടുകൾക്കു മുന്നേ തന്നെ എന്നെക്കാൾ അനന്ത ജ്ഞാനിയായ ഒരുവൻ വെല്ലുവിളിക്കുകയും ഖണ്ഡിക്കുകയും ചെയ്തിരിക്കുന്നു.”

“നിങ്ങൾക്കു മുന്നിൽ ഏതാനും വസ്തുതകൾ നിരത്തുക മാത്രമാണ് ഞാൻ ചെയ്യുക. അത് സ്വീകരിക്കാനോ കഴിയുമെങ്കിൽ തിരസ്കരിക്കാനോ നിങ്ങൾക്ക് അവസരം നൽകപ്പെടും. നിങ്ങൾ ഇവിടേക്ക് സൗജന്യമായി ക്ഷണിക്കപ്പെട്ടു. പറയുന്ന കാര്യങ്ങൾ ചോദ്യം ചെയ്യാനുള്ള എല്ലാ അവസരവും തരുന്നു. മാത്രവുമല്ല പ്രഭാഷകനെ എപ്പോൾ വേണമെങ്കിലും തടസ്സപ്പെടുത്തി ചോദ്യം ചെയ്യുകയോ നിരാകരിക്കുകയോ ചെയ്യാം. അതുകൊണ്ട് നിങ്ങളുടെ നിശബ്ദത പ്രഭാഷകന്റെ പ്രസ്താവനകൾക്കുള്ള സമ്മതമായി പരിഗണിക്കപ്പെടും. എന്താ സമ്മതമാണോ?”

“ശരി, ശരി, പറയൂ'' - സദസ്യരിൽ ഭൂരിഭാഗവും അത് ശരി വച്ചു.

“നിങ്ങളുടെ ചോദ്യങ്ങളും തിരസ്ക്കരണവുമെല്ലാം അടിസ്ഥാനപരമായി പ്രതിപാദ്യ വിഷയവുമായി ബന്ധപ്പെട്ടതായിരിക്കണം. യുക്തിയുക്തമായ ക്രമത്തിൽ തയ്യാറാക്കപ്പെട്ടവയാണ് ഈ പ്രഭാഷണങ്ങൾ. അതുകൊണ്ട് ഈ പരമ്പര പൂർണ്ണമായി ശ്രവിക്കുകയാണെങ്കിൽ നിങ്ങൾക്കുണ്ടാകുന്ന പല ചോദ്യങ്ങൾക്കും സ്വാഭാവികമായും ഉത്തരം ലഭിച്ചേക്കും.’

“ഞാനടക്കം നമ്മളെല്ലാവരും സംശായാലുക്കളാണെന്ന് ഞാൻ വിചാരിക്കുന്നു. പക്ഷെ നമ്മൾ സത്യസന്ധരായ പര്യവേക്ഷകരാണ്. നമ്മുടെ മുന്നിലുള്ള ഈ അസാധാരണവും

പ്രബലവും ശല്യപ്പെടുത്തുന്നതുമായ പുസ്തകം - **ബൈബിളി**ലെ സത്യങ്ങൾ ഒരുമിച്ച് പഠിക്കാൻ ശ്രമിക്കുന്ന സാഹസികരുമാണ്. കണ്ടെത്തലിന്റെ ഈ സാഗര യാത്രയിൽ ഞാൻ നിങ്ങളുടെ കപ്പിത്താൻ മാത്രമാണ്.

“ഒന്നുണ്ട്: എല്ലാവരും അംഗീകരിക്കാത്ത ഒരു സംഗതിയും ഞാനുപയോഗിക്കില്ല. നാമൊരുമിച്ചു മാത്രമേ മുന്നോട്ട് പോവുകയുള്ളൂ. ഒരു പ്രസ്താവന എല്ലാവരും സ്വീകരിക്കാത്ത പക്ഷം അതുടൻ തന്നെ തള്ളിക്കളയും. നമ്മളൊരു സംഘമായി മുന്നേറും.

“ഒന്നുകൂടി: അവിശ്വാസത്തിൽ നിന്നും പടിപടിയായി ക്രിസ്ത്യാനിത്വത്തിലേക്ക് മുന്നേറാനാണ് ഞാനാഗ്രഹിക്കുന്നതെന്ന് നിങ്ങൾക്ക് മുന്നറിയിപ്പ് തരുന്നു. ഈ പ്രക്രിയയിൽ തെറ്റുകൾ കണ്ടെത്താൻ നിങ്ങളെ ക്ഷണിക്കുന്നു. നിങ്ങൾക്ക് എത്ര താൽപര്യമുണ്ടോ അത്രയേറെ തന്നെ ഇതിലെ അപാകതകൾ കണ്ടെത്താൻ ഞാനും തൽപരനാണ്. പിശകുകളിലെ അപകടസാധ്യതയെ വെല്ലുവിളിക്കുകയെന്നത് എന്നെ സംബന്ധിച്ചിടത്തോളം അതീവ ഗൗരവമുള്ള കാര്യമാണ്. നിങ്ങളുടെ ഒത്തൊരുമിച്ചുള്ള സഹായം ഞാനാത്മാർത്ഥമായി സ്വാഗതം ചെയ്യുന്നു. എന്റെ യുക്തിയിലെ പിഴവുകൾ കണ്ടെത്തി ഭയമെന്യേ അവ ചൂണ്ടിക്കാട്ടുക. നിങ്ങൾക്കൊന്നും കണ്ടെത്താനാകുന്നില്ലെങ്കിൽ ഇതിന്റെ അനിവാര്യമായ തീർപ്പ് നിങ്ങൾ ഭയം കൂടാതെ സ്വീകരിക്കുമെന്നും ഞാൻ കരുതുന്നു.” സദസ്യർ ഇത് മുഴുവൻ മനസിലാക്കാനായി ഡെയർ അൽപസമയത്തേക്ക് സംസാരം നിർത്തിവച്ചു.

“ഒരസാധ്യ വെല്ലുവിളി തന്നെ” - ഒരാൾ പറഞ്ഞു.

“അസംബന്ധം, അസാധ്യം” - മറ്റൊരാൾ പറഞ്ഞു.

“പറഞ്ഞ വാക്കു പാലിക്കുമെങ്കിൽ ഇതു കൊള്ളാം” - എമേഴ്സൺ പറഞ്ഞു.

അവിടെ കൂടിയിരുന്ന ഭൂരിഭാഗവും എമേഴ്സണെ പോലെ ചിന്തിച്ചവരായിരുന്നു. ഡെയർ പറഞ്ഞത് ബോദ്ധ്യപ്പെട്ട ആരും തന്നെ അവിടെയുണ്ടായിരുന്നില്ല.

"ശരി, ഇതുവരെ ഞങ്ങൾ താങ്കളോടൊപ്പമുണ്ട്, തുടരാം" - പിന്നിൽ നിന്നൊരു പ്രൗഢശബ്ദം ഉയർന്നു.

ഡേവിഡ് ഡെയർ തോൽചട്ടയിട്ട ഒരു ചെറിയ പുസ്തകം വലതുകയ്യിലെടുത്ത് സദസ്യർക്കു നേരെ നീട്ടി. "ഇവിടെ ബൈബിൾ എന്നു വിളിക്കുന്ന ഒരു പുസ്തകമുണ്ട്. സമാനതകളില്ലാത്ത അവകാശവാദങ്ങളാണ് അതിനുള്ളത്. അതിന്റെ നല്ല സുഹൃത്തുക്കൾ ഇത് ദൈവത്തിന്റെ വചനമാണെന്നത് നിലനർത്താൻ ശ്രമിക്കുന്നു. അതെ സംശയമില്ല, ലക്ഷങ്ങൾ ഇതിനെ തള്ളിപ്പറയാതെ ഇതിലെ പഠിപ്പിക്കലുകളെ ഉപേക്ഷിക്കാതെ അതിഭീകരമായ മരണത്തെ പുഞ്ചിരിയോടെ സ്വീകരിച്ചു. ഈ നിമിഷവും അനേക ലക്ഷങ്ങൾ ഇവരുടെ മാതൃക പിൻപറ്റാൻ തയ്യാറായി നിൽക്കുന്നു.

"നമ്മളെല്ലാവരും സംശയാലുക്കളാണ്. എന്നാൽ അനേകർ മരണം വരിക്കുകയും ഇപ്പോഴും അനേകർ മരിക്കാൻ തയ്യാറായി നിൽക്കുകയും ചെയ്യുന്ന ഈ പുസ്തകം ഒന്നു പരിശോധിക്കേണ്ട ഒരു ബാധ്യതയില്ലേ? നമ്മൾ അത് പരിശോധിക്കാൻ തയ്യാറാകുന്നു. ഈ പുസ്തകം ചോദ്യം ചെയ്യപ്പെടാവുന്നതാണോ? അത് സൂക്ഷ്മ പരിശോധന ആവശ്യപ്പെടുന്നുണ്ടോ?

"ഇത്ര ഉന്നത അവകാശവാദങ്ങളുള്ള പുസ്തകത്തെ നമ്മൾ എങ്ങനെ പരിശോധിക്കും? എവിടെ നിന്നു തുടങ്ങും? ഏറ്റവും മർമ്മമായ ഭാഗം ഏത്? ലോകത്തിലെ മറ്റേത് പുസ്തകത്തെക്കാളും മികച്ചതെന്ന് വമ്പു പറയുന്നുണ്ടോ ഇത്?

"നമുക്ക് ഈ പുസ്തകം തന്നെ ഒന്നു മറിച്ചു നോക്കി വായിക്കാം. 'സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുവിൻ.' 1 തെസ്സലൊനീക്യർ 5:21. ഇതിനോട് യോജിക്കാത്തവർ ആരെങ്കിലുമുണ്ടോ?"

മറുപടിക്കായി ഡെയർ കാത്തുനിന്നു. ആരും ഒന്നും പറഞ്ഞില്ല.

"കൊള്ളാം; ഇതുവരെ നമ്മളൊരുമിച്ചാണ്. 'വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു.'

യെശയ്യാവ് 1:18. ഏറ്റവും സംശയാലുവായ മനസു പോലും ഈ ക്ഷണത്തിന്റെ നീതിയുക്തതയെ അംഗീകരിക്കും. ഈ യുക്തിവാദത്തിൽ നമ്മളൊരുമിച്ചാണ്. പക്ഷെ ദൈവം തന്റെ വാദഗതികൾ നമ്മൾ തെളിയിക്കാനായി ആദ്യം വയ്ക്കുന്നു. ഇതിലെന്തെങ്കിലും പ്രശ്നമുണ്ടോ?”

മറുപടിക്കായി കാത്തെങ്കിലും മറുപടി ലഭിച്ചില്ല.

“ഈ പുസ്തകത്തിന്റെ മാറ്റ് നമ്മൾ എങ്ങനെ അളക്കും? ഇതിലെ പ്രസ്താവനകൾ ശരിയാണോ എന്ന് പരിശോധിക്കാൻ ഇതിന്റെ എഴുത്തുകാർ എന്തെങ്കിലും മാർഗ്ഗം തന്നിട്ടുണ്ടോ? ഏതെങ്കിലും പ്രത്യേക ഭാഗം എടുത്തു നോക്കാൻ അവർ നമ്മെ പ്രത്യേകമായി ക്ഷണിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നുണ്ടോ? ഏതെങ്കിലും ഭാഗം കീഴടക്കാനാവാത്തതെന്ന് അവകാശപ്പെടുന്നുണ്ടോ?

“സ്വാഭാവികമായും അങ്ങനെയേതെങ്കിലും ഭാഗമുണ്ടെങ്കിൽ നമ്മൾ അതു സൂക്ഷ്മമായി പരിശോധിക്കും. ഇതെല്ലാം ദൈവവചനമാണെന്ന വാദത്തെപ്പറ്റി നമ്മൾ ഇപ്പോൾ ചിന്തിക്കുന്നില്ല. ഒരു രാസപരിശോധന നടത്തണമെങ്കിൽ അൽപം ഭാഗം നമ്മൾക്കെടുത്തേ പറ്റൂ.

“പത്രോസ് യേശുക്രിസ്തുവിന്റെ മഹത്വം ദർശിച്ചതു പോലെ, അല്ലെങ്കിൽ ദൈവം പുത്രനായ ക്രിസ്തുവിനോട് സംസാരിക്കുന്ന സ്വരം ശ്രവിച്ചാൽ വിശ്വസിക്കാവുന്ന തെളിവു ലഭിച്ചതായി നമ്മൾ പരിഗണിക്കും. ശ്രവ്യമായ ദൈവസാന്നിദ്ധ്യത്തെക്കാൾ വളരെ വ്യക്തമായ തെളിവുകൾ ഉണ്ടെന്ന് ഈ അനുഭവത്തെക്കുറിച്ച് പത്രോസ് തന്റെ രണ്ടാം ലേഖനം 1: 16–21ൽ പറയുന്നു. ‘ഞങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും നിങ്ങളോട് അറിയിച്ചത്’ എന്നു തുടങ്ങി ‘പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ.’ എന്ന് അവസാനിപ്പിക്കുന്നു.”

എമേഴ്സൺ പെട്ടെന്ന് ചാടിയെണീറ്റ് നീണ്ടു നിവർന്നു നിന്നു. ഡെയറിന്റെ സംഭാഷണം താൽപര്യത്തോടെ ശ്രവിച്ചുകൊണ്ടിരുന്ന ചിലർ ഉറക്കെ പറഞ്ഞു 'അവിടിരിയെടോ, അവിടിരിക്കാൻ'

എന്നാൽ വലിയൊരു വിഭാഗം എമേഴ്സണെ പ്രോത്സാഹിപ്പിച്ചു "ചോദിച്ചോളൂ, ചോദിക്കൂ.' പ്രസംഗത്തിനിടെ എപ്പോൾ വേണമെങ്കിലും ചോദ്യം ചെയ്യാമെന്നാണല്ലോ പറഞ്ഞിരുന്നത്, അത് ഇപ്പോഴറിയാമല്ലോ എന്ന് അവർ വിചാരിച്ചു.

ഡേവിഡ് ഡെയർ പെട്ടെന്ന് പ്രസംഗം നിർത്തി, ശ്രദ്ധയാകർഷിച്ചുകൊണ്ട് തലയുയർത്തി നിൽക്കുന്നയാളുടെ നേർക്ക് ചിരിച്ചുകൊണ്ട് തിരിഞ്ഞു. അദ്ദേഹം കയ്യുയർത്തി. ഓഡിറ്റോറിയം നിശ്ശബ്ദമായി.

"ഒരു കാര്യം മാത്രം, ദയവായി പേരു പറഞ്ഞ ശേഷം വളച്ചൊടിക്കാതെ ചുരുക്കി ക്രത്യമായി ചോദ്യം ചോദിക്കുക. ഇനിമുതൽ സംസാരിക്കുന്നവരെല്ലാം ഇപ്രകാരം ചെയ്യുക. ഇനി, താങ്കൾക്കു പറയാനുള്ളത് പറഞ്ഞാലും, സർ." അദ്ദേഹം ശാന്തമായി പറഞ്ഞു.

എല്ലാ കണ്ണുകളും എമേഴ്സന്റെ മേൽ പതിഞ്ഞു. അവിശ്വാസികളുടെയിടയിൽ വീരനായതുപോലെ ഒന്നുകൂടി ഞെളിഞ്ഞു നിന്നു. ഗൗരവമേറിയ ഒരു പ്രതാപം ആ നിൽപിനുണ്ടായിരുന്നു.

ലൂസിലെ ജോർജ്ജിന്റെ ചെവിയിൽ മെല്ലെ പറഞ്ഞു, "ഡാഡ് ശരിക്കും ഉഷാറായിക്കഴിഞ്ഞു." ചുണ്ടത്ത് വിരലമർത്തിക്കൊണ്ട് ഒരു ചിരിയോടെ ജോർജ്ജ് അതിനോട് യോജിച്ചു.

"എന്റെ പേര് എമേഴ്സൺ. എന്റെ ചോദ്യം ലളിതവും വിഷയവുമായി ബന്ധപ്പെട്ടതുമായിരിക്കും. പക്ഷെ എന്റെ ചോദ്യം നിങ്ങൾക്കിഷ്ടപ്പെടുമോ എന്നറിയില്ല. എന്തായാലും നിങ്ങൾ ക്ഷണിച്ചുവരുത്തിയതല്ലേ. പ്രവചനം പോലെ പഴക്കം ചെന്ന ഖണ്ഡിക്കപ്പെട്ട സംഗതികൊണ്ട് ഇതുപോലൊരു സദസ്സിനെ കയ്യിലെടുക്കാൻ നിങ്ങളെപ്പോലെ ബുദ്ധിയുള്ള ഒരാളുടെ ശ്രമത്തിൽ ഞാൻ അതിശയിക്കുന്നു. യഥാർത്ഥത്തിൽ പ്രവചനം എന്നൊന്നില്ല. പ്രവചനത്തിനു യോചിച്ചവിധം വസ്തുതകൾ എല്ലായ്പ്പോഴും

വളച്ചൊടിക്കപ്പെടുന്നു. ഇനി എന്തെങ്കിലും യാഥാർത്ഥ്യമുണ്ടെങ്കിൽ അത് യാദൃശ്ചികം മാത്രം. അവസാനമായി പ്രവചനം സംഭവങ്ങൾ ക്കൊപ്പിച്ച് അതിനു ശേഷം എഴുതപ്പെട്ടതാണ്. ആർക്കും അത്തരം പ്രവചനങ്ങൾ എഴുതാം."

"ടൈറ്റാനിക്കിനെക്കുറിച്ച് ഒരു പ്രവചനം ഇപ്പോൾ എഴുതിയിട്ട് അത് എഡി 1000ൽ ഏതോ ശാസ്ത്രജ്ഞൻ എഴുതി യതാണെന്ന് പറയാം. അത്തരം ഒരു പ്രവചനത്തിന്റെ കൃത്യതയ്ക്ക് ആ ശാസ്ത്രജ്ഞനെ എത്ര പ്രശംസിച്ചാലും മതിയാവില്ല."

"അതു ശരിയാണ്, അതു ശരിയാണ്" എമേഴ്സൺ ഇരു ന്നപ്പോൾ ഏതാനം അഭിപ്രായങ്ങൾ ഉയർന്നു, "ഇത് ഉത്തരം മുട്ടി ക്കുന്ന ചോദ്യം തന്നെ."

മറുപടി പറയാനൊരുങ്ങി സ്വസ്ഥനായി നിന്ന ഡേവിഡ് ഡെയറിലേക്ക് എല്ലാ കണ്ണുകളും തിരിഞ്ഞു.

## 2. പ്രവചന മൽസരത്തിനൊരു വെല്ലുവിളി

സദസ്സ് പ്രതികൂലമെന്ന് മനസ്സിലാക്കിയെങ്കിലും അതിന്റെ ഒരു സൂചന പോലും ഡേവിഡ് ഡെയർ നൽകിയില്ല. അദ്ദേഹം ശാന്തമായി, എന്നാൽ ആത്മാർത്ഥമായ ദൃഢവിശ്വാസത്തോടെ സംസാരിച്ചു.

“നിങ്ങൾ പറയുന്നു, പ്രവചനം അടിസ്ഥാനമില്ലാത്തതോ, തന്ത്രമോ, കൗശലത്തോടെയുള്ള ഊഹമോ ആണെന്ന്. ഞാൻ ഉറപ്പിച്ചു പറയാം അത് മനസ്സിലാക്കുക ദുഷ്കരമാണ്. ദു:ഖപൂർവ്വം ആ ചിന്ത എത്ര അടിസ്ഥാനമില്ലാത്തതാണെന്ന് സ്വയം കണ്ടെത്തിയത് ഞാനോർക്കുന്നു.

‘മറ്റേതൊരു പുസ്തകത്തിനും അവലംബിക്കാൻ ലജ്ജിക്കുന്ന അന്വേഷണരീതി ബൈബിളിന് വേണ്ടി ഉപയോഗിക്കാൻ നിങ്ങൾക്കെങ്ങനെ സാധിക്കും. നിങ്ങൾ ക്ഷേത്രഗണിതത്തിന്റെ ഒരു പുസ്തകം ആദ്യമായി തുറക്കുകയാണെന്നിരിക്കട്ടെ. ഘനദ്രവ്യത്തെക്കുറിച്ചുള്ള ഭാഗത്തിലൂടെ കണ്ണോടിക്കുന്നു, നിങ്ങളുടെ അംബരപ്പിലും നൈരാശ്യത്തിലും ഒരുപക്ഷേ അറിവില്ലായ്മ മറച്ചുവയ്ക്കാൻ ക്ഷേത്രഗണിതം അടിസ്ഥാനരഹിതമെന്ന് നിങ്ങൾ പറയുമോ? പക്ഷേ അത് ലോകത്തിലെ മറ്റേത് ശാസ്ത്രത്തെക്കാളും സുവ്യക്തമായതാണ്.’

എമേഴ്സൺ വീണ്ടുമെഴുന്നേറ്റു, അദ്ദേഹത്തിനു സംസാരിക്കാനായി ഡെയർ വീണ്ടും പ്രഭാഷണം നിർത്തി.

“ക്ഷേത്രഗണിതം പോലെ സുവ്യക്തമായി വിവരിക്കാവുന്ന ഒന്നാണ് പ്രവചനം എന്നാണോ നിങ്ങൾ പറഞ്ഞു വരുന്നത്?” - വിശ്വാസം വരാത്ത വണ്ണം അയാൾ ചോദിച്ചു.

“അതെ, അതു തന്നെയാണ് ഞാനുദ്ദേശിച്ചത്.”

“നിങ്ങൾ ആവശ്യമില്ലാതെ കാര്യങ്ങൾ കൂടുതൽ ദുഷ്ക്കരമാക്കുകയാണ്. ഒരാൾ പോലും നിങ്ങളെക്കൊണ്ട് ഇത്തരമൊരു ജോലി

ചെയ്യിക്കാൻ തുനിയുകയില്ല." വിജയസൂചനയും സഹതാപവും കലർന്ന ശബ്ദത്തോടെ എമേഴ്സൺ പറഞ്ഞു.

"ഇതൊരു ജോലിയല്ല ഒരു സന്തോഷമാണ്." പ്രഭാഷകൻ ചെറുചിരിയോടെ പ്രതികരിച്ചു. "നമുക്ക് ക്ഷേത്രഗണിതത്തിൽ നിന്ന് തുടങ്ങാം. തുടക്കത്തിൽ ചെറു പ്രശ്നങ്ങളിൽ നിന്ന് ആരംഭിക്കുകയാണെങ്കിൽ സ്പഷ്ടമല്ലെന്ന് നിങ്ങൾ തറപ്പിച്ചു പറയുന്ന പലതും പിന്നീട് പൂർണ്ണമായി മനസ്സിലാക്കാനാവും."

"അതുപോലെ തന്നെയാണ് പ്രവചനത്തിന്റെ കാര്യവും. ചില പ്രവചനങ്ങൾ സ്വാഭാവികമായും മറ്റു ചിലതിനെ മുൻഗമിക്കുന്നു. ദാനിയേലിന്റെ പ്രവചനത്തിലൂടെയല്ലാതെ വെളിപാടിലെ ചില പ്രവചനങ്ങൾ മനസ്സിലാക്കുക അസാദ്ധ്യമായിരിക്കും.

"പ്രവചനം തെറ്റാണെന്ന് വളരെ എളുപ്പം തെളിയിക്കാമെങ്കിൽ, ബൈബിൾ പ്രവചനങ്ങൾ തെറ്റാണെന്ന് തെളിയിക്കാനായി ലോകമെമ്പാടുമുള്ള അവിശ്വാസികൾ എഴുതിയ ആയിരക്കണക്കിന് പുസ്തകങ്ങൾ എന്തുകൊണ്ട് പരാജയപ്പെട്ടു? കൗശലം നിറഞ്ഞ ഊഹമെന്നോ, പ്രവചനത്തിന് അനുയോജ്യമാം വിധം വസ്തുതകൾ വളച്ചൊടിക്കുന്നതാണ് പ്രവചന നിറവേറൽ എന്നോ, സംഭവങ്ങൾക്കുശേഷം അതിനൊപ്പിച്ച് എഴുതിപിടിപ്പിച്ചതാണ് പ്രവചനമെന്നോ വളരെ എളുപ്പം തെളിയിക്കാമോ? എങ്കിൽ ബൈബിളിനെതിരായ വാദമുഖങ്ങൾക്കായി സദാ ഉണർന്നിരിക്കുന്ന വിദഗ്ധരായ അജ്ഞേയതാവാദികൾക്കെന്തേ ബൈബിൾ തെറ്റെന്ന് തെളിയിച്ച് കാണിക്കാനുള്ള ഒരു മാർഗ്ഗമെങ്കിലും കണ്ടെത്താൻ ലോകമെങ്ങും അന്വേഷിക്കേണ്ടി വന്നു.

"എങ്കിൽ എന്തുകൊണ്ട്, ജൂതരെക്കുറിച്ച് മോശയോ, ബാബിലോണിനെക്കുറിച്ച് യെശയ്യാവോ, ടയിറിന്റെയും സിദോന്റെയും ദുരന്തത്തെക്കുറിച്ച് യെഹസ്ക്കേലോ, ഈജിപ്തിനെയും പലസ്തീനെയും കുറിച്ച് യിരെമ്യാവോ, റോമിനെക്കുറിച്ചും റോം വിഭജിക്കപ്പെട്ടുണ്ടാവുന്ന രാഷ്ട്രങ്ങളെക്കുറിച്ച് വിസ്മയിപ്പിക്കും വിധം ദാനിയേലോ, അവന്റെ രാജ്യത്തെക്കുറിച്ചും എല്ലാ രാജ്യം, വിഭാഗം, ഭാഷ, ജനം എന്നിവയിലേക്ക് ബൈബിൾ വ്യാപിക്കുന്നതിനെ

കുറിച്ച് യേശുക്രിസ്തുവോ പറഞ്ഞ പ്രവചനങ്ങൾ പൂർണ്ണ അസം ബന്ധമെന്നും തെറ്റെന്നും വസ്തുതാ വിരുദ്ധമെന്നും കാണിക്കാൻ ഒരു [1]ടോം പെയ്നിനോ, [2]റോബർട്ട് ഇംഗർസോളിനോ ഒരു എമേഴ്സണോ കഴിയുന്നില്ല?

എമേഴ്സൺ ചാടിയെഴുന്നേറ്റു. ഡേവിഡ് ഡെയർ ഒരു ചിരി യോടെ കാതോർത്തു. ലൂസിലെ സഹോദരനു നേരെ കണ്ണുചിമ്മി.

“എന്തായാലും ഇദ്ദേഹത്തിന്റെ രീതി കൊള്ളാം,” – അവൾ മന്ത്രിച്ചു.

“ഈ തടസ്സപ്പെടുത്തലെല്ലാം അയാൾ സ്വാഗതം ചെയ്യുന്നു ണ്ടല്ലോ,” – ജോർജ്ജ് പറഞ്ഞു.

“പുരാതന ഗ്രീസിലെ ഡെൽഫിയിലുണ്ടായിരുന്ന വെളിപാട് പറച്ചിലുകാരുടെ ഭവിഷ്യവാണിക്കും ആരും മറുപടി പറഞ്ഞിട്ടില്ല. അതേ കാരണം കൊണ്ടു തന്നെ ബൈബിൾ പ്രവചനങ്ങൾക്കും ആരും മറുപടി പറഞ്ഞിട്ടില്ല – അതത്രയ്ക്കേയുള്ളൂ. പേർഷ്യക്കാ രോട് യുദ്ധം ചെയ്യണോ വേണ്ടയോ എന്ന് ഡെൽഫിയിലെ വെളി ച്ചപ്പാടന്മാരോട് ആരായുന്ന ക്രോസസിന്റെ കഥ ഹെറോഡോട്ടസ് പറയുന്നു. ക്രോസസ് ഹാലീസ് കടന്നാൽ ഒരു വൻ ശക്തിയെ തകർക്കുമെന്ന് അരുളപ്പാട് കിട്ടുന്നു. അതു സംഭവിച്ചു, അവൻ തന്നെ സൈന്യത്തെ തകർത്തു. ഇതുപോലൊരു യുദ്ധദൗത്യവു മായി എത്തിയ പൈറസിനും ലഭിച്ചു ഗൂഢാർത്ഥം നിറഞ്ഞ മറുപടി. ‘പൈറസേ ഞാൻ നിന്നോട് പ്രഖ്യാപിക്കുന്നു റോമാക്കാർ കീഴടക്കാൻ സാധിക്കും.’ അങ്ങനെ യുദ്ധം ആരു ജയിച്ചാലും ശകുനം ഫലിക്കും. എല്ലാ പ്രവചനങ്ങളും എല്ലായിടത്തും ഇതു പോലെ തന്നെയാണ് – ആശ്ചര്യമുളവാക്കുന്നത് അല്ലെങ്കിൽ കൗ ശലം നിറഞ്ഞത്. പക്ഷെ ഒരിക്കലും കാര്യമായ ശ്രദ്ധ അർഹിക്കു ന്നില്ല. എന്നാൽ നിങ്ങൾ അതിനുവേണ്ടി വലിയ അവകാശവാദങ്ങൾ ഉന്നയിക്കുന്നു.” ഉറച്ച, തെളിഞ്ഞ ശബ്ദത്തോടെ എമേഴ്സൺ പറഞ്ഞു.

“പകലിരവുകൾ തമ്മിലുള്ള അന്തരം പോലെ ഡെൽഫിയിലെ വെളിപാടുകളും ബൈബിളും തമ്മിൽ അന്തരം ഉള്ളതുകൊണ്ടു തന്നെ ബൈബിൾ പ്രവചനങ്ങൾ പരിഗണനയർഹിക്കുന്നു.” ഡെയർ മറുപടി നൽകി. ബൈബിൾ പ്രവചനങ്ങൾ എല്ലാ പ്രതിബന്ധങ്ങളെയും ചാമ്പലാക്കുന്നു. അത് സംഭവിക്കുന്നില്ലെങ്കിൽ ഒരു ക്ഷമാപണവും നൽകാനില്ല.

“ബൈബിളിലെ മറ്റെല്ലാ ഭാഗങ്ങളും അവിശ്വാസികൾ അതിവിശദമായി വിമർശിച്ചിട്ടുണ്ട്. എന്നാൽ പ്രവചനത്തിലേക്ക് വരുമ്പോൾ ലോകമെമ്പാടുമുള്ള അവിശ്വാസികളും മൊത്തത്തിൽ ഒരു ഉല്ലാസഭാവേന പുച്ഛത്തോടെ അതിന് യാതൊരു പ്രാധാന്യവുമില്ലെന്ന മട്ടിൽ തള്ളിക്കളയുന്നു.”

“നിങ്ങൾ ക്രിസ്ത്യാനികൾ പ്രവചനത്തിനുവേണ്ടി എന്തെങ്കിലും അപകടപ്പെടുത്തുമോ? പ്രാധാന്യം കൊടുക്കുന്നില്ലെന്നതുകൊണ്ട് എന്താണ് വിശ്വാസികൾക്ക് അപകടം വരുത്തുന്നത്?” – എമേഴ്സൺ ചോദിച്ചു.

“ഇത്രമാത്രം: ബൈബിൾ അതിന്റെ വിശ്വാസ്യതയ്ക്ക് അടിസ്ഥാനമിടുന്നത് പ്രവചനങ്ങളുടെ കൃത്യതയിലൂടെയാണ്. പ്രവചനം നിങ്ങൾ പറയും പോലെയാണെങ്കിൽ അതിന്റെ ചതിയും വഞ്ചനയും പൊതുജന മുന്നിൽ അവജ്ഞയ്ക്കായിട്ട് തുറന്നുകാണിക്കത്തക്കവിധം അവിശ്വാസികൾ എന്തുകൊണ്ട് ഒരു വിശദപഠനം ഒരിക്കലും നടത്തിയില്ല?’

“എമേഴ്സൺ, നിങ്ങളും മറ്റ് അവിശ്വാസികളെ പോലെ പ്രവചനത്തെ നിന്ദിക്കുന്നു. പൗലോസിന്റെ കാലത്തും ഇത്തരം അനേകരുണ്ടായിരുന്നു. അവരോടും നിങ്ങളോടുമായിട്ട് അദ്ദേഹം പറഞ്ഞു: ‘പ്രവചനം തുച്ഛീകരിക്കരുത്. സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കുവിൻ.’ 1 തെസ്സലൊന്യർ 5: 20, 21. ഇവിടെ നിങ്ങളെ എല്ലാത്തിനുമുപരിയായി പ്രവചനം തെറ്റെന്ന് തെളിയിക്കാനായി വെല്ലുവിളിച്ചിരിക്കുകയാണ്. അതായത്, അതിനെ പരീക്ഷിക്കുവിൻ, എന്നിട്ട് നല്ലതെന്ന് തെളിയുന്നുവെങ്കിൽ അത് മുറുകെ പിടിക്കുവിൻ.”

“പക്ഷെ എവിടെയാണ് പ്രവചനങ്ങൾ അത്ഭുതങ്ങളെക്കാൾ മികച്ച തെളിവുകളാവുന്നത്?” - എമേഴ്സൺ ചോദിച്ചു. “ഞാൻ വിചാരിച്ചത്, വിശ്വസിപ്പിക്കാനായി ക്രിസ്തു അത്ഭുതങ്ങളെയാണ് ഉപയോഗിച്ചതെന്നും ഇന്ന് ക്രിസ്ത്യാനികൾ ബൈബിളിന്റെ ആധികാരികതയ്ക്ക് ഏറ്റവും ശക്തമായ തെളിവായി പറയുന്നത് ഇവയെ ആണെന്നുമാണ്.”

“ക്രിസ്തു തന്റെ സമകാലീനർ അംഗീകരിക്കും വിധം പ്രവചനങ്ങളുടെ നിറവേറലിനെക്കുറിച്ച് കൂടെക്കൂടെ ആവർത്തിച്ചു.” ഡെയർ ഉത്തരം പറഞ്ഞു. “നിറവേറിയ പ്രവചനത്തെ ഒരു പരീക്ഷയായി കണക്കാക്കാം. കാരണം നമ്മൾ ബൈബിളിലെ ഏറ്റവും ഒടുവിലത്തെ പുസ്തകവുമായി ആയിരത്തിത്തൊള്ളായിരവും ഏറ്റവും ആദ്യത്തെ പുസ്തകവുമായി മൂവായിരത്തി മുന്നൂറും വർഷം അകലെയാണ്.

“കാലത്തിന്റെ പുകമഞ്ഞിലൂടെ ബൈബിളിലെ അത്ഭുതങ്ങളിലേക്കൊന്നു കണ്ണോടിച്ചാൽ അസംഭവ്യമെന്നോ അസാദ്ധ്യമെന്നോ പ്രഖ്യാപിക്കാം. എന്നാൽ ഇതിന് വിലോമമാണ് പ്രവചനത്തിന്റെ കാര്യം. അദ്ദേഹത്തിന്റെ അത്ഭുതങ്ങൾ അവർ കണ്ടതിനാൽ വിശ്വസിച്ചു. എന്നാൽ നിറവേറാതിരുന്ന അനേകം പ്രവചനങ്ങൾ എല്ലാ തരത്തിലും യുക്തിക്കു നിരക്കാത്തതും അസംഭവ്യവുമാണെന്നതിനാൽ അത് ക്രിസ്തുവിനെ തള്ളിപ്പറയുന്നതിന് ഒരു കാരണമായേനേ.

“തീർച്ചയായും രണ്ടായിരത്തഞ്ഞൂറു വർഷം മുമ്പ് നടന്ന പല അത്ഭുതങ്ങളും ഇന്ന് കാണാനാവുന്നില്ല എന്നതുകൊണ്ട് അവ പരക്കെ നിഷേധിക്കപ്പെടുന്നു. രണ്ടായിരത്തിയഞ്ഞൂറു വർഷം മുൻപുള്ള പ്രവചനം അത് എല്ലാ സാദൃശ്യങ്ങൾക്കും കടകവിരുദ്ധവും ആ സമയത്തൊരു പ്രതിബന്ധവുമായിരുന്നിട്ടും ഈയടുത്തകാലത്ത് നിറവേറിയെന്നത് ഒരത്ഭുതത്തെക്കാൾ വിശ്വാസയോഗ്യമായ തെളിവുമാണ്. അത്തരത്തിൽ സഫലമായ ഒരു പ്രവചനം എല്ലാറ്റിലും വലിയ അത്ഭുതമാണ്, അത് അവിശ്വാസിയായ [3]ഹ്യൂം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

"മറ്റ് തെളിവുകൾ തെറ്റാണെന്ന് തെളിയിക്കപ്പെട്ടേക്കാം, മാറ്റപ്പെട്ടേക്കാം, നഷ്ടപ്പെട്ടേക്കാം, ഓർമ്മകൾ ഇല്ലാതായേക്കാം, വൈരുദ്ധ്യ പ്രസ്താവനകൾ ആ സംഭവത്തെത്തന്നെ മൂടി ക്കളഞ്ഞേക്കാം; വികാരം, സ്വന്തതാൽപര്യം, വഞ്ചന തുടങ്ങി ഒരാ യിരം കാര്യങ്ങൾ തെളിവുകൾക്കു കോട്ടം വരുത്തിയേക്കാം. എന്നാൽ പ്രവചനം ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു, ചരിത്രമോ രേഖപ്പെടുത്തപ്പെട്ട വസ്തുതകളാണ്.

"ലോകത്തിന്റെ താൽപര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഓരോ പുതു തലമുറയുടെയും താൽപര്യം നഷ്ടപ്പെടുത്തിക്കൊണ്ട് ശ്രദ്ധയും സമയവും അപഹരിച്ച്, വശീകരിച്ച് വരാനിരിക്കുന്ന വൻ തിരയ്ക്കിടയിലൂടെയും ദൈവം എങ്ങനെയാണ് ഇന്നു ജീവിക്കുന്ന നമുക്കോരോരുത്തർക്കും മൂവായിരം വർഷങ്ങൾക്കപ്പുറത്തു നിന്നു കൊണ്ട് കുറ്റം ആരോപിക്കാനാവാത്ത വിധം തെളിവ് നൽകുന്നത്. ദൈവം എങ്ങനെയാണ് ന്യായമായ തെളിവിനുള്ള ആവശ്യം സാധ്യ മാക്കുന്നത്. എല്ലാറ്റിലുമുപരി സംഭവത്തിൽ നിന്ന് വർഷങ്ങൾ പിന്നിട്ടു പോരുന്തോറും എങ്ങനെയാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ശക്തമായ തെളിവുകൾ ദൈവം നിരത്തുന്നത്.

"അവന്റെ വചനം തെളിയിക്കുന്നതിന് അതിനൂതനമായ മാർഗ്ഗം ദൈവം തന്നെ വിഭാവനം ചെയ്തിരിക്കുന്നു. ആർക്കും അതിനെതിരെ തർക്കിക്കാനാവില്ല. അതിൽ കൃത്രിമത്വം കാണിക്കാ നാവില്ല. സമ്പൂർണ്ണ ലോകചരിത്രമെടുത്താലും അതിനൊരു അപരനെ കണ്ടെത്താനാവില്ല. ഓരോ വർഷം കഴിയുമ്പോഴും അതിന്റെ ശക്തി വർദ്ധിക്കുന്നു. ഓരോ നാളെയും അതിന് ഇന്നലെയു ണ്ടായിരുന്നതിനെക്കാൾ ശക്തിയേറുന്നു.

ശ്രോതാക്കളുടെ വലിയ കൂട്ടത്തിലേക്ക് കണ്ണോടിച്ചുകൊണ്ട് ഡേവിഡ് ഡെയർ ഒന്നു നിർത്തി. അഭിപ്രായങ്ങളുമായി ആരും മുന്നോട്ട് വരുന്നില്ലെന്ന് മനസ്സിലാക്കിയ ശേഷം ഡെയർ തുടർന്നു.

"അവന്റെ വചനം എക്കാലത്തേക്കും യാഥാർത്ഥ്യമാണെന്ന് തെളിയിക്കുന്നതാണ് ഈ വിചിത്ര രീതി. മൺമറഞ്ഞ സാമ്രാജ്യ ങ്ങളുടെ അവശിഷ്ടങ്ങളെ ഉണർത്തൽ, സംസ്ഥാനങ്ങളുടെ

പരിവർത്തനം, രാഷ്ട്രങ്ങളുടെയും സംസ്ക്കാരങ്ങളുടെയും നാമാവശേഷമാകൽ തുടങ്ങി പലതും ദൈവവചനം സത്യമാണെന്നതിന് തെളിവാകാൻ നിർബന്ധിതമാവുന്നു.

"പഴമയ്ക്കു പുകൾപെറ്റ എല്ലാ സ്ഥലങ്ങളും അതായത് ഈജിപത്, സിറിയ, ഫിനിഷ്യ, അറേബ്യ, ടയിർ, സിദോൻ, ഇദൂമ്യ, പലസ്തീൻ, ബാബിലോൺ, അസ്സീറിയ, നിനെവെ, യൂദയ, റോം കൂടാതെ മറ്റു പല രാജ്യങ്ങളും മറക്കാനാവാത്ത, നിഷേധിക്കാനാവാത്ത സാക്ഷികളാണ്. നൂറ്റാണ്ടുകൾക്കു മുന്നേ ചരിത്രപാളിക്കുള്ളിൽ മറഞ്ഞെങ്കിലും സത്യത്തിനു സാക്ഷ്യം നിൽക്കാനായി ഇന്നും ഉയിർത്തെഴുന്നേൽക്കുന്ന തെളിവുകളാണിവ. ഒരു നിയമസമിതിക്കു മുന്നിൽ കൊണ്ടുവന്നാൽ അവർക്കുപോലും ഇക്കാര്യത്തിൽ യാതൊരു ആശയക്കുഴപ്പവുമുണ്ടാവില്ല. കോടതി ഉണ്ടാവുന്നതിനും മൂവായിരത്തിമുന്നൂറു വർഷം മുൻപ് ഉണ്ടായിരുന്നതാണ് ഇതിൽ ഏറ്റവും പഴക്കമുള്ള രാജ്യം. ഏറ്റവും പഴക്കം കുറഞ്ഞതാവട്ടെ രണ്ടായിരം വർഷം മുൻപും. മുൻപേതു സമയത്തെക്കാളും വലിയ നിറവോടെയും കൃത്യതയോടെയുമാണ് ഇന്ന് അവ സാക്ഷ്യമാകുന്നത്.

"വർഷങ്ങൾ കഴിയുന്തോറും തെളിവിന് മങ്ങലേൽക്കുകയല്ല ഇരട്ടി തെളിച്ചം ഉണ്ടാവുകയാണ് ചെയ്യുന്നത്. സൂക്ഷ്മമായ എതിർവിസ്താരം പോലും തെളിവുകളെ അരക്കിട്ടുറപ്പിക്കുന്നു. മറിച്ചൊരു ശ്രമം പോലും ഇതുവരെ ഉണ്ടായിട്ടില്ല.

എമേഴ്സൺ എഴുന്നേറ്റു, എല്ലാ കണ്ണുകളും അദ്ദേഹത്തിലേക്ക്. അദ്ദേഹം സംസാരിക്കാനായി ഡെയർ കാത്തുനിന്നു.

"ബൈബിൾ പ്രവചനങ്ങളിൽ കുറെയേറെ നമ്മൾ തെറ്റാണെന്ന് തെളിയിക്കുന്നുവെന്നിരിക്കട്ടെ, എന്താണ് അതുകൊണ്ട് സാധ്യമാക്കുന്നത്? എമേഴ്സൺ ചോദിച്ചു.

"ബൈബിൾ സകലത്തിനും ഊന്നൽ കൊടുക്കുന്നത് ഭാവി മുൻകൂട്ടി പറയാനുള്ള അതിന്റെ കഴിവാണ്. മുന്നറിയിപ്പുകൾ യാഥാർത്ഥ്യമാണെന്ന ബൈബിളിന്റെ അവകാശവാദം സത്യമാണെങ്കിൽ

അതൊരു അത്ഭുതമാണ്. അതെ, മുഴുവൻ മനുഷ്യകുലത്തിന്റെയും ഗ്രഹിക്കാനും കണക്കുകൂട്ടാനുമുള്ള കാര്യഗ്രഹണശക്തിക്കും അപ്പുറം ദീർഘദർശനമെന്ന അത്ഭുതം. പ്രവാചകന്റെ അലൗകിക ജ്ഞാനത്തിന്റെ ഏറ്റവും വലിയ തെളിവുമാണത്.

"ഭാവി പ്രവചിക്കാനുള്ള ഒരേയൊരാൾ താനാണെന്ന് ദൈവം അവകാശപ്പെടുന്നു. യെശയ്യാവ് 46- 9, 10 വാക്യങ്ങൾ ഇങ്ങനെ പറയുന്നു, 'ഞാനല്ലാതെ വേറൊരു ദൈവമില്ല, ഞാൻ തന്നെ ദൈവം, എന്നെപ്പോലെ ഒരുത്തനുമില്ല. ആരംഭത്തിൽ തന്നെ അവസാനവും പൂർവകാലത്തു തന്നെ മേലാൽ സംഭവിക്കാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു.'

"മുൻകൂട്ടി പറയാനുള്ള കഴിവ് ദൈവത്വത്തിന്റെ മുദ്രയാണ്. അതാർക്കും കൃത്രിമമായി ചെയ്യാനാവില്ലെന്നും ദൈവം അവകാശപ്പെടുന്നു. എല്ലായിടത്തും ഭാവി പറയാനായി മറ്റുള്ളവരെ ബൈബിൾ വെല്ലുവിളിക്കുന്നു. "ഞാൻ പുരാതനമായൊരു ജനത്തെ സ്ഥാപിച്ചതു മുതൽ.......................... സംഭവിക്കുന്നതും സംഭവിക്കാനുള്ളതും അവർ പ്രസ്താവിക്കട്ടെ." യെശയ്യാവ് 44: 7

"പക്ഷെ ഇതുകൊണ്ടു മാത്രം പൂർത്തിയാവുന്നില്ല. ഇത്തരം സുദൃഢമായ അവകാശവാദങ്ങൾ വെറുതെ ഉന്നയിക്കുന്നതല്ല. നിങ്ങൾ അവിശ്വാസികൾക്ക് എന്തെങ്കിലും ഒരു കാരണം പറയുവാനുണ്ടോ? ഇവിടെ യെശയ്യാവ് 41: 21–23 വരെ ഇങ്ങനെ പറയുന്നു, "നിങ്ങളുടെ വ്യവഹാരം കൊണ്ടുവരുവിൻ എന്നു യഹോവ കൽപിക്കുന്നു. നിങ്ങളുടെ ന്യായങ്ങളെ കാണിക്കുവിൻ എന്നു യാക്കോബിന്റെ രാജാവ് കൽപിക്കുന്നു." ഇനി, എന്താണ് ശക്തമായ കാരണങ്ങൾ? തുടർന്നു വായിക്കാം, "സംഭവിക്കാനുള്ളത് അവർ കാണിച്ച് നമ്മോട് പ്രസ്താവിക്കട്ടെ: അല്ലെങ്കിൽ സംഭവിപ്പാനുള്ളത് നമ്മെ കേൾപ്പിക്കട്ടെ ............................. നിങ്ങൾ ദേവന്മാർ എന്നു ഞങ്ങൾ അറിയേണ്ടതിന് മേലാൽ വരുവാനുള്ളതു പ്രസ്താവിക്കുവിൻ."

"നിങ്ങളുടെ ബൈബിൾ ഇക്കാര്യങ്ങളെല്ലാം നിറവേറ്റിയിട്ടുണ്ടോ?" എമേഴ്സൺ ചോദിച്ചു. "അവ്യക്തമായല്ല

വ്യക്തമായും കൃത്യമായും പാലിക്കപ്പെട്ടിട്ടുണ്ടോ എന്നാണ് ഞാനുദ്ദേശിച്ചത്.”

യെശയ്യാവ് 44:8ൽ ദൈവം ചോദിക്കുന്നു, “പണ്ടു തന്നെ ഞാൻ നിന്നോടു പ്രസ്താവിച്ചു കേൾപ്പിച്ചിട്ടില്ലയോ?” തുടർന്ന് പറയുന്നു, “നിങ്ങൾ എന്റെ സാക്ഷികൾ ആകുന്നു.” ഡേവിഡ് ഡെയർ മറുപടി പറഞ്ഞു. “നിങ്ങൾ, അതെ എമേഴ്സൺ ഇവിടിരിക്കുന്ന മുഴുവൻ അവിശ്വാസികൾക്കുമൊപ്പം നിങ്ങൾ പോലും അനേക നൂറ്റാണ്ടുകൾക്കു മുൻപ് നടത്തിയ പ്രവചനങ്ങളുടെ കൃത്യതയ്ക്ക് സാക്ഷിയാണ്.

എമേഴ്സൺ ചാടിയെഴുന്നേറ്റു, “നിങ്ങളുടെ പ്രവചന സിദ്ധാന്തത്തെ ഇവിടിരിക്കുന്ന ഞങ്ങളെക്കൊണ്ട് തെളിയിക്കാമെന്നാണോ വിചാരിക്കുന്നത്?” വലിയ ആശ്ചര്യത്തോടെ ചോദിച്ചു.

“അതെ അതു തന്നെയാണ് ഞാനുദ്ദേശിക്കുന്നത്.” ശ്രോതാക്കളുടെ അന്ധാളിപ്പ് ആസ്വദിച്ച് ചിരിച്ചുകൊണ്ട് പ്രഭാഷകൻ പറഞ്ഞു.

“പക്ഷെ ഞങ്ങൾ നിങ്ങളുടെ ബൈബിളിൽ വശ്വസിക്കുന്നില്ല; അതിലെ പ്രവചനങ്ങൾ ഏറ്റവും വലിയ വിഡ്ഢിത്തരമെന്ന് ഞങ്ങൾ കരുതുന്നു; എന്നിട്ടും ഞങ്ങൾ വിശ്വസിക്കാത്ത ഒരു സംഗതി ഞങ്ങളെക്കൊണ്ട് തന്നെ തെളിയിക്കാൻ പോകുന്നുവെന്നാണോ നിങ്ങൾ പറയുന്നത്.” സംശയത്തോടെയാണ് എമേഴ്സൺ ചോദിച്ചത്.

ലൂസിലെ ചാഞ്ഞിരുന്ന് സഹോദരന്റെ ചെവിയിൽ മന്ത്രിച്ചു, “ശരി, അപ്പറഞ്ഞതേറ്റു, ഡാഡ് ശരിക്കും ഉത്തേജിതനായി.”

ജോർജ്ജ് ചിരിച്ചു, “ഡാഡ് മാത്രമല്ല, ദാ ചുറ്റും നോക്കൂ.” ലൂസിലെയോട് മെല്ലെ പറഞ്ഞു.

അവൾ നോക്കി. എല്ലാ ശ്രോതാക്കളും അതിയായ ആകാംക്ഷയിലായിരുന്നു. താൽപര്യത്താൽ അവരുടെ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു.

“നിങ്ങൾ അവിശ്വാസികളാണെന്നുള്ളതും സാക്ഷി നിൽക്കാൻ തയ്യാറല്ലെന്നുള്ളതും നിങ്ങളുടെ സാക്ഷ്യത്തെ വളരെ വിലപ്പെട്ടതാക്കുന്നു.” എമേഴ്സൺ ഇരുന്നപ്പോൾ ഡെയർ തുടർന്നു. “തന്റെ വചനത്തെ സംശയിക്കുന്നവരെക്കൊണ്ടു തന്നെ അത് തെളിയിക്കുമെന്ന് രണ്ടായിരത്തഞ്ഞൂറു വർഷങ്ങൾക്കു മുമ്പേ ദൈവം പ്രഖ്യാപിച്ചു. ഇത് സുധീരമായ ഒരു പ്രസ്താവനയാണ്. എങ്കിലും നിങ്ങളിൽ നിന്നുള്ള തെളിവു കൊണ്ടു തന്നെയാണ് ബൈബിൾ പ്രവചനങ്ങൾ തെളിയിക്കപ്പെടാൻ പോകുന്നത്.

“ശാസ്ത്രം അനേക വിചിത്ര പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. അത് ഒരുപരിധിവരെ അലൗകീകവുമാണ്. എങ്കിലും ഭാവിയിലേക്ക് തുളച്ചു കയറുന്ന കാര്യത്തിൽ പൗരാണികരെക്കാൾ ഒരു പടിപോലും നമ്മെ അടുത്തെത്തിക്കാൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല. മനുഷ്യർക്ക് ആകാശഗംഗയിൽ നിന്ന് നക്ഷത്രങ്ങളെ പറിച്ചെടുക്കാൻ എത്ര എളുപ്പമായിരിക്കുമോ അതുപോലെതന്നെയാവും ഭാവിയിൽ നിന്ന് അതിന്റെ രഹസ്യങ്ങൾ തട്ടിപ്പറിച്ചെടുക്കുന്നതും. നാളത്തെ കാര്യങ്ങൾ മങ്ങിയ വെളിച്ചത്തിൽ പോലും മുൻകൂട്ടി കാണുക നമുക്ക് തികച്ചും അസാദ്ധ്യമാണ്. നമുക്ക് മുന്നിൽ കറുത്ത, അഭേദ്യമായ അനിശ്ചിതത്വത്തിന്റെ മതിലാണ്. നമുക്കൂഹിക്കാം പ്രത്യാശിക്കാം പക്ഷെ അതിനപ്പുറത്ത് എന്തെന്നറിയാനാവില്ല.

“പക്ഷെ ഭാവി വായിക്കപ്പെട്ടു. നൂറ്റാണ്ടുകൾക്കു മുമ്പ് ആയിരക്കണക്കിനു വർഷങ്ങളിലൂടെ വ്യാപിച്ച്, അറിയപ്പെട്ട അനേക രാഷ്ട്രങ്ങളെ ഉൾക്കൊള്ളിച്ച് വിവിധവും സൂക്ഷ്മവുമായ പ്രവചനങ്ങൾ ഉണ്ടായി. പ്രവചനത്തിനൊത്തവിധം വസ്തുതകളെ അടർത്തിയെടുക്കുന്ന എല്ലാ സാദ്ധ്യതകൾക്കും മുൻകൂട്ടി തടയിട്ടുകൊണ്ടാണ് അത്തരം പ്രവചനങ്ങൾ ഉണ്ടായത്. പ്രവചന നിറവേറലിന് അവിശ്വാസികൾ തന്നെ അംഗീകാരം നൽകുന്നു, മറിച്ചൊരു വിശദീകരണവും നൽകാനുമില്ല. രണ്ടായിരത്തഞ്ഞൂറ് വർഷം മുമ്പ് പറഞ്ഞ പ്രവചനങ്ങൾ നിറവേറിയെന്നതിന് ഇവിടിരിക്കുന്ന നിങ്ങൾ ഓരോരുത്തരും സാക്ഷികളുമാണ്. എങ്കിൽ നടന്ന

സംഭവങ്ങളെക്കുറിച്ച് പ്രവചിച്ചത് അമാനുഷിക ജ്ഞാനമാണെന്നത് നിങ്ങൾക്കെങ്ങനെ സംശയിക്കാനാവും.

"പ്രവചനങ്ങൾ നിറഞ്ഞ ഒരു വലിയ പുസ്തകത്തെക്കുറിച്ച് നമുക്കെന്തു പറയാനാവും? സദാകാലത്തും സകല രാജ്യങ്ങളിലും ചിതറിക്കിടക്കുന്ന പ്രവചനങ്ങൾ. അത് പറയപ്പെട്ട കാലത്തെ വസ്തുതകളിൽ നിന്നും പൂർണ്ണമായും വേർപെടുത്തപ്പെട്ടവ. ഒരിക്കലും അറിയാത്ത കാര്യങ്ങൾ. എല്ലാ അനുഭവങ്ങൾക്കും പ്രതിലോമമായത്. ലോകജീവചക്രത്തിലെ എല്ലാ ഘട്ടത്തിലും പ്രവേശിക്കുന്ന എല്ലാ അർത്ഥത്തിലും അസാദ്ധ്യവും അസംഭവ്യവുമായ പ്രവചനങ്ങൾ. നിറവേറുന്നതിനും കാലങ്ങൾക്കുമുമ്പേ നിസ്സംശയം തെളിയിക്കത്തക്ക രീതിയിൽ പ്രവചിക്കപ്പെട്ട നൂറുകണക്കിന് പ്രവചനങ്ങൾ. അതിലൊന്നു പോലും കടകവിരുദ്ധവുമല്ല. ഇതുപോലെ തന്നെയുള്ളതാവും മറ്റ് പ്രവചനങ്ങളും. അവയുടെ പൂർത്തീകരണത്തിന്റെ സുവ്യക്തമായ തെളിവുകൾ നിങ്ങളുടെ കൺമുന്നിൽ തന്നെയുണ്ട്. അത്തരമൊരു പുസ്തകത്തെക്കുറിച്ച് നമുക്ക് എന്തു പറയാനാവും?

"ഞാൻ ഉദ്ധരിച്ച വചനങ്ങളിൽ ഭൂമിയിലുള്ള എല്ലാവരെയും ഏതൊരുവനെയും ഒരു പ്രവചന മൽസരത്തിലേക്ക് ദൈവം വെല്ലുവിളിക്കുന്നു. അതിന്റെ ഫലം എന്തു തന്നെയായാലും അതനുസരിക്കണമെന്നും പറയുന്നു. ഭാവിയിലേക്ക് നോക്കാനും പ്രവചിക്കാനും കഴിയുന്ന ആൾ ദൈവം മാത്രമാണെന്ന് അവകാശപ്പെടുന്നു. താൻ അത് ചെയ്തിട്ടുണ്ടെന്നും ഈ പ്രവചനങ്ങൾ തന്റെ ദൈവത്വത്തിന്റെ ഒരു വലിയ തെളിവാണെന്നും അദ്ദേഹം പറയുന്നു.

"ഇന്നു നിലനിൽക്കുന്ന മറ്റേതൊരു പുസ്തകവും ഇത്തരമൊരു അവകാശം ഉന്നയിക്കുന്നില്ലെന്നത് ഒരു വസ്തുതയാണോ? ഭാവി നൂറ്റാണ്ടുകളിലേക്കോ ദശകങ്ങളിലേക്കോ വെളിച്ചം പകരുന്നുവെന്ന് അവകാശപ്പെടുന്ന മറ്റേതെങ്കിലും പുസ്തകം നിങ്ങൾക്ക് മുന്നോട്ടു വയ്ക്കാമോ? ഏതെങ്കിലുമൊരു ഭാഷയിൽ അത്തരമൊരു പുസ്തകത്തെക്കുറിച്ച് നിങ്ങൾക്ക് അറിയാമെങ്കിൽ കൊണ്ടുവരൂ. ദൈവം തന്നെ നിങ്ങളെ വെല്ലുവിളിക്കുന്നു.

"ബൈബിൾ തെറ്റാണെന്ന് തെളിയിക്കാൻ അവിശ്വാസികൾ വലിയ വേദനകളിലൂടെയും ചെലവുകളിലൂടെയും കടന്നുപോയി ട്ടുണ്ട്. ബൈബിളിനെ കണങ്ങളായി തകർക്കാവുന്ന വളരെ ലളി തവും ഫലപ്രദവും ഒടുവിലത്തേതുമായ രണ്ട് രീതികൾ ഞാൻ പറഞ്ഞു തരാം. ഒന്ന് : പ്രവചനങ്ങൾ തെറ്റാണെന്ന് തെളിയിക്കുക, രണ്ട് : യഥാർത്ഥ പ്രവചനമുൾക്കൊള്ളുന്ന മറ്റേതെങ്കിലും പുസ് തകം ഹാജരാക്കുക. ദൈവം പറയുന്നു ഇവ രണ്ടും സാദ്ധ്യമല്ല. ഇതിലേതെങ്കിലും ഒന്നു ചെയ്താൽ ബൈബിൾ ദൈവവചനമാ ണെന്ന എല്ലാ വിശ്വാസവും പൊട്ടിത്തകരും. എന്തുകൊണ്ട് അവി ശ്വാസികൾ അതിതുവരെ ചെയ്തില്ല? അത് സാധിച്ചുവെന്ന് ഇവിടെയാരെങ്കിലും അവകാശപ്പെടുന്നുണ്ടോ? ഇന്ന് ആരെങ്കിലും അതിന് തുനിയുമോ?"

ഉറപ്പായും ഒരു മറുപടി പ്രതീക്ഷിച്ചുകൊണ്ട് ഡേവിഡ് ഡെയർ നിർത്തി. ഒരു അസഹ്യത പ്രേക്ഷകരിൽ അനുഭവപ്പെട്ടു. എമേഴ്സൺ എഴുന്നേറ്റു സംസാരിച്ചു.

"നിങ്ങളുടെ പ്രവചനങ്ങൾ നിരത്തൂ, നോക്കട്ടെ ഞങ്ങൾ ക്കെന്തു ചെയ്യാനാവുമെന്ന്. നിങ്ങൾ അതിനു വേണ്ടി വലിയ അസം ബന്ധമായ അവകാശവാദങ്ങൾ ഉന്നയിച്ചു കഴിഞ്ഞു. ഇനി നിങ്ങൾ അതു തെളിയിക്കൂ."

"അങ്ങനെ ചെയ്യാൻ എനിക്കതിയായ സന്തോഷമേയുള്ളൂ." ഡെയർ മറുപടി നൽകി.

## 3. പരീക്ഷ ആരംഭിക്കുന്നു.

എമേഴ്സന്റെ ആവശ്യത്തിനു ലഭിച്ച കയ്യടി, തെളിവ് എന്തെന്ന് കേൾക്കാനുള്ള ശ്രോതാക്കളുടെ ആകാംക്ഷയാണ് കാണിച്ചത്. ബൈബിൾ കയ്യിലെടുത്തുകൊണ്ട് ഡേവിഡ് ഡെയർ പ്രസംഗവേദിയുടെ അറ്റത്തേക്ക് കടന്നു നിന്നുകൊണ്ട് പ്രസംഗം തുടർന്നു.

"രണ്ടായിരം വർഷങ്ങൾ കൊണ്ട് [4]ടയിർ ഒരു പ്രധാന നാവിക ശക്തിയായി വളർന്നതുപോലെ [5]ബാബിലോൺ, കരയിലെ ചെങ്കോലേന്തിയവളായി. അവൾ ലോകത്തിന്റെ വാണിജ്യ കേന്ദ്രമായിരുന്നു. റോമിന്റെ ശത്രുവായ കാർതേജ് ടയിറിന്റെ ഒരു കോളനി മാത്രമായിരുന്നു - മനോഹാരിതയുടെ, സമ്പന്നതയുടെ, പാണ്ഡിത്യത്തിന്റെ നാടായ ടയിർ, തർഷീഷിലെ മേന്മയേറിയ സ്വർണ്ണം, അരാമിലെ വിശിഷ്ട കല്ലുകൾ, അർമേനിയയിലെ ഓജസ്സുള്ള കുതിരകൾ, ദമാസ്കസിലെ മനോഹരമായ ആനക്കൊമ്പുകൾ, ഈജിപ്തിലെ നേർത്ത ചണനൂൽത്തുണി, അറേബ്യയിലെ ഒട്ടകക്കൂട്ടം, ഷേബയിലെ സുഗന്ധദ്രവ്യങ്ങൾ, ജാവയിൽ നിന്നുള്ള അടിമകൾ എല്ലാം ഒഴുകിയെത്തിയിരുന്ന ടയിർ.

"ചുരുക്കത്തിൽ ഏഷ്യയിലെ ന്യൂയോർക്കായിരുന്നു ടയിർ. സകല രാജ്യങ്ങളിൽ നിന്നുമുള്ള കപ്പലുകൾ അവളുടെ തുറമുഖങ്ങളിൽ നങ്കൂരമിടുകയും അതിലെ യാത്രികർ അവളുടെ തെരുവുകളിൽ കച്ചവടം നടത്തുകയും ചെയ്തു.

"ടയിർ അതിന്റെ മഹത്വത്തിന്റെയും ശക്തിയുടെയും ഔന്നത്യത്തിലായിരുന്നപ്പോൾ, അത് എന്നേക്കും നിലനിൽക്കും എന്ന് തോന്നിച്ചപ്പോൾ ബിസി 590-ഓടെ യെഹെസ്ക്കേൽ കടന്നു വന്ന് പ്രവചിച്ചു: "അവർ സോരിന്റെ (ടയിർ) മതിലുകളെ നശിപ്പിച്ച്, അതിന്റെ ഗോപുരങ്ങളെ ഇടിച്ചു കളയും: ഞാൻ അതിന്റെ പൊടി അടിച്ചുവാരിക്കളഞ്ഞ് അതിനെ വെറും പാറയാക്കും. അത് സമുദ്രത്തിന്റെ നടുവൽ വലവിരിക്കാനുള്ള സ്ഥലമായിത്തീരും. ഞാനതു അരുളിചെയ്തിരിക്കുന്നുവെന്ന് യഹോവയായ കർത്താവിന്റെ

അരുളപ്പാട്. .... നിന്റെ കല്ലും മരവും മണ്ണും എല്ലാം അവർ വെള്ളത്തിൽ ഇട്ടുകളയും..... ഞാൻ നിന്നെ വെറും പാറയാക്കും: നീ വലവിരിക്കാനുള്ള സ്ഥലമായിത്തീരും; നിന്നെ ഇനി പണിയുകയില്ല; യഹോവയായ ഞാൻ അതു കൽപിച്ചിരിക്കുന്നുവെന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്.' യെഹെസ്ക്കേൽ 26: 4-14

"ആ പ്രവചനം കഴിഞ്ഞയുടൻ നെബുക്കദ്നേസർ ടയിറിനെ ആക്രമിക്കുകയും പതിമൂന്ന് വർഷത്തെ ശ്രമത്തിനു ശേഷം നഗരം കീഴടക്കുകയും അതിലെ കെട്ടിടങ്ങൾക്കും ജനത്തിനും നേരെ പക തീർത്തുകൊണ്ട് പൂർണ്ണമായി നശിപ്പിക്കുകയും ചെയ്തു.

ഇപ്പോൾ ഒരു ശ്രോതാവ് ചാടിയെഴുന്നേറ്റു.

"നെബുക്കദ്നേസറിന്റെ കാലത്തിനു മുമ്പെഴുതപ്പെട്ടതാണ് ആ പ്രവചനമെന്ന് നിങ്ങൾക്കു തെളിയിക്കാനാവില്ല. നിങ്ങളുടെ പ്രസ്താവനയിൽ തന്നെ പറയുന്നു നബുക്കദ്നേസരിന്റെ കാലത്താണ് യെഹെസ്ക്കേലുമുണ്ടായിരുന്നതെന്ന്."

"സത്യം", ഡേവിഡ് ഡെയർ അംഗീകരിച്ചു. "നെബുക്കദ്നേസർ ടയിറിനെ ആക്രമിക്കുന്നതിനു മുമ്പാണ് ആ പ്രവചനം നടന്നതെന്ന് വ്യക്തിപരമായി ഞാൻ വിശ്വസിക്കുന്നു എങ്കിലും ആ ആക്രമണത്തെക്കുറിച്ചു മാത്രമല്ല ഞാൻ പറഞ്ഞു വരുന്നത്. ബാബിലോൺ രാജാവിന്റെ ആക്രമണത്തോടെയാണ് പ്രവചന നിവൃത്തിയുടെ തുടക്കമെങ്കിലും വരാനിരിക്കുന്ന രണ്ടായിരം വർഷങ്ങളിലായി നീണ്ടുകിടക്കുകയാണ് അതെന്ന് നമ്മൾ കാണാൻ പോവുകയാണ്.

"നെബുക്കദ്നേസരിന്റെ കാലശേഷവും നഗരാവശിഷ്ടങ്ങൾ നിലനിന്നിരുന്നതായി കാണാം. എന്നാൽ പ്രവചനമനുസരിച്ച് അതിലെ കല്ലും മരവും മണ്ണും കടലിലെറിയപ്പെടുമെന്നും അവിടം വലവിരിക്കാനുള്ള വെറും പാറയായി മാറുമെന്നുമാണ്.

"ബാബിലോൺ രാജാവിന് ഈ പ്രവചനം പൂർത്തീകരിക്കാനാവില്ല; അത് ഒരിക്കലും നിറവേറുകയില്ലെന്നും തോന്നിച്ചു. കാരണം നെബുക്കദ്നേസർ തന്റെ മുഴുവൻ പകയും തീർത്തിട്ടും ഈ പ്രവചനത്തിന്റെ പൂർത്തീകരണത്തെപ്പറ്റി ചിന്തിച്ചില്ല. അതി

ഭീകരമായി തകർക്കപ്പെട്ട ഒരു പട്ടണത്തിന്റെ അവശിഷ്ടത്തെപ്പറ്റി പിന്നെ ആരാണ് ഓർക്കുക? എങ്കിൽ അത് ഭ്രാന്തിന്റെ മൂർദ്ധന്യാവസ്ഥയായിരിക്കും. എന്നാൽ അപ്പോഴും പ്രവാചക വചനം അതിന്റെ നിറവേറലിനായി കാത്തുനിന്നു.

"രണ്ടര നൂറ്റാണ്ടു കടന്നുപോയി. പ്രവചനത്തിന്റെ കൃത്യ തയ്ക്ക് ഒരു വെല്ലുവിളിയായി അപ്പോഴും ആ അവശിഷ്ടങ്ങൾ നിലനിന്നു. പിന്നീട് കിഴക്കുനിന്ന് മഹാനായ അലക്സാണ്ടറിന്റെ ഖ്യാതി ഭീകരതയുടെ ഒരു സ്പന്ദനമുണ്ടാക്കി. ബിസി 332-ൽ പുതിയ ടയിറിനെ ആക്രമിക്കാനായി അലക്സാണ്ടർ അതിശീഘ്രം പടയോട്ടം നടത്തി. തീരത്തെത്തിയപ്പോൾ താൻ കീഴടക്കാനെത്തിയ നഗരം അരമൈലോളം വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ദ്വീപി ലാണെന്നു കണ്ടു. അലക്സാണ്ടർ യുദ്ധതന്ത്രം പെട്ടെന്ന് മെനയു കയും അതിശീഘ്രം നടപ്പാക്കുകയും ചെയ്തു. പുരാതന ടയിറിലെ ചുവരുകളും ഗോപുരങ്ങളും തകർന്ന വീടുകളും കൊട്ടാരങ്ങളും എല്ലാം എടുത്ത് വെള്ളത്തിലിട്ട് പുതിയ ദ്വീപു നഗരത്തിലേക്ക് ഒരു നടവരമ്പുണ്ടാക്കി. ഇതിനായി അവിടെ കിട്ടിയ എല്ലാം പൊടി പോലും വാരിയെടുത്ത് വെള്ളത്തിലിടേണ്ടി വന്നു.

ആദ്യം ആക്ഷേപമുയർത്തിയയാൾ അനങ്ങുന്നില്ലെന്ന് കണ്ടപ്പോൾ എമേഴ്സൺ സംസാരിക്കാനായി എഴുന്നേറ്റു.

"ടയിറിനെക്കുറിച്ച് നിങ്ങൾ പറയുന്ന കാര്യങ്ങൾ സത്യമാ ണെന്ന് ഞാൻ സമ്മതിക്കുന്നു, പക്ഷെ അതുകൊണ്ടെന്ത്? പറയപ്പെടുന്ന പ്രവചനത്തിൽ പ്രതിപാദിക്കുന്ന സംഭവങ്ങൾക്കു മുമ്പ് എഴുതപ്പെട്ടതാണ് അതെന്ന് നിങ്ങൾക്ക് ഒരിക്കലും തെളിയി ക്കാനാവില്ല. സംഭവശേഷം ഇത്രയധികം വർഷങ്ങൾ പിന്നിട്ടിരി ക്കുന്നു, മൂന്നോ നാലോ നൂറ്റാണ്ടുകൾ എന്നത് ഒരു ചെറിയ കാലയളവാണ്. നിങ്ങളുടെ വാദഗതി പൂർത്തിയാക്കാനേ കഴിയില്ല. അലക്സാണ്ടറുടേയും കാലശേഷം എഴുതപ്പെട്ടതാണ് യെഹസ് ക്കേലിന്റെ പുസ്തകമെന്നും ഞാൻ വിശ്വസിക്കുന്നു."

ഡെയർ ചിരിച്ചുകൊണ്ട് പറഞ്ഞു: "ഒരുപക്ഷേ സംഭവങ്ങൾക്കൊത്ത് ചമച്ചതാണ് പ്രവചനമെന്ന വസ്തുത നിങ്ങളുടെ വാദഗതിക്ക് അത്യാവശ്യമായിരിക്കാം."

"മറുവശത്ത് യെഹസ്ക്കേലിന്റെ പ്രവചനത്തെ ചരിത്രം സ്ഥിരീകരിക്കുന്നുവെന്ന വസ്തുത" എമേഴ്സൺ ഇടയ്ക്കു കയറി പറഞ്ഞു, "പ്രവചനമാണ് ആദ്യമെഴുതിയതെന്ന നിങ്ങളുടെ വിശ്വാസത്തിന് അത് അത്യാവശ്യമാണ്. എന്റെ വാദഗതിക്കും നിങ്ങളുടേതിന്റെ അത്ര തന്നെ അടിത്തറയുണ്ട്. അതിനേക്കാൾ യുക്തിയുക്തവുമാണ്."

"നിങ്ങളുടെ കാഴ്ചപ്പാടിലെ മൂന്ന് വലിയ പ്രതിബന്ധങ്ങൾ നിങ്ങൾ പരിശോധിക്കൂ" ഡെയർ മറുപടി പറഞ്ഞു. "ഒന്നാമതായി, എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ പതിനാലാം പതിപ്പിന്റെ ഒൻപതാം വാല്യത്തിൽ പേജ് 13, 14ൽ കൊടുത്തിരിക്കുന്ന യെഹസ്ക്കേലിനെക്കുറിച്ചുള്ള ഭാഗത്തിൽ ബിസി 586നും 450നും ഇടയ്ക്കെഴുതപ്പെട്ടതാണിതെന്ന് ഊന്നിപ്പറയുന്നുണ്ട്. ഇത് അങ്ങേയറ്റം നിരൂപണപരമായ ഒരു കാഴ്ചപ്പാടാണ്. അതായത് അവിശ്വാസികളുടെ പാഠഭേദമനുസരിച്ച് പോലും സംഭവത്തിനും 118 വർഷം മുമ്പാണ് പ്രവചനം എന്നാണ് പറയുന്നത്. ഇനി അടുത്ത പ്രതിബന്ധത്തിലേക്ക് കടക്കാം.

"പ്രവചനത്തിൽ പറയുന്ന കാര്യം നടന്ന ശേഷം എഴുതപ്പെട്ടതാണ് യെഹസ്ക്കേലിന്റെ പ്രവചനം എന്ന് നിങ്ങൾ അവകാശപ്പെടുമ്പോൾ ഉയർന്ന ധാർമ്മിക പാഠങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുസ്തകത്തെ ഏറ്റവും ഹീനമായ ചതിവ് സംസാരിക്കുന്ന അധാർമ്മികമായ പുസ്തകമാക്കി മാറ്റുന്നു.

"പക്ഷെ മിസ്റ്റർ എമേഴ്സൺ ഈ രണ്ടു പ്രതിബന്ധങ്ങൾ നിങ്ങൾ തന്നെ സൃഷ്ടിക്കുമ്പോൾ ഒരവിശ്വാസിക്കും നീക്കം ചെയ്യാനാവാത്ത മൂന്നാമതൊരു പ്രതിബന്ധം കൂടി നിങ്ങളുടെ ഭാഗത്ത് ഒളിഞ്ഞു കിടപ്പുണ്ട്.

“വെറും വാദഗതിക്കുവേണ്ടി ഈ പുസ്തകം എഴുതപ്പെട്ടത് നിങ്ങൾ ആഗ്രഹിക്കുന്ന ഏതു സമയത്തും അതായത് 330 ബിസി യിലാണെങ്കിൽ പോലും ഞാനംഗീകരിക്കാം. അതിനുമിപ്പുറത്തുള്ള ഒരു തീയതി നിങ്ങൾക്കും അവകാശപ്പെടാനാവില്ല.” എമേഴ്സൺ അത് തലയാട്ടി സമ്മതിച്ചു.

“തകർക്കലിനെക്കുറിച്ചു മാത്രമല്ല ആ പ്രവചനത്തിൽ പറഞ്ഞിട്ടുള്ളതെന്ന കാര്യം നിങ്ങൾ ഒരുപക്ഷെ ഓർമ്മിക്കുന്നുണ്ടാ വില്ല. ചില പ്രവചനങ്ങളിൽ നഗരങ്ങൾ തകർക്കപ്പെടുകയും വീണ്ടും പണിയപ്പെടുകയും ചെയ്തതായി പറഞ്ഞിട്ടുണ്ട്. അത്തരമൊരു വിധിയാണ് ജെറുസലെമിന്റേത്. ഇന്നും അത് നിലനിൽക്കുന്നു.

“നിങ്ങളുടെ വാദഗതിയിലെ മൂന്നാമത്തെ ബുദ്ധിമുട്ട് എന്താ ണെന്ന് വച്ചാൽ ടയിർ ഇനി ഒരിക്കലും പണിയപ്പെടുകയി ല്ലെന്നതാണ്. ന്യായവിധിയുടെ ഈ ദൈവവാക്യം നൂറ്റാണ്ടുകളായി ഭൂമിയിലെ എല്ലാ അവിശ്വാസികൾക്കും ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു. ഈ നഗരം പുനർനിർമ്മിച്ച് ദൈവത്തിന്റെ വചനം തെറ്റാണെന്ന് തെളിയിക്കാനായി നിങ്ങളെയും മറ്റ് അവിശ്വാസി കളെയും രണ്ടായിരം വർഷങ്ങളായി ദൈവം വെല്ലുവിളിക്കുന്നു.

“ഞാനിതുവരെ അങ്ങനൊരു കാര്യമേ കേട്ടിട്ടില്ല” ആശ്ചര്യ ത്തോടെ എമേഴ്സൺ വാപൊളിച്ചു, “നിങ്ങൾ കാര്യമായി പറഞ്ഞതാണോ?”

“തീർച്ചയായും” ഡെയർ മറുപടി നൽകി, “ഇതിലേറെ ഗൗരവത്തോടെ ഒന്നും പറയാനില്ല. ഇനി ബൈബിളിനെ എങ്ങനെ തെറ്റാണെന്ന് തെളിയിക്കാമെന്ന് ഞാൻ നിങ്ങൾക്കു പറഞ്ഞു തരാം.”

# 4. ബൈബിൾ തെറ്റാണെന്ന് എങ്ങനെ തെളിയിക്കാം

ബൈബിൾ തെറ്റാണെന്ന് എങ്ങനെ തെളിയിക്കാമെന്ന് അവിശ്വാസികൾക്ക് പറഞ്ഞുകൊടുക്കാം എന്ന ഡേവിഡ് ഡെയറിന്റെ പ്രസ്താവന ചില ശ്രോതാക്കളെ ഞെട്ടിപ്പിച്ചു.

എമേഴ്സൺ എഴുന്നേറ്റ് വീണ്ടും സംസാരിച്ചു, "ബൈബിൾ തെറ്റാണെന്ന് തെളിയിക്കാനാവുമെന്ന് നിങ്ങൾ അംഗീകരിക്കുന്നു എന്നാണോ ഞങ്ങളോട് പറയാനുദ്ദേശിക്കുന്നത്?"

"നേരെമറിച്ചാണ്, ബൈബിളിലെ ഒരു ഭാഗം പോലും തെറ്റാണെന്ന് തെളിയിക്കാനാവുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല." ഡെയർ ചിരിച്ചു.

"പക്ഷെ നിങ്ങൾ പറഞ്ഞത് അത് തെറ്റാണെന്ന് തെളിയിച്ചു തരുന്നതെങ്ങനെയെന്ന് ഞങ്ങൾക്ക് കാണിച്ചുതരാമെന്നല്ലേ." എമേഴ്സൺ വിട്ടുകൊടുത്തില്ല.

"അതെ ഞാനതു ചെയ്യും."

"നിങ്ങളുടെ പ്രസ്താവനകൾ കടകവിരുദ്ധമായി തോന്നുന്നു, എന്നാലും എന്താണ് നിങ്ങൾക്കു പറയാനുള്ളതെന്നു കേൾക്കട്ടെ."

"തന്റെ പ്രവചനങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്നതിന് ദൈവം തന്നെ ധൈര്യം കാട്ടുക മാത്രമല്ല അതെങ്ങനെയാണെന്ന് പറഞ്ഞു തരാനും ശ്രമം നടത്തിയിരിക്കുന്നു. ഓരോ അവിശ്വാസിക്കും ടയിർ ഓരോ ദിവസവും എതിർപ്പ് വർദ്ധിപ്പിക്കുന്നു. 'നിന്നെ ഇനി പണിയുകയില്ല; യഹോവയായ ഞാൻ അതു കൽപിച്ചിരിക്കുന്നുവെന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്.' ഇങ്ങനെയാണ് പ്രവചനം പറയുന്നത്. യെഹെസ്ക്കേൽ 26-ന്റെ 14-ൽ നിങ്ങൾ വായിച്ചുനോക്കൂ. എന്തുകൊണ്ട് അത് വീണ്ടും പണിയാനാവില്ല? എന്നതിന്റെ കാരണം ഇതാണ്. വമ്പു പറയുന്ന

അവിശ്വാസിക്ക് വേണ്ടി ദൈവം തന്നെ തയ്യാറാക്കിയിരിക്കുന്ന ഒരു പരീക്ഷണമാണിത് – ഒരു നഗരം വീണ്ടും പണിയുകയെന്ന നിസ്സാര കാര്യം. ആ ഒരൊറ്റ കാര്യം ചെയ്താൽ മതി ബൈബിൾ തെറ്റാണെന്ന് തെളിയിക്കാനാവും.

"കേട്ടുകേൾവിയില്ലാത്ത ഒരു കാര്യം ചെയ്യാനല്ല ഇവിടെ പറയുന്നത്. ചരിത്രമെടുത്താൽ ഒട്ടേറെ നഗരങ്ങൾ വീണ്ടും പണിയപ്പെട്ടതായി കാണാം. റോം കത്തിയെരിയുന്നത് നീറോ ചക്രവർത്തി കണ്ടു നിന്നെങ്കിലും ആ നഗരം വീണ്ടുമുയിർത്തെഴുന്നേറ്റില്ലേ?

"അതിശയിപ്പിക്കുന്ന വിധം നിസ്സാര സമയം കൊണ്ട് ഏതാനം നിശ്ചയദാർഢ്യമുള്ള ആളുകളെക്കൊണ്ട് ഒരു നഗരം പണിയാമെന്നതിന് തെളിവാണ് അമേരിക്ക. വാഷിങ്ടണിലുള്ള ഒരു ചതുപ്പു നിലത്തെ ഒരാൾ രണ്ടു വർഷം കൊണ്ട് ലോംങ്‌വ്യൂ എന്ന ആധുനിക നഗരമാക്കി മാറ്റി. ഞാൻ ആ നഗരം കാണുകയും ആശ്ചര്യം കൊള്ളുകയും ചെയ്തിട്ടുണ്ട്.

"അമേരിക്കയിലും ഇംഗ്ലണ്ടിലും നിന്നുള്ള അവിശ്വാസികളുടെ കയ്യിൽ നിന്ന് ഓരോ ഡോളർ മതിയാവും ടയിറിനെ പുനർനിർമ്മിക്കൻ.അതുവഴി എന്നും സത്യം പറയുന്ന പുസ്തകമെന്ന ബൈബിളിന്റെ ഖ്യാതി തകർക്കാനും സാധിക്കും. എന്തുകൊണ്ട് ദൈവത്തെ തള്ളിപ്പറഞ്ഞുകൊണ്ട് പ്രവചനത്തിനെതിരെ പഴയ ടയിർ നിന്നിരുന്ന സ്ഥലത്ത് നാസ്തികരുടെ ഒരു കോളനി തന്നെ സ്ഥാപിച്ചുകൂടാ?അവിടെ ആധുനിക രീതിയിലുള്ള മൽസ്യബന്ധന വ്യവസായം നടത്തിക്കൂടാ? 'നീ ഒരുനാളും പണിയപ്പെടില്ല, ദൈവമായ ഞാൻ അത് അരുളിചെയ്തിരിക്കുന്നു?'

"ആ സ്ഥലം ആവാസയോഗ്യമാണ്. അവിടെ ആവശ്യത്തിന് വെള്ളമുണ്ട്. പർവ്വതനിരകളോളം നീണ്ടു കിടക്കുന്ന വളക്കൂറുള്ള മണ്ണുമുണ്ട്."

"ബൈബിൾ തെറ്റാണെന്ന് തെളിയിക്കാനായി അടിയുറച്ച് നിൽക്കുന്ന അവിശ്വാസികൾ അസംഖ്യം പുസ്തകങ്ങൾ എഴുതിക്കൊണ്ടിരിക്കുമ്പോൾ ഏതു പ്രവാചകനാണ് ഇത്ര എതിർപ്പ്

ഉളവാക്കുന്ന പ്രവചനം നടത്താൻ അസാമാന്യ ധൈര്യം കാണിക്കുക? രണ്ടായിരം വർഷമായിട്ടും ഒരു അവിശ്വാസിയും ഈ പ്രവചനം തെറ്റാണെന്ന് പറയാൻ ധൈര്യപ്പെട്ടിട്ടില്ല.

"എന്നാൽ [6]വോൾനി എന്ന ഫ്രഞ്ച് അവിശ്വാസി ആ സ്ഥലം സന്ദർശിച്ചതായും പ്രവാചകൻ പറഞ്ഞതുപോലെ തന്നെ ആ പാറകളിൽ മീൻപിടുത്തക്കാർ വല ഉണക്കുന്നതായി കണ്ടതായും പറയുന്നു." (ട്രാവൽസ്, വാല്യം രണ്ട്, പേജ് 212)

"ബൈബിൾ പ്രവചനങ്ങൾ അവ്യക്തമെന്നും സംഭവങ്ങൾ നടന്ന ശേഷം അവയ്ക്കൊപ്പിച്ച് സൃഷ്ടിക്കപ്പെട്ടവയാണെന്നും ഉള്ള അവിശ്വാസികളുടെ ഉറച്ച പ്രഖ്യാപനത്തെ തകർത്തുകൊണ്ട് എല്ലാ വർഷവും എല്ലാ ദിവസവും എല്ലാ നിമിഷവും ടയിർ തകർന്നു തരിപ്പണമായി കിടക്കുന്നു.

"ഒരു നല്ല ഊഹമെന്ന് നിങ്ങൾ പറയുന്നു. പക്ഷെ അത് മതിയായൊരു ഉത്തരമല്ല. ഭൂമിയിലെ ഒരു നഗരത്തെക്കുറിച്ചും ബൈബിളിനു പുറത്തു നിന്ന് ഒരു വ്യക്തിപോലും ശരിയായൊരു പ്രവചനവും നൂറ്റാണ്ടുകളായി നടത്തിയിട്ടില്ലെന്നത് കണക്കിലെടുത്താൽ ഊഹം ദുർബ്ബലമാണ്. രണ്ടായിരം വർഷം വരെയുള്ള ഭാവി കൃത്യമായി ഊഹിക്കാൻ ബൈബിൾ എഴുത്തുകാർക്കു മാത്രം സാധിക്കുന്നത് എങ്ങനെയാണ്?

എമേഴ്സൺ മറുപടി പറയാനായി എഴുന്നേറ്റു. "തകർന്നു കിടക്കുന്ന ഒരു നഗരത്തിന്റെ അവശിഷ്ടങ്ങളെ നോക്കി ഒരെഴുത്തുകാരന് ഇനിയൊരിക്കലും അതിൽ ആവാസവ്യവസ്ഥയുണ്ടാവില്ലെന്ന് ചിന്തിക്കാനും അതനുസരിച്ച് പ്രവചിക്കാനും കഴിയുകയെന്നത് തികച്ചും സ്വാഭാവികം.

"എത്ര സ്വാഭാവികമായാലും അത്തരമൊരു ഊഹം ആ പ്രവാചകനെ പൊടുന്നനെ വലിയ കുഴപ്പത്തിൽ ചാടിച്ചിട്ടുണ്ടാവും." ഡെയർ മറുപടി നൽകി.

"വിശദീകരിക്കുകയാണെങ്കിൽ: വെറും മുപ്പതു മൈൽ അകലെയുള്ള ടയിറിന്റെ പുരാതന സഹോദര നഗരത്തിലേക്ക്

യെഹസ്ക്കേലിന്റെ ശ്രദ്ധ തിരിഞ്ഞു. നൂറ്റാണ്ടുകളായി അതിന്റെ അധികാരമെല്ലാം സഹോദര നഗരത്തിനു നഷ്ടമായിക്കൊണ്ടിരുന്നു. ടയിറാകട്ടെ അതിന്റെ എല്ലാ പ്രതാപത്തിലും മികച്ചു നിന്നു. യെഹസ്ക്കേലിന്റെ കാലത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാട് അംഗീകരിച്ചാൽ അത് ഞങ്ങളുടെ നിഗമനത്തിന് കരുത്തു കൂട്ടുന്നു. കാരണം [7]സീദോൻ തകർച്ചയുടെ വക്കിലായിരുന്നിട്ടും ബിസി 351-ൽ പേർഷ്യൻ രാജാവായ അർതാക്സെർസെസ് ഓച്ചസ് ആക്രമിക്കുകയും കീഴടക്കുകയും ചെയ്തു.

“എമേഴ്സൺ, ഇനി നിങ്ങളുടെ സിദ്ധാന്തം അനുസരിച്ച് യെഹസ്ക്കേലിന്റെ പുസ്തകം എഴുതപ്പെട്ടത് വളരെ പിന്നീട്, അതായത് കുറഞ്ഞത് അലക്സാണ്ടറിന്റെ സമയത്തിനും ശേഷം ആണെന്നിരിക്കട്ടെ. 330 ബിസിയിലെ സംഭവങ്ങൾ കണ്ടിട്ടാണ് പ്രവചനം നടന്നതെങ്കിൽ, അങ്ങനെയാണെന്ന് നിങ്ങൾ പറയുന്നു, സീദോന്റെ അനിവാര്യ അന്ത്യത്തെക്കുറിച്ച് പ്രവാചകൻ പൂർണ്ണമായും അവഗണിച്ചുകൊണ്ട് പ്രവചിക്കുമായിരുന്നില്ല. സീദോൻ പൂർണ്ണമായി നശിക്കുമെന്നത് സുനിശ്ചിതമായിരുന്നു. പക്ഷെ സീദോൻ ഇന്നും നിലനിൽക്കുന്നു. പതിനായിരത്തിലുമധികം ജനസംഖ്യയുമായി. യെഹസ്ക്കേൽ പ്രവാചകന്റെ പുസ്തകം 28-ാം അദ്ധ്യായം 20 മുതൽ 23 വരെ വായിക്കാം.

“യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: മനുഷ്യപുത്രാ, നീ സീദോനു നേരെ മുഖം തിരിച്ച് അതിനെക്കുറിച്ച് പ്രവചിച്ചു പറയേണ്ടത്: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: സീദോനെ ഞാൻ നിനക്കു വിരോധമായിരിക്കുന്നു, ....... ഞാൻ അതിൽ മഹാമാരിയും അതിന്റെ വീഥികളിൽ രക്തവും അയയ്ക്കും; ചുറ്റിലും നിന്ന് അതിന്റെ നേരെ വരുന്ന വാൾകൊണ്ട് നിഹതന്മാരായവർ അതിന്റെ നടുവിൽ വീഴും, ഞാൻ യഹോവ എന്ന് അവർ അറിയും.”

“ടയിറിനു സംഭവിക്കും എന്നു പ്രവചിച്ചതുപോലെ സമ്പൂർണ്ണ നാശമല്ല സീദോന്റെ ന്യായവിധി. അതിന്റെ വീഥികളിൽ രക്തവും അതിന്റെ മദ്ധ്യേ പരിക്കേറ്റവരും ചുറ്റുനിന്നുംനേരെ വരുന്ന

വാളുമാണെന്ന് കാണാം. യെരുശലേം ഒഴികെ ലോകത്തിലെ മറ്റേതൊരു നഗരത്തെക്കാളും പീഢനം സഹിക്കുകയും അടിക്കടി തകർക്കപ്പെടുകയും വീണ്ടും പണിയപ്പെടുകയും ചെയ്തിട്ടും സീദോൻ ഇന്ന് ഈ നിമിഷം വരെ തകർന്നടിയാതെ നിലനിൽക്കുന്നു.

"ഇനി, യെഹസ്ക്കേൽ പറഞ്ഞത് ടയിറും സീദോനും ഒരുപോലെ തകർക്കപ്പെടുമെന്നും വീണ്ടും പണിയപ്പെടുകയില്ലെന്നുമാണെന്നിരിക്കട്ടെ, സീദോനിലെ പതിനായിരം നിവാസികളിൽ ഓരോരുത്തരും പ്രവചനം തെറ്റാണെന്നതിന്റെ ജീവിക്കുന്ന തെളിവുകളായേനേ.

"ടയിർ ജീവിക്കുമെന്നും വൻ പീഢനങ്ങൾക്ക് ഇരയാകുമെന്നും സീദോൻ പൂർണ്ണമായും തകർക്കപ്പെടുമെന്നും വീണ്ടും പണിയപ്പെടുകയില്ലെന്നുമാണ് പ്രവാചകൻ പറഞ്ഞതെന്നിരിക്കട്ടെ, ബൈബിളിന്റെ പ്രവചന കൃത്യതയെക്കുറിച്ച് അവിശ്വാസികൾ പഞ്ഞത് എത്ര പരിഹാസപൂർവ്വം ശരിയാകുമായിരുന്നു.

"ഈ രണ്ടു കാര്യത്തിലും പ്രവാചകന് എങ്ങനെ ഇത്ര കൃത്യത പാലിക്കാൻ കഴിഞ്ഞു? ഒരിക്കലും പുനർനിർമ്മിക്കപ്പെടാതിരിക്കുന്ന നഗരം തന്നെ അങ്ങനെ പ്രവചിക്കപ്പെട്ട നഗരവും യുഗാന്ത്യത്തോളവും പീഢനം സഹിക്കുമെന്ന് പ്രവചിക്കപ്പെട്ട നഗരം ദീർഘകാലത്തോളം പീഢിപ്പിക്കപ്പെട്ട നഗരവുമായതെങ്ങനെ?

"ഇത്രയും വിശ്വാസയോഗ്യമായി വിശദീകരിച്ചുകഴിയുമ്പോൾ, അൽപം കൂടി കഠിനമായ ഒരു ചോദ്യത്തിന് ഉത്തരം പറയേണ്ടതായുണ്ട്. അശ്ശേഷം പ്രതിരോധശേഷിയില്ലാതെ ഏറ്റവും ദുർബ്ബലനായ ശത്രുവിനോടു പോലും ചെറുത്തു നിൽക്കാതെ ഒരാളുടെ പോലും അത്യാർത്തിക്കു പാത്രമാവാതെ സീദോൻ, മറ്റനേകം പുരാതന നഗരങ്ങളെ പ്പോലെ വിസ്മൃതിയിലാണ്ടുപോകുമായിരുന്നു. അനേകം ഭീകര അനുഭവങ്ങളുണ്ടായിട്ടും ഓരോ അധിനിവേശത്തെയും രക്തം ചിന്തി ചെറുത്തു നിന്നുകൊണ്ട് കാലാതീതമായി ശക്തമായ ഒരു സ്ഥാനം അത് നിലനിർത്തുമെന്ന് യെഹസ്ക്കേൽ എങ്ങനെ അറിഞ്ഞു?

എമേഴ്സൺ മറുപടി പറഞ്ഞു: "ഈ രണ്ടു നഗരങ്ങളും അതിപ്രശസ്തവും ശക്തവുമായിരുന്നു. എന്നാൽ പ്രവചനം നടക്കുന്ന സമയത്ത് അതിന് സംഭവിക്കാനിരിക്കുന്ന ദുരന്തത്തെക്കുറിച്ച് സൂചനകളുണ്ടായിരുന്നു. പ്രവചനം ന്യായമായും കൃത്യമാണെന്ന് വരുന്നു. എന്നാലും ഇത്ര ചെറിയ ഒരു കാര്യത്തിൽ ഊന്നിക്കൊണ്ട് ബൈബിൾ സത്യമാണെന്ന നിങ്ങളുടെ സിദ്ധാന്തത്തെ സ്ഥാപിച്ചെടുക്കാനാവില്ല.

"തീർച്ചയായും ഇല്ല. അങ്ങനെയാണെന്ന് ഞാൻ അവകാശപ്പെടുന്നുമില്ല, ഡെയർ പറഞ്ഞു. 'നിങ്ങൾ ആഗ്രഹിക്കുന്ന ഏത് പരീക്ഷയെയും നേരിടാൻ പ്രവചനത്തിനു കഴിയുമെന്ന് ഞാൻ സ്ഥാപിക്കാം. ടയിറും സീദോനും അതിന്റെ പതനത്തെക്കുറിച്ചുള്ള സൂചനകൾ നൽകിയിരുന്നുവെന്നല്ലേ നിങ്ങൾ പറയുന്നത്. ഇങ്ങനെ പറയാനാവാത്ത മറ്റൊരു നഗരത്തിന്റെ കാര്യമെടുക്കാം.'

"ഏതാണ്ട് ഇരുപതോളം അത്തരം പ്രവചനങ്ങൾക്കിടയിൽ ടയിറിനെയും സീദോനെയും പോലെ ഒട്ടും പ്രശസ്തമല്ലാത്ത [8]അസ്കലോണിനെക്കുറിച്ചുള്ള രണ്ടു വാക്യങ്ങൾ ശ്രദ്ധിക്കൂ. "അസ്കലോൻ ശൂന്യമായിത്തീരും" (സെഫന്യാവ് 2: 4) "അസ്കലോൻ നിവാസികൾ ഇല്ലാതെയാവും" (സെഖര്യാവ് 9 : 5)

"1800 ബിസിയിലാണ് ഈ നഗരം നിർമ്മിക്കപ്പെട്ടത്. ക്രിസ്തുവിന്റെ കാലത്താണ് അത് അതിന്റെ പ്രതാപത്തിലെത്തുന്നത്. അതുകൊണ്ട് പ്രവചനം നടന്നപ്പോൾ അതിന്റെ ഭാവിയെക്കുറിച്ചുള്ള സൂചന അത് നൽകിയിരുന്നുവെന്ന് നിങ്ങൾക്ക് അവകാശപ്പെടാനാവില്ല. എന്നാൽ ഇന്നെന്താണ് അതിന്റെ സ്ഥിതി?

"എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ പതിനാലാം പതിപ്പിന്റെ രണ്ടാം വാല്യം 544-ാം പേജിൽ നിന്ന് ഞാൻ വായിക്കാം: 'ഗാസയുടെ കടൽതീരത്ത് പന്ത്രണ്ടു മൈൽ വടക്ക് ശൂന്യമായ പ്രദേശം... പൂഴിമണ്ണ് നിറഞ്ഞ ഭൂപ്രദേശത്ത് എഴുന്നു നിൽക്കുന്ന കെട്ടിടാവശിഷ്ടങ്ങളും തകർന്ന തൂണുകളും ഭിത്തികളുമെല്ലാം പഴയ പ്രതാപകാലത്തിന്റെ പര്യാപ്തമായ തെളിവുകളാണ്..... അതിനടുത്ത രാജ്യം വളരെ വളക്കൂറുള്ളതാണ്. മുന്തിരിവള്ളികളും

ഒലീവുകളും വിവിധ തരം ഫലവൃക്ഷങ്ങും അവിടെ തഴച്ചു വളരുന്നു.”

“ലോകം അംഗീകരിക്കുന്ന ഈ സമിതി അസ്കലോന്റെ ഇന്നത്തെ അവസ്ഥയെ സൂചിപ്പിക്കാൻ പ്രവാചകൻ ഉപയോഗിച്ച അതേ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് - ‘ശൂന്യം’. ചരിത്രകാരന്മാർ ഇന്നു കാണുന്ന കാര്യം പ്രവാചകൻ 2500 വർഷങ്ങൾക്കു മുമ്പ് കണ്ടു. മാത്രമല്ല ഇരു കൂട്ടരും ആ നഗരത്തിന്റെ അവസാന അവസ്ഥയെ സൂചിപ്പിക്കാൻ ഒരേ പദവും ഉപയോഗിച്ചിരിക്കുന്നു. സർവ്വ വിജ്ഞാന കോശത്തിൽ നിന്ന് ഇനിയും വായിക്കുകയാണെങ്കിൽ:

“മഹാനായ ഹെറോദ് രാജാവിന്റെ ജന്മസ്ഥലമായിരുന്നു അസ്കലോൻ. അദ്ദേഹം അതിനെ മനോഹരമായ കെട്ടിടങ്ങൾ കൊണ്ട് മോടിപിടിപ്പിച്ചു. റോമാക്കാരുടെ കാലത്ത് ഹെലേന്യ പാണ്ഡിത്യത്തിന് പേരുകേട്ട ഒരു കേന്ദ്രമായിരുന്നു അത്. ബിഷപ്പിന്റെ ഇരിപ്പിടവുമായി അത് മാറി. 104 ബിസി മുതൽ നാലര നൂറ്റാണ്ട് കാലം അത് റോമാ സാമ്രാജ്യത്തിന്റെ ‘ഓപ്പിഡം ലിബറം’ ആയിരുന്നു.”

“അങ്ങനെ ബൈബിൾ വിരചിതമായ ഏത് സിദ്ധാന്തമെടുത്താലും പ്രവചനശേഷം നൂറ്റാണ്ടുകളോളം ആ നഗരം പ്രധാനപ്പെട്ടതായി വളർന്നു വന്നു.

“എഡി 636-ൽ അത് അറബികളുടെ കൈവശമായി. കുരിശുയുദ്ധകാലത്ത് വടക്കു-കിഴക്കേ പലസ്തീനിലേക്കുള്ള താക്കോലായിരുന്നു അത്. ആറു മാസം നീണ്ട ആക്രമണത്തിനൊടുവിൽ ബാൽഡ്വിൻ മൂന്നാമൻ 1153-ൽ അസ്കലോൻ കീഴടക്കി. അതിന്റെ പതനത്തെക്കുറിച്ച് പ്രവാചകൻ മുന്നറിയിപ്പ് നൽകിയ ശേഷം 1500 വർഷത്തോളം അത് ശക്തമായൊരു നഗരമായിരുന്നു. എന്നാൽ അടുത്ത നൂറു വർഷക്കാലം അതിന്റെ ചരിത്രം രക്തപങ്കിലമായിരുന്നു. ഒടുവിൽ എഡി 1270-ൽ സുൽത്താൻ ബെയ്ബാർസ് അതിന്റെ കോട്ടകൾ തകർത്ത് തുറമുഖങ്ങൾ കല്ലുകളിട്ട് അടച്ചു. അങ്ങനെ

660 വർഷം ശൂന്യതയുടെ ചിത്രമായി അസ്കലോനിന്റെ ഉന്നത ഗോപുരങ്ങൾ തറയിൽ ചിതറിക്കിടക്കുന്നു. അതിന്റെ ചുവരുകൾക്കുള്ളിലെ അവശിഷ്ടങ്ങൾക്ക് ഒരു മനുഷ്യ ജീവിയെപ്പോലും സംരക്ഷിക്കാനാവില്ല.

"പക്ഷെ അസ്കലോൻ സീദോനിനെപ്പോലെ സമ്പന്ന നഗരമായിരുന്നുവെങ്കിൽ പ്രവചനം അത്തരത്തിലായിരുന്നുവെങ്കിൽ എത്ര ആവേശത്തോടെയാവും അവിശ്വാസികൾ ആ വസ്തുത മുറുകെപ്പിടിക്കുക. ഇനി അതൊരു വസ്തുതയാണെങ്കിൽ അതുപയോഗിക്കപ്പെടണം. ബൈബിൾ പറയുന്നു 'ഒരിക്കലും പ്രവചനത്തെ തുച്ഛീകരിക്കരുത്, സകലവും ശോധന ചെയ്യുവിൻ" 1 തെസ്സലോനിക്യർ 5:20-21.

"നിങ്ങൾ തുച്ഛീകരിക്കുക മാത്രം ചെയ്യുന്നു. ശോധന ചെയ്യുന്നതുമില്ല. ഇവിടെ ഇതാ മൂന്നു നഗരങ്ങൾ. അതിന്റെ ഇന്നത്തെ അവസ്ഥയെന്തോ അത് അതേപടി പ്രവാചകന്മാർ പ്രവചിച്ചു. എന്നാൽ നിങ്ങൾ അതിന് വിശദീകരണം ആവശ്യപ്പെട്ടു. പക്ഷെ ഈ പ്രവചനങ്ങൾ സത്യമാണെന്ന വസ്തുത അവശേഷിക്കുന്നു.

ഈ അവസരത്തിൽ എമേഴ്സൺ സംസാരിച്ചു: "നിങ്ങൾ മൂന്ന് നഗരങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നു. തീർച്ചയായും ദൈവമാണ് ഈ പ്രവചനങ്ങളുടെ രചയിതാവെങ്കിൽ ലോകം മുഴുവനുമുള്ള രാജ്യങ്ങളെക്കുറിച്ച് അദ്ദേഹം നമ്മോടു പറയുന്നില്ലേ. പ്രവചിക്കപ്പെട്ട കാര്യം നടക്കാൻ യാതൊരു സാദ്ധ്യതയും ഇല്ലായെന്നു തോന്നിക്കുന്ന സമയത്താവണം പ്രവചനം നടക്കേണ്ടതും അത് വർത്തമാനകാലത്തിലെത്തുകയും വേണം.

"നിങ്ങളുടെ നിർദ്ദേശം യുക്തിസഹമാണ്. നിങ്ങളുടെ പരീക്ഷയ്ക്കുതകുന്ന ഏതാനം രാജ്യങ്ങളിൽവച്ച് ഏറ്റവും പുരാതനമായ ഒന്ന് തിരഞ്ഞെടുക്കാം - ഈജിപ്ത്."

## 5. അവിശ്വാസിയുടെ ചിന്താക്കുഴപ്പമായി - ഈജിപ്ത്

"നിങ്ങളെല്ലാവരും അംഗീകരിച്ചു കഴിഞ്ഞു," എമേഴ്സൺ ഇരുന്നപ്പോൾ ഡേവിഡ് ഡെയർ പറഞ്ഞു. "ടയിറും സീദോനും അസ്കലോനും ഇന്ന് ബൈബിൾ പ്രവാചകന്മാർ പ്രവചിച്ചതു പോലെ തന്നെയാണെന്ന്. പക്ഷെ നിങ്ങൾ അതംഗീകരിക്കാൻ തയ്യാറാകുന്നില്ല.അല്ലെങ്കിൽ ഈ മനുഷ്യാതീതമായ ഭവിഷ്യവാണി ഏതെങ്കിലും അമാനുഷ ശക്തി സമ്മാനിച്ചതാണെന്ന് നിങ്ങൾക്ക് ഉൾക്കൊള്ളാനാവുന്നില്ല.

"എങ്കിലും നിങ്ങൾക്കറിയാം ഭൂതവും വർത്തമാനവും അതിന്റെ നിധികൾ കാക്കുമ്പോൾ ഭാവി കൊഞ്ഞനം കുത്തിക്കൊണ്ട് നിശ്ശബ്ദമായിരിക്കുന്നു.

"ഈ പ്രഭാഷണം മുന്നേറുമ്പോൾ ഒരു കാര്യം നമുക്ക് മനസ്സിൽ വയ്ക്കാം. ഏറ്റവും അഗ്രഗണ്യനായ നയതന്ത്രജ്ഞന്റെ പ്രശംസനീയമായ ദീർഘവീക്ഷണം പോലും ശുഷ്കമാണ്. അതിനിപുണരായ ചിന്തകന്മാർ പരസ്പരം ബന്ധിപ്പിച്ച് യുക്തിസഹമായി നടത്തുന്ന ഇടപെടലുകളില്ലെങ്കിൽ കാലാതീതമായി ഒഴുകിക്കൊണ്ടിരിക്കുന്ന ചരിത്രമാകുന്ന നദി ഒരു ഡസൻ നൂറ്റാണ്ടോളം ഒരേപോലെ ഒഴുകിക്കൊണ്ടിരിക്കും. പിന്നീട് പൊടുന്നനെ മുഹമ്മദിനെയൊ ലൂഥറിനെയോ പോലൊരു മനുഷ്യൻ ചരിത്രത്തിന്റെ മൊത്തം ഗതി തന്നെ മാറ്റിവിടും. അല്ലെങ്കിൽ ഒരു എഡിസണോ, വാട്ടോ, റൈറ്റ് സഹോദരന്മാരോ സംസ്ക്കാരത്തെ ആകെ മാറ്റിമറിച്ചേക്കാം.

"ഞാൻ നിങ്ങൾക്കു മുന്നിൽ അവതരിപ്പിച്ച പ്രവചനങ്ങൾ ഉൺമയുള്ളതും കൃത്യതയുള്ളതും അതിന്റെ സൂക്ഷമ വിശദാംശത്തിൽ പോലും സത്യസന്ധവുമാണ്. എന്നാൽ നമ്മൾ പ്രവചനമെന്ന ഈ മഹാക്ഷേത്രത്തിന്റെ പടിപ്പുരയിൽ മാത്രമേ എത്തിയിട്ടുള്ളൂ.

“യെശയ്യാവും യിരെമ്യാവും യെഹസ്ക്കേലും ജീവിച്ചിരുന്നപ്പോൾ മറ്റൊരു രാഷ്ട്രത്തിനുമില്ലാത്ത രാജാക്കന്മാരുടെ തകരാത്ത നീണ്ട നിര ഈജിപ്തിനുണ്ടായിരുന്നു. ഇത് അതിന്റെ പഴമ പുകൾ പെറ്റതെന്ന് തെളിയിക്കുന്നു. ക്രിസ്തുമതത്തിന്റെ തുടക്കത്തിന് നമ്മൾ എത്ര കാലപ്പഴക്കം കൽപിക്കുന്നോ അതുപോലെയായിരുന്നു യെഹസ്ക്കേലിന് ഈജിപ്തിന്റെ തുടക്കവും.

“അദ്ദേഹത്തിന്റെ കാലത്തെ പ്രവാചകന്മാർ (600 ബിസി) ഈജിപ്തിനെ അറിഞ്ഞിരുന്നത് ലോകത്തിന്റെ കളപ്പുര, ശാസ്ത്രം, സാഹിത്യം, ആഢംബരം, പ്രൗഢി തുടങ്ങിയവയിൽ ശ്രേഷ്ഠർ, സാംസ്കാരികതയുടെ നേതാക്കൾ എന്നൊക്കെയാണ്. അനേകം സവിശേഷതകൾക്കു പേരുകേട്ട ഒരു രാഷ്ട്രത്തിന്റെ പ്രത്യേകതകൾക്ക് നൂറ്റാണ്ടുകളായി കാവൽനിൽക്കുന്നവയാണ് മനുഷ്യനിർമ്മിത പർവ്വതങ്ങളെന്ന് വിശേഷിപ്പിക്കാവുന്ന ഈജിപ്തിലെ അതിപ്രശസ്തമായ പിരമിഡുകൾ.

“അതിലെ സ്മാരകചിഹ്നങ്ങളെ പോലെതന്നെ ഈജിപ്ത് കാലത്തിന്റെ കൂർത്ത പല്ലുകൾക്ക് പിടികൊടുക്കില്ലെന്ന് വിലപേശുകയായിരുന്നു. അവളുടെ നെരിപ്പോടിലെ തീയിൽ നിന്നാണ് എല്ലാ രാഷ്ട്രങ്ങളും അറിവിന്റെ വിളക്കു കൊളുത്തിയത്. അവൾക്ക് ഐക്യതയും സ്വസ്ഥതയും സുസ്ഥിര അധികാരത്തിന്റെ ശാന്തമായ ഗാംഭീര്യവും മഹത്കാലത്തിന്റെ പെരുമയുമുണ്ടായിരുന്നു. മനുഷ്യന്റെ സാധാരണ നേത്രങ്ങൾക്ക് മുന്നിൽ, അത് ശാസ്ത്രജ്ഞനോ തത്വചിന്തകനോ ആവട്ടെ, ഈജിപ്തിന്റെ അധികാരവും ശാന്തിയും തകർക്കുന്ന ഒരു നേരിയ ഭീഷണി അതിന്റെ ചക്രവാളങ്ങളിൽ പോലും ദർശിക്കാനില്ലായിരുന്നു.

“എന്നാൽ, മറ്റെല്ലാവരും സാഹചര്യങ്ങൾ കണക്കിലെടുത്ത് ഈജിപ്തിന്റെ അനശ്വരമായ ഉയർച്ചയെപ്പറ്റി പറയുമായിരുന്ന ഒരു സമയത്ത് യെശയ്യാവും, (19-ാം അദ്ധ്യായം) യെഹസ്ക്കേലും (29, 30 അദ്ധ്യായങ്ങൾ) അവരുടെ മരണത്തിനുമപ്പുറം രണ്ടായിരം വർഷങ്ങൾ കടന്നുവന്ന് അവളെപ്പറ്റി ആശ്ചര്യജനകമായ പ്രവചനങ്ങൾ നടത്തി.

“നിങ്ങൾ ഭവനങ്ങളിൽ തിരികെയെത്തുമ്പോൾ ഈ അദ്ധ്യായങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക. അതിലെ ഓരോ വാക്യവും അക്ഷരാർത്ഥത്തിൽ അർത്ഥഗർഭമാണ്. അതിലെ എടുത്തു പറയേണ്ടതായ ഏതാനം പ്രസ്താവനകൾ ഉദ്ദരിക്കാൻ മാത്രം ഞാൻ സമയമെടുക്കുകയാണ്.

“ചുരുക്കി പറയുകയാണെങ്കിൽ രണ്ടായിരത്തഞ്ഞൂറു വർഷം കൊണ്ട് നിവർത്തിയാകുന്ന കാര്യങ്ങളാണ് യെഹസ്ക്കേൽ പ്രവചിച്ചത്. അത് രേഖപ്പെടുത്താൻ വാല്യങ്ങൾ തന്നെ വേണ്ടിവരും. 29: 14, 15 – 30:6, 7 – 32: 15 – 30: 12, 13 എന്നീ വാക്യങ്ങളാണ് ഞാൻ ഉദ്ദരിക്കുന്നത്.

‘അവിടെ അവർ ഒരു ഹീന രാജ്യമായിരിക്കും, അത് രാജ്യങ്ങളിൽ വച്ച് അതിഹീനമായിരിക്കും, ഇനി ജാതികൾക്കു മേലായി അതു തന്നെത്താൻ ഉയർത്തുകയുമില്ല, അവർ ജാതികളുടെ മേൽ വാഴാത്ത വണ്ണം ഞാൻ അവരെ കുറച്ചു കളയും.’ ‘അതിന്റെ ബലത്തിന്റെ പ്രതാപം താണുപോകും...... അവർ ശൂന്യദേശങ്ങളുടെ മദ്ധ്യേ ശൂന്യമായിപ്പോകും, അതിലെ പട്ടണങ്ങൾ ശൂന്യ പട്ടണങ്ങളുടെ കൂട്ടത്തിലായിരിക്കും.’ ‘ഞാൻ മിസ്രയീം ദേശത്തെ പാഴാക്കി ദേശം ശൂന്യമായി അതിലുള്ളതൊക്കെയും ഇല്ലാതാക്കും.’ ‘ഞാൻ.. ദേശത്തെ ദുഷ്ടൻമാർക്ക് വിറ്റു കളയും. ദേശത്തെയും അതിലുള്ള സകലത്തെയും അന്യജാതികളുടെ കൈയാൽ ശൂന്യമാക്കും. യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു.... ഇനി മിസ്രയീം ദേശത്തു നിന്ന് ഒരു പ്രഭു ഉദ്ഭവിക്കുകയില്ല.’

‘‘ഞാൻ ഉദ്ദരിച്ച ഓരോ വചനഭാഗവും അധികം അർത്ഥവത്താണ്. ഏദോം, കൽദയ, ബാബിലോൺ എന്നിവയുടെ അന്ത്യവിധി ഉന്മൂലനാശമായിരുന്നുവെങ്കിൽ ഈജിപ്തിന്റേത് അങ്ങനെയല്ലായിരുന്നു. തുടർച്ചയായ ഹീനതയും തകർച്ചയുമായിരുന്നു ആ ഒഴിച്ചുകൂടാനാവാത്ത വിധിന്യായം. അത് ഒരു രാഷ്ട്രമായി തുടരുമെങ്കിലും അതിന് ഭരിക്കാനാവില്ല. മറുവശത്ത് ക്രൂരന്മാരായ അപരിചിതരാവും അതിനെ ഭരിക്കുക.

“ഈ പ്രവചനം വെറും മനുഷ്യഭാവനയുടെ ഫലമല്ലെന്ന്

മനസ്സിലാക്കാൻ അറുന്നൂറു വർഷം മുമ്പത്തെ ഈജിപ്തിന്റെ അവസ്ഥയെക്കുറിച്ച് ചിന്തിച്ചാൽ മതിയാവും. ക്രിസ്തുവിന്റെ കാലത്ത് ഈജിപ്തിന്റെ കാലങ്ങൾ കഴിഞ്ഞുവെന്ന് സൂചിപ്പിക്കത്തക്കതായ യാതൊന്നും ഉണ്ടായിരുന്നില്ല. അവൾ അന്നും അതീവ ശക്തയായിരുന്നു.

“ആന്റണിയുടെ മരണശേഷം അഗസ്റ്റസ് ഈജിപ്തിൽ വലിയ സമ്പത്ത് കണ്ടെത്തി. യുദ്ധകാലത്ത് വരുത്തിവച്ച കടങ്ങളും പട്ടാളത്തിനുള്ള കുടിശ്ശികയും എല്ലാം അതുപയോഗിച്ച് അഗസ്റ്റസ് വീട്ടി. ഈജിപ്തിനെ യഥേഷ്ടം നശിപ്പിച്ചശേഷവും അവിടെ നിന്ന് ഒരു വൈരി ഉയർത്തെഴുന്നേറ്റേക്കും എന്ന് ഭയന്ന് ശക്തനായ ആർക്കും അവിടുത്തെ ഭരണം നൽകാൻ അഗസ്റ്റസ് തയ്യാറായില്ല. അതുകൊണ്ട് വളരെ താഴ്ന്ന കുലത്തിൽ പെട്ട കൊർണ്ണേലിയസ് ഗാലസിനെയാണ് അവിടുത്തെ ചുമതല ഏൽപിച്ചത്. [9]അലക്സാണ്ട്രിയയ്ക്ക് ഒരു മുനിസിപ്പൽ കൗൺസിൽ നിഷേധിച്ചതിനൊപ്പം തന്നെ റോമിലെ സെനറ്റിൽ പ്രവേശനം നൽകാൻ ഒരു ഈജിപ്തുകാരനു പോലും യോഗ്യതയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

“അതെ, അറുന്നൂറ് വർഷം കൂടി വാണിജ്യത്തിലും സമ്പൽസമൃദ്ധിയിലും അലക്സാണ്ട്രിയ റോമൻ സാമ്രാജ്യത്തിലെ ഒന്നാം സ്ഥാനത്തുള്ള നഗരമായി തുടർന്നു. അന്ന് ജീവിച്ചിരുന്ന അവിശ്വാസികൾ പരിഹാസം കലർന്ന ചിരിയോടെയാവും യെഹസ്ക്കേലിന്റെ പ്രവചനങ്ങൾ വായിച്ചിട്ടുണ്ടാവുക.

“ഒരു നൂറു വർഷത്തിനു ശേഷവും ഈജിപ്ത് അതിശക്തമായിരുന്നു. വിജയക്കൊടി പാറിച്ച് അലറിയടുത്ത മുഹമ്മദീയർ പോലും അവളെ ആക്രമിക്കാൻ മടിച്ചു. റോമുലസും റീമസും ചേർന്ന് റോമിനു രൂപം നൽകിയപ്പോൾ ഈജിപ്തിന് രണ്ടായിരം വർഷത്തോളം പഴക്കമുണ്ടായിരുന്നു. റോം അതിശക്തമായി വാർത്തെടുക്കപ്പെട്ടു. ഈജിപ്തടക്കം ലോകം മുഴുവൻ കീഴടക്കി എന്നാൽ വടക്കു നിന്നുള്ള കാടന്മാർ അവരെ കീഴടക്കി. എന്നിട്ടും ഈജിപ്ത് ശക്തവും സമ്പന്നവും പ്രശസ്തവുമായി തുടർന്നു. ഒടുവിൽ അറബികൾ അവളെ ആക്രമിക്കാൻ തീരുമാനിച്ചു.

അലക്സാണ്ട്രിയയ്ക്കുവേണ്ടിയുള്ള സ്മരണോജ്ജ്വലമായ ആ യുദ്ധം പതിനാലു മാസം നീണ്ടു. അറബികൾക്ക് ഇരുപത്തിമൂവായിരം പേരെയാണ് നഷ്ടമായത്. പിന്നെ അവൾ തകർന്നത് അകമെ നിന്നു തന്നെയുള്ള ചതിയിലൂടെയായിരുന്നു. നഗരത്തിന്റെ സമ്പന്നതയുടെയും പ്രൗഢതയുടെയും ദൃശ്യം അക്രമികളെ അമ്പരപ്പിച്ചു.

"പ്രശസ്തമായ അലക്സാണ്ട്രിയൻ പുസ്തകശാല അഗ്നിക്കിരയാക്കിയത് ഒരു ലോക ദുരന്തം തന്നെയാണ്. ഈ അറിവിന്റെ ശേഖരം നശിപ്പിക്കാനായി ആറു മാസത്തേക്കാവശ്യമായ ഇന്ധനം അറബികൾക്ക് വേണ്ടിവന്നു. അലക്സാണ്ട്രിയയുടെ സമ്പത്ത് ഈജിപ്ത് എന്ന രാഷ്ട്രത്തിന്റെ മുഴുവൻ സമ്പത്തിന്റെയും ശക്തിയുടെയും സൂചനയായിരുന്നു. ഗ്രീക്കുകാരായ യജമാനന്മാരിൽ നിന്നുള്ള ക്രൂര പീഢനം സഹിക്കാനാവാതെ ആ നാട്ടുകാർ തങ്ങളെത്തന്നെ സ്വയം ഏൽപിച്ചുകൊടുത്തില്ലായിരുന്നുവെങ്കിൽ യുദ്ധവീരന്മാരെന്ന് പേരുകേട്ട അറബികൾക്ക് ആ മണ്ണ് സ്വന്തമാക്കാൻ സാധിക്കുകയേ ഇല്ലായിരുന്നു.

"പ്രവചന നിറവേറൽ വളരെ താമസമെന്ന് തോന്നിയാലും അത് നടന്നു. കാലാനുഗതമായ തകർച്ച തുടർന്നുകൊണ്ടിരുന്നു. അവിശ്വാസികളായ വോൾനിയുടെയും [10]ഗിബ്ബോണിന്റെയും പേനകൾ ആ കഥ പറയട്ടെ.

തന്റെ 'ട്രാവൽസ്' എന്ന പുസ്തകത്തിൽ ഒന്നാം വാല്യം, 74, 103, 110, 193 പേജുകളിൽ വോൾനി ഇങ്ങനെ പറയുന്നു. 'ഈജിപ്തിന്റെ സ്ഥിതി ഇതാണ്, രണ്ടായിരത്തി മുന്നൂറു വർഷങ്ങൾക്കു മുമ്പ് അവളുടെ യഥാർത്ഥ നടത്തിപ്പുകാരിൽ നിന്ന് അപഹരിക്കപ്പെട്ടു. തന്റെ വളക്കൂറുള്ള മണ്ണ് തുടർച്ചയായി പേർഷ്യ, മാസിഡോണിയ, റോമ, ഗ്രീക്ക്, അറബ്, ജോർജ്ജിയ കൂടാതെ ദീർഘകാലം ടാർടാർ എന്നു വിളിക്കുന്ന ഓട്ടോമാൻ ടർക്ക് എന്നിവരും കൊള്ളയടിക്കുന്നത് കണ്ടുനിന്നു. അടിമകളായി വാങ്ങിയ മേംലൂക്കുകളെ പട്ടാളക്കാരാക്കുകയും അവർ അധികാരം പിടിച്ചെടുത്ത് ഒരു നേതാവിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

"അവരുടെ ആദ്യ ഉദ്യമം ഒരു ചെറിയ കാര്യമായിരുന്നെങ്കിലും തുടർന്നുള്ള അവരുടെ നടപടികൾ അസാധാരണമായിരുന്നു. അവരുടെ യഥാർത്ഥ രാഷ്ട്രത്തിൽ നിന്നു കൊണ്ടുവന്ന അടിമകളെ അവർക്കായി പകരം വച്ചു. അവരുടെ പീഢനത്തിന്റെ രീതി അടുക്കമുള്ളതാണ്. യാത്രക്കാരൻ കാണുന്ന എല്ലാം അയാളെ ഓർമ്മിപ്പിക്കുന്നത് അടിമത്തത്തിന്റെയും ദുർഭരണത്തിന്റെയും രാജ്യത്താണ് താനെത്തിയിരിക്കുന്നതെന്നാണ്.

'റോമാ സാമ്രാജ്യത്തിന്റെ താഴ്ചയും വീഴ്ചയും' എന്ന പുസ്തകത്തിന്റെ 59-ാം അദ്ധ്യായത്തിൽ ഗിബ്ബോൺ ഇങ്ങനെയാണ് പറയുന്നത്. 'ഒരു രാജ്യത്തെ നിവാസികളെ അപരിചിതരും അടിമകളുമായവരുടെ സ്വേച്ഛാപരമായ അധികാരത്തിൻ കീഴിൽ അനന്തമായ അടിമത്തം നൽകി ശിക്ഷിക്കുകയെന്നതിനെക്കാൾ അബദ്ധജടിലവും അന്യായവുമായ ഭരണസംവിധാനം രൂപപ്പെടുത്തുക സാദ്ധ്യമല്ല. എന്നിട്ടും ഏതാണ്ട് അഞ്ഞൂറു വർഷക്കാലം ഈജിപ്തിന്റെ അവസ്ഥയിതായിരുന്നു.

"കഴിഞ്ഞ അഞ്ഞൂറു വർഷക്കാലം ഈജിപ്ത് ഘട്ടം ഘട്ടമായി നശിച്ചുവെന്നതിനും അവൾ ഒരു ഹീന രാജ്യമായിരിക്കും', 'നീചന്മാരായ അന്യർ അവളെ ഭരിക്കും' എന്ന പ്രവാചക വചനം നിറവേറിയെന്നതിനും അങ്ങനെ അവിശ്വാസികളായ ചരിത്രകാരന്മാർ സാക്ഷ്യം പറയുന്നു.

"ഇതുകൂടി കുറിച്ചു വച്ചോളൂ: ആധുനിക കാലത്തല്ലാതെ ഈ പ്രവചനത്തിന്റെ അംബരപ്പിക്കുന്ന കൃത്യതയെ അഭിനന്ദിക്കാനാവില്ല. ഈ പ്രവചനം പരിശോധിക്കാൻ എത്രമാത്രം തെളിവുകൾ നമുക്കുണ്ടോ അത്രമാത്രം ഇതു സത്യമാണെന്നും കാണാം. യെഹസ്ക്കേൽ ചിത്രീകരിച്ചിരിക്കുന്നതിൽ നിന്ന് വിഭിന്നമാണ് ഈജിപ്തെന്ന് ആരെങ്കിലും അവകാശപ്പെടുന്നുണ്ടോ? പിന്നെ യെഹസ്ക്കേൽ ശരിയാണെന്ന വാദത്തിന് നിങ്ങൾ എങ്ങനെ മറുവാദം ഉന്നയിക്കും?

എമേഴ്സൺ വീണ്ടും എഴുന്നേറ്റു. "രാജ്യങ്ങൾ കീഴടക്കപ്പെടുമെന്നും അതിലുള്ളവർ യജമാനന്മാർക്ക് അടിമകളായിത്തീരുമെന്നും

കാലാകാലങ്ങളിലായി എഴുത്തുകാരൻ നിരീക്ഷിച്ചിട്ടുണ്ട്. ബാബിലോണിയയും അസ്സീറിയയും മറ്റു ചെറു രാജ്യങ്ങളും മറ്റു ള്ളവരുടെ കൈയ്യിലേക്ക് വീണുപോകുന്നത് കണ്ടിട്ടുണ്ട്. ഈജി പ്ത് പുരാതനവും ഇപ്പോഴും ശക്തമെങ്കിലും കാലഗമനത്തിൽ മറ്റു രാജ്യങ്ങളെപ്പോലെ ഒരു വിധി അവൾക്കും വരുമെന്ന് അയാൾ യുക്തിപരമായി ചിന്തിച്ചിരിക്കും.

"പക്ഷെ മിസ്റ്റർ എമേഴ്സൺ, നിങ്ങളുടെ വാദഗതിയിലെ ഒരു നിർണ്ണായക ഭാഗം മേൽവിചാരം ചെയ്യേണ്ടിയിരിക്കുന്നു: ഈജി പ്തിന് ഒരിക്കലും മറ്റു രാജ്യങ്ങളുടെ വിധി ആയിരുന്നില്ല. ബാബി ലോണിയ, അസ്സീറിയ കൂടാതെ നിങ്ങൾ പറയുന്ന മറ്റു രാജ്യങ്ങളും പൂർണ്ണമായി തകർന്നടിഞ്ഞു. ഇതെല്ലാം മനസ്സിൽ വച്ചുകൊണ്ടാണ് യെഹസ്ക്കേൽ പ്രവചിച്ചിരുന്നതെങ്കിൽ ഈജിപ്തിനും മറ്റു രാജ്യ ങ്ങൾക്കു സംഭവിച്ചതു തന്നെ സംഭവിക്കുമെന്നായിരുന്നു പറയേണ്ടി യിരുന്നത്.

"ബാബിലോണും കൽദയയും തീർത്തും നാമാവശേഷമാ യതുപോലെ ഈജിപ്തും തകരുമെന്നായിരുന്നു യെഹസ്ക്കേൽ പറഞ്ഞിരുന്നതെങ്കിൽ നാസ്തികർ എത്രയധികം ആഘോഷിക്കു മായിരുന്നു. ഇന്നത്തെ ഈജിപ്തിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നഗരങ്ങളെയും ദശലക്ഷക്കണക്കിനു വരുന്ന അവിടുത്തെ ജനസം ഖ്യയെയും ചൂണ്ടിക്കാണിക്കാൻ അവർ എത്രമാത്രം ആവേശം കാണി ക്കുമായിരുന്നു. പക്ഷെ ഈജിപ്തിനെ സംബന്ധിക്കുന്ന ഏതെങ്കിലും ഒരു പ്രവചനം തെറ്റിപ്പോയി എന്ന് ഏത് അവിശ്വാസി ക്ക് കാണിക്കാനാവും?

"നിങ്ങൾ എല്ലാം പറഞ്ഞു കഴിഞ്ഞോ?" എമേഴ്സൺ ചോദിച്ചു.

"ഞാൻ ഈ വിഷയത്തിന്റെ ഒരറ്റം മാത്രമേ തൊട്ടിട്ടുള്ളൂ. ഇനി ഞാൻ ഈജിപ്തിനെ സംബന്ധിക്കുന്ന വെറും രണ്ടോ മൂന്നോ വിസ്മയാവഹമായ പ്രവചനങ്ങളിലേക്കേ നിങ്ങളുടെ ശ്രദ്ധയാകർ ഷിക്കുന്നുള്ളൂ." ഡെയർ മറുപടി നൽകി.

"ഇവിടെയുള്ള ചിലർക്കെങ്കിലും പുരാതന ഈജിപ്തിന്റെ ചരിത്രം ചികഞ്ഞുകൊണ്ട് ദൈവത്തെ അന്വേഷിക്കുകയെന്നത് തീർത്തും വിരസവും അതൃപ്തികരവുമാണെന്നറിയാം. ഞാൻ ഇതു ചെയ്യുന്നതെന്തുകൊണ്ടാണെന്നു വച്ചാൽ ദൈവം തന്നെ പറഞ്ഞി ട്ടുണ്ട് ഈ പ്രവചനങ്ങളെ ആത്മാർത്ഥതയോടെ പഠിച്ചാൽ നമ്മൾ ദൈവത്തിലേക്കെത്തിച്ചേരുമെന്ന്.

"ഒന്നുമല്ലെങ്കിലും രണ്ടായിരത്തഞ്ഞൂറ് വർഷം മുമ്പ് ജീവി ച്ചിരുന്നവർ നമ്മുടെ കാലത്തിലേക്ക് കണ്ണെറിഞ്ഞുകൊണ്ട് അക്കാ ലത്തെ നഗരങ്ങളുടെയും രാഷ്ട്രങ്ങളുടെയും വിധി കൃത്യതയോടെ പ്രവചിച്ചുവെന്നത് പഠിക്കാൻ തന്നെ ഇന്ന് അതീവ താൽപര്യം ഉളവാകേണ്ട ഒന്നല്ലേ.

"ഞാൻ ഇപ്പോൾ നിങ്ങളുടെ ശ്രദ്ധയെ യെഹസ്‌ക്കേൽ 30:13ലേക്ക് ക്ഷണിക്കുന്നു. 'യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു: ഞാൻ വിഗ്രഹങ്ങളെ നശിപ്പിച്ച് അവരുടെ മിഥ്യാ മൂർത്തികളെ മെംഫിസിൽ നിന്ന് ഇല്ലാതാക്കും.'

"ഇത് വ്യക്തമായും യഹോവയായ കർത്താവിന്റെ വാക്കു കളാണെന്നത് ശ്രദ്ധിക്കുക. പ്രവചിച്ച കാര്യം നടന്നിട്ടില്ലായെങ്കിൽ ഇതിൽ യാതൊരു ഒഴികഴിവുമില്ല.

"ഇനി, മെനെസ് രൂപം കൊടുത്ത [11]മെംഫിസ് നഗരം അറി യപ്പെട്ടിരുന്നത് 'ഈജിപ്തിലെ അതിശ്രേഷ്ഠ ശ്രീകോവിൽ നഗരം' എന്നാണെന്നത് വളരെ വിചിത്രമായിരിക്കാം. "മെംഫിസിലെ വിഗ്രഹങ്ങളുടെയും ബിംബങ്ങളുടെയും നാശത്തിൽ കവിഞ്ഞൊരു വിധി വേറെയുണ്ടെന്ന് സങ്കൽപ്പിക്കാൻ പോലുമാവില്ല, കാരണം–

1. ഒരിക്കലും വർഷക്കാലം വിരുന്നിനു പോലുമെത്താത്ത ഈജിപ്തിലെ കാലാവസ്ഥയിൽ അതിന്റെ മണ്ണിനടിയിൽ മൂടപ്പെടു ന്നതെന്തും ആയിരക്കണക്കിന് വർഷങ്ങൾ യാതൊരു കേടുപാടു മില്ലാതെ സംരക്ഷിക്കപ്പെടും.

2. ഈജിപ്തിലെ മറ്റെല്ലാ നഗരങ്ങളിലും, തകർന്നതോ ഇന്ന് ഔന്നത്യത്തിൽ നിൽക്കുന്നതോ ആയ ഏതിലും വിഗ്രഹങ്ങളും

ബിംബങ്ങളും വളരെ വളരെ സുലഭമായി കാണാം. മെംഫിസിന്റെ പ്രതാപകാലത്ത് നാമാവശേഷമായിരുന്ന ഈജിപ്തിന്റെ പഴയ തലസ്ഥാനമായ തീബ്സിൽ പോലും അവ ധാരാളമായുണ്ട്.

3. യേശുവിന്റെ ജനനസമയത്ത്, അതായത് ഈ പ്രവാചകന്റെ കാലശേഷം അറുന്നൂറു വർഷങ്ങൾ പിന്നിട്ടിട്ട് പോലും മെംഫിസിന്റെ പതനം അസംഭവ്യമായി തോന്നിച്ചിരുന്നു. കാരണം അലക്സാണ്ട്രിയ മാത്രമായിരുന്നു മെംഫിസിനെക്കാൾ വലുപ്പവും ജനപ്പാർപ്പും ഉണ്ടായിരുന്ന ഈജിപ്ഷ്യൻ നഗരം.

4. പ്രവാചകനും ആയിരത്തി ഇരുന്നൂറു വർഷങ്ങൾക്കു ശേഷം ഈജിപ്തിലെ ഗവർണറുടെ വാസസ്ഥലമായിരുന്നു മെംഫിസ്. അതുകൊണ്ട് നോക്കൂ ഈ പ്രവചനം സംഭവത്തിനു ശേഷം എഴുതപ്പെട്ടതാണെന്ന് ഒരിക്കലും ചിന്തിക്കാനാവില്ല.

5. പതിമൂന്നാം നൂറ്റണ്ടിൽ അബ്ദുൾ ലത്തീഫ് എന്ന അറേബ്യൻ സഞ്ചാരി ഈ നഗരത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു. 'ഒരുവന്റെ ബുദ്ധിയെത്തന്നെ കുഴയ്ക്കുന്ന ഇതിലെ പണികളെക്കുറിച്ച് വർണ്ണിക്കാൻ എത്ര വാക്ചാതുരിയുള്ളവനും നടത്തുന്ന ശ്രമം പാഴ്‌വേലയായിരിക്കും.'

"അങ്ങനെ ആയിരത്തെണ്ണൂറു വർഷങ്ങൾക്കു ശേഷവും ഈ പ്രവചനം നിറവേറാതെ നിന്നു, എന്നിട്ട് –"

എമേഴ്സൺ എഴുന്നേറ്റു, ഡെയർ പെട്ടെന്ന് നിറുത്തി.

"മിസ്റ്റർ ഡെയർ, നിങ്ങളുടെ പ്രവചനങ്ങൾ ഒരുപാട് ഒരുപാട് നാളുകൊണ്ട് നിറവേറുന്നതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ആയിരം മുതൽ രണ്ടായിരം വർഷങ്ങൾ വരെ വേണ്ടിവരുന്നു നിങ്ങളുടെ പ്രവചനങ്ങൾ പൂർത്തീകരിക്കാൻ. ഒരു നഗരത്തിന്റെയോ ദേശത്തിന്റെയോ നാശത്തെക്കുറിച്ചുള്ള ഏത് പ്രവചനത്തിന്റെയും സാക്ഷാത്ക്കാരത്തിന് ഇത് ഒരുപാടു സമയമായില്ലേ. അതെ ഈ പ്രവചനങ്ങളെല്ലാം രണ്ടായിരത്തഞ്ഞൂറ് വർഷം മുമ്പ് പറയപ്പെട്ടുവെന്ന് അവകാശപ്പെടുന്നതുകൊണ്ട് അവയെല്ലാം നിറവേറാൻ ആവശ്യത്തിലേറെ സമയം ലഭിച്ചു. ഇതിൽ ഇത്ര അതിശയകരമായി എന്തിരിക്കുന്നു?"

എമേഴ്സൺ ഇരുന്നപ്പോൾ കരഘോഷത്തിന്റെ ഒരു തിരതല്ലൽ തന്നെയുണ്ടായി. പിതാവിനെ അംഗീകരിച്ചുകൊണ്ട് ലൂസിലെ മുന്നോട്ടാഞ്ഞ് എമേഴ്സന്റെ കയ്യിൽ തടവി. ജോർജ്ജ് സമ്മതഭാവത്തിൽ തലയാട്ടി.

കയ്യടിയുടെ അലകൾ കെട്ടടങ്ങിയപ്പോൾ ഡെയർ മറുപടി പറഞ്ഞു. "നിങ്ങൾ ഇങ്ങനെ ഒരു നിരീക്ഷണം നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയായിരുന്നു മിസ്റ്റർ എമേഴ്സൺ. നിങ്ങളുടെ ഈ വാദഗതി തന്നെ പ്രവചനം നിറവേറിയെന്നത് നിങ്ങൾ അംഗീകരിക്കുന്നുവെന്നതിന് തെളിവാണ്. മാത്രവുമല്ല ഈ പ്രവചനങ്ങൾ സംഭവശേഷം എഴുതപ്പെട്ടവയാണെന്നും വസ്തുതകൾ കൂട്ടിയിണക്കിയുണ്ടാക്കിയവയാണെന്നും നിങ്ങൾ അവകാശപ്പെടുന്നില്ല എന്നതിനും തെളിവാണ്.

"ശ്രോതാക്കൾ ഒരു കാര്യം ശ്രദ്ധിക്കുക, പ്രവചന നിറവേറൽ പ്രവചന തീയതിക്കടുത്താണെങ്കിൽ പ്രവചനം നടന്നത് അതു സംഭവിച്ചതിനു ശേഷമാണെന്ന് ഉടനടി അവകാശപ്പെടാം. എന്നാൽ അത് പ്രവചനശേഷം രണ്ടായിരത്തഞ്ഞൂറു വർഷം കഴിഞ്ഞാണെങ്കിൽ ഏത് പ്രവചനവും നിറവേറണമെങ്കിൽ ആവശ്യത്തിന് സമയം നൽകണമെന്നതാണ് അത് നൽകുന്ന വിശദീകരണം.

"പക്ഷെ നിർഭാഗ്യവശാൽ ഈ സിദ്ധാന്തമനുസരിച്ച്, ഇതുവരെ സൂചിപ്പിച്ച പ്രവചനങ്ങളും ഇനി അവതരിപ്പിക്കാനുള്ളവയും ഇത്ര അനായാസേന വിശദീകരിക്കാനാവുന്നതല്ല, മാത്രവുമല്ല –"

"നിങ്ങൾക്ക് വിശ്വാസയോഗ്യമായ ഒരുദ്ദാഹരണം നൽകാനാവുമോ?" എമേഴ്സൺ ചോദിച്ചു.

"മെംഫിസ്, നമ്മൾ പ്രതിപാദിച്ചുകൊണ്ടിരിക്കുന്ന ഈ നഗരം തന്നെ ഏറ്റവും നല്ല ഉദ്ദാഹരണം. കാരണം തുല്യ പഴക്കമുള്ള മറ്റ് ഈജിപ്ഷ്യൻ നഗരങ്ങളിലെ വിഗ്രഹങ്ങളും ബിംബങ്ങളും തകർക്കാൻ കാലത്തിനായില്ല. 'എ തൗസൻഡ് മൈൽസ് അപ് ദി നൈൽസ്' എന്ന പുസ്തകത്തിന്റെ പേജ് 97-99ൽ ഈജിപ്ത് ഗവേഷണകാരിയായ [12]അമേലിയ ബി. എഡ്വേർഡ്സ് പറയുന്നത്

ശ്രദ്ധിക്കുക. 'ഇതാണ് ഏറ്റവും പൗരാണിക നഗരമായ മെംഫിസിൽ ഇനി അവശേഷിക്കുന്നത്.അൽപം പാഴ്‌വസ്തുക്കളുടെ കൂമ്പാരം, ഒരു ഡസനോളം തകർന്ന പ്രതിമകൾ പിന്നെ ഒരു പേരും! മദ്ധ്യ കാലഘട്ടത്തിൽ പോലും ഏത് ദിശയിലേക്കും അരദിവസത്തെ യാത്രാദൂരത്തോളം സ്ഥലത്ത് നീണ്ടുകിടന്നിരുന്ന ആ വിശിഷ്ടമായവയുടെ അവശിഷ്ടങ്ങൾ എവിടെ? ഒരു വൻ നഗരം ഇവിടെ തഴച്ചിരുന്നുവെന്നത് വിശ്വസിക്കാൻ ബുദ്ധിമുട്ടേണ്ടിവരും. അല്ലെങ്കിൽ അത് എങ്ങനെ പരിപൂർണ്ണമായി തുടച്ചുമാറ്റിയെന്നത് മനസ്സിലാക്കുക പ്രയാസകരമായിരിക്കും.'

"എന്നാൽ പ്രവചന നിറവേറലിന് ആവശ്യമായിരുന്നത് സമയം മാത്രമായിരുന്നുവെന്ന് നമുക്ക് വിചാരിക്കാം. ഇനി നിങ്ങൾ യെഹസ്ക്കേൽ 30:12ലേക്ക് ശ്രദ്ധിക്കുക. 'ഞാൻ... ദേശത്തെ ദുഷ്ടന്മാരുടെ കൈയ്യിൽ വിറ്റുകളയും. ചെറുത്തുനിൽക്കാനാവാതെ അടിമകൾ വിൽക്കപ്പെടുന്നതു പോലെ ശത്രുവിന് കീഴടങ്ങുന്നതിനെയാണ് ഇത് അടിവരയിട്ട് സൂചിപ്പിക്കുന്നത്. അടിമയ്ക്കെന്തവകാശം, ദുഷ്ടന് എന്തു ദയ.

"രാജ്യം മുഴുവൻ ചുറ്റിസഞ്ചരിച്ച ഫ്രഞ്ച് അവിശ്വാസിയായ വോൾനി ഈജിപ്തിനെ വിളിക്കുന്നത് 'അടിമടത്തത്തിന്റെയും നിഷ്ഠൂര വാഴ്ചയുടെയും രാജ്യം' എന്നാണ്. മാൾട്ടെ-ബ്രൂൺ, മറ്റൊരു സഞ്ചാരി എഴുതുന്നു, 'ഈജിപ്തിലെ നിഷ്ഠൂര യജമാനന്മാരുടെ ഏകപക്ഷീയമായ അഴിഞ്ഞാട്ടം.'

"കഴിഞ്ഞ ആയിരത്തെണ്ണൂറു വർഷകാലത്തെ ഈജിപ്തിന്റെ ചരിത്രം ഈ വചനത്തിന്റെ ഒരു അതിശയകരമായ വിവരണമാണ്., 'ഞാൻ... ദേശത്തെ ദുഷ്ടന്മാരുടെ കൈയ്യിൽ വിറ്റുകളയും'. ആ ഭയാനക കരത്തിന്റെ മുദ്ര എല്ലായിടത്തും ദൃശ്യമാണ്.

മിസ്റ്റർ എമേഴ്സൺ ഇടയ്ക്കു കയറി പറഞ്ഞു. "ദുഷ്ടർ ഭരിക്കുമെന്ന് പ്രവചിക്കുന്നത് വളരെ അപകടരഹിതമാണ്. ഏതാണ്ട് എല്ലാ പഴയ ഭരണകർത്താക്കളും പ്രത്യേകിച്ച് ജേതാക്കളും ദുഷ്ടന്മാരായിരുന്നു."

“സത്യം”, ഡെയർ മറുപടി പറഞ്ഞു. “നിങ്ങളുടെ വിശദീകരണമെന്തായാലും പ്രവചനത്തിലെ സത്യം നിങ്ങൾ അംഗീകരിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു. എന്നിരുന്നാലും ഇതിനോടു ബന്ധപ്പെടുത്തി അതേ വാക്യത്തിലെ മറ്റൊരു പ്രവചനം ശ്രദ്ധിക്കൂ: ‘ഞാൻ... ദേശത്തെയും അതിലുള്ള സകലത്തെയും അന്യജാതികളുടെ കൈയ്യാൽ *ശൂന്യമാക്കും*’.

“രണ്ടായിരത്തഞ്ഞൂറു വർഷം അന്യരാണ് ഈജിപ്തിനെ ഭരിച്ചത് - പേർഷ്യക്കാർ, ഗ്രീക്കുകാർ, റോമക്കാർ, ബൈസാന്റിയൻ ഗ്രീക്കുകാർ, സാറാസെന്നുകാർ, തുർക്കികൾ, ഫ്രഞ്ചുകാർ കൂടാതെ ബ്രിട്ടീഷുകാരും - പ്രവചനത്തിൽ പറയുന്നതുപോലെ അന്യദേശക്കാർ.

“പ്രവചന നിറവേറലിന്റെ വസ്തുതകളെ കണ്ടുമുട്ടിയപ്പോൾ നിങ്ങൾ അതിന്റെ പൂർത്തീകരണം അംഗീകരിക്കാൻ നിർബന്ധിതരായി. എന്നാൽ അപര്യാപ്തമായ ഒരു വിശദീകരണത്തിൽ നിന്ന് പര്യാപ്തമായ മറ്റൊന്നിലേക്ക് കടന്നപ്പോൾ അത് സംഭവിച്ചു എന്നു മാത്രമാണോ നിങ്ങൾക്കു നൽകാനുള്ള വിശദീകരണം.

“ബൈബിളിനു പുറമെ നിന്ന് ഒന്നും സംഭവിച്ചിട്ടില്ലെന്ന വസ്തുതയ്ക്ക് വിശദീകരണം പോലും നിങ്ങൾക്കാവശ്യമില്ല. എന്നാൽ അതിൽ അദൃശ്യശക്തിയുടെ ഇടപെടൽ ഉണ്ടെന്ന വിശദീകരണം നിങ്ങൾക്ക് സ്വീകാര്യവുമല്ല.”

“അതൊരു ചിന്തകന് ചേരുന്ന ന്യായമായ മനോഭാവമാണോ? മുൻപുണ്ടായിരുന്ന കണ്ടെത്തലുകൾക്ക് കടകവിരുദ്ധമായാൽ പോലും തെളിവുകളെ പിന്തുടരാൻ സമ്മതമാണെന്ന് പ്രഖ്യാപിക്കുന്ന ഒരു മനോഭാവമാണ് തീർച്ചയായും ഒരു തത്വചിന്തകന് ഉണ്ടാവേണ്ടത്.

“നമ്മുടെ അടുത്ത യോഗത്തിൽ രണ്ടായിരത്തഞ്ഞൂറു വർഷം മുമ്പു തുടങ്ങി ഈ നിമിഷം വരെ കടന്നു വരുന്ന, എല്ലാ രാഷ്ട്രങ്ങളുടെയും ചരിത്രം വരച്ചുകാട്ടുന്ന, ബൈബിളിലെ സർവ്വസമ്മതമായ പ്രവചനം നമുക്ക് വിശകലനം ചെയ്യാം. നിങ്ങൾ തന്നെയായിരിക്കും അതിന്റെ വിധികർത്താക്കൾ.’

# 6. ദാനിയേലിന്റെ സാഹസം

"മിസ്റ്റർ എമേഴ്സൺ നിങ്ങൾ പറയുകയുണ്ടായല്ലോ, ഏത് പ്രവചനത്തിനും ആവശ്യാനുസരണം സമയം നൽകപ്പെട്ടാൽ ഒടുവിൽ അത് നിറവേറുമെന്ന്" ശ്രോതാക്കളോട് ശാന്തരായിരിക്കാൻ അദ്ധ്യക്ഷൻ ആവശ്യപ്പെട്ട ശേഷം ഡേവിഡ് ഡെയർ പറഞ്ഞു. "ഇതുവരെയുള്ള നിങ്ങളുടെ വാദഗതി സംഭവങ്ങൾക്കു ശേഷം എഴുതപ്പെട്ടവയാണ് എല്ലാ പ്രവചനങ്ങളും എന്നായിരുന്നല്ലോ. ഇപ്പോൾ നേരെ എതിർ ദിശയിലേക്ക് തിരിഞ്ഞിരിക്കുന്നു. സമയം നിങ്ങളെ കുഴപ്പിക്കുന്നു അല്ലേ? പ്രവചന പൂർത്തീകരണത്തെക്കാളും ഉപരിയായി സമയം എങ്ങനെ പഴയ നിയമ പ്രവാചകന്മാരെ ഖണ്ഡിക്കുന്നുവെന്ന് നമുക്ക് നോക്കാം."

''റോമാ സാമ്രാജ്യത്തിന്റെ ക്ഷയത്തെക്കുറിച്ചും പതനത്തെക്കുറിച്ചും ആദ്യം എഴുതിയത് ക്രിസ്തുവിനു ശേഷം പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നാസ്തികനായ എഡ്വേർഡ് ഗിബ്ബോണല്ല മറിച്ച് ക്രിസ്തുവിനു മുമ്പ് ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ദാനിയേൽ പ്രവാചകനാണ്. നാസ്തികനായ ഗിബ്ബോണാകട്ടെ ആറു വലിയ വാല്യങ്ങളിലൂടെയാണ് ദാനിയേൽ പ്രവാചകന്റെ വെളിപാടുകൾ എത്ര കൃത്യമാണെന്ന് വിശദമായി നമ്മളോട് പറയുന്നത്.'

മിസ്റ്റർ എമേഴ്സൺ മുഖത്ത് ആശ്ചര്യത്തോടെ അംബരപ്പോടെ എഴുന്നേറ്റു, "ദാനിയേലിന്റേതെന്ന് പറയുന്ന പുസ്തകം ദാനിയേൽ എഴുതിയത് ബിസി ആറാം നൂറ്റാണ്ടിലാണെന്നാണോ നിങ്ങൾ അവകാശപ്പെടുന്നത്? എന്തുകൊണ്ട്." എന്നിട്ട് അയാൾ ശ്രോതാക്കൾക്കു നേരെ തിരിഞ്ഞ് കൈകൾ വിരിച്ചുകൊണ്ട് നിസ്സംഗമായ ഒരുതരം ഭാവത്തോടെ പറഞ്ഞു, "ദാനിയേലിന്റെ പുസ്തകം എഴുതിയത് ദാനിയേലേ അല്ല, മറിച്ച് മറ്റേതോ ഒരാൾ ഏതാണ്ട് 168 ബിസിയിലാണ് അതെഴുതിയതെന്നത് എന്തുകൊണ്ട് മുഴുവൻ

ബൈബിൾ വിമർശനങ്ങളിലും വച്ച് പരക്കെ അംഗീകരിക്കപ്പെടുന്നു, അല്ലെങ്കിൽ എളുപ്പം തെളിയിക്കപ്പെടുന്നു.

"എനിക്ക് അതേപ്പറ്റി നന്നായറിയാം മിസ്റ്റർ എമേഴ്സൺ" ഡെയർ മറുപടി പറഞ്ഞു. "ദാനിയേൽ പ്രവചനങ്ങളുടെ കൃത്യത തള്ളിക്കളയാനാവില്ലെന്ന് മൂന്നാം നൂറ്റാണ്ടിൽ [13]സെൽസസ് വെളിപ്പെടുത്തിയതു മുതൽ വിമർശകരുടെ വെടിയുണ്ടകൾ ദാനിയേൽ പുസ്തകത്തിനു നേരെ തിരിഞ്ഞിരിക്കുകയാണെന്ന് എനിക്കു നന്നായറിയാം. ബാബിലോണിൽ തുടങ്ങി ഇന്നുവരെ എത്തിനിൽക്കുന്ന ലോകത്തിന്റെ മുഴുവൻ ചരിത്രം വ്യക്തമായി വിവരിക്കുന്ന അത്തരം തെളിഞ്ഞ പ്രവചനങ്ങൾ അദ്ധ്യായം രണ്ടിലും ഏഴിലുമാണ് ഉള്ളത്. ഒട്ടുമിക്ക അവിശ്വാസികളും നന്നേ ബുദ്ധിമുട്ടി ഇക്കാര്യം ശരിവയ്ക്കുമ്പോഴും പ്രവാചകന്റെ അമാനുഷിക അറിവിനെ അംഗീകരിക്കാൻ തയ്യാറായിട്ടില്ല.

"ഇതിലെ ഒരക്ഷരം പോലും എഴുതിയത് ദാനിയേലല്ലെന്നും അത് 168 ബിസിയിൽ ഏതോ അജ്ഞാത വ്യക്തി രചിച്ചതാണെന്നും വരുത്തിത്തീർക്കാനാണ് അവിശ്വാസികൾ നോക്കുന്നത്. എങ്കിൽ അതിന്റെ ശക്തി തകർക്കപ്പെടുകയും പ്രവചനം ദുഷിക്കപ്പെടുകയും ചെയ്യും. ഞാൻ ഇപ്പോൾ ആരും മുന്നോട്ടു വയ്ക്കുന്ന എത്ര അടുത്ത തീയതിയും സ്വീകരിക്കാൻ തയ്യാറാണെന്നു മാത്രമല്ല ആരെഴുതിയെന്നതിനെക്കുറിച്ചു പോലും ഗൗനിക്കുന്നുമില്ല.

"ദാനിയേൽ പ്രവചനം രണ്ട്, ഏഴ് അദ്ധ്യായങ്ങളിലെ അത്ഭുതാവഹമായ വിശദാംശങ്ങളിലേക്ക് കടന്നുചെല്ലുകയല്ല എന്റെ ലക്ഷ്യം. ആ വിഷയം അർഹിക്കുന്ന പ്രാധാന്യത്തോടെ വിശകലനം ചെയ്യണമെങ്കിൽ ഒരു പ്രഭാഷണ പരമ്പര തന്നെ വേണ്ടിവരും. ഒരു മർമ്മം മാത്രമാണ് ഞാൻ വിശദീകരിക്കാനുദ്ദേശിക്കുന്നത്.

"ദാനിയേൽ പ്രവചനത്തിന്റെ രചയിതാവിനെക്കുറിച്ചും എഴുതപ്പെട്ട കാലഘട്ടത്തെക്കുറിച്ചുമുള്ള അവിശ്വാസികളുടെ സംശയങ്ങൾ എന്തായാലും ബാബിലോണിൽ തുടങ്ങി ലോകാവസാനത്തോളം നാല് ലോകശക്തികളേ ഉണ്ടാവൂ എന്ന കാര്യം അവർ അംഗീകരിക്കുന്നു.

“ഞാൻ വിശ്വസിക്കുന്നതനുസരിച്ച് 600 ബിസിയിലാണ് ദാനിയേൽ ജീവിച്ചിരുന്നതെങ്കിൽ ബാബിലോണിനു ശേഷം വരുന്ന മൂന്ന് സാമ്രാജ്യങ്ങളുടെ ഉയർച്ച താഴ്ച്ചയേക്കുറിച്ച് അത്ഭുതാവഹമായി ദാനിയേൽ പ്രവചിച്ചു. ഈ അംഗീകാരം ദാനിയേലിനു ലഭിക്കരുതെന്നതിനാലാണ് ഈ പുസ്തകം എഴുതപ്പെട്ടത് റോമക്കാർ അധികാരത്തിൽ വന്നതിനു ശേഷം 168 ബിസിയിലാണെന്ന് അവിശ്വാസികൾ വാദിക്കുന്നത്.

“ഇനി അവിശ്വാസികൾ അവകാശപ്പെടും വിധം ദാനിയേൽ പ്രവചന രചയിതാവ് ജീവിച്ചിരുന്നത് 168 ബിസിയിലാണെങ്കിൽ ബാബിലോൺ, മേദോ-പേർഷ്യ, ഗ്രീസ്, റോം അങ്ങിനെ ഒന്നിനു പുറകെ ഒന്നായി വെറും 400 വർഷം കൊണ്ട് നാല് ലോകശക്തികൾ ഉണ്ടായ കാര്യത്തെക്കുറിച്ച് അറിവുണ്ടായിരുന്നിരിക്കണം. 538 ബിസിയിൽ മേദോ-പേർഷ്യയുടെ രാജാവായ സൈറസിനു മുന്നിൽ ബാബിലോൺ വീണു. 331 ബിസിയിൽ അലക്സാണ്ടർ അർബലയിൽ വച്ച് മേദൊ-പേർഷ്യയിൽ നിന്ന് ലോകത്തിന്റെ സാമ്രാജ്യത്വം പിടിച്ചെടുത്തു. ലോകത്തിന്റെ കടിഞ്ഞാൺ റോമരുടെ കൈകളിലാക്കിക്കൊണ്ടാണ് 168 ബിസിയിലെ ജൂൺ 22-ന് പിഡ്നയിൽ വിജയക്കൊടി പാറിയത്. അങ്ങനെ മുന്നൂറ്റിയെഴുപത് വർഷം കൊണ്ട്, അതായത് 538 ബിസി മുതൽ 168 ബിസി വരെ നാല് സാമ്രാജ്യങ്ങൾ അധികാരം നടത്തി.

‘‘ഈ വസ്തുതകളുടെ വെളിച്ചത്തിൽ ദാനിയേൽ പുസ്തകത്തിന്റെ രണ്ടും ഏഴും അദ്ധ്യായങ്ങൾ എഴുതപ്പെട്ടത് 168 ബിസിയിലാണെന്നു വച്ചാൽ പോലും അത് 600 ബിസിയിൽ എഴുതിയതിന് തുല്യം തന്നെയാണ്. നാല് ലോക സാമ്രാജ്യങ്ങൾ 400 വർഷം നിലനിന്നുവെന്ന വസ്തുത കൂട്ടാക്കാഞ്ഞാൽ പോലും ഇനി ഒരിക്കലും ഒരു ലോക സാമ്രാജ്യവും ഉണ്ടാവില്ലെന്ന് പ്രവചിക്കാൻ പോന്ന ഒരു മനുഷ്യന്റെ അതിസാഹസികമായ ധൈര്യത്തെക്കുറിച്ച് ചിന്തിക്കുക. എത്ര അസംബന്ധം. എല്ലാ സാമ്യങ്ങൾക്കും എല്ലാ ചരിത്രങ്ങൾക്കും അതുപോലെ ഏറ്റവും വന്യമായ ഭാവനയ്ക്കു പോലും എത്രയോ വിരുദ്ധമായതാണ് അത്തരമൊരു പ്രവചനം.

'അനുഭവസമ്പത്തിനോട് ഭാവിയുടെ രഹസ്യം പറയാൻ ആവശ്യപ്പെട്ടാൽ എന്തായിരിക്കും മറുപടി. കഴിഞ്ഞ നാനൂറ് വർഷങ്ങളിൽ സംഭവിച്ചതുപോലെയുള്ള വിപ്ലവങ്ങൾ വരാനിരിക്കുന്ന രണ്ടായിരം വർഷങ്ങളിലും സംഭവിക്കുമെന്നായിരിക്കും ഭൂമിയിലെ അക്കാലത്തെ ജ്ഞാനികൾ പറയുക. ചരിത്രം ആവർത്തിക്കുന്നുവെന്നത് അന്നും ശരി തന്നെ.

'ബാബിലോൺ പേർഷ്യയെ, പേർഷ്യ ഗ്രീസിനെ, ഗ്രീസ് റോമിനെയും കീഴടക്കിയപ്പോൾ എല്ലാവരും ചിന്തിച്ചിരിക്കും ഇനി മറ്റൊരു ലോകശക്തി റോമിനെ പരാജയപ്പെടുത്തുമെന്ന്. ഇതാണോ സത്യം? ഏത് സ്കൂൾ കുട്ടിക്കും അറിയാം റോമരുടേത് അവസാന ലോക സാമ്രാജ്യമാണെന്ന്.

'ബാബിലോൺ ലോകം ഭരിച്ചുകൊണ്ടിരുന്നപ്പോഴാണ് ദാനിയേൽ പ്രവചനം എഴുതപ്പെട്ടതെങ്കിൽ അത് അളവറ്റ വിധം അതിശയകരമാണെന്ന് അവിശ്വാസികൾ മനസ്സിലാക്കുന്നു. എന്നാൽ റോമർ അധികാരമേറ്റ കാലഘട്ടത്തിലാണ് പ്രവചനം എഴുതപ്പെട്ടതെന്ന് വരുത്തുകവഴി ആ ബുദ്ധിമുട്ട് നീക്കിയതായി അവർ കരുതുന്നു.

'എന്നാൽ പ്രശ്നം പരിഹരിക്കുകയല്ല അവർ സ്വയം ആശയക്കുഴപ്പത്തിൽ അകപ്പെടുകയാണ് ചെയ്തിരിക്കുന്നത്. ഏത് വാദഗതിയുടെ കൊമ്പിൽ അവർ പിടിച്ചാലും പ്രശ്നം അതീവ ഗുരുതരം തന്നെയാണ്. ദാനിയേൽ പ്രവചനം 600 ബിസിയിലോ 168 ബിസിയിലോ ആണ് എഴുതപ്പെട്ടതെന്നിരിക്കട്ടെ, പ്രവചന പ്രശ്നം സമസ്യയായി തന്നെ നിൽക്കുന്നു.

"നിങ്ങൾ അത് വ്യക്തമാക്കുന്നത് ഞാൻ കാണുന്നില്ലല്ലോ" എമേഴ്സൺ ചാടിക്കയറി പറഞ്ഞു. 'അതായത് ലോകസാമ്രാജ്യങ്ങൾ വന്നു പോയതുവരെ ദാനിയേൽ പുസ്തകം എഴുതപ്പെട്ടിട്ടില്ലായിരുന്നു എന്നു വയ്ക്കുക. തീർച്ചയായും ആ സാമ്രാജ്യങ്ങളുടെ ഉയർച്ച താഴ്ചയെക്കുറിച്ച് മുൻകൂട്ടി പറഞ്ഞ പ്രവാചകനെക്കുറിച്ചുള്ള നിങ്ങളുടെ അവകാശവാദം നഷ്ടമാകുന്നു.'

‘അതംഗീകരിച്ചു തന്നിരിക്കുന്നു’ ഡേവിഡ് ഡെയർ പുഞ്ചിരിച്ചു. ‘പക്ഷെ ഇക്കാര്യത്തിന്റെ ഇരുവശവും നമുക്കൊരു നിമിഷം പരിഗണിക്കാം. ദാനിയേൽ പുസ്തകം 600 ബിസിയിലാണ് എഴുതപ്പെട്ടതെങ്കിൽ എങ്ങുമുള്ള നാസ്തികർ ഒന്നംഗീകരിക്കുന്നു, ആശ്ചര്യകരമായ ഈ പ്രവചനങ്ങൾ അത്ര എളുപ്പത്തിൽ വിശദീകരിക്കാവുന്നവയല്ല. എന്നാൽ നിങ്ങളെപ്പോലുള്ള അവിശ്വാസികൾ പരിശോധിക്കുന്നത് മറ്റൊന്നാണ്. 168 ബിസിയിലാണ് ഈ പുസ്തകമെഴുതിയത് എന്ന നിങ്ങളുടെ ന്യായവാദം അംഗീകരിക്കുകയാണെങ്കിൽ, വൈകിയെഴുതി എന്നതിലൂടെ ഒരു ആശ്ചര്യത്തെ ഇല്ലാതാക്കാൻ നിങ്ങൾ ശ്രമിക്കുമ്പോൾ മറ്റൊരു ആശ്ചര്യത്തെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.”

“അതെങ്ങനെയെന്ന് എനിക്കിപ്പോഴും മനസ്സിലാക്കാനാവുന്നില്ല,” എമേഴ്സൺ പറഞ്ഞു.

“ഞാനത് വിശദമാക്കാം,” ഡെയർ പറഞ്ഞു. “ദാനിയേൽ രചന 168 ബിസിയിലാണെന്ന് പറയുമ്പോൾ മൂന്ന് ലോക സാമ്രാജ്യങ്ങളെ നിങ്ങൾ ഭാവിക്കു പകരം ഭൂതകാലത്തിലാക്കുന്നു. അങ്ങനെ കഴിഞ്ഞ കാലവുമായി സാമ്യപ്പെടുത്തിക്കൊണ്ട് ഭാവി പറയാൻ എഴുത്തുകാരന് കഴിയുന്നുവെന്ന് നിങ്ങൾ പറയുന്നു. നാനൂറു വർഷം കൊണ്ട് നാല് ലോകസാമ്രാജ്യങ്ങളുടെ വരവ് അദ്ദേഹം കണ്ടു. എന്നാൽ കഴിഞ്ഞ കാലത്തിന്റെ എല്ലാ വസ്തുതകൾക്കും കടകവിരുദ്ധമായിട്ടാണ് അദ്ദേഹം പ്രവചനം നടത്തുന്നത്. തന്റെ ആവനാഴിയിലെ മുഴുവൻ വിവരങ്ങളുമുപയോഗിച്ചാലും ഇതു ചെയ്യാമെന്ന് ഒരു തത്വചിന്തകനും സ്വപ്നം കാണാൻ പോലുമാവില്ല. അതുകൊണ്ട് ദാനിയേൽ പ്രവാചകന് മറ്റൊരാൾക്കും പ്രാപ്യമല്ലാത്ത ഏതോ ഒരു വിവരസ്രോതസ്സ് ഉണ്ടെന്നുള്ള കാര്യം സുവ്യക്തമാകുന്നു.

“മറുവശത്ത്, ദാനിയേൽ പുസ്തകം 600 ബിസിയിലാണ് എഴുതപ്പെട്ടതെന്നിരിക്കട്ടെ. എഴുത്തുകാരന് ഒരു സാമ്രാജ്യത്തിനു ശേഷം ഏത് എന്നതിന് ഒരു തെളിവുപോലും ലഭിച്ചിരിക്കില്ല. കാരണം ആ സമയം വരെ ശക്തരായിരുന്ന രാജ്യങ്ങളൊന്നും

സാർവ്വത്രികമായിരുന്നില്ല. അങ്ങനെ 600 ബിസി വരെയുള്ള ചരിത്രം ശിഥിലമായിരുന്നുഎങ്കിൽ 168 ബിസിയിൽ അത് ഉറപ്പുള്ളതായി. ദാനിയേൽ രചന 168 ബിസിയിലെന്ന് സ്ഥാപിക്കുമ്പോൾ ഒരു ക്ലേശം നീക്കി മറ്റൊന്ന് കൂട്ടിച്ചേർക്കുന്നു. അത് മാനുഷ ബുദ്ധിക്ക് അപരിഹാര്യം തന്നെ. എന്നാൽ ഇത് ഒരു കാരണവശാലും പൂർണ്ണമാകുന്നില്ല. ദാനിയേൽ ഇന്നിന്റെ ചിത്രം വരയ്ക്കുന്നത് എങ്ങനെയെന്ന് നമുക്ക് നോക്കാം.

"ഇനി വരാനിരിക്കുന്ന സദാകാലത്തേക്കും ദൈവരാജ്യമല്ലാതെ മറ്റൊരു ലോകസാമ്രാജ്യവും ഉണ്ടാവില്ലെന്ന ദാനിയേൽ പ്രവചനം ബിസി 100ൽ വായിച്ച ഒരാളുടെ അന്ധാളിപ്പ് സങ്കൽപ്പിക്കുക. ഇത്ര അസംബന്ധമായ ഒരു പ്രവചനത്തിനു നേരെയുള്ള അവിശ്വാസികളുടെ പരിഹാസം നിറഞ്ഞ ഇളിപ്പും ഓർക്കുക.

"എന്നാൽ ഇന്ന് കാലങ്ങൾ കടന്ന് പിന്നോട്ട് ചെന്ന് ദാനിയേലിലേക്ക് തിരികെയെത്തുമ്പോൾ ഇതുപോലെ മറ്റൊന്നില്ലെന്ന് വിശ്വാസിയും അവിശ്വാസിയും ഒരുപോലെ സമ്മതിക്കുന്നു. ആരുമെഴുതിയ ഏത് ചരിത്രവും വായിക്കുക. എന്നാൽ എക്കാലത്തെയും വലിയ അവിശ്വാസിയായ ഗിബ്ബോൺ എഴുതിയ 'റോമാസാമ്രാജ്യത്തിന്റെ ഉയർച്ചയും താഴ്ചയും' എന്ന പുസ്തകം വായിക്കുക. അമാനുഷികത നിറഞ്ഞ ദാനിയേൽ പ്രവചനത്തിന്റെ കൃത്യതയെക്കുറിച്ചുള്ള അതുല്യമായ വിവരണമാണ് ഈ അനശ്വര പുസ്തകമെന്ന് നിങ്ങൾ മനസ്സിലാക്കും.

"വടക്കു നിന്നുള്ള ക്രൂര യോദ്ധാക്കൾ മലവെള്ളപ്പാച്ചിൽ പോലെ അഞ്ചാം നൂറ്റാണ്ടിൽ പാശ്ചാത്യ സമ്രാജ്യത്തിനു നേരെ ചീറിയടുത്തതെങ്ങനെയെന്ന് അവിശ്വാസിയായ ഗിബ്ബോൺ പറയുന്നു. അവർ റോമിനെ കീഴടക്കിയെങ്കിലും ലോക സാമ്രാജ്യത്വം നിഷേധിക്കപ്പെട്ടു.

"എന്നിരുന്നാലും ലോകസാമ്രാജ്യം എന്ന സ്വപ്നം അവിടം കൊണ്ടവസാനിച്ചില്ല. കഴിഞ്ഞ രണ്ടായിരം വർഷങ്ങളിലെ പതിനായിരങ്ങളുടെ രക്തക്കറ പുരണ്ട ചരിത്രത്തിന്റെ ഏടുകൾക്ക്

ഇടതടവില്ലാതെ പറയാൻ ഒന്നേയുള്ളൂ. ഒരു ലോകസാമ്രാജ്യം സ്ഥാപിക്കാനുള്ള എല്ലാ ശ്രമങ്ങളും തുടരെ പരാജയപ്പെട്ടു.

“ദാനിയേൽ പ്രവചനത്തെ തകർക്കാനുള്ള ശ്രമങ്ങൾ സന്തോഷപൂർവ്വം തുടർന്നു. ശക്തനായ ചാർലിമെയ്ൻ, സ്വീഡനിലെ ചാൾസ് പന്ത്രണ്ടാമൻ, കഴുകക്കണ്ണുകളുള്ള നെപ്പോളിയൻ, കൈസർ അങ്ങനെ യുദ്ധവീരന്മാരായ അനേകം ഗോലിയാത്തുമാർ സീസറിന്റെ കിരീടം അണിയാൻ മോഹിച്ചു. എന്നാൽ എപ്പോഴും അവരുടെ ശ്രമങ്ങൾ പരാജയത്തിൽ കലാശിച്ചു.

“നാലാമത്തേതിനു ശേഷം ഇനിയൊരിക്കലും ഒരു ലോകമഹാസാമ്രാജ്യം ഉണ്ടാവില്ലെന്ന് മാത്രമല്ല ദാനിയേൽ പ്രവചിച്ചത്. നാലാം സാമ്രാജ്യം അനേകം ചെറു രാജ്യങ്ങളായി ചിതറിയ ശേഷം അവ ലോകാന്ത്യത്തോളം നിലനിൽക്കുമെന്നും പ്രവാചകൻ പറഞ്ഞു.

“റോമാ മഹാസാമ്രാജ്യത്തിന്റെ വീഴ്ച്ചയ്ക്കു ശേഷം ചരിത്ര ഗതിക്കു കുറുകെ മറ്റൊരു ശക്തമായ മഹാസാമ്രാജ്യം അധികാരത്തിലെത്തിയിരുന്നെങ്കിൽ ക്രിസ്ത്യാനിയുടെ ഇന്നത്തെ വിഷമാവസ്ഥ എന്തായിരിക്കുമെന്ന് ഒന്നു ചിന്തിച്ചു നോക്കൂ. മദ്ധ്യകാലഘട്ടത്തിലെ സർവ്വശക്തനായ അലക്സാണ്ടറെപ്പോലൊരാൾ സകല രാഷ്ട്രങ്ങളെയും കീഴടക്കി ഒരൊറ്റ ലോകമഹാസാമ്രാജ്യം സൃഷ്ടിച്ചിരുന്നെങ്കിൽ - എനിക്ക് എന്തു പറയാനാവും? പ്രവചനത്തിന്റെ ഇത്തരമേതെങ്കിലും പരാജയത്തെക്കുറിച്ച് ഏതെങ്കിലുമൊരു അവിശ്വാസിക്ക് എന്തെങ്കിലും പറയാനുണ്ടോ?

“എല്ലാ മഹാരാജാവും ശക്തനായ യോദ്ധാവും കരുതി ആരെങ്കിലും ഓരാൾ ഈ ലോകം വാഴുമെന്ന്. എന്തുകൊണ്ട് ഇയാൾ ആയിക്കൂടാ എന്ന് അവർ പലരെക്കുറിച്ചും ചോദിച്ചു. എന്നിട്ട് അതിൽ ഒരാളെങ്കിലും വിജയിച്ചിരുന്നെങ്കിൽ പ്രവചന സത്യത്തിനെതിരെ അവിശ്വാസികൾക്ക് എത്ര അനിഷേദ്ധ്യമായ ഒരു വാദഗതിയാകുമായിരുന്നു ലഭിക്കുക. രണ്ടായിരത്തഞ്ഞൂറു വർഷം മുമ്പ് ദൈവം അവിശ്വാസിയെ വെല്ലുവിളിച്ചതാണ്. ഒന്നുകിൽ സ്വന്തമായി

പ്രവചിക്കുക അല്ലെങ്കിൽ തന്റെ ഏതെങ്കിലും ഒന്ന് തകർക്കുക. എന്നാൽ ആരും ഇതുവരെ അതു ചെയ്തിട്ടില്ല.

"ഓരോ പ്രവചന നിറവേറലും പ്രവാചകന്റെ ദൈവീക ജ്ഞാനത്തിനനുകൂലമായ ശക്തമായ വാദമുഖമാണ്. എന്നാൽ ഓരോ അധിക നിറവേറലും അതിന്റെ തെളിവിന്റെ ശക്തി വർദ്ധിപ്പിക്കുന്നു. അധികമായിട്ടല്ല ഗുണിതമായിട്ട്.

## 7. ഓരോ യഹൂദനും ഒരത്ഭുതം

"ഞാനീ വിഷയത്തെ സമീപിക്കുന്നത് അതിയായ ഭയഭക്തിയോടെയാണ്." ജനത്തോട് ശാന്തമായിരിക്കാൻ ഡോ.മോർലി ആവശ്യപ്പെട്ട ശേഷം ഡേവിഡ് ഡെയർ പറഞ്ഞു. "ലോകത്തൊരിടത്തും യഹൂദനെപ്പോലെ വിചിത്രവും ഗംഭീരവും ദു:ഖകരവുമായ മറ്റൊന്നുമുണ്ടാവില്ല. അവനാണ് ഈ ഭൂമിയിലെ ഏറ്റവും ദയനീയൻ ഏറ്റവും അതുല്യനും.

"വൻ അവശിഷ്ടങ്ങൾ, ദ്രവിച്ചുകൊണ്ടിരിക്കുന്ന കൊട്ടാരങ്ങൾ, തകർന്ന ശിൽപങ്ങൾ, ബർബരന്മാരുടെ പകയിലും ആക്രമണത്തിലും തകർന്നടിഞ്ഞ ഒരുകാലത്തെ ഏറ്റവും ശക്തമായ സാമ്രാജ്യം - റോം.

"സീസർമാരുടെ കൊട്ടാരങ്ങൾ ഇന്ന് ശൂന്യമായി കിടക്കുന്നു. റോമാ സാമ്രാജ്യം വിസ്മൃതിയിലായി, അതിന്റെ ചക്രവർത്തിമാരും മറവിയിലായി അല്ലെങ്കിൽ അവരർഹിക്കുന്ന അപകീർത്തി മാത്രമാണ് ഇന്നോർമ്മിക്കുന്നത്. ദാനിയേൽ പ്രവചിച്ചതുപോലെ ഉരുക്കു സാമ്രാജ്യം തകർന്ന് ശിഥിലമായിപ്പോയി. അതിന് പിൻഗാമിയുമില്ല.

"എന്നാൽ യഹൂദാ രാജ്യമോ, അത് ഇന്നും ഭൂമിയിൽ നിലനിൽക്കുന്നു, ജീവിക്കുന്നു, പെരുകുന്നു. എന്നാൽ തന്റെ പ്രതാപകാലത്ത് അതിലെ ക്ഷേത്രങ്ങളെ ഉന്മൂലനാശം ചെയ്യുകയും കുട്ടികളെ അടിമകളായി വിൽക്കുകയും ചെയ്ത റോം ഇന്നില്ല."

"റോം എത്ര മുമ്പേ ഇല്ലാതായി, എന്നാൽ യഹൂദർ ഇന്നുമുണ്ട്. റോം ഉണ്ടാകുന്നതിനും നൂറ്റാണ്ടുകൾക്കു മുന്നേ യഹൂദർ ഒരു ശക്തമായ രാജ്യമായിരുന്നു. എല്ലാറ്റിലും ശക്തമായ റോമാ സാമ്രാജ്യത്തിന്റെ ചരിത്രം യഹൂദന്മാരുടെ ചരിത്രത്തിലെ ഒരു അംശം മാത്രമാണ്.

"വിചിത്രമെന്ന് തോന്നിയേക്കാം, യഹൂദന്മാരുടെ ശത്രുരാജ്യങ്ങളെല്ലാം തകർന്നു. എന്നാൽ യഹൂദരാകട്ടെ അടിച്ചമർത്തപ്പെട്ടു,

തുരത്തപ്പെട്ടു, അടിമകളാക്കപ്പെട്ടു. പോയിടങ്ങളിലെല്ലാം അവർ നശിപ്പിക്കപ്പെട്ടു. എന്നിട്ടും അവർ അതിനെ അതിജീവിച്ചു. ലോകം മുഴുവനും ചെന്നെത്തി. യഹൂദയ്ക്ക് ചുറ്റുമുള്ള രാഷ്ട്രങ്ങളിൽ പേർഷ്യ മാത്രമാണ് രാജഭരണമുള്ളതായിട്ടുള്ളത്. ബാബിലോണിന്റെ അടിമത്തത്തിൽ നിന്ന് യഹൂദരെ രക്ഷിച്ചത് പേർഷ്യയാണെന്നത് ചിന്തയ്ക്ക് വക നൽകുന്നു.

"ലേവ്യ പുസ്തകത്തിലും ആവർത്തന പുസ്തകത്തിലും മോശ വളരെ വ്യക്തമായി ഇസ്രായേലിന്റെ 3400 വർഷത്തെ ചരിത്രം കുറിച്ചിടുന്നു - 1500 ബിസി മുതൽ ഇന്നു വരെ.

"പക്ഷെ അത് മോശയാണെഴുതിയതെന്ന് നിങ്ങൾക്ക് തെളിയിക്കാനാവില്ല" എമേഴ്സൺ ഇടയ്ക്കു കയറി പറഞ്ഞു. "അതായത് [14]പഞ്ചഗ്രന്ഥി എഴുതപ്പെട്ടത് 800 - 600 ബിസിയിലാണെന്ന് പരക്കെ കരുതപ്പെടുന്നു. അതായത് 700 മുതൽ 900 വർഷത്തെ വ്യത്യാസം അതിനുണ്ട്.

"നമ്മുടെ കാര്യത്തിന്," ഡെയർ ചിരിച്ചു, "മോശ എഴുതിയതായി പറയുന്ന പുസ്തകങ്ങൾ 1500 ബിസിയിലാണോ 100 ബിസിയിലാണോ എഴുതിയതെന്നതിന് പ്രസക്തിയില്ല. നിങ്ങൾ പറഞ്ഞ ഏറ്റവും അടുത്ത തീയതി ഞാൻ സസന്തോഷം സ്വീകരിക്കാം. പക്ഷെ അത് നിങ്ങൾക്കുള്ള സങ്കീർണ്ണതയെ പരിഹരിക്കില്ല. എമേഴ്സൺ ഞാൻ നിങ്ങളോട് ലേവ്യ പുസ്തകം 26: 33, 36, 37, 44 കൂടാതെ ആവർത്തന പുസ്തകം 28: 25-ും വായിക്കാൻ ആവശ്യപ്പെടുന്നു.

"തീർച്ചയായും," എമേഴ്സൺ മറുപടി നൽകി. അദ്ദേഹം തന്റെ ബൈബിൾ തുറന്ന് ഉച്ചത്തിൽ വളരെ വ്യക്തമായി വായിച്ചു. 'ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ ചിതറിച്ച് നിങ്ങളുടെ പിന്നാലെ വാൾ ഊരും നിങ്ങളുടെ ദേശം ശൂന്യമായും നിങ്ങളുടെ പട്ടണങ്ങൾ പാഴ്നിലമായും കിടക്കും.' 'ശേഷിക്കുന്നവരുടെ ഹൃദയത്തിൽ ഞാൻ ശത്രുക്കളുടെ ദേശത്തുവച്ചു ഭീരുത്വം വരുത്തും.' 'ശത്രുക്കളുടെ മുമ്പിൽ നിൽക്കാൻ നിങ്ങൾക്കു കഴിയുകയുമില്ല.' 'എങ്കിലും അവർ ശത്രുക്കളുടെ ദേശത്ത് ഇരിക്കുമ്പോൾ

അവരെ നിർമ്മൂലമാക്കുവാനും അവരോടുള്ള എന്റെ നിയമം ലംഘിപ്പാനും തക്കവണ്ണം ഞാൻ അവരെ ഉപേക്ഷിക്കയില്ല, അവരെ വെറുക്കയുമില്ല.' 'ശത്രുക്കളുടെ മുമ്പിൽ യഹോവ നിന്നെ തോൽക്കുമാറാക്കും. നീ ഒരു വഴിയായി അവരുടെ നേരെ ചെല്ലും, ഏഴു വഴിയായി അവരുടെ മുൻപിൽ നിന്ന് ഓടിപ്പോകും. നീ ഭൂമിയിലെ സകല രാജ്യങ്ങൾക്കും ഒരു ബാധയായി തീരും.'

"നന്ദി മിസ്റ്റർ എമേഴ്സൺ. ഇപ്പോൾ വായിച്ച വചനങ്ങൾ ഈ വിഷയത്തെ കുറിച്ചുള്ള ഏതാനം വചനങ്ങൾ മാത്രമാണ്. ഇനി പറയുന്നവ കൂടി വായിക്കുക. കാരണം അവ വളരെ പ്രധാനപ്പെട്ടതും വെളിച്ചം വീശുന്നവയുമാണ്. യിരെമ്യാവ് 15:4; 16:13; 9:15,16; 24:9,10; 15:7; യെഹസ്ക്കേൽ 5:10; 7:19; 12:15; ആമോസ് 9:4,9; യിരെമ്യാവ് 8:3; ഹോശേയ 9:17; യെശയ്യാവ് 6:10-12; യിരെമ്യാവ് 31:10; 46:27,28; ഹോശേയ 3:4,5; എല്ലാറ്റിലുമുപരിയായി ആവർത്തനപുസ്തകം 28-ാം അദ്ധ്യായം മുഴുവനും.

"സമയം നിങ്ങളുടെ വാദഗതിയെ എളുപ്പമാക്കുന്നതിനു പകരം എത്ര ബുദ്ധിമുട്ടുള്ളതാക്കുന്നു എന്നുള്ളതിന് ഇപ്പോൾ ഒരു ഉദാഹരണം നോക്കാം. ഒരു ജനതയ്ക്ക് മറ്റു രാഷ്ട്രങ്ങളുമായി ഇടകലർന്ന് നൂറു വർഷം ജീവിച്ചാലും വിഭിന്നമായി തുടരാനായേക്കാം. എന്നാൽ രണ്ടായിരത്തഞ്ഞൂറു വർഷം ജീവിച്ചിട്ടും അവർ വിഭിന്നരായി തന്നെ തുടർന്നു എന്നത് നമുക്ക് എങ്ങനെ മനസ്സിലാക്കാനാവും? ലോകചരിത്രത്തിന് ഇതുപോലെ മറ്റൊന്നും മുന്നോട്ടു വയ്ക്കാനില്ല. അതേസമയം മറ്റനേകം രാഷ്ട്രങ്ങൾ ഉയർന്നു വന്നു. പ്രത്യേകമായി കുറച്ചു സമയം നിലനിന്നു പിന്നീട് മാനവരാശിയുടെ മഹാസമുദ്രത്തിൽ അവ ഇല്ലാതായി.

നമ്മുടെ രാജ്യം തന്നെ നോക്കുക (അമേരിക്ക). ലക്ഷക്കണക്കിന് അന്യരാജ്യക്കാർ ഒഴുകി വരുന്നു. രണ്ടോ മൂന്നോ തലമുറ വരെ അവരവരുടെ ദേശീയത അവർക്കുണ്ടാവും പിന്നീട് അത് നഷ്ടപ്പെടുന്നു.

"എന്നാൽ യഹൂദർ അങ്ങനെയല്ല. പ്രവചനം പോലെ തന്നെ അവർ എല്ലാ രാജ്യങ്ങളിലുമുണ്ട്. എന്നാൽ അവർ പ്രത്യേകമായി

നിലകൊള്ളുന്നു. നൂറ്റാണ്ടുകൾക്കു മുമ്പ് അവനുണ്ടായിരുന്ന സവിശേഷതകളെല്ലാം തന്നെ ഒരു യഹൂദന് ഇന്നുമുണ്ട്. ഭൂമിയിൽ മറ്റൊരു ജനവും ചെയ്യാത്ത കാര്യം അവൻ ചെയ്തു. മറ്റു രാജ്യ ങ്ങളുമായി കൂടിക്കലരാൻ അവനെ പ്രേരിപ്പിക്കുന്ന എല്ലാ സാമൂ ഹ്യ രീതികളെയും പീഢനശക്തികളെയും സ്വാധീന ശക്തികളെയും അവൻ വിജയകരമായി ചെറുത്തു നിന്നു. അബ്രഹാമിന്റെ സന്തതി കളുടെ മതം, രീതി, മുഖലക്ഷണം തുടങ്ങിയവ മൂവായിരം വർഷം മുമ്പ് എങ്ങനെയായിരുന്നോ അതുപോലെതന്നെയാണ് ഇന്നും. ഇതിനു നിങ്ങൾക്ക് എന്താണ് പറയാനുള്ളത്?

"ഈ പ്രത്യേക ജനങ്ങളുടെ രക്തപരമ്പര," എമേഴ്സൺ പറഞ്ഞു, "പൂർണ്ണമായും പരിശുദ്ധമായിരുന്നു. അത് അങ്ങനെ തന്നെ പാലിക്കപ്പെട്ടു. കാരണം മിശ്ര വിവാഹത്തിന് അവരെ മത തത്വ ങ്ങൾ അനുവദിക്കുന്നില്ലായിരുന്നു. അതുകൊണ്ട് വംശീയ പ്രത്യേ കതകൾ നിലനിന്നു.'

"സത്യം, അവർക്ക് മിശ്ര വിവാഹം നിഷിദ്ധമായിരുന്നു," ഡെയർ മറുപടി നൽകി. "നിങ്ങളുടെ വിശദീകരണം, വിശദീകരി ക്കുന്നതിനു പകരം നിങ്ങളുടെ ബുദ്ധിമുട്ട് ഒന്നു കൂടി കൂട്ടിയിരി ക്കുന്നു. അതായത് ആയിരക്കണക്കിനു വർഷങ്ങൾക്കു ശേഷവും യഹൂദന്മാർ ആ കൽപനകൾ പാലിക്കുമെന്ന് മോശയ്ക്ക് എങ്ങനെ അറിയാമായിരുന്നു എന്നതിന് നിങ്ങൾക്ക് എന്ത് വിശദീകരണം നൽ കാനാവും.'

''ബൈബിൾ പ്രവചനങ്ങൾ നിവർത്തിക്കുന്നതിൽ ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും പങ്കുവഹിക്കുന്ന ഒരു കാഴ്ച നമുക്ക് ഇവിടെ കാണാനാവും. യഹൂദൻ ചെന്നെത്താത്ത ഒറ്റ രാഷ്ട്രം പോലും ഇന്ന് ലോകത്തിലില്ല. പ്രവചനമനുസരിച്ച് അവൻ അടിച്ചമർത്തപ്പെടാത്ത ഒരിടം പോലുമില്ല.

"ഏതെങ്കിലും ഒരു രാഷ്ട്രം യഹൂദരെ രണ്ടു കയ്യും നീട്ടി സ്വീകരിച്ചതായി നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാനാവുമോ? അത്തരം അര ഡസൻ രാജ്യങ്ങളെങ്കിലും കണ്ടെത്താനായാൽ അത്

ബൈബിൾ വിരുദ്ധർക്ക് എത്ര വലിയ കാര്യമാവും! പക്ഷെ യഹൂദരെ എല്ലാ രാജ്യങ്ങളും അടിച്ചമർത്തിയെന്നത് എത്ര ആശ്ചര്യകരമാവുന്നു. മാത്രവുമല്ല ചരിത്രത്തിൽ അവർ മാത്രമാണ് ഇങ്ങനെ പീഢനം നേരിടേണ്ടിവന്ന ഒരേ ഒരു രാഷ്ട്രം.

“അവർ നശിക്കണമെന്ന് ആഗ്രഹിച്ചവർ തന്നെയാണ് അവരുടെ നാണക്കേടിനെക്കുറിച്ചുള്ള രേഖകൾ നമുക്ക് കൈമാറി തന്നത് എന്നത് എടുത്തു പറയേണ്ട കാര്യം തന്നെയാണ്. സത്യത്തോട് ഇത്രയും കൂറു പുലർത്തുന്ന ഒരു സംഗതിയും ലോക ചരിത്രത്തിലില്ല.

“മോശ മുൻകൂട്ടി പ്രവചിച്ചതു പോലെ യഹൂദർ അവരുടെ നാട്ടിൽ നിന്നും അക്ഷരാർത്ഥത്തിൽ വേരറ്റവരായി. ആവർത്തനം 29: 25, 28. അതു മാത്രമല്ല ദൈവം പറയുന്നു, “ഞാൻ ദേശത്തെ ശൂന്യമാക്കും, അതിൽ വസിക്കുന്ന നിങ്ങളുടെ ശത്രുക്കൾ അതിങ്കൽ ആശ്ചര്യപ്പെടും.” ലേവ്യപുസ്തകം 26: 32.

“ഒരു കാര്യം ഇവിടെ ശ്രദ്ധിക്കുക. യഹൂദരുടെ മണ്ണ് തട്ടിയെടുത്ത് അവരെ ലോകത്തിന്റെ മുക്കിലേക്കും മൂലയിലേക്കും ചിതറിക്കാറായപ്പോൾ, പലസ്തീൻ തകർന്നു കിടന്നു എന്നിട്ടും അവരുടെ ശത്രുക്കൾ അവിടെ തന്നെ വസിച്ചു. ഏതെങ്കിലും പ്രവചനം ഇതിൽ കൂടുതൽ അവിശ്വസനീയമായി തോന്നുമോ?

“*സിറിയയും പലസ്തീനും* എന്ന പുസ്തകത്തിന്റെ 117-ാം പേജിൽ [15]ഡീൻ സ്റ്റാൻലി പറയുന്നു, ‘പലസ്തീൻ, ലോകത്തെ മറ്റേതു രാജ്യത്തെക്കാളും കെടുതികളുടെ നാടാണ്.’ ഇത്രയ്ക്ക് നാശങ്ങളുടെ നാട്ടിൽ ജനം താമസിക്കുകയെന്നത് വിചിത്രമായിരിക്കുന്നു അല്ലേ? അല്ലെങ്കിൽ ജനവാസം ഉള്ളതിനാൽ അവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്താനോ നീക്കം ചെയ്യാനോ കഴിഞ്ഞില്ലായിരിക്കാം? എന്നാൽ എഴുത്തുകാരൻ ഇതു മുൻകൂട്ടി കണ്ടു. ഞാനും നിങ്ങളും സത്യത്തിന്റെ ഈ മാസ്മരിക ചേർച്ചയെ അംഗീകരിക്കാൻ നിർബന്ധിതരാവുന്നു.

“സ്വന്തം ജനത്തെ നഷ്ടപ്പെട്ട പലസ്തീൻ, നാമാവശേഷവും

ശൂന്യവുമായതെങ്കിലും ഉൽകൃഷ്ടമായ തീർത്ഥാടന മണ്ണാകും. മോശ ആവർത്തന പുസ്തകം 29: 21ൽ ദൂരദേശത്തു നിന്നു വരുന്ന അന്യനെക്കുറിച്ച് പറയുന്നു. ഇത് ഇന്ന് സത്യമല്ലേ? ഇത്രയധികം ജനം എത്തിച്ചേരുന്ന മറ്റേതെങ്കിലും തീർത്ഥാടന കേന്ദ്രം ഈ ഭൂമിയിലുണ്ടോ? ഇല്ല ഒന്നു പോലുമില്ല. യരുശലേം നഗരത്തിൽ മാത്രം അൻപതിൽ പരം ഭാഷകൾ സംസാരിക്കുന്നു.

"(ലേവ്യ പുസ്തകം 26:33 കാണുക) ഞാൻ ..... നിങ്ങളുടെ പിന്നാലെ വാൾ ഊരും," യഹൂദരോട് യഹോവ പ്രഖ്യാപിക്കുന്നു. ഈ പ്രവചനത്തിന്റെ അലൗകീകമായ കൃത്യതയ്ക്കുള്ള ഒരു നീണ്ട രക്തപങ്കിലമായ ആഖ്യാനമാണ് ഈ ജനതയുടെ ചരിത്രം.

"അവരിൽ രണ്ട് ദശലക്ഷം പേർ കൊല്ലപ്പെട്ടു. പട്ടിണിയാൽ മരിച്ചു. അടിമകളാക്കി വിൽക്കപ്പെട്ടു. എഡി 70-ൽ ഉണ്ടായ മരണങ്ങളെക്കാൾ ഭയാനകമായിരുന്നു അത്. ഏതാണ്ട് 60 വർഷങ്ങൾക്കു ശേഷം റോമാ സാമ്രാജ്യം പതിനഞ്ച് ലക്ഷത്തോളം പേരെ വെട്ടിക്കളഞ്ഞു. ഇസ്രയേല്യരുടെ ചരിത്രം ഒരു രാജ്യത്തിന്റെ തന്നെ ഗളച്ഛേദമാണ്. പത്തൊൻപത് നൂറ്റാണ്ടുകളായി അത് തുടരുന്നു.' — അവരുടെ പിന്നാലെ ***ഊരിയ വാൾ*** തന്നെ.

'ചരിത്രകാരൻ [16]മിൽമാന്റെ വാക്കുകൾ തന്നെ അക്കഥ പറയട്ടെ. 'ഒരു മതഭ്രാന്തനായ യോഗിയും ജനക്കൂട്ടത്തെ കലാപത്തിലേക്ക് നയിച്ചില്ല. ഒരു പൊതു ആപത്തും ഉണ്ടായില്ല. അതിക്രൂരമോ വാചാലമോ ആയ ഒരു വാർത്തയും പ്രചരിക്കപ്പെട്ടില്ല. എന്നിട്ടും അത് ഈ അസന്തുഷ്ടരായ കൂട്ടരുടെ മേൽ തന്നെ പതിച്ചു. ജർമ്മനിയിൽ ഈ കറുത്ത മരണം അതികഠിനമായി നാശം വിതച്ചു. ദുരന്തങ്ങളും തകർച്ചകളും ഉണ്ടാകുന്നതിനും വർദ്ധിക്കുന്നതിനും കാരണം അവരാണെന്ന കടുത്ത അന്ധവിശ്വാസം യഹൂദരുടെമേൽ പതിച്ചു. സർവ്വലോകരുടെയും മുമ്പിൽ കുറ്റപ്പെടുത്തലിന്റേതായ ഒരു തരം അരക്ഷിതാവസ്ഥ അവർക്കുണ്ടായി.

'ഇതേ ഇരുണ്ട കഥകൾ ഉത്സാഹത്തോടെ പ്രചരിപ്പിക്കപ്പെട്ടു. അതിശീഘ്രം വിശ്വസിക്കപ്പെട്ടു. അതിക്രൂരമായ പകപോക്കലുണ്ടായി. കുടിനീർക്കുഴലുകളിൽ വിഷം കലക്കി. കുട്ടികൾ

ക്രൂശിക്കപ്പെട്ടു. ഒരു നഗരത്തിലെ പീഢനത്തിൽ നിന്ന് രക്ഷപെട്ട് അടുത്ത നഗരത്തിലേക്ക് അവർ പലായനം ചെയ്തു. അവിടെയും പീഢിപ്പിക്കപ്പെട്ടു. അങ്ങനെ രാജ്യം മുഴുവനും അവർ ഓടി. ശ്രേഷ്ഠന്മാരാൽ പീഢിപ്പിക്കപ്പെട്ടു. പുരോഹിതന്മാരാൽ നിന്ദിക്കപ്പെട്ടു. വാണിജ്യ നഗരങ്ങളിലെ നഗരപ്രമാണിമാർ അവരെ ശത്രുക്കളായി കണ്ട് വെറുത്തു. ജനങ്ങളാൽ വെറുക്കപ്പെട്ട, നിന്ദിക്കപ്പെട്ട അവരുടെ നിലനിൽപ്പു തന്നെ ഒരിതിഹാസമാണ്, അവരുടെ കൂട്ടക്കുരുതിയുടെ." – '*ഹിസ്റ്ററി ഓഫ് ദി ജ്യൂസ്*' മൂന്നാം വാല്യം, പേജ് 222, 223.

# 8.അവിശ്വാസികൾ വചനത്തിന് സാക്ഷികളാവാൻ നിർബന്ധിതരാകുന്നു

അടുത്ത യോഗത്തിൽ ഡേവിഡ് ഡെയർ തട്ടിലേക്ക് കടന്നു വന്നപ്പോൾ ഒരു നേരിയ കരഘോഷം ധ്വനിച്ചു. ഒരു പുഞ്ചിരി തിരികെ നൽകിയിട്ട് അദ്ദേഹം തുടങ്ങി.

'ശക്തയായ ബാബിലോണിനെ അതിന്റെ പ്രതാപകാലത്തിൽ ദർശിച്ചാലും. എക്കാലത്തേക്കും നിലനിൽക്കാൻ ലക്ഷ്യമിട്ടതെന്ന് കരുതിയ ഒരു നഗരം. ശക്തിയിൽ കൂടുതൽ കൂടുതൽ വളർന്ന് ആ സുവർണ്ണ നഗരം അന്ന് പുരാതന ലോകത്തിന്റെ അത്ഭുതമായി മാറി.

'അവളുടെ ഭണ്ഡാരശേഖരങ്ങളൊന്നും തന്നെ മറ്റ് രാജ്യങ്ങളിൽ നിന്നെടുത്തതല്ല. അവൾ സ്വന്തമായി ലിപിയുണ്ടാക്കി. കണക്കിലെ പ്രശ്നങ്ങൾ പരിഹരിച്ചു.' സമയം അളക്കാനുള്ള ഉപകരണങ്ങൾ ഉണ്ടാക്കി. എല്ലാറ്റിലും ഏറ്റവും നിസ്സാരമായ ചെളി കൊണ്ട് ഭീമാകാരൻ കെട്ടിടങ്ങളുണ്ടാക്കുന്നത് വിഭാവനം ചെയ്തു. രത്നങ്ങൾ മിനുക്കുന്നതും, തുളയിടുന്നതും, ചെത്തിയൊരുക്കുന്നതും അവർ കണ്ടുപിടിച്ചു. മനുഷ്യരുടെയും മൃഗങ്ങളുടെയും ശാരീരിക പ്രത്യേകതകൾ അതേപടി പ്രത്യുൽപാദനം നടത്താൻ അവർക്കായി. നെയ്ത്തു വസ്ത്രങ്ങളിൽ ഏറ്റവും പൂർണ്ണത നേടി. ആകാശ ഗോളങ്ങളുടെ ചലനത്തെക്കുറിച്ച് വിജയകരമായി പഠിച്ചു. വ്യാകരണം ഒരു ശാസ്ത്രമായി രൂപീകരിച്ചു. ഒരു നിയമ സംവിധാനം തയ്യാറാക്കി. കാലനിർണ്ണയത്തിന്റെ യഥാർത്ഥ മൂല്യം അവർ കണ്ടു. ഏതാണ്ട് എല്ലാ ശാസ്ത്ര ശാഖകൾക്കും തന്നെ അവൾ തുടക്കം കുറിച്ചു. ഗ്രീസിലെ ഭൂരിഭാഗം കലയും വിദ്യയും വന്നത് ബാബിലോണിൽ നിന്നാണ്.

"ഇല്ല, ലോകം ഒരിക്കലും ഇത്തരം ഒരു നഗരത്തെ കണ്ടിട്ടില്ല. അതിന്റെ ഭീമാകാരമായ കോട്ടവാതിൽ 200 അടി ഉയരത്തിൽ എഴുന്നു നിന്നു. അതിന്റെ മുകൾത്തട്ടിൽ ഏതാനം രഥങ്ങൾക്ക്

തോളോടു തോളുരുമ്മി കുതിക്കാനാവുമായിരുന്നു. അതിലെ ശ്രേഷ്ഠമായ കൊട്ടാരങ്ങളും ക്ഷേത്ര ഗോപുരങ്ങളും കോട്ടവാതിലിനും മേലെ ആകാശത്തെ കീറിമുറിച്ചുകൊണ്ട് സൂര്യശോഭയിൽ തിളങ്ങിയിരുന്നു. അത് കാതങ്ങൾക്കകലെ നിന്നു വരുന്ന സഞ്ചാരിയെപ്പോലും അതിശയിപ്പിച്ചിരുന്നു.

"ഇവിടെയായിരുന്നു പ്രൗഢമായ ബേലുസ് ക്ഷേത്രം. ലോകപ്രശസ്തമായ തൂക്കുപൂന്തോട്ടങ്ങൾ മുട്ടിമുട്ടിയുള്ള മട്ടുപ്പാവുകളിൽ ശോഭിച്ചിരുന്നു.

"ബാബിലോൺ ലോകത്തിന്റെ നായിക മാത്രമായിരുന്നില്ല. ലോകത്തെ അറിയപ്പെട്ട ഏറ്റവും വളക്കൂറുള്ള മണ്ണിന്റെ മദ്ധ്യേ അവൾ സുരക്ഷിതയായി വിശ്രമിച്ചു. ആ രാജ്യം അത്ര ഫലഭൂയിഷ്ടമായിരുന്നു. ആ മണ്ണിലെ അതിശയിപ്പിക്കുന്ന വിളകളെ കുറിച്ച് കണ്ട കാര്യങ്ങൾ അതേപടി പറഞ്ഞിരുന്നെങ്കിൽ, ഒരു നുണയനായി കണ്ടേക്കാമെന്ന് ഹെറോഡോട്ടസ് പോലും ഭയന്നിരുന്നു.

എമേഴ്സൺ എഴുന്നേറ്റപ്പോൾ ഡെയർ പ്രഭാഷണം നിർത്തി.

"ഇവിടെയെല്ലാവർക്കും ബാബിലോണിനെക്കുറിച്ചുള്ള ഈ വസ്തുതകൾ അറിയാം,' അയാൾ പറഞ്ഞു. "ഞങ്ങൾ ഇവിടെ വന്നത് അവിശ്വാസം തെറ്റാണെന്ന് തെളിയിക്കപ്പെടുന്നത് കാണാനാണ്. ബാബിലോണിന്റെ മഹത്വത്തെക്കുറിച്ചുള്ള പ്രഭാഷണം കേൾക്കാനല്ല."

"ഈ വസ്തുതകൾ താങ്കൾ സമ്മതിക്കുന്നുവെന്ന കാര്യത്തിൽ ഞാൻ സന്തുഷ്ടനാണ്." പ്രഭാഷകൻ പറഞ്ഞു. "അവ തീർച്ചയായും എന്റെ വിഷയത്തെ ആധാരമാക്കുന്നു. ബാബിലോൺ ലോകം ഭരിക്കുന്നതിനു മുമ്പേ പ്രവാചകൻ പുസ്തകത്തിൽ ഇങ്ങനെ എഴുതി. "രാജ്യങ്ങളുടെ മഹത്വവും കൽദയരുടെ പ്രശംസാലങ്കാരവുമായ ബാബിലോൺ, ദൈവം സോദോമിനെയും ഗോമോറയെയും മറിച്ചു കളഞ്ഞതുപോലെ ആയിത്തീരും." യെശയ്യാവ് 13: 19

"ഒരു ലഘുവായ പ്രസ്താവന. പക്ഷെ ഡെൽഫിയിലെ

വെളിപാടു പറച്ചിലുകാരുടേതിനു സമമാണ് ബൈബിൾ പ്രവചനങ്ങൾ എന്ന താങ്കളുടെ നിഗമനത്തെ ഇത് അപ്പാടെ തെറ്റാണെന്ന് തെളിയിക്കുന്നു. എന്തു സംഭവിച്ചാലും ശരി ഈ സംഭവം പ്രവചനത്തിന്റെ നിറവേറലായി വിശദീകരിക്കാനാവും.

"ഫലത്തിൽ പ്രവാചകൻ സുധീരമായി ഇങ്ങനെ പറയുന്നു. ഞാൻ ബാബിലോണിന്റെ മഹത്വം കാണുന്നു. അവളുടെ പിടിച്ചടക്കാനാവാത്ത മതിൽക്കെട്ടുകളെ ഞാൻ വീക്ഷിക്കുന്നു. അവൾ വളരെ വലുതും അതിശക്തയുമാണെന്നും ഞാൻ അറിയുന്നു. ലോകം കണ്ടതിൽ വച്ചേറ്റവും വലിയ നഗരം. എന്നിരുന്നാലും സോദോമും ഗോമോറയും എങ്ങനെ നാമാവശേഷമായിത്തീർന്നോ അങ്ങനെയായിത്തീരും ഈ ബാബിലോണും."

"ഇന്നു നമ്മൾ അറിയുന്ന ബാബിലോണിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ ഇവിടെയിരിക്കുന്ന ആർക്കെങ്കിലും ഈ മുൻ ലോക നായികയുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് വളരെ ചുരുങ്ങിയ വാക്കുകളിലെങ്കിലും പറയാനാവുമോ?

"എന്നാൽ ദൈവം നിങ്ങളെ കണ്ടു മിസ്റ്റർ എമേഴ്സൺ. നിങ്ങളെ മാത്രമല്ല ലോകത്തിലെ എല്ലാ സംശയദൃക്കുകളെയും കണ്ടു. ദൈവം തന്റെ പ്രവാചകനോട് വളരെ വ്യക്തമായ വാക്കുകൾ ഉപയോഗിച്ച് പ്രവചിക്കാൻ ആവശ്യപ്പെട്ടു. കാരണം ദ്വയാർത്ഥം വരുന്ന പദങ്ങൾ ഉപയോഗിച്ച് പ്രവചനം നടത്തി എന്ന് നിങ്ങൾ ഒരിക്കലും കുറ്റം പറയാതിരിക്കേണ്ടതിനു തന്നെ. അതുകൊണ്ട് പ്രവാചകൻ ഇങ്ങനെ തുടർന്നു (20-ാം വാക്യം). "അതിൽ ഒരുനാളും കുടിപ്പാർപ്പുണ്ടാകുകയില്ല." എന്നിട്ട് ഏതെങ്കിലും കടുത്ത സംശയാലു പ്രവാചകൻ മറ്റെന്തോ ആണ് ഉദ്ദേശിച്ചതെന്ന് പറഞ്ഞാലോ എന്നു കരുതി അദ്ദേഹം ഇങ്ങനെ കൂടി പറഞ്ഞു. 'തലമുറ തലമുറയോളം അതിൽ ആരും വസിക്കയുമില്ല; അറബി അവിടെ കൂടാരം അടിക്കയുമില്ല; ഇടയന്മാർ അവിടെ ആടുകളെ കിടത്തുകയുമില്ല."

"ഇനി, ഇതിൽ ആർക്കെങ്കിലും ദ്വയാർത്ഥം ആരോപിക്കാനാവുമോ? ഈ വാക്കുകൾ മനസ്സിലാവാത്ത ആരെങ്കിലും ഇവിടിരിപ്പുണ്ടോ?

"എന്നാൽ ഇത് മാത്രമല്ല. വാക്കുകൾ വളരെ വ്യക്തമാണെങ്കിലും പ്രവചനം തീർത്തും അസംഭവ്യമെന്ന് തോന്നിപ്പിക്കുന്നതാണ്. വായിക്കുന്നവർ ഇതെഴുതിയത് ഒരു വട്ടനെന്ന് കരുതിയേക്കാം. അല്ലെങ്കിൽ ഏതെങ്കിലും തെറ്റിദ്ധാരണയെ തുടർന്ന് എഴുതി എന്നും കരുതാം. എന്നാൽ യിരെമ്യാവ് യെശയ്യാവിന്റെ സഹായത്തിനായി കടന്നുവരുന്നു. ഏത് രാജ്യത്തെയും ഏത് ഭാഷയും സംസാരിക്കുന്ന ജനങ്ങൾ ഈ പ്രവാചകന്മാർ എഴുതിയതിനെ കുറിച്ച് എന്ത് ചിന്തിച്ചാലും ഇവർ എഴുതിയതിന്റെ അർത്ഥം വളരെ വ്യക്തമാണ്.

"നീ (ബാബിലോൺ) നിത്യശൂന്യമായി ഭവിക്കും' യിരെമ്യാവ് 51: 26. "ബാബിലോൺ നിവാസികളില്ലാതെ കൽക്കുന്നുകളും കുറുനരികളുടെ പാർപ്പിടവും വിസ്മയത്തിനും ചൂളം വിളിക്കും വിഷയമായിത്തീരും." 37-ാം വാക്യം.

എമേഴ്സൺ സംസാരിക്കണമെന്ന് സൂചിപ്പിച്ചു.

''മുൻകൂട്ടി അറിയിക്കപ്പെടുക എന്നത് മുൻകൂട്ടി യുദ്ധസന്നാഹം നടത്തുന്നതിനു തുല്യമാണ്. എമേഴ്സൺ പറഞ്ഞു. ഇത്തരം അത്യാസന്നമായ തകർച്ചയെക്കുറിച്ചുള്ള ദൂതുകൾ അവർ അറിഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും ജനം ഒരുങ്ങിയിരുന്നേനേ.

"അതെ, ബാബിലോൺ ജനം അവരുടെ വിധി മാറ്റിയെഴുതാൻ ശക്തി പുതുക്കിയിരിക്കാം എന്നാലും അതവർക്ക് ഒന്നും നേടിക്കൊടുത്തില്ല. കാരണം യിരെമ്യാവ് 51: 53 ഇങ്ങനെ പറയുന്നു. "ബാബിലോൺ ആകാശത്തോളം കയറിയാലും കോട്ട ഉയർത്തി ഉറപ്പിച്ചാലും, ഞാൻ വിനാശകന്മാരെ അതിലേയ്ക്ക് അയയ്ക്കും എന്ന് യഹോവയുടെ അരുളപ്പാട്."

"ബാബിലോണിൽ ഇന്ന് ആൾപ്പാർപ്പുണ്ടോ? അവിടെ ഏതെങ്കിലും മനുഷ്യൻ ഇന്ന് ജീവിക്കുന്നുണ്ടോ? ഒരുത്തൻ പോലുമില്ല? ഈ പ്രവചനങ്ങളുടെ സത്യം നിഷേധിക്കുന്നവൻ എവിടെ? ഇപ്പോൾ എമേഴ്സൺ, ഞാൻ നിങ്ങളോട് നേരിട്ട് ചോദിക്കുന്നു: ഈ പ്രവചനങ്ങൾ സത്യമാണോ? അവ നിറവേറിക്കഴിഞ്ഞോ?"

“ഡാഡ്, പറയൂ ഡാഡ്” ലൂസിലെ പറഞ്ഞു. എന്നിട്ട് ജോർജ്ജിനോട് സ്വകാര്യമായി പറഞ്ഞു, “എല്ലാം കഴിഞ്ഞ മട്ടാണ് തോന്നുന്നത്.”

“അത്ര പന്തിയാണെന്ന് എനിക്കും തോന്നുന്നില്ല”- ജോർജ്ജ് പറഞ്ഞു.

“ഈ പ്രവചനങ്ങൾ തെറ്റാണെന്ന് നിങ്ങൾ അവകാശപ്പെടുന്നുണ്ടോ, എമേഴ്സൺ?” ഡെയർ വീണ്ടും സംസാരിച്ചു.

“തീർച്ചയായും, നൂറ്റാണ്ടുകളായി ബാബിലോണിൽ ആൾപ്പാർപ്പില്ലെന്ന് ഏത് സ്ക്കൂൾ കുട്ടിക്കും അറിയാം”, മറുപടി വന്നു. “പക്ഷെ ഡെയർ, ഈ പ്രവചനങ്ങൾ ബാബിലോണിന്റെ തകർച്ചയ്ക്കു ശേഷം എഴുതിയിട്ട്, പഴയ ഒരു തീയതിയിലേതാണെന്ന് പറഞ്ഞാൽ അത് നമുക്കെങ്ങനെയറിയാനാവും?” കേൾവിക്കാരിൽ നിന്ന് അംഗീകാരത്തിന്റേതായ ഒരു നേരിയ മുറുമുറുപ്പിനിടെ എമേഴ്സൺ ഇരുന്നു.

“ഈ പ്രവചനങ്ങൾ ക്രിസ്തുവിനു ശേഷം എഴുതിയതാണെന്ന് നിങ്ങൾക്ക് ഉറപ്പിക്കാനാവുമോ?” ഡെയർ ചോദിച്ചു.

“ഒരിക്കലുമാവില്ല” എമേഴ്സൺ പറഞ്ഞു. “കാരണം അത് [17]‘സെപ്റ്റാജിന്റിൽ’ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് എല്ലാവർക്കുമറിയാം.’

“സത്യം, അതായത് ചോദ്യത്തിന്റെ കാതലായ ഭാഗം ഇതാണ്, എപ്പോഴാണ് യെശയ്യാവിന്റെയും യിരെമ്യാവിന്റെയും പ്രവചനങ്ങൾ എഴുതപ്പെട്ടത്? ‘സെപ്റ്റാജിന്റിൽ’ ഉൾപ്പെടുത്തിയിരുന്നതിനാൽ ഇവ എഴുതപ്പെട്ടത് വിവർത്തനം എഴുതുന്നതിനു മുൻപായിരിക്കണം. എന്നാണ് ‘സെപ്റ്റ്വാജിന്റ്’ എഴുതപ്പെട്ടത്?

“ഏതാണ്ട് 200 ബിസിയിൽ” എമേഴ്സൺ പറഞ്ഞു.

“സത്യം” ഡെയർ മറുപടി നൽകി. “ഈ ചർച്ചയുടെ ഉദ്ദേശലക്ഷ്യത്തിനു വേണ്ടി മാത്രം ബാബിലോണിനെക്കുറിച്ചുള്ള ഈ പ്രവചനത്തിന്റെ രചന നടന്നത് 200 ബിസിയിലാണെന്നത് ഞാൻ അംഗീകരിക്കുന്നു. ഈ പ്രവചനങ്ങൾ എഴുതപ്പെട്ട ഏറ്റവും അടുത്ത തീയതിയായി 200 ബിസിയെ നിങ്ങൾ സ്വീകരിക്കുമോ എമേഴ്സൺ?”

“ഓ, തീർച്ചയായും.”

“ഇവിടിരിക്കുന്ന ആരെങ്കിലും ഇതിനും ശേഷമുള്ള തീയതി വേണമെന്ന് വാദിക്കുന്നുണ്ടോ?” മറുപടിക്കു കാത്തുകൊണ്ട് പ്രഭാഷകൻ തെല്ലൊന്നു നിർത്തി. ആരും സംസാരിച്ചില്ല. “എങ്കിൽ ഈ പ്രവചനങ്ങൾ 200 ബിസിക്കു ശേഷം എഴുതപ്പെട്ടതല്ല എന്ന എന്റെ വാദഗതി നിങ്ങൾ അംഗീകരിക്കുന്നോ?” ഉത്തരത്തിനായി വീണ്ടും നിർത്തി. ശ്രോതാക്കൾ അംഗീകരിക്കുന്നതായി തലയാട്ടി.

“എങ്കിൽ നമ്മൾ ഒരേ കാര്യത്തിന്റെ രണ്ട് ഘടകങ്ങളാണ്. ഒന്ന്, ഈ പ്രവചനങ്ങൾ സത്യമാണെന്നും, രണ്ട്, 200 ബിസിക്കു ശേഷം എഴുതപ്പെട്ടതല്ല ഇവ എന്നും.’

എമേഴ്സൺ വീണ്ടും സംസാരിച്ചു: “ഈ പ്രവചനങ്ങൾ 200 ബിസിക്കു മുൻപല്ല എഴുതിയതെന്നാണ് നിങ്ങൾ അംഗീകരിക്കുന്നതെങ്കിൽ നിങ്ങളുടെ വാദമുഖം തന്നെ തീർന്നു, നിങ്ങൾ തോറ്റിരിക്കുന്നു.”

ഡേവിഡ് ഡെയർ ചിരിച്ചു. “നേരെ മറിച്ച് അവിശ്വാസത്തിന്റെ നിലയുറപ്പ് തന്നെ അവതാളത്തിലാവുകയാണ്.”

“അതെങ്ങനെ?”

“ക്രിസ്തുവിന്റെ ക്രൂശുമരണത്തിനുശേഷം ശതാബ്ദങ്ങൾ കഴിഞ്ഞിട്ടും ഈ പ്രവചനങ്ങൾ മുഴുവനായും നിറവേറിയിട്ടില്ലെന്ന അംബരപ്പിക്കുന്ന വസ്തുത തന്നെയാണ് അതിനു കാരണം. ഏറ്റവും നിശിതരായ വിമർശകർ പോലുമിത് അംഗീകരിക്കുന്നു.

അംബരപ്പിന്റെ ശ്വാസം വലികൾ അവിടെയാകെ കേൾക്കാമായിരുന്നു. പുരികം ചുളിച്ചുകൊണ്ട് ജോർജ്ജ് സഹോദരിയെ നോക്കി. അവൾ സന്തോഷത്തോടെ പുഞ്ചിരിച്ചു, കാരണം അവൾക്ക് ഒരു ഉശിരൻ പോരാട്ടത്തിന്റെ മണം കിട്ടി. എമേഴ്സന്റെ ഭാര്യ വിഷമത്തിലായി. എമേഴ്സൺ ഞെട്ടലിലായിരുന്നു. പ്രേക്ഷകരെല്ലാം പ്രതീക്ഷയോടെ മുന്നോട്ടാഞ്ഞിരുന്നു.

“ഏതായാലും അയാളുടെ വാദഗതി നിർണ്ണായകമാവുകയാണെന്ന് തോന്നുന്നു” ലൂസിലെ ജോർജ്ജിന്റെ ചെവിയിൽ മന്ത്രിച്ചു.

“ഒന്നു നിൽക്കൂ, ഡാഡ് ഇനിയും പറഞ്ഞു കഴിഞ്ഞിട്ടില്ല.”

“അതെ കഴിഞ്ഞിട്ടില്ലെന്ന് പ്രത്യാശിക്കാം” ലൂസിലെ ചിരിച്ചു.

“പക്ഷെ ഇത് എല്ലാമാകുന്നില്ല” ഡെയർ തുടർന്നു. “ബാബിലോണിന്റെ പതനം പ്രവചിക്കുക മാത്രമല്ല പ്രവാചകർ ചെയ്തത്. തകർന്നടിഞ്ഞ ബാബിലോണിന്റെ ഇന്നത്തെ അവസ്ഥ എങ്ങനെയാണെന്ന് ഏതാണ്ട് രണ്ടായിരം വർഷം മുമ്പ് അവരുടെ പ്രവചനത്തിലൂടെ കാണിച്ചു തന്നു.’

“ഈ വാകൃങ്ങൾ വളരെ ചിന്തിച്ച് വായിക്കുക. യെശയ്യാവ് 13, 14:4–12, 21:1–10, 47:11, യിരെമ്യാവ് 25:12–14, 50, 51. ഒരു പുസ്തകമെഴുതാനുള്ളത്ര വിവരണങ്ങൾ ഈ വാകൃങ്ങളിലുണ്ട്. ഈ പ്രവചനങ്ങളെ സംശയിക്കുന്നവർ കൈകളുയർത്തിയാലും.”

ഒരു കരവും ഉയർന്നില്ല.

“ഇനി ഈ പ്രവചനങ്ങൾ സ്പഷ്ടവും വ്യക്തവുമാണെന്ന് കരുതുന്നവർ കൈ ഉയർത്തുക.”

ഇപ്പോൾ കടൽത്തിരപോലെയാണ് കൈകളുയർന്നത്. “ഇത് ഏതാണ്ട് ഐക്യദാർഢ്യമുള്ള കാര്യമാണെന്ന് തോന്നുന്നു.” അദ്ദേഹം അഭിപ്രായപ്പെട്ടു.

“പ്രവചനം നിറവേറുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പു തന്നെയാണ് അവ എഴുതിയതെന്ന് പരക്കെ സമ്മതിക്കുന്നതിനാൽ മറിച്ചാണ് എന്ന് അവകാശപ്പെടുന്ന ആരെങ്കിലുമുണ്ടോ? അങ്ങനെയെങ്കിൽ കൈ ഉയർത്തുക.” ഡെയർ കാത്തുനിന്നു. ആരും പ്രതികരിച്ചില്ല.

“ശരി. നമുക്കിതിന് വ്യക്തതയുണ്ടാക്കാം. ഈ പ്രവചനങ്ങൾ സുവ്യക്തവും സ്പഷ്ടവും എന്നു മാത്രമല്ല അവ സംഭവിക്കുന്നതിനും മുന്നേ എഴുതപ്പെട്ടതാണെന്നും സമ്മതിക്കുന്നവർ അവരുടെ വലതു കരം ഉയർത്തിയാലും.”

ഇപ്പോൾ അനവധി കരങ്ങളുയർന്നു.

ലൂസിലെയും ജോർജ്ജും ചുറ്റും നോക്കി അന്യോന്യം ചിരിച്ചു.

“ആദ്യത്തെ ചൂടിൽ ഡെയർ വിജയിച്ചതുപോലെ തോന്നുന്നു” ലൂസിലെ പറഞ്ഞു.

എമേഴ്സൺ ആകെ അമ്പരന്നു പോയി. “ആദ്യമായാണ് ഞാൻ ഡാഡിനെ ഇത്ര ആടിയുലഞ്ഞതായി കാണുന്നത്.” ജോർജ്ജ് പ്രതികരിച്ചു. എന്നിട്ട് പിതാവിന്റെ അടുത്തേയ്ക്ക് നീങ്ങിയിട്ട് ചോദിച്ചു:

“ഈ കേൾവിക്കാർ ഭൂരിഭാഗവും ക്രിസ്ത്യാനികളാണോ ഡാഡ്?”

“അല്ല.” എമേഴ്സൺ പുരികം ചുളിച്ചുകൊണ്ട് മറുപടി പറഞ്ഞു. “അതുകൊണ്ടാണ് ഈ സമ്മതിദാനം എനിക്ക് മനസ്സിലാവാത്തത്. ഇവിടിരിക്കുന്ന അനേകരെ എനിക്കറിയാം. അവരെല്ലാം എന്നെപ്പോലെതന്നെ കടുത്ത നാസ്തികന്മാരാണ്. എന്നിട്ടും അവർ ഡെയറിന് അനുകൂലമായി വോട്ടു ചെയ്യുന്നുവല്ലോ.”

“എതിരായി വോട്ടു ചെയ്യാൻ അങ്ങേയ്ക്കാവുമോ?.” ജോർജ്ജ് ചോദിച്ചു.

“അയാൾ ചോദിച്ചതിനനുസരിച്ചാണെങ്കിൽ എനിക്കെതിരായി വോട്ട് ചെയ്യാനാവില്ല. എന്നാലും ഇത് തീർന്നിട്ടില്ലല്ലോ. അതായത് - - ഡെയർ സംസാരിച്ചു തുടങ്ങിയപ്പോഴേക്കും എമേഴ്സൺ പറഞ്ഞത് മുറിഞ്ഞു.

“ഞാൻ പ്രസ്താവിച്ച വസ്തുതകൾ എല്ലാവരും അംഗീകരിച്ചിരിക്കുന്നതിനാൽ നിങ്ങൾ എങ്ങനെയാണ് എമേഴ്സൺ ഈ പ്രവചനത്തിന്റെ അതിശയകരമായ പൂർത്തീകരണത്തെക്കുറിച്ച് വിശദീകരിക്കുന്നത്?”

“ആ പ്രവാചകന്മാരെല്ലാം കർക്കശക്കാരായ മതവാദികളായിരുന്നു.” എമേഴ്സൺ മറുപടി നൽകി. “അവർ വൻ നഗരങ്ങളുടെ ക്ഷുദ്രത ദർശിച്ചു. അവർക്ക് ബാബിലോൺ തിന്മയുടെയും ദുഷ്ടതയുടെയും ചിഹ്നമായിരുന്നു. നഗരങ്ങളെക്കാൾ ശക്തനാണ് ദൈവമെന്ന് അവർ വിശ്വസിച്ചപ്പോൾ അവയെ ദൈവം തകർക്കുമെന്ന് അവർ വിശ്വസിച്ചു. അവർ ആത്മാർത്ഥമായി

വിശ്വസിച്ചിരുന്നതെന്തോ അത് പ്രവചിച്ചു. എന്നാൽ അത് ലവലേശം പോലും അമാനുഷ ശ്രോതസ് പകർന്നു നൽകിയ മുന്നറിവു മൂലമല്ല."

"കൊള്ളാമല്ലോ ഡാഡ്" ലൂസിലെ തലയാട്ടിക്കൊണ്ട് എമേഴ്സൺ ഇരുന്നപ്പോൾ ചെവിയിൽ മന്ത്രിച്ചു.

"ആദ്യ നോട്ടത്തിൽ സമർത്ഥവും കൈയ്യടി ലഭിക്കേണ്ടതും തന്നെ,' ഡെയർ ചിരിയോടെ പറഞ്ഞു. "എന്നാൽ നമുക്ക് ഏതാനം വസ്തുതകൾ പരിശോധിക്കാം. 200 ബിസിയിലാണ്' പ്രവചനങ്ങൾ നടന്നതെന്ന് ഊഹിച്ചാൽ, ന്യൂയോർക്ക് നഗരത്തിന്റെ ഇന്നത്തെ വയസിനേക്കാൾ രണ്ടിരട്ടി പ്രായം അന്ന് റോമിനുണ്ടായിരുന്നു. ബാബിലോണിനേക്കാൾ ശക്തിയും പ്രാപിച്ചു. എന്നാൽ പ്രവാചകന്മാരാരും റോം നിലം പതിക്കുമെന്ന് പ്രവചിച്ചില്ല. 2600 വർഷങ്ങൾക്കു ശേഷവും റോം ഇന്നും നിലനിൽക്കുന്നു. 'കർക്കശ മതവാദികൾ എന്ന് നിങ്ങൾ പറയുന്ന ഈ പ്രവാചകന്മാർക്ക് ബാബിലോണിന്റെ പതനത്തെപ്പോലെ റോമിനെക്കുറിച്ച് ചിന്തിക്കാനും എല്ലാവിധ കാരണങ്ങളുമുണ്ടായിരുന്നു.

"എമേഴ്സൺ പറഞ്ഞ മറുപടി ദൈവീക സഹായം ലഭിച്ചുവെന്ന് സമ്മതിക്കേണ്ടി വരുന്ന ആപത് ഘട്ടത്തിലേക്ക് നയിക്കുന്നു. അദ്ദേഹത്തിന്റെ വിശദീകരണം അടിസ്ഥാനമാക്കുന്നത് ഒരുതരം 'മതപരമായ ആവേശമാണ്'. അത് പ്രവാചകന്മാർക്ക് മനുഷ്യാതീതമായ ഭവിഷ്യവാണി നൽകിയെന്ന് ഉറക്കെ പറയുന്നു. എന്നാൽ മതോന്മാദത്തിലുപരിയായി അതിൽ അശുഭാപ്തി വിശ്വാസവും മനുഷ്യദ്വേഷവുമാണ് ഉള്ളത്.

"എന്നിരുന്നാലും യെശയ്യാവും യിരെമ്യാവും ഒരു തരം മതോന്മാദത്തിലാണെങ്കിൽ പോലും ബാബിലോണിന്റെ തകർച്ചയെക്കുറിച്ചു ശരിയായി പ്രവചിച്ചു. പക്ഷെ അവരുടെ പ്രവചനത്തിന്റെ വിശദാംശങ്ങൾ എങ്ങനെ നിങ്ങൾക്കു വിവരിക്കാനാവും?

"ഇത്തരമൊരു രാജ്യം, അതായത് ലോകത്തെ ഏറ്റവും സംസ്കാര സമ്പന്നരായ ഒരു ജനം വസിക്കുന്ന ഇടം. ഒരു 'സുവർണ്ണ

നഗരം'. ലോകമറിയുന്ന ഫലഭൂയിഷ്ട പ്രദേശങ്ങളിൽ വച്ച് ഏറ്റവും വളക്കൂറുള്ള മണ്ണിൽ സ്ഥാപിതമായ നഗരം. എങ്ങനെ ഇങ്ങനെയൊരു സ്ഥലം വന്യവും വിജനവും കരിനിലവും അപ്പാടെ ഫലം പുറപ്പെടുവിക്കാത്തതും ആൾപ്പാർപ്പില്ലാത്ത മരുഭൂമിയുമാവും. മാനുഷിക നിലയ്ക്ക് ഇതൊരു അസംഭവ്യ കാര്യം തന്നെ. അതു വരെ അത്തരത്തിലൊരു ദുരന്തം ഒരു രാജ്യത്തിലും ഉണ്ടായിട്ടില്ല. മാത്രവുമല്ല ഇത്തരത്തിലുള്ള ദുരന്തം ബാബിലോണിലല്ലാതെ ഇന്നു വരെ യൂറോപ്പിലോ അമേരിക്കയിലോ ചൈനയിലോ പോലും ഉണ്ടായിട്ടില്ല.

''മഹതിയായ ബാബിലോൺ. ബാലിന്റെ നഗരം. ലോകത്തിന്റെ തന്നെ തലസ്ഥാനവും അത്ഭുതവും. ഭീമാകാരനായൊരാൾ [18]പിഗ്മിയോടെന്ന പോലെ അവർ യെരുശലേമിനെതിരെ യുദ്ധം ചെയ്തു. യെരുശലേം അവരുടെ അടിമകളായി. പക്ഷെ ഒരു രാസ്വപ്നം പോലെ ബാബിലോണും അതിന്റെ ജനവും മാഞ്ഞു പോയി. എന്നാൽ യെരുശലേമും അതിലെ ജനവും ഇന്നും നിലനിൽക്കുന്നു. 'കാർക്കശ്യക്കാരായ മതവാദികളുടെ സ്വേദനങ്ങൾ എന്നതിലുപരിയായി അവർ പ്രവചിച്ച ഈ വസ്തുതകൾക്ക് ഒരു വിശദീകരണം ആവശ്യമാണ്.

"നിവാസികളില്ലാതെ" പ്രവാചകർ പറഞ്ഞു. എത്ര സത്യം. അത്ഭുതകരമായ മനുഷ്യാതീതമായ സത്യം! എന്നാൽ ഇത് എല്ലാമാവുന്നില്ല. ലോകത്തെ ഏറ്റവും പ്രധാന നഗരങ്ങളുടെയെല്ലാം സ്ഥാനം സാധാരണ വളരെ വിദഗ്ധമായാണ് തെരഞ്ഞെടുക്കുക. പ്രകൃതി സാഹചര്യങ്ങളിൽ അതിസമ്പന്നവുമായിരിക്കും. ജനം അവിടെ തിങ്ങിപ്പാർക്കും. അവ ക്ഷയിക്കുകയും ജീർണ്ണിക്കുകയും ചെയ്തേക്കാം. എങ്കിലും ഒരു വിഭാഗം ജനം അതിന്റെ ആദ്യ സ്ഥലത്ത് വസിക്കുന്നുണ്ടാവും. ദമാസ്ക്കസ്, യെരുശലേം, ഏഥൻസ്, റോം, അന്ത്യോക്യ, അലക്സാണ്ട്രിയ, ബൈസാന്റിയം, സിദോൻ എന്നീ നഗരങ്ങളെല്ലാം തന്നെ ഇന്നും നിലനിൽക്കുന്നു. അവ സ്ഥാപിതമായി ആയിരം വർഷങ്ങൾക്കു ശേഷവും പലതിന്റെയും പരിണിതഫലമായി തുടരുന്നു. എന്നാൽ ബാബിലോൺ

എല്ലാത്തിനും മീതെ ഏറ്റവും സമ്പന്നമായിരുന്നിട്ടും മറവിയുടെ ആഴങ്ങളിലേക്ക് മുങ്ങിത്താണു. ഇതെല്ലാം മുന്നമേ എഴുതപ്പെട്ടുവെന്ന വസ്തുത നിലനിൽക്കെ നിങ്ങൾ ഇതിനെ എങ്ങനെ വിലയിരുത്തുന്നു?

ആരും മറുപടി നൽകാതിരുന്നപ്പോൾ പ്രഭാഷകൻ തുടർന്നു.

"നമ്മൾ ഇപ്പോഴും പൂർത്തിയാക്കിയിട്ടില്ല. യെശയ്യാവ് 13:20ൽ പറയുന്നു "അറബിയും അവിടെ കൂടാരമടിക്കില്ല". ബാബിലോൺ പൊടിയായ ശേഷവും അറേബ്യർ നിലനിൽക്കുമെന്ന് യെശയ്യാവ് എങ്ങനെയറിഞ്ഞു.

"രണ്ടായിരത്തഞ്ഞൂറു വർഷം മുമ്പ് ഏതാനും വിനീതരായ അറബികൾ ബാബിലോണിൽ കൂടാരമടിച്ചിരുന്നുവെങ്കിലും ബാബിലോൺ ലോകത്തിന്റെ അഹങ്കാരികളായ ഭരണകർത്താക്കളായിരുന്നു. ഈ ഭരണവംശത്തിന്റെ സമ്പൂർണ്ണ നാശം പ്രവചിക്കപ്പെട്ടു. ഒരൊറ്റ ബാബിലോണ്യൻ പോലും ഇപ്പോൾ ജീവിച്ചിരിപ്പില്ലെന്ന് ലോകത്തിനു മുഴുവൻ ഇന്നറിയാം. പ്രവചനത്തിൽ ഇതുകൂടി അർത്ഥമാക്കുന്നു: 'ലോകം അടക്കി ഭരിച്ച നഗരമുൾപ്പെടെ ഭൂമിയിലെ ഏറ്റവും ശക്തമായ ഒരു വംശം നശിക്കുമ്പോൾ ഈ ചെറിയ നിസ്സാരരായ നാടോടികളായ അറബികൾ നശിക്കാതെ തുടരും. രണ്ടായിരം വർഷം പിന്നിടും. അതെ, ഈ വൻനഗരം തകർന്നടിഞ്ഞ് വിസ്മൃതിയിലായിട്ടും അറബികൾ നിലനിൽക്കും.

"അറബികൾ ബാബിലോണിനടുത്ത് തുടർന്ന് ജീവിക്കുമെന്ന് യെശയ്യാവ് എങ്ങനെയറിഞ്ഞു? പക്ഷെ പ്രവചനം ഇത് വ്യക്തമായി സൂചിപ്പിക്കുന്നു. അവർ നാടോടികളായതിനാൽ തകർന്നടിഞ്ഞ ബാബിലോൺ പരിസരത്തു നിന്ന് ഒന്നുകിൽ മാറിപ്പോകുമെന്നോ അല്ലെങ്കിൽ സ്വയം ഇല്ലാതാകുമെന്നോ യുക്തിപരമായി നമുക്ക് ചിന്തിച്ചുകൂടെ. ബാബിലോൺ തകർന്നടിഞ്ഞ് രണ്ടായിരം വർഷം കഴിഞ്ഞും ഇവർ നിലനിൽക്കുമെന്ന് യെശയ്യാവ് എങ്ങനെയാണ് അറിഞ്ഞത്. അതായത് അവർ ഇന്നും ഉണ്ടാവുമെന്ന്? ബാബിലോണിന് ആയിരം മൈൽ ചുറ്റളവിൽ ഒരു അറബി പോലും ഇന്നില്ലെങ്കിൽ അവിശ്വാസിയുടെ രൂക്ഷമായ പരിഹാസച്ചിരി

ഒന്നൂഹിച്ചു നോക്കൂ. ബാബിലോൺ ഓർമ്മയിൽ നിന്ന് മറയുന്നതിനു മുന്നേ [19]ഡോഡോയെപ്പോലെ അറബികൾക്ക് വംശനാശം സംഭവിച്ചിരുന്നെങ്കിൽ അവിശ്വാസികൾക്ക് അതൊരു ആമോദഗാനമായേനേ.

"അറബികൾ കൂടാരങ്ങളിൽ വസിക്കുമെന്ന് യെശയ്യാവ് എങ്ങനെയറിഞ്ഞു? ബാബിലോണിലെ അവശിഷ്ടങ്ങൾ എടുത്തുകൊണ്ടുവന്ന് അനുയോജ്യമായ സ്ഥലങ്ങളിൽ അനേകം ഗ്രാമങ്ങൾ അവർക്ക് പണിയാമായിരുന്നു. പക്ഷെ അറബികൾ ഇന്നുവരെ കൂടാരങ്ങളിൽ താമസിച്ചു. സാദ്ധ്യതകളെല്ലാം ഇതിനെതിരായിരുന്നു. ലോകചരിത്രത്തിൽ വേറൊരു ജനതതിയുടെ കാര്യത്തിലും ഇത് സത്യമല്ല.

"ബാബിലോണിന്റെ അവശിഷ്ടങ്ങൾ അറബികൾ വീടു പണിയാനായി ഉപയോഗിക്കില്ലെന്ന് യെശയ്യാവ് എങ്ങനെയറിഞ്ഞു?"

"അറബികളെ പെട്ടെന്ന് ഈ പുരാതന നഗരത്തിൽ രാത്രി താമസിപ്പിക്കുക അസംഭവ്യമാണെന്ന് ഇക്കാലഘട്ടത്തിലെ പര്യവേക്ഷകരും ഉത്ഖനനം ചെയ്യുന്നവരും പറയുന്നു. സായുധരായ ആറ് അറബികൾക്കൊപ്പം അവിടെപ്പോയ ക്യാപ്റ്റൻ മിഗ്നൻ പറയുന്നതിങ്ങനെയാണ്. 'ദുരാത്മാക്കളെ ഭയന്ന് രാത്രിയിൽ അവിടെ തങ്ങാൻ അവർ തയ്യാറായില്ല. ഈ ചിന്ത അവരുടെ മനസ്സുകളിൽ നിന്ന് തുടച്ചുമാറ്റുക നടക്കാത്ത കാര്യമാണ്.' ('ട്രാവൽസ്' പേജ് 235) എങ്കിലും എല്ലാവരുമറിയുന്നതുപോലെ അറബികൾ ഭയപ്പെടാത്ത പോരാളികളും അപകടകാരികളായ യോദ്ധാക്കളുമാണ്.'

എമേഴ്സൺ ഉടക്കി. "അറബികളെക്കുറിച്ചുള്ള ഒരു ചെറിയ പ്രവചനത്തിൽ നിന്ന് നിങ്ങൾ ഒത്തിരി പറയുകയാണല്ലോ. ജിപ്സികളുടെ കാര്യത്തിലും നിങ്ങളുടെ ചില പ്രസ്താവനകൾ ശരിയല്ലേ. അവരും കൂടാരങ്ങളിൽ കഴിയുന്ന നാടോടികളല്ലേ."

"അറബികളെക്കുറിച്ചുള്ള പ്രവചനം, ഡെയർ വിശദീകരിച്ചു, സുവ്യക്തമായും സത്യമാണ്. ആർക്കും, നിങ്ങൾക്കു പോലും എമേഴ്സൺ ഈ പ്രവചനത്തിന്റെ കൃത്യതയെ

തള്ളിക്കളയാനാവില്ല. പുരാതന പ്രവചനത്തിന്റെ വസ്തുതകളെക്കുറിച്ചുള്ള ഇന്നിന്റെ സവിശേഷമായ രേഖകൾ അവിശ്വാസികളെ ജിപ്സികളിലേക്കെത്തിക്കുന്നു, ഈ പ്രവചനത്തിന്റെ ശക്തിയെ കുറച്ചു കാണിക്കാൻ.

"എന്നാൽ ജിപ്സികളുടേത് യാതൊരു യോജിപ്പുമില്ലാത്ത കാര്യമാണ്. ഒന്നാമത്തെ കാര്യം, യെശയ്യാവിന്റെ കാലം കഴിഞ്ഞും അനേക വർഷങ്ങൾക്കു ശേഷവും അവർ ഉണ്ടായിട്ടില്ലായിരുന്നു. രണ്ടാമത്തെ കാര്യം അവർ എല്ലായിടവും ചുറ്റി നടക്കുന്നു. അറബികളെപ്പോലെ നൂറ്റാണ്ടുകളോളം ഒരു പുരാതന നഗരത്തിന്റെയും അവശിഷ്ടങ്ങൾക്കരികിൽ അവർ ഒരിക്കലും താമസിച്ചിട്ടില്ല. അതുകൊണ്ട്, യെശയ്യാവിന്റെ കാലത്ത് അവർ ഉണ്ടായിരുന്നെങ്കിൽ പോലും പ്രവചനം അവരെ സംബന്ധിച്ച് ഒരിക്കലും സത്യമാവില്ല. ഇത് ഇപ്പോഴും ഒരു വസ്തുതയാണ്. അറബികളെക്കുറിച്ചുള്ള പ്രവചനം അതിശയിപ്പിക്കും വിധം വിശിഷ്ടവും സവിശേഷവുമാണ്. കൊഴിയുന്ന ഓരോ ദിനവും അതിനെ ശക്തിപ്പെടുത്തുന്നു.

എമേഴസ്ൺ സംസാരിക്കണമെന്നാവശ്യപ്പെട്ടു. "ഒരു പ്രവചനത്തിന്റെ കാര്യം അവതരിപ്പിക്കാൻ വളരെ ശ്രദ്ധേയമായ ഏതാനം വസ്തുതകൾ നിങ്ങൾ മുന്നോട്ടു വച്ചുവെന്നത് ഞാൻ സമ്മതിക്കുന്നു. എന്നാലും ചില അസാധാരണ സമാനതകൾ കൊണ്ടും അതിശയിപ്പിക്കുന്ന ഊഹങ്ങൾ കൊണ്ടും ഞങ്ങളെ വിശ്വസിപ്പിക്കാനാവുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? ബാബിലോണിനെക്കുറിച്ചുള്ള തെളിവുകൾ ഏതാണ്ട് തീർന്നില്ലേ?

നേരേ മറിച്ച്, സ്ഥിരീകരണത്തിന്റെ ബഹുലതയുടെ ഓരങ്ങളിൽ മാത്രമേ ഞാൻ ഇതുവരെ സ്പർശിച്ചിട്ടുള്ളൂ. ഏതാണ്ട് നൂറിലധികം സവിശേഷതകൾ ഈ പ്രവചനത്തിലുണ്ട്. ഓരോന്നും പ്രവാചക ഭവിഷ്യവാണിയുടെ സവിശേഷമായ തെളിവുകൾ നിരത്തുന്നു. എല്ലാമെടുക്കുകയാണെങ്കിൽ ഒരു പുസ്തകം തന്നെയെഴുതാം. രണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിക്കാൻ ഞാൻ സമയമെടുക്കുകയാണ്.

"യിരെമ്യാവ് 51:58ൽ നമ്മളോട് ഇങ്ങനെ പറയുന്നു,

“ബാബേലിന്റെ വിശാലമായ മതിലുകൾ അശേഷം ഇടിഞ്ഞു പോകും.” ഒരു നഗരത്തിനു ചുറ്റും പണിയപ്പെട്ട ഏറ്റവും വലിയ മതിലിന്റെ അശേഷ നാശത്തെക്കുറിച്ചുള്ള പ്രവചന വിധി വന്ന് നൂറ്റാണ്ടുകൾക്കു ശേഷവും അത് ലോകത്തെ ഏഴ് മഹാത്ഭുതങ്ങളിൽ ഒന്നായി എണ്ണിയിരുന്നു.

“ഈ പ്രവചനത്തെക്കുറിച്ചോ ഇതിന്റെ നിറവേറലിനെക്കുറിച്ചോ സവിശേഷമായ ഒന്നും തന്നെ ഇതിലില്ല.” എമേഴ്സൺ ഇടയ്ക്കു കയറി പറഞ്ഞു. “മഹാനഗരത്തിന്റെ നാശത്തെക്കുറിച്ച് മുന്നറിവ് നൽകിയ പ്രവാചകൻ എന്ന് നിങ്ങൾ വിളിക്കുന്ന ആൾക്ക് സ്വാഭാവികമായും അതിന്റെ മതിൽ തകരുമെന്നും പ്രവചിച്ചു കൂടെ.”

“താങ്കൾ മറന്നു, ഡെയർ പറഞ്ഞു. എല്ലാ പുരാതന നഗരങ്ങൾക്കും മതിലുകളുണ്ടായിരുന്നു. ബാബിലോണിന്റെ അത്ര ശക്തമല്ല എങ്കിൽ പോലും മറ്റു പല നഗരങ്ങളുടെയും മതിലുകൾ തകർക്കപ്പെട്ടു. പക്ഷെ അവ പലതും ഇന്ന് അസാധാരണമായ രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്തു തന്നെയായാലും ഞാൻ തെളിയിക്കാനാഗ്രഹിക്കുന്ന കാര്യം യിരെമ്യാവ് പറഞ്ഞത് ശരിയായിരുന്നുവെന്നതാണ്. ഉദാഹരണത്തിന് ഇങ്ങനെ സങ്കൽപ്പിക്കുക. പ്രവാചകൻ പറഞ്ഞതിനു പാടെ വിരുദ്ധമായി ആ മതിൽ ഇന്നും നിലനിന്നിരുന്നുവെങ്കിൽ? പഴക്കമുള്ളതെങ്കിലും ബാബിലോണിന്റെയത്ര ശക്തമല്ലാത്ത ചൈനാ വൻമതിൽ ഇന്നുമുണ്ട്. ചുറ്റുമുള്ള സമതലത്തിനു മീതെ എഴുന്നു നിൽക്കുന്ന ഈജിപ്തിലെ പിരമിഡുകളെ പോലെ ബാബിലോണിലെ പ്രൗഢമായ മതിൽ ഉയർന്നു നിൽക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടെന്ന് ഈ ശ്രോതാക്കളോട് പറയുകയാണെങ്കിൽ ബൈബിളിനു നൽകുന്ന എത്ര വലിയ അടിയായിരിക്കും എമേഴ്സൺ അത്. പക്ഷെ നിങ്ങൾക്ക് അതിനാവില്ല, കാരണം പതിവുപോലെ പ്രവാചകൻ പറഞ്ഞത് ശരിയാണ്.

“അവസാനമായി നമ്മൾ വായിക്കുന്നു. “കൽദയ ദേശം കൊള്ളയിട്ട് പോകും. അതിനെ കൊള്ളയടിക്കുന്നവർക്ക് ഏവർക്കും തൃപ്തി വരും എന്ന് യഹോവയുടെ അരുളപ്പാട്.” യിരെമ്യാവ് 50:10. “സകല ദിക്കുകളിലും നിന്ന് അതിന്റെ നേരെ വന്ന് അതിന്റെ

കളപ്പുരകളെ തുറപ്പിൻ; ........ അതിൽ ഒന്നും ശേഷിപ്പിക്കാതെ നിർ മ്മൂല നാശം വരുത്തുവിൻ" യിരെമ്യാവ് 50:26. "അവയ്ക്കു നേരെ ഒരു വാൾ വന്നിരിക്കുന്നു; അതിന്റെ ഉറവുകൾ ഞാൻ വറ്റിച്ചു കളയും." യിരെമ്യാവ് 50:37. "വളരെ നിക്ഷേപങ്ങൾ ഉള്ളവളേ നിന്റെ അവസാനം വന്നിരിക്കുന്നു." യിരെമ്യാവ് 51:13.

"ഇവിടെ രണ്ട് സവിശേഷതകൾ ശ്രദ്ധിക്കുവാനുണ്ട്: ഒന്ന് - *ഏവർക്കും* എന്ന ചെറിയ വാക്കിൽ ഒരു ധ്വനിയുണ്ട്. ബാബി ലോണും കൽദയ ദേശത്തെ മറ്റ് നഗരങ്ങളും *പലപ്പോഴും* നശിപ്പി ക്കപ്പെടുമെന്ന ഒരു ധ്വനി. എന്നാൽ ഇതുപോലൊന്ന് ടയിറിനെക്കു റിച്ചോ നിനെവെയെക്കുറിച്ചോ പ്രവചിക്കപ്പെട്ടില്ല. അല്ലെങ്കിൽ തകർ ന്നടിയുമെന്ന് പ്രവാചകർ പറഞ്ഞ മറ്റ് നഗരങ്ങളെക്കുറിച്ചോ രാജ്യ ങ്ങളെക്കുറിച്ചോ ഇങ്ങനെ പ്രവചിക്കപ്പെട്ടിട്ടില്ല.

"രണ്ട് - ഒന്നിനു പിറകെ ഒന്നായെത്തുന്ന കൊള്ളക്കാരെ തൃപ്തരാക്കാൻ തക്കവിധം കൊള്ളമുതൽ ആ ദേശത്തുണ്ടാകുമെന്ന് പ്രവാചകൻ എങ്ങനെ അറിഞ്ഞു? ടയിർ ഭൂമിയിലെ ഏറ്റവും സമ്പന്ന രാഷ്ട്രങ്ങളിൽ ഒന്നായിരുന്നു. എന്നാൽ നെബുഖദെനേസർ ഒറ്റത്തവണ കൊള്ളയിട്ടപ്പോൾ തന്നെ മറ്റാരെയും ആകർഷി ക്കത്തക്കതൊന്നും പിന്നീട് അവിടെ ശേഷിച്ചില്ല.

"എന്നാൽ ബാബിലോണിലെ സമൃദ്ധമായ സ്വത്തുക്കൾ കൊള്ളക്കാരുടെ തുടരെത്തുടരെയുള്ള അത്യാർത്ഥിയോടെയുള്ള അപഹരണങ്ങൾക്ക് ക്ഷണക്കത്തായിത്തീർന്നു. അലഞ്ഞു തിരി യുന്ന ഒരു പുതിയ അക്രമിക്കൂട്ടം രാജ്യത്തെ കൊള്ളയിടുമ്പോൾ തന്നെ മറ്റൊരു സൈന്യം അവരെ നേരിടാൻ തയ്യാറെടുക്കുകയാവും, കൊള്ളമുതൽ അവരിൽ നിന്ന് തട്ടിയെടുക്കാനും രാജ്യം വീണ്ടും കൊള്ളയടിക്കാനും.

"[20]സൈറസ് വൻ നിധികൾ കൈവശപ്പെടുത്തി. [21]സെർക് സസും സൈന്യവും മറ്റ് വിലപിടിപ്പുള്ള വസ്തുക്കളെ കൂടാതെ ഏതാണ്ട് 690 കോടി രൂപയുടെ സ്വർണ്ണം മാത്രം അപഹരിച്ചു. പിന്നീട് [22]അലക്സാണ്ടർ ചക്രവർത്തി വന്നു. അപ്പോഴേക്കും ബാബി ലോണിന്റെ സ്വത്തുക്കൾ ക്ഷയിച്ചിരുന്നു. എങ്കിലും അതിൽ നിന്ന്

തന്റെ [23]വമ്പൻ പടയ്ക്ക് 50 ഡോളർ വീതം ഓരോരുത്തർക്കും നൽകി. കൂടാതെ ധാരാളം സ്വത്ത് സ്വന്തമായും നേടി. അലക്സാണ്ടറിന്റെ മരണശേഷം ഏതാണ്ട് 200 വർഷക്കാലം [24]പാർതിയൻമാർ ബാബിലോണിനെ അപഹരിച്ചു. പിന്നീട് പ്രവചന പ്രകാരം കാതങ്ങൾ താണ്ടി റോമക്കാർ എത്തി. ഇതേ കാര്യത്തിന് - ബാബിലോണിനെ കൊള്ളയടിക്കാൻ.

"ഒരുപക്ഷേ ചിന്തിച്ചേക്കാം ഇത്രയധികം വർഷത്തെ കൊള്ളയിടലിനു ശേഷം അവിടെ എന്തവശേഷിക്കാനാണെന്ന്. ഗിബ്ബോൺ എന്ന അവിശ്വാസി തന്നെയാണ് ഈ പ്രവചനത്തിന്റെ ഏറ്റവും നല്ല വ്യാഖ്യാതാവ്. കാരണം പ്രവചനത്തെക്കുറിച്ച് അറിവില്ലാത്ത ആളായതിനാൽ തന്നെ. അദ്ദേഹം ഏതാനം നൂറ്റാണ്ടുകളിലൂടെ കടന്നു പോകുന്ന അസംഖ്യം സാഹസികയാത്രകളെക്കുറിച്ച് പറയുന്നു. ബാബിലോണിലെയും സമീപ നഗരങ്ങളിലെയും അവശിഷ്ടങ്ങൾ കൊള്ളയടിക്കുന്നതിനു വേണ്ടി സംഘടിപ്പിക്കപ്പെട്ട യാത്രകൾ. ഒരു പൗരസ്ത്യ ദേശത്തിന്റെ സ്വത്തും സമൃദ്ധിയും കവരുന്നതുപോലെയുള്ള ഒന്നായിരുന്നു ബാബിലോണിന്റെ അവശിഷ്ടങ്ങളുടെ കവർച്ച. പിന്നീട് ഹെറാക്ലിയസിന്റെ നേതൃത്വത്തിലെത്തിയ റോമക്കാർ കൽദയ ദേശം കൊള്ളയിട്ടപ്പോൾ ഗിബ്ബോൺ ഇങ്ങനെ പറയുന്നു, ഏറിയ സ്വത്തുക്കളും നീക്കം ചെയ്യപ്പെട്ടിരുന്നുവെങ്കിലും ......... അവശേഷിച്ചത് അവരുടെ പ്രതീക്ഷകൾക്കും അപ്പുറത്തായിരുന്നു. അവരുടെ അത്യാർത്തിയെ പോലും തൃപ്തിപ്പെടുത്തുന്നതായിരുന്നു അത്. (ഡിക്ലൈൻ ആൻഡ് ഫാൾ ഓഫ് ദി റോമൻ എംപയർ, വാല്യം നാല്, പേജ് 480)

"വീണ്ടും 636-ൽ ഒരു കൂട്ടം ജേതാക്കളുടെ സന്തോഷം ഗിബ്ബോൺ വരച്ചു കാട്ടുന്നുണ്ട്. പ്രവചനം അറിയിച്ചതിനും നൂറു കണക്കിനു വർഷങ്ങൾക്കു ശേഷം. 'നഗ്നരായ കാട്ടുകള്ളന്മാർ പെട്ടെന്ന് അവരുടെ പ്രതീക്ഷയ്ക്കും അറിവിനും അപ്പുറം സമ്പന്നരായിത്തീർന്നു. ഓരോ രഹസ്യ അറയും കരുതി വച്ചിരുന്നത് പുതിയ നിധികളാണ്. കലയുടെ, ആഡംബരത്തോടെ പ്രദർശിപ്പിച്ചിരുന്ന സ്വർണ്ണത്തിന്റെയും വെള്ളിയുടേയും, വിവിധ തുണിത്തരങ്ങളുടെ,

അമൂല്യമായ ഗൃഹോപകരണങ്ങളുടെ അതുല്യ ശേഖരം. ഭാവനയെയും കണക്കുകളെയും വെല്ലുന്നതായിരുന്നു അത് എന്ന് [25]അബു-അൽ-ഫേദ പറയുന്നു. മറ്റൊരു ചരിത്രകാരൻ ഇങ്ങനെ കണക്കു കൂട്ടുന്നു. മൂവായിരക്കണക്കിന് ആയിരക്കണക്കിന് ആയിരക്കണക്കിന് സ്വർണ്ണക്കട്ടികൾ' - വാല്യം 5, പേജ് 180. ഇതാകട്ടെ ഭൂമിയിലെ വമ്പൻ പടകളുടെയും അതിശക്തരായ ജേതാക്കളുടെയും നാമാവശേഷമാക്കലിനും കൊള്ളയിടലിനും കവർച്ചയ്ക്കും ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞായിരുന്നു. ഇന്ന് ഈ നിമിഷം വരെയും അമൂല്യ നിധികൾ കണ്ടെത്തിക്കൊണ്ടിരിക്കുകയുമാണെന്ന് നിങ്ങൾ അറിയും.

"ഭൂമിയിലൊരിടത്തും ഒരു ജേതാവോ സാമ്രാജ്യമോ വീണ്ടും വീണ്ടും കവർച്ചയ്ക്കായി പോയതായി അറിവില്ല. എന്നിട്ടോ മുൻ കാലങ്ങളിൽ അവിടം കൊള്ളയടിച്ചെടുത്തവർ കൊണ്ടുപോയത് പരിഗണിക്കാതിരുന്നാൽ പോലും അവർ തിരികെ വന്നത് സ്വപ്നതുല്യമായ അവരുടെ അത്യാർത്ഥിയെ പോലും തൃപ്തിപ്പെടുത്തിക്കൊണ്ടാണ്. എന്നിട്ടും ഗിബ്ബോൺ എന്ന അവിശ്വാസി രേഖപ്പെടുത്തിയ ചരിത്രം പ്രവാചകൻ മുന്നമേ വെളിപ്പെടുത്തി.

"തകർന്നടിഞ്ഞ ബാബിലോണിന്റെ ചിത്രം വളരെ വർഷങ്ങൾക്കു മുമ്പേ നൽകിയതാണെങ്കിലും ഇത്രയും വ്യക്തവും സത്യവുമായ ചിത്രം നൽകുന്ന സ്ഥലങ്ങൾ വളരെ വിരളമാണ്. രണ്ട് സഹസ്രാബ്ദങ്ങൾക്കപ്പുറം യെശയ്യാവും യെഹസ്ക്കേലും യിരെമ്യാവും പറഞ്ഞ സാഹചര്യങ്ങൾ ഇന്നത്തെ ചരിത്ര എഴുത്തുകൾക്ക് വിശ്വാസ്യതയോടെ വരച്ചു കാണിക്കാനാവില്ല.

"അവർ സമർത്ഥമായ ഊഹങ്ങളാണ് നടത്തിയതെന്ന് നിങ്ങൾക്കു വേണമെങ്കിൽ കരുതാം. അല്ലെങ്കിൽ അവരുടെ വിസ്മയാവഹമായ സത്യങ്ങൾ വെറും യാദൃശ്ചികത മാത്രമെന്നും നിങ്ങൾക്കു കഴിയുമെങ്കിൽ കരുതാം. പക്ഷെ ഈ ബുദ്ധിമുട്ടുകളെ സൗകര്യപൂർവ്വം ഒരു യാദൃശ്ചികതയിൽ ലയിപ്പിക്കുന്ന നിങ്ങളുടെ വിശ്വാസം അല്ലെങ്കിൽ വിശ്വാസശീലത എന്നിൽ അത്ഭുതം ഉണർത്തുന്നു."

# 9.അവിശ്വാസിയായ ഭരണകർത്താവ് പ്രവചനം ചുരുളഴിക്കാൻ ശ്രമിക്കുന്നു

ഡേവിഡ് ഡെയർ എത്തിയപ്പോൾ ഹാൾ തിങ്ങി നിറഞ്ഞതായി അദ്ദേഹം കണ്ടു. കുറച്ചു സമയം സുഹൃത്തുക്കളുമായി സംസാരിച്ച ശേഷം ഡോ. മോർലിയെ കണ്ടു. അവർ ഒരുമിച്ച് തട്ടിലേക്ക് കയറി. അദ്ദേഹം സംസാരിക്കാനായി എഴുന്നേറ്റപ്പോൾ പതിവില്ലാത്ത ആവേശകരമായ സ്വീകരണം ലഭിച്ചു.

ഡെയർ അത് സ്വീകരിച്ചുകൊണ്ട് ചിരിച്ചു. "ഇന്ന് പ്രഖ്യാപിച്ചിരിക്കുന്ന വിഷയത്തിൽ നിങ്ങൾ തൽപരരാണെന്ന് ഞാൻ മനസ്സിലാക്കുന്നു." ഡെയർ അഭിപ്രായപ്പെട്ടു. "ഒരാളുടെ ദൃഢവിശ്വാസത്തെക്കുറിച്ച് വെറുതെ സംസാരിക്കുന്നതിനുമപ്പുറം എന്തെങ്കിലും ചെയ്യാനുള്ള ധൈര്യം കാണിക്കുന്നവരെ കണ്ടുമുട്ടുന്നത് എന്നെ ആഹ്ലാദിപ്പിക്കുന്നു. വാചകക്കസർത്തിനപ്പുറത്തേക്ക് ഭൂരിഭാഗം അവിശ്വാസികളും കടന്നു പോകാറില്ല."

"നമ്മളെ വിശ്വസിപ്പിക്കുന്നതിൽ പകുതിയെങ്കിലും ആത്മാർത്ഥതയുള്ളവരാണെങ്കിൽ അവിശ്വാസികൾക്ക് ബൈബിൾ തെറ്റാണെന്ന് അനായാസേന തെളിയിക്കാനാവുമായിരുന്നു. പുരാതന ടയിറോ, ബാബിലോണോ, നിനെവേയോ വീണ്ടും പണിയുക മാത്രമേ വേണ്ടൂ. കാരണം ഈ നഗരങ്ങളിൽ ഇനി ഒരിക്കലും നിവാസികളുണ്ടാവില്ലെന്ന് ദൈവം പറഞ്ഞിട്ടുണ്ട്. കഴിയുമെങ്കിൽ അദ്ദേഹത്തിന്റെ വാക്കുകളെ പരാജയപ്പെടുത്താൻ ലോകത്തെ വെല്ലുവിളിക്കുകയും ചെയ്തിട്ടുണ്ട്.

"നാമാവശേഷമായ ഈ നഗരങ്ങളിലൊന്നിലെങ്കിലും അവിശ്വാസികൾ വസിക്കുകയാണെങ്കിൽ അവർക്കൊരിക്കലും ബൈബിൾ പ്രവചനങ്ങളെ ചോദ്യം ചെയ്യേണ്ടി വരില്ല. കാരണം ബൈബിൾ സത്യം തെറ്റാണെന്നതിന്റെ ജീവിക്കുന്ന തെളിവുകളായി അവർ മാറും."

"പക്ഷെ അവിശ്വാസികളോടാവശ്യപ്പെടുന്ന അസാധാരണവും അസംബന്ധവും യുക്തിക്കു നിരക്കാത്തതുമായ ഒരു ആശയമാണ് അത്." എമേഴ്സൺ പ്രതിഷേധിച്ചു.

"ഞാൻ ഡെയറിനെ അനുകൂലിക്കുന്നു ഡാഡ്." എമേഴ്സൺ ഇരുന്നപ്പോൾ ലൂസിലെ മെല്ലെ പറഞ്ഞു. "അവിശ്വാസികൾ അവരുടെ വാദഗതിയെ ഇത്ര മുറുകെ പിടിക്കുന്നുവെങ്കിൽ അവർ അതിനു വേണ്ടി എന്തെങ്കിലും സാഹസികത കാണിക്കട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ. തീർച്ചയായും വിശ്വാസികൾ എന്തിനും ഇറങ്ങി പുറപ്പെടുന്നില്ലേ - അവരുടെ സ്വത്തും ജീവനും തന്നെ നൽകുന്നു. അവിശ്വാസികളോ ഒരു ഡോളർ പോലും നഷ്ടപ്പെടുത്തില്ല. അതെ, പ്രഭാഷകൻ ശരിയാണ്."

"ഒരു പ്രവചനം തെറ്റാണെന്ന് തെളിയിക്കാനുള്ള ചിന്ത അത്ര അസാധാരണമല്ല."ഡെയർ മറുപടി നൽകി. മനോയുക്തിക്കു തോന്നുന്നതെന്തോ അത്രമാത്രം. ഒരു നിശ്ചയദാർഢ്യമുള്ള അവിശ്വാസിക്ക് അങ്ങനെ തോന്നി.

"ലൂക്കോസ് 21ന്റെ 24ൽ യേശു പറഞ്ഞതെന്തെന്ന് വായിച്ചജ്ഞാനിയായ ഒരു മനുഷ്യൻ എഡി 300ൽ ജീവിച്ചിരുന്നു. 'അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളിലേയ്ക്കും ബദ്ധരായി കൊണ്ടുപോകുകയും ജാതികളുടെ കാലം തികയുവോളം ജാതികൾ യെരുശലേം ചവിട്ടിക്കളയുകയും ചെയ്യും.' അയാൾ ഒരിക്കൽ ക്രിസ്ത്യാനിയായിരുന്നതിനാൽ ഈ പ്രവചനത്തെക്കുറിച്ച് അറിയാമായിരുന്നു. ജാതികൾക്കു പകരം ഇസ്രയേല്യർ തന്നെ യെരുശലേം ചവിട്ടിക്കളയണമെന്ന് അയാൾ തീരുമാനിച്ചുറപ്പിച്ചു.

"യഹൂദ ദേവാലയത്തിന്റെയും ശശ്രൂഷകളുടെയും പൂർണ്ണനാശവും ബൈബിൾ പ്രവചിച്ചിട്ടുണ്ടെന്ന് ഈ മനുഷ്യനറിയാമായിരുന്നു. യഹൂദർ ഭൂമിയിലെ എല്ലാ രാജ്യത്തേക്കുമായി ചിതറിക്കപ്പെടുമെന്നും ക്രിസ്ത്യാനിത്വം ലോകത്തെ എല്ലാ രാജ്യം, ജാതി, ഭാഷ, ജനം എന്നിവയിലേക്ക് വ്യാപിക്കുമെന്നും അറിയാമായിരുന്നു.

"ക്രിസ്ത്യാനിത്വത്തെ തകർത്തെറിയാൻ അയാൾ കച്ചകെട്ടി യിരുന്നു. ക്രിസ്ത്യാനികളെ കൊന്നുകൊണ്ട് കഴിഞ്ഞ 250 വർ ഷമായി അദ്ദേഹത്തിന്റെ മുൻഗാമികൾ ചെയ്തതു പോലെയല്ല. അത് അവരുടെ സംഖ്യ വർദ്ധിപ്പിക്കാൻ മാത്രമാണ് ഉതകിയത്. കൂടുതൽ ഫലവത്തായ പ്രവചനങ്ങളെ തകിടം മറിക്കുക എന്നതാണ് അദ്ദേഹം സ്വീകരിച്ച മാർഗ്ഗം. അങ്ങനെ യേശു ഒരു നുണയനാണെന്ന് അദ്ദേഹം തെളിയിക്കും. ഇതിന് ആർക്കെങ്കിലും എന്നെങ്കിലും ശക്തിയുണ്ടായിരുന്നെങ്കിൽ അത് അദ്ദേഹത്തിനു മാത്രമായിരുന്നു. കാരണം അദ്ദേഹം റോമാ ചക്രവർത്തിയായ [26]ജൂ ലിയൻ ആയിരുന്നു. പരിഷ്കൃത ലോകത്തെ ഏറ്റവും വലിയ സൈന്യവും സമ്പത്തും ശക്തിയും അദ്ദേഹത്തിന്റെ വിരൽത്തു മ്പിലുണ്ടായിരുന്നു.

"ബൈബിൾ തെറ്റാണെന്ന് തെളിയിക്കുക മാത്രമായിരുന്നു ജൂലിയന്റെ ലക്ഷ്യമെന്ന് നിങ്ങൾ അടിവരയിട്ട് പറയുന്നത് ഒരു വല്ലാത്ത ഊഹമല്ലേ? എമേഴ്സൺ ചോദിച്ചു.

"അതായത് അദ്ദേഹവും ദൈവവുമായി ഒരു മൽസരം തന്നെ നടത്താൻ ഇച്ഛരിച്ചു. താൻ അറിഞ്ഞുകൊണ്ടു തന്നെ പ്രവചനം തെറ്റാണെന്ന് തെളിയിക്കാൻ ശ്രമിച്ചുവെന്ന് വേറെ ആരുമല്ല നാസ് തികരിൽ നാസ്തികനായ ജൂലിയൻ തന്നെയാണ് എഴുതിയിട്ടുള്ളത്. ആ കാലഘട്ടത്തിന്റെ ചരിത്രത്തെക്കുറിച്ച് ലോകം അംഗീകരിക്കുന്ന പുസ്തകമെഴുതിയ എഡ്വേർഡ് ഗിബ്ബോണിന്റെ 23-ാം അദ്ധ്യായത്തി ലാണ് ഇത് പറയുന്നത്. പരാവർത്തനം നിർത്തി ഞാൻ ആ ഭാഗം തന്നെ വായിക്കാം.

"യെരുശലേം ദേവാലയം പുനർനിർമ്മിക്കുന്നതിനുള്ള അനന്യസാധാരണമായ രൂപകൽപന ജൂലിയനെ ഹഠാതാകർഷിച്ചു. രാജ്യത്തിനോ യഹൂദ കൂട്ടത്തിനോ പ്രവിശ്യകളിലൂടെ വിതരണം ചെയ്യുന്ന പൊതു എഴുത്തുകളിൽ അവരുടെ അത്യാഹിതങ്ങളെക്കു റിച്ച് ഖേദം പ്രകടിപ്പിക്കുകയും, അവരെ പീഡിപ്പിക്കുന്നവരെ കു റ്റപ്പെടുത്തുകയും, സ്ഥിരതയെ പ്രശംസിക്കുകയും, കരുണാമയനായ രക്ഷകനെന്ന് സ്വയം പ്രഖ്യാപിക്കുകയും ചെയ്തു.... ക്രിസ്ത്യാനി

എന്ന നാമത്തോട് അവർക്കുള്ള കൊടും പക ജൂലിയനുമായി അവരെ ചങ്ങാത്തത്തിലാക്കി. ....

"[27]ടൈറ്റസിന്റെയും ഹഡ്രിയാന്റെയും സൈന്യം ദേവാലയം അന്തിമമായി നശിപ്പിച്ച ശേഷം ആ പ്രതിഷ്ഠിക്കപ്പെട്ട സ്ഥലത്ത് ശാശ്വതമായ മതാചാരവിലക്കിന്റെ ചിഹ്നമായി ഉഴവുചാൽ കീറി.

"അതിമോഹിയായ ജൂലിയന്റെ വ്യർത്ഥമനസ്സ് യെരുശലേം ദേവാലയത്തിന്റെ പ്രാചീന മഹത്വം തിരികെ കൊണ്ടുവരുന്നതിന് ആഗ്രഹിച്ചിരുന്നിരിക്കാം. മോശൈക നിയമത്തിനെതിരെ ശാശ്വ തമായ സർവ്വനാശത്തിന്റെ വിധി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതായി ക്രിസ്ത്യാനികളെ ബലമായി ബോധിപ്പിച്ചിരുന്നു. പ്രവചനത്തിന്റെ വിശ്വാസ്യതയ്ക്കും വെളിപാടിന്റെ സത്യത്തിനും എതിരെ പുറം മോടിയുള്ള ഒരു വാദഗതിയായി തന്റെ ഉദ്യമങ്ങളുടെ വിജയത്തെ ആ പരിഷ്കാരിയായ പ്രതാപി മാറ്റുമായിരുന്നു.......

"മോറിയാ മലയുടെ ഔന്നത്യത്തിൽ ഒട്ടും വൈകാതെ തന്നെ ഒരു വിശിഷ്ഠമായ ദേവാലയം പണിതുയർത്താൻ അയാൾ തീരുമാനിച്ചുറപ്പിച്ചു..... കൂടാതെ അനേകം യഹൂദ കോളനികളെയും ക്ഷണിക്കാൻ തീരുമാനിച്ചു. അവർ പരുക്കൻ മതഭ്രാന്തന്മാരാണ്. എങ്കിലും ഈ വിഗ്രഹാരാധിയുടെ സർക്കാർ എടുക്കുന്ന വിരു ദ്ധമായ തീരുമാനങ്ങളെപ്പോലും അവർ അനുകൂലിക്കുന്നതിനും മുൻ കൂട്ടി കാണുന്നതിനും വേണ്ടിയായിരുന്നു ഇത്."

" 'ചക്രവർത്തിയുടെ സുഹൃത്തുക്കളിൽ.... ഒന്നാം സ്ഥാനം ജൂലിയൻ നൽകിയിരുന്നത് സന്മാർഗ്ഗിയും ജ്ഞാനിയുമായ അലി പ്പിയസിനായിരുന്നു.... ഈ മന്ത്രിയ്ക്ക്....... യെരുശലേം ദേവാലയത്തെ അതിന്റെ പ്രാക്തനമായ ഭംഗിയിൽ പുനർനിർമ്മിക്കുന്നതിനുള്ള ആശ്ചര്യകരമായ ഉത്തരവ് ലഭിച്ചു. ഇസ്രായേൽ മക്കളിൽ എല്ലാ ക്കാലത്തും യെരുശലേം ദേവാലയം പുനർനിർമ്മിക്കണമെന്ന അതി യായ ആഗ്രഹം ഉണ്ടായിരുന്നു...... എല്ലാ പണസഞ്ചികളും അതി നായി ഉദാരമായി തുറക്കപ്പെട്ടു. പുണ്യമായ ആ പണിയിൽ എല്ലാ കരങ്ങളും പങ്കാളിത്തം വഹിച്ചു. ഒരു വലിയ ചക്രവർത്തിയുടെ ആജ്ഞകൾ ആവേശത്തോടെയാണ് ആ ജനത നടപ്പാക്കിയത്.

"എന്നിട്ടുപോലും ഈ അവസരത്തിൽ ആവേശത്തിന്റെയും ശക്തിയുടെയും സംഘം ചേർന്നുള്ള പ്രവർത്തനം വിജയം കണ്ടില്ല. ഇന്ന് മുഹമ്മദീയരുടെ പള്ളി സ്ഥിതി ചെയ്യുന്ന യെരുശലേം ദേവാലയത്തിന്റെ മണ്ണ് അവശിഷ്ടങ്ങളുടെയും നാശത്തിന്റെയും ആത്മീയ ആശ്ചര്യത്തിന്റെ ദൃശ്യമായി നിൽക്കുന്നു......

"ക്രിസ്ത്യാനികൾ സ്വാഭാവികമായും ആത്മീയമായ ഒരു പ്രതീക്ഷ വച്ചു പുലർത്തി. ഈ സ്മരണീയ പോരാട്ടത്തിൽ ഒരു അത്ഭുത അടയാളത്തിലൂടെ മതത്തിന്റെ അഭിമാനം ആരോപണമുക്തി നേടുമെന്ന് അവർ കരുതി.

"ആ പ്രവിശ്യയുടെ ഗവർണ്ണറുടെ സഹായത്തോടെ അലിപ്പിയസ് ശകതിയോടും ചുറുചുറുക്കോടെയും ദേവാലയ നിർമ്മാണ പണികളിലേക്ക് പ്രവേശിച്ചു. ഓരോ സമയത്തും അടിസ്ഥാനത്തിൽ നിന്ന് തീഗോളങ്ങൾ പ്രവഹിക്കുവാൻ തുടങ്ങി. പൊള്ളലേറ്റ പണിക്കാർക്ക് അവിടെ എത്താൻ പോലുമായില്ല. ഈ അജയ്യമായ ഘടകം അവരെ ദൂരേക്ക് തുരത്താനെന്നപോലെ തുടർന്നു. ആ ഉദ്യമം ഉപേക്ഷിക്കപ്പെട്ടു."

"സമ്പത്തും ശക്തിയുമുപയോഗിച്ച് ജൂലിയന് ഒരു നഗരം തന്നെ കെട്ടിപ്പടുക്കാമായിരുന്നു. പക്ഷെ ഒരു നിസാര ദേവാലയം പുനർനിർമ്മിക്കാനായില്ല. വലിയ കൊട്ടിഘോഷത്തോടെയാണ് അദ്ദേഹം ഈ നിർമ്മാണം ആരംഭിച്ചത്. ലോകത്തോട് മുഴുവൻ തന്റെ ഉദ്ദേശ്യവും കാരണവും വിളിച്ചു പറഞ്ഞു. ബൈബിൾ പ്രവചനങ്ങൾ തെറ്റാണെന്ന് തെളിയിക്കുക ക്രിസ്ത്യാനിത്വത്തെ തകർക്കുക ഇതായിരുന്നു അവ.

"ഇതേക്കുറിച്ച് നിങ്ങൾക്ക് എങ്ങനെ വേണമെങ്കിലും കരുതാം. രണ്ട് വസ്തുതകൾ അവശേഷിക്കുന്നു. ഒന്ന്: ബൈബിളിൽ പറഞ്ഞതനുസരിച്ച് സംഭവിക്കില്ലെന്ന് വരുത്തിക്കൊണ്ട് ബൈബിൾ പ്രവചനങ്ങൾ തെറ്റാണെന്ന് തെളിയിക്കുമെന്ന് ജൂലിയൻ വമ്പ് പറഞ്ഞു. രണ്ട്: ലോകത്തെ എല്ലാ ശക്തിയും സമ്പത്തുമുണ്ടായിട്ടും അദ്ദേഹം പരാജയപ്പെട്ടു.

എമേഴ്സൺ എഴുന്നേറ്റു. അദ്ദേഹം സംസാരിച്ചപ്പോൾ ഡെയർ ശ്രദ്ധിച്ചു. "ദൈവം ഒരു സംഭവം പ്രവചിച്ചിട്ട് തന്റെ പ്രവചനം വെറുതെയാവാതിരിക്കാൻ അമാനുഷമായി ആ കാര്യത്തിൽ ഇടപ്പെട്ടുവെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ ഡെയർ? ആ പണിക്കാരുടെ അന്ധവിശ്വാസമല്ലേ ആ പദ്ധതിയെ തകർത്തുകളഞ്ഞത്?

"പണിക്കാരുടെ അന്ധവിശ്വാസമാണോ അല്ലയോ എന്നത് അപ്രസക്തമാണ്. അത്തരം ശ്രമങ്ങൾ എങ്ങനെ പരാജയപ്പെടുമെന്ന് പ്രവാചകന്മാർ ആരും പറഞ്ഞിട്ടില്ല. പൊതുജനത്തെ ദൈവം തന്നെയാണ് തന്റെ പ്രവചനങ്ങൾ തെറ്റാണെന്ന് തെളിയിക്കുവാൻ ക്ഷണിച്ചത്. ഇതാ ഇവിടെയൊരു മനുഷ്യൻ ആ വെല്ലുവിളി ധൈര്യത്തോടെ പൊങ്ങച്ചത്തോടെയാണ് അതേറ്റെടുത്തത്. റോമാ സാമ്രാജ്യത്തിന്റെ ശക്തിയും സമ്പത്തും ആ ഉദ്യമത്തിൽ ഉപയോഗിച്ചെങ്കിലും ദയനീയമായി പരാജയപ്പെട്ടു. ദൈവം പറഞ്ഞു എല്ലാ ശ്രമങ്ങളും പരാജയപ്പെടുമെന്ന്. ഇന്നു ജീവിച്ചിരിക്കുന്ന ഏതൊരു സമ്പന്നനെക്കാളും ശക്തിമാനെക്കാളും മുന്നിൽ നിന്ന ഒരാൾ തന്നെ അതിനു ശ്രമിച്ചു എന്നതിൽ ഞാൻ സന്തോഷിക്കുന്നു. ജൂലിയന്റെ കാലത്തിനു ശേഷം പിന്നീടാരും അത്തരമൊരു ഉദ്യമത്തിനു മുതിർന്നിട്ടില്ല.

"പഠിതാക്കൾക്ക് ഈ വിഷയങ്ങളെല്ലാം തന്നെ താത്പര്യമുണർത്തുന്നതായിരുന്നു. എന്നാൽ എല്ലാറ്റിലും പ്രധാനപ്പെട്ട വിഷയമാണ് അടുത്തയാഴ്ച അവതരിപ്പിക്കുന്നത്. ക്രിസ്തു - പ്രവചനത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയം."

# 10. ക്രിസ്തു - പ്രവചനത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയം

അന്നാദ്യം വന്നവരിൽ എമേഴ്സണും ഭാര്യയും ജോർജ്ജും ലൂസിലെയുമുണ്ടായിരുന്നു. നേരത്തെ എത്തിയെങ്കിൽ പോലും മറ്റുള്ളവർ ഇരിപ്പിടങ്ങളിൽ നിറഞ്ഞിരുന്നു. കഴിഞ്ഞ പ്രഭാഷണത്തിലെ വിഷയങ്ങൾ അവർ വ്യഗ്രമായി ചർച്ച ചെയ്യുകയായിരുന്നു.

"ഇന്നു രാത്രി ഒരു വലിയ കൂട്ടം തന്നെയുണ്ടാവും." ജനം തിങ്ങിനിറഞ്ഞ് എത്തിക്കൊണ്ടിരുന്നപ്പോൾ ലൂസിലെ പറഞ്ഞു.

"സ്വാഭാവികമായും" അവളുടെ പിതാവ് മറുപടി നൽകി. "ഏത് വീക്ഷണകോണിലൂടെ നോക്കിയാലും ഇതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം."

"ഈ പരമ്പരയിൽ?" അവൾ ചോദിച്ചു.

"അല്ല മോളേ, ഈ ലോകത്തിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ട വിഷയം." അസാധാരണമായ ഒരു ഗൗരവത്തോടെ അയാൾ ഉറപ്പിച്ചു പറഞ്ഞു.

ജോർജ്ജും ലൂസിലെയും തങ്ങളുടെ പിതാവിനെ ആശ്ചര്യത്തോടെയും അവിശ്വാസത്തോടെയും ഉറ്റുനോക്കി.

"പക്ഷെ ... പക്ഷെ ഡാഡ്" അവൾ വിക്കലോടെ ചോദിച്ചു "ഞാൻ കരുതി ഡാഡ് കറതീർന്ന ഒരു അവിശ്വാസിയാണെന്ന്"

"ഞാൻ അവിശ്വാസി തന്നെ. പക്ഷെ പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം യേശുക്രിസ്തു ജീവിച്ചിരുന്നോ, മരിച്ചോ, ഉയിർത്തെഴുന്നേറ്റോ? ഈ ചോദ്യങ്ങളെക്കാൾ വലുതായ ഒരു വിഷയവും ഈ ലോകത്തിലില്ലെന്ന കാര്യം ഉൾക്കൊള്ളുന്നതിൽ നിന്ന് അവിശ്വാസി എന്ന കാര്യം എന്നെ തടയുന്നില്ല.

വിശ്വാസം വരാത്ത കണ്ണുകളുമായി ചോദ്യചിഹ്നം പോലെ ലൂസിലെ പിതാവിനെ വീണ്ടും നോക്കി.

"ഇതുപോലെ അനേകം അവിശ്വാസികൾ വിശ്വസിക്കുന്നുണ്ടോ ഡാഡ്?"

"പ്രായോഗികമായി പറഞ്ഞാൽ എല്ലാവരും വിശ്വസിക്കുന്നുണ്ട്. മുൻനിരക്കാർ തന്നെ ഇത് വളരെ വിശദമാക്കിയിട്ടുമുണ്ട്."

ഈ സംഭാഷണം അതീവ ശ്രദ്ധയോടെ കേൾക്കുകയായിരുന്നു ജോർജ്ജും എമേഴ്സന്റെ ഭാര്യയും. പെട്ടെന്നു തന്നെ ഹാൾ നിറഞ്ഞു. വീണ്ടും ജനം എത്തിക്കൊണ്ടിരുന്നു. ഡെയറിനെ മോർലി പരിചയപ്പെടുത്തി.

"എന്റെ ലക്ഷ്യം ഇതാണ്." ഡെയർ പറഞ്ഞു. "ഇന്നത്തെ സുപ്രധാനമായ വിഷയത്തെക്കുറിച്ചുള്ള തെളിവിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രമാണ് ഇന്ന് പരിഗണിക്കുന്നത്. ഈ വിഷയം വിദഗ്ധമായി അവതരിപ്പിക്കുന്ന അനേകം അമൂല്യ ഗ്രന്ഥങ്ങൾ നിങ്ങളെ സഹായിക്കും.

"ദൈവവേലയിലുടനീളം അംബരപ്പിക്കുന്ന പ്രസ്താവനകൾക്ക് തെളിവായി ക്രിസ്തു പ്രവാചകന്മാരെ ഉദ്ധരിച്ചു. ക്രിസ്തു മശിഹായാണെന്ന വാദഗതി തെളിയിക്കാൻ മാത്രമായിരുന്നില്ല അത്. അത് മാത്രമായിരുന്നു ഏക വാദഗതി. ക്രിസ്തുവിനേക്കുറിച്ച് നിറവേറിയതായി പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 300ൽ പരം പ്രവചനങ്ങളും സൂചനകളുമാണ്  പഴയ നിയമത്തിൽ ഉള്ളത്.

"ഇവ എഴുതിയത് ക്രിസ്തുവിനു മുൻപാണെന്ന് ആർക്കും പറയാനാവില്ല. കാരണം ക്രിസ്തു നസറെത്തിന്റെ തെരുവുകളിലൂടെ നടക്കുന്നതിനും 400 വർഷം മുൻപാണ് പഴയ നിയമത്തിലെ അവസാന പുസ്തകം എഴുതിയത്. ഇനി അത്യന്തം വിമർശനപരമായ അഭിപ്രായം എടുത്താൽ പോലും 168 വർഷം കൊണ്ട് എഴുതപ്പെട്ടവയാണ്. അതായത് പഴയ നിയമ പ്രവാചകന്മാരും പുതിയ നിയമ സുവിശേഷകന്മാരും തമ്മിൽ യാതൊരു വിധ കൂട്ടിയിടിയും നടന്നിട്ടില്ല.

"ക്രിസ്തുവിന്റെ ആദ്യ പൊതു ദർശനത്തിൽ തന്നെ പ്രവചനത്തിന് സാക്ഷ്യം വഹിച്ചു. "ഇന്നു നിങ്ങൾ എന്റെ വചനം

കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരിന്നു." ലൂക്കോസ് 4:21

"പിന്നീട് അവൻ അവരോട് പറഞ്ഞു, 'അയ്യോ ബുദ്ധിഹീനരെ പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ' ലൂക്കോസ് 24:25. തന്റെ ശിഷ്യരോട് ബൈബിൾ എങ്ങനെ പഠിക്കണമെന്ന് കാണിക്കാൻ ഇങ്ങനെ പറഞ്ഞു, 'മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചു കൊടുത്തു.' ലൂക്കോസ് 24:27

"എന്നിരുന്നാലും ധാരാളം അവിശ്വാസികൾ പ്രവചനത്തെ തിരസ്ക്കരിക്കും. വരാനിരിക്കുന്ന ഒരു അസാധാരണ വ്യക്തിത്വത്തെക്കുറിച്ചുള്ള സൂചനകൾ അടിക്കടി പഴയ നിയമത്തിലുള്ളതായി അവർ സമ്മതിക്കും. നൂറ്റാണ്ടുകളോളം സകല യഹൂദ ജനവും ഒരു മശിഹായെ പ്രതീക്ഷിച്ചാണ് ജീവിച്ചതെന്നും അവർക്കറിയാം. അവർക്കു ചുറ്റുമുള്ള രാജ്യങ്ങളും ശത്രുക്കളും യഹൂദരുടെ ഈ പ്രതീക്ഷയെ കുറിച്ച് അറിവുള്ളവരും അവരെ കളിയാക്കുന്നവരും ആയിരുന്നു.

"ഈ പ്രതീക്ഷ സ്ഥാപിക്കപ്പെട്ടിരുന്ന ചില ഖണ്ഡികകളിൽ ഒന്ന് ഉൽപ്പത്തി 3:15ൽ പറയുന്ന സ്ത്രീയുടെ ഉദരഫലമാണ്. അബ്രാഹമിന്റെ 'സന്തതി മുഖേന സകല ഭൂസീമാവാസികളും അനുഗ്രഹിക്കപ്പെടും' എന്ന് പ്രഖ്യാപിച്ചിരിക്കുന്നു ഉൽപ്പത്തി 22:18. 'അവകാശമുള്ളവൻ വരുവോളം ചെങ്കോൽ യഹൂദയിൽ നിന്നും രാജദണ്ഡ് അവന്റെ കാലുകളുടെ ഇടയിൽ നിന്നും നീങ്ങിപ്പോകയില്ല." ഉൽപ്പത്തി 49:10. 'മോശയെപ്പോലെ ഒരു പ്രവാചകൻ വരും' ദിനവൃത്താന്തം 18:18. അപ്പോസ്തല പ്രവൃത്തി 3:22ൽ പത്രോസ് പറയുന്നതും ക്രിസ്തുവിൽ നിവർത്തിയായി.

"പ്രവചനത്തിന്റെ ഒരു സവിശേഷ ഭാഗത്ത് യഹൂദർ ഏറെ വെറുത്തിരുന്ന ജാതികളെ അവൻ കൂട്ടിച്ചേർക്കുമെന്ന് മുന്നമേ പറഞ്ഞിരിക്കുന്നു. എന്നിട്ടും അവർ ആ പ്രവചനം അസൂയയോടെയെങ്കിലും രേഖപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്തു.

യെശയ്യാവ് 49:6ൽ നമ്മോട് ഇങ്ങനെ പറയുന്നു 'എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിന് ഞാൻ നിന്നെ ജാതി കൾക്ക് പ്രകാശമാക്കി വച്ചുമിരിക്കുന്നു.' യെശയ്യാവ് 60:3ൽ പ്രവാ ചകൻ ദൈവജനത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു, 'ജാതികൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയി ലേക്കും വരും.'

"വരാനിരിക്കുന്ന മശിഹായേക്കുറിച്ചുള്ള ഈ പ്രവചനങ്ങൾ അംബരപ്പിക്കുന്ന വിരോധാഭാസത്തോടെയാണ് നിറവേറിയത്. യെശയ്യാവ് 9:6ൽ നമ്മളോട് ഇങ്ങനെ പറയുന്നു, കാലത്തിന്റെ ഈ പുത്രൻ നിത്യതയുടെ പിതാവാകുന്നു, ഈ ദുർബ്ബലനായ ശിശു സർവ്വശക്തനായ ദൈവമാകുന്നു.

"യെശയ്യാവ് 53-ാം അദ്ധ്യായത്തിൽ ഇങ്ങനെ പറയുന്നു. ജീവനുള്ളവരുടെ ദേശത്തു നിന്ന് അവൻ ഛേദിക്കപ്പെട്ടു. സന്താ നങ്ങളില്ലാതിരുന്ന ഒരു ചെറുപ്പക്കാരൻ. എങ്കിലും അവൻ ദീർഘാ യുസ്സു പ്രാപിക്കുകയും സന്തതിയെ കാണുകയും ചെയ്യും. അത് അസംഖ്യമായിരിക്കുമെന്നും അവനു തന്നെ തൃപ്തി വരുമെന്നും പറയുന്നു. യാതൊരു കുറ്റവുമില്ലാതിരുന്നിട്ടും ഒരു നീച കുറ്റവാളി യെപ്പോലെ വധിക്കപ്പെട്ടു. അവനു ദുഷ്ടന്മാരോടു കൂടെ ശവക്കുഴി കൊടുത്തു. എന്നിട്ടും അവന്റെ മരണത്തിൽ അവൻ സമ്പന്നൻമാ രോടു കൂടെ ആയിരുന്നു. ജനം അവനെ പുച്ഛരിക്കും തള്ളിക്കളയും എന്നിട്ടും അവൻ അനേകരെ നീതീകരിക്കും. അവനെ തന്നെ ഒരു നിയമലംഘകനായി കരുതും. എന്നാലോ അനേകം നിയമലം ഘകർക്കു വേണ്ടി അവൻ മദ്ധ്യസ്ഥം വഹിക്കും. ഇങ്ങനെ അനേകം വിരോധാഭാസങ്ങൾ!

"ഇത് വളരെ അസംഭവ്യമെന്ന് തോന്നിച്ചു. രണ്ട് വ്യക്തിത്വ ങ്ങളെക്കുറിച്ചാണ് പ്രവചിച്ചിരിക്കുന്നതെന്ന് അനേകം യഹൂദ നേതാ ക്കന്മാർ പറഞ്ഞപ്പോൾ ഒരാളിൽ ഇതെല്ലാം പൂർത്തിയാവുകയെന്നത് അസംഭവ്യമായിരുന്നു. എന്നാൽ ക്രിസ്തു ഈ വിരോധാഭാ സങ്ങളെയെല്ലാം വളരെ സ്വാഭാവികമായി നിവർത്തിയാക്കി. നമ്മൾ പ്രവചനങ്ങളുടെ അനൗചിത്യത്തെക്കുറിച്ചുള്ള യഥാർത്ഥ

നിരീക്ഷണം തന്നെ അവസാനിപ്പിച്ചുപോകുന്ന തരത്തിൽ. അവയ്ക്ക് പൊരുത്തക്കേടുണ്ടെന്നു തന്നെ തോന്നാതെയാകുന്നു.

"ക്രിസ്തുവിനും നൂറ്റാണ്ടുകൾക്കു മുന്നേ അംഗീകരിച്ചിരുന്ന ഒരു കാര്യമുണ്ട്. ചെറുതും അപ്രധാനവുമെങ്കിലും യഹൂദ ദേശത്തു നിന്ന് വരുന്ന ഒരാൾ സകല മാനവജാതിക്കും ഒരു അനുഗ്രഹമാകുമെന്ന് ഏതാനം യഹൂദ എഴുത്തുകാരും പ്രവചിച്ചിരുന്നു. നമുക്ക് പിന്നീട് വിപുലമായി തെളിയിക്കാവുന്ന ഒന്നാണിത്. മനുഷ്യകുലത്തിലെ മറ്റെല്ലാവരെക്കാളും ക്രിസ്തു സകല മാനവർക്കും ഒരനുഗ്രഹമെന്നല്ല ഏറ്റവും വലിയ അനുഗ്രഹമാണെന്ന് ഏറ്റവും സംശയാലുവായ പരിഹാസിപോലും ഉൽസാഹത്തോടെ പ്രഖ്യാപിക്കുന്നു.

"ഇതേക്കുറിച്ച് നിങ്ങൾക്ക് എങ്ങനെ വേണമെങ്കിലും വിലയിരുത്താം. ഇതൊരു അടിയുറച്ച വസ്തുതയാണ്. ഒരു ചെറിയ, വെറുക്കപ്പെട്ട കൂട്ടത്തിൽ നിന്നു വന്ന നിഗൂഢതകൾ നിറഞ്ഞ ഒരു യഹൂദൻ ഭൂമിയിലെ സകല രാജ്യങ്ങൾക്കും ഏറ്റവും പ്രാഭവത്തോടെ ഒരനുഗ്രഹമായി മാറി. ഗർവ്വും അഹങ്കാരവും നിറഞ്ഞ ഒരു സമൂഹത്തിൽ നിന്ന് ജന്മമെടുത്തതെന്ന് തോന്നിപ്പിച്ച ഈ വിചിത്ര പ്രവചനം അനശ്വരമായ ഒരു വിസ്മയ സത്യമായി മാറി.

"കൂടുതൽ പറയുകയാണെങ്കിൽ അവന്റെ വരവിന്റെ സമയം കൃത്യമായി രേഖപ്പെടുത്തിയിരുന്നു. അത് യൂദായിൽ നിന്ന് ചെങ്കോൽ ഒഴിയുന്നതിനു മുമ്പാണെന്നു മാത്രമല്ല രണ്ടാമത്തെ ദേവാലയം നിലനിന്നപ്പോൾ തന്നെയായിരുന്നു. "ഞാൻ സകല ജാതികളെയും ഇളക്കും, സകല ജാതികളുടെയും മനോഹര വസ്തു വരികയും ചെയ്യും........ ഈ ആലയത്തിന്റെ പിന്നത്തെ മഹത്വം മുമ്പിലത്തേതിലും വലുതായിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.' ഹഗ്ഗായി 2:7–9.

"പക്ഷെ ഇതുകൊണ്ട് എല്ലാമാകുന്നില്ല. ക്രിസ്തു മശിഹായായി വരുന്നതിന്റെയും ക്രൂശുമരണത്തിന്റെയും യഥാർത്ഥ വർഷം ദാനിയേൽ തരുന്നുണ്ട്. (വിധിദിനം അറിയുന്നതിനായി ദാനിയേൽ 9: 24–27ും എസ്രാ 7:11–26 വരെയും കാണുക, 457 ബിസി.) ഇത്

ലോക ചരിത്രത്തിൽ വച്ചു തന്നെ ഏറ്റവും സ്ഥാപിക്കപ്പെട്ട ഒരു തീയതിയാണ്.

“69 ആഴ്ചകൾ, അല്ലെങ്കിൽ 483 പ്രവാചക ദിവസങ്ങൾ അല്ലെങ്കിൽ അത്രയും വർഷങ്ങൾ (സംഖ്യ 14:34ും യെഹസ്ക്കേൽ 4:6ും കാണുക) 457 ബിസിയിൽ തുടങ്ങി ക്രിസ്തുവിനെ മശിഹാ യായി പരിശുദ്ധാത്മാവ് അഭിഷേകം ചെയ്യുന്ന സമയമായ 27 എഡി യിൽ എത്തുന്നു. (യോഹന്നാൻ 1:29-36, ലൂക്കോസ് 3:21-22, 4:18, അപ്പൊസ്തല പ്രവർത്തികൾ 4:27, 10:38, മർക്കോസ് 1:14-15 കാണുക) എഴുപതാം ആഴ്ചയുടെ മദ്ധ്യം അല്ലെങ്കിൽ ഏഴു വർഷ കാലഘട്ടം, നമ്മളെ മശിഹായെ വെട്ടിക്കളഞ്ഞ എഡി 31ൽ എത്തി ക്കുന്നു.

“എന്നാലും ആരെങ്കിലും ഇതിനെ വെറുതെ വിശദീകരി ക്കാൻ തുനിഞ്ഞേക്കാം. ഈ പ്രവചനങ്ങളും തീയതികളും ക്രിസ് തുവിന്റെ ജീവിതവുമായി മാത്രം ചേരുന്നുവെന്നും മറ്റൊന്നുമായും ചേരുന്നില്ലെന്നും പറഞ്ഞേക്കാം.

“ഏതാണ്ട് യേശു ജനിച്ച സമയത്ത് യൂദയിൽ ഒരു അസാ ധാരണ വ്യക്തി ജനിക്കുമെന്ന് പൊതുവെ പ്രതീക്ഷിച്ചിരുന്നതായി അവിശ്വാസി ചരിത്രകാരന്മാരായ ടാസിറ്റസും സ്യൂട്ടോണിയസും രേഖപ്പെടുത്തിയിട്ടുണ്ട്. യഹൂദരുടെ ഇടയിൽ ഇതൊരു വലിയ പ്രതീ ക്ഷയായിരുന്നു. വളരെ വ്യാജ മശിഹാമാർ പ്രത്യക്ഷപ്പെട്ടു. പ്രവചനം അനുസരിച്ചുള്ളവരാണെന്ന് വിശ്വസിപ്പിച്ചു. മശിഹായെ കാത്തിരുന്നവരിൽ നിന്ന് അനേകരെ അനുയായികളാക്കി. മശിഹാ യുടെ വരവിനു മുമ്പ് ദേവാലയം തകർക്കപ്പെടുകയില്ലെന്ന പ്രവചനത്താൽ അവർ എഡി 70ൽ ടൈറ്റസിന്റെ എല്ലാ വ്യ വസ്ഥകളും തള്ളിക്കളഞ്ഞുകൊണ്ട് അവസാനത്തോളം പൊരുതി നിന്നു.

“ചുരുക്കി പറഞ്ഞാൽ നിങ്ങൾ ഇതിനെ എങ്ങനെ കാണു ന്നുവെന്ന് ഞാൻ കാര്യമാക്കുന്നില്ല. പക്ഷെ അത്ഭുതാവഹമായി സമർത്ഥിക്കപ്പെട്ട ചില വസ്തുതകൾ മുന്തി നിൽക്കുന്നു.

1. ക്രിസ്തു ജനിക്കുന്നതിനു നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ആയിരം വർഷത്തോളമായി ജീവിച്ച അസംഖ്യം യഹൂദ എഴുത്തുകാർ അവരുടെ കൂട്ടത്തിൽ നിന്നൊരാൾ മറ്റെല്ലാവരെക്കാളും നീതിമാനാകുമെന്ന് പ്രവചിച്ചു.

2. അവൻ ഒരു പ്രവാചകനായിരിക്കും.

3. അവന്റെ വരവിനെക്കുറിച്ച് പറഞ്ഞ ജനം തന്നെ അവനെ തള്ളിക്കളയുമ്പോൾ ഭൂമിയിലെ മറ്റു സകല രാഷ്ട്രങ്ങളും അവനെ സ്വീകരിക്കും.

4. അവൻ സകല മാനവ ജാതിയ്ക്കും ഒരനുഗ്രഹമായിരിക്കും.

5. അവൻ ഒരു പ്രത്യേക നിശ്ചിത കാലഘട്ടത്തിൽ ജീവിക്കും.

6. അവൻ കൊല്ലപ്പെടും.

7. അവൻ കുറ്റവാളിയായി മരിക്കും.

8. ഈ എല്ലാ വസ്തുതകളും പ്രമുഖ അവിശ്വാസി എഴുത്തുകാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

9. അവൻ അതിവിശിഷ്ടനായ ഒരു മനുഷ്യൻ മാത്രമായിരുന്നില്ല ഭൂമിയിൽ വന്ന ദൈവമായിരുന്നു.

10. യേശുക്രിസ്തുവിൽ അല്ലാതെ മറ്റാരിലും ഈ പ്രത്യേകതകൾ ഇല്ല.

11. പ്ലേറ്റോ, കാൾ മാർക്സ്, ബുദ്ധൻ, മുഹമ്മദ് ഇവരുടെയെല്ലാം വ്യവസ്ഥകളുടെ സത്യം അവർ നല്ലവരാണോ സദാചാരവിരുദ്ധരാണോ എന്ന ചോദ്യത്തെ ആശ്രയിച്ചല്ല നിലനിൽക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ സ്വഭാവത്തിൽ ഒരു പിഴവ് ചൂണ്ടിക്കാണിക്കപ്പെട്ടാൽ ക്രൈസ്തവ വ്യവസ്ഥ അപ്പോൾ തന്നെ അപ്പാടെ തകർന്നടിയും.

“ക്രിസ്തീയതയുടെ അടിസ്ഥാനം തന്നെ അവന്റെ സ്വഭാവത്തിലാണ് നിൽക്കുന്നത്. അവിശ്വാസികൾക്ക് ഇതറിയാം. എന്നിട്ടും

അവർ ഇതിനെതിരെ സംസാരിക്കുന്നില്ല. അവർ ഒന്നടങ്കം അവനെ പുകഴ്ത്തുന്നു. അവന്റെ സ്വഭാവം അത്രമാത്രം വിജയകരമാണ്, സ്നേഹപാത്രമാണ്, അഴകുള്ളതാണ്, ശക്തമാണ്, സമ്പൂർണ്ണമാണ്. ഗിൽബർട്ട് വെസ്റ്റിനെ പോലുള്ളവർ അവന്റെ സ്വഭാവത്തെ ആക്രമിക്കുന്നതിനായി പഠനമാരംഭിച്ചെങ്കിലും അവർ ഏറ്റവും വലിയ പ്രശംസകരും ആരാധകരുമായിത്തീർന്നു.

“നമ്മുടെ ശരീരത്തിലെ ജീവരക്തം പോലെയാണ് പഴയ നിയമത്തിലും പുതിയ നിയമത്തിലും ക്രിസ്തുവുള്ളത്. അതിന്റെ എല്ലാ ഭാഗങ്ങളെയും കൂട്ടിയിണക്കുന്ന സുവർണ്ണ കണ്ണിയാണ് ക്രിസ്തു. രഹസ്യ അറകളെ പ്രകാശിപ്പിക്കുന്ന വെളിച്ചമാണവൻ. ആഴമേറിയ രഹസ്യങ്ങളുടെ താക്കോലും അനന്തമായ പൊരുത്തത്തിന്റെ സാരാംശവും അവനാണ്. ബൈബിളിലെ എല്ലാ പുസ്തകങ്ങളുടെയും പ്രവചനങ്ങളുടെയും ഹൃദയം, അത് ക്രിസ്തുവാണ്.’

ആ പ്രഭാഷണത്തിലുടനീളം നിശ്ശബ്ദനായിരുന്ന എമേഴ്സൺ സംസാരിക്കാനെഴുന്നേറ്റു. ഡേവിഡ് ഡെയർ ചിരിച്ചുകൊണ്ട് അയാളെ ശ്രദ്ധിച്ചു.

“ഡെയർ”, എമേഴ്സൺ വ്യഗ്രതയോടെ പറഞ്ഞു തുടങ്ങി, “ക്രിസ്തുവിനോട് യഥാർത്ഥ ബഹുമാനം ഉള്ളതുകൊണ്ടാണ് ഞാൻ നിങ്ങളെ ഇടയ്ക്കിടെ തടയാതിരുന്നത്. ഒരു തരംതാണ ശല്യക്കാരന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടാനും ഞാനാഗ്രഹിക്കുന്നില്ല. ഏതായാലും അവനെക്കുറിച്ചുള്ള നിങ്ങളുടെ തെളിവുകൾ രസകരവും എളുപ്പം തകർക്കാനാവാത്തതുമാണെങ്കിലും വിശ്വസിപ്പിക്കുന്നതിന് അവ മതിയാവില്ല. ഉദാഹരണത്തിന് ഉൽപ്പത്തി 3:15 ‘ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും’ തുടങ്ങിയ വചനങ്ങളിൽ ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനത്തിന്റെ അടിസ്ഥാനമിടുന്നത് അസ്ഥിരമായിരിക്കും. നിങ്ങൾ പറഞ്ഞ മിക്ക ഉദാഹരണങ്ങളും തൃപ്തികരമല്ല.

“ഞാൻ നിങ്ങളോട് യോജിക്കുന്നു എമേഴ്സൺ” ഡെയർ പറഞ്ഞു.

ലൂസിലെ നെടുവീർപ്പിട്ടു. അവളുടെ സഹോദരനും എമേഴ്സണും മറ്റു പല കേൾവിക്കാരും അതു തന്നെ ചെയ്തു.

"നിങ്ങൾ എന്നോട് യോജിക്കുന്നോ!" എമേഴ്സൺ ആശ്ചര്യപ്പെട്ടു. "എനിക്ക് മനസ്സിലാവുന്നില്ല."

"എന്നിരുന്നാലും ഞാൻ നിങ്ങളോട് യോജിക്കുന്നു. എല്ലാവരും പ്രതീക്ഷിച്ച മശിഹായാണ് ക്രിസ്തുവെന്നത് തെളിയിക്കാൻ മുന്നൂറ് പ്രവചനങ്ങളിൽ ഏതൊന്ന് എടുത്താലും അതിന് കഴിയില്ല. അവ ഒരു കയറിന്റെ പിരി പോലെയാണ്. ഒറ്റയ്ക്ക് നിന്നാൽ അത്ര ഭാരം താങ്ങാൻ അവയ്ക്കാവില്ല. എന്നാൽ ഒരുമിച്ച് ഒരു കയറായി പിരിച്ചെടുത്താൽ തകർക്കാനാവാത്ത ഒരു ബന്ധമാണ് അതിനുണ്ടാവുന്നത്. മറ്റു പല പിരിയിഴകളും ഈ കയറിനോട് ഇഴ ചേർക്കപ്പെടും.

"ചരിത്രത്തിൽ യേശുവിന്റെ സ്വാധീനം അളക്കുന്നതിന്," ഡെയർ തുടർന്നു. "എല്ലാ സദാചാരക്കാരും തത്വചിന്തകരുമായി ക്രിസ്തുവിനുള്ള വ്യത്യാസം പരിഗണിക്കുക. വിവിധ തത്വചിന്തകന്മാരുടെ ജ്ഞാനപൂർണ്ണവും നല്ലതുമായ ധർമ്മോപദേശങ്ങൾ ശേഖരിക്കുക. എന്നിട്ട് അവരുടെ പഠിപ്പിക്കലുകളിൽ നിന്ന് എല്ലാ തെറ്റായ സന്മാർക്ഷബോധമില്ലാത്ത ദുർവൃത്തിയും അബദ്ധ ജടിലമായ അന്ധവിശ്വാസവും നീക്കിക്കളയുക. അതെത്ര മഹത്തായ ഒരു കാര്യമാണ്. എന്നാൽ ഒരു മനുഷ്യൻ ഒറ്റയ്ക്ക്, ഈ തത്വചിന്തകന്മാരുമായി യാതൊരു പരിചയവുമില്ലാതെ, ജ്ഞാനികളുടെ പോലെ അറിവില്ലാതെ അദ്ദേഹത്തിന്റെ രാജ്യത്തെ വ്യവസ്ഥാപിത രീതികൾക്കും സാമാന്യ തത്വങ്ങൾക്കും നേർവിപരീതമായി അവയ്ക്കെല്ലാം മീതെ അംഗീകരിക്കപ്പെടുന്ന ഒരു പുതിയ വ്യവസ്ഥിതി ഉണ്ടാക്കി. എല്ലാവരുടെയും ഗഹനമായ ശ്രദ്ധയെ അത് ക്ഷണിക്കുന്നു.

എമേഴ്സൺ എഴുന്നേറ്റു. "തത്വചിന്തകന്മാർ എല്ലാം അബദ്ധജടിലമായ അന്ധവിശ്വാസക്കാരും സന്മാർഗ്ഗികളെല്ലാം അസന്മാർഗ്ഗികളും എന്നാണോ നിങ്ങൾ പറയാൻ ഉദ്ദേശിക്കുന്നത്?"

“നിസ്സംശയമായും! ഇതു തന്നെയാണ് ഞാൻ പറയാനുദ്ദേശിക്കുന്നത്.” ഡെയർ പറഞ്ഞു. “അവിശ്വാസിയായ ഒരു സന്മാർഗ്ഗിയും തന്റെ കാലഘട്ടത്തിലും രാജ്യത്തും നിലനിന്നിരുന്ന തിന്മയെയും അഴിമതിയെയും എതിർത്തിട്ടേയില്ല. ഒട്ടും മനുഷ്യത്വമില്ലാത്ത രക്തരൂക്ഷിതമായ കായിക വിനോദം ‘ഗ്ലേഡിയേറ്റർ’ നിരോധിക്കാൻ അത്തരക്കാരാരും തന്നെ ലവലേശം പോലും തുനിഞ്ഞില്ല. കാമാർത്തിക്കെതിരെ ആരും സംസാരിച്ചില്ല. കുഞ്ഞുങ്ങളെയും അടിമകളെയും വധിക്കുക, വേശ്യാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പൊതുസമ്മതി, ഇവയ്ക്കെതിരെയൊന്നും ആരും ഉരിയാടിയില്ല. അവിശ്വാസികളുടെ മതമനുസരിച്ച് ആശ്ചര്യകരവും ഏറ്റവും അസഭ്യകരവുമായ മദനോത്സവങ്ങൾ പരസ്യമായി നടത്തിയിരുന്നു. എന്നാൽ മഹാന്മാരായ തത്വചിന്തകരോ സന്മാർഗ്ഗികളോ ആരും തന്നെ ഇതിനൊന്നുമെതിരെ ശബ്ദമുയർത്തിയില്ല.”

എമേഴ്സൺ വീണ്ടും തടസ്സപ്പെടുത്തി. “പ്ലേറ്റോ, സോക്രട്ടീസ്, അരിസ്റ്റോട്ടൽ, സെനെക്കാ തുടങ്ങിയവരെ പോലെയുള്ളവരെ പറ്റി ഇത്ര പരുഷമായി സംസാരിക്കാൻ നിങ്ങൾക്കാവില്ല. നിങ്ങളീപ്പറയുന്ന കാര്യങ്ങൾക്ക് ഇവരെ കുറ്റപ്പെടുത്താനാവില്ല.”

പ്രഭാഷകൻ തലയാട്ടി. “ക്ഷമിക്കണം എനിക്കങ്ങനെ പറയാതിരിക്കാനാവില്ല. ബാച്ചസ് ദേവന്റെ ലജ്ജാകരമായ ഉൽസവത്തിൽ അമിത മദ്യപാനത്തിന് അനുമതി നൽകുക മാത്രമല്ല പ്ലേറ്റോ ചെയ്തത്. അദ്ദേഹവും അരിസ്റ്റോട്ടിലും ചേർന്ന് ബലഹീനരായ കുരുന്നുകളെ വളർത്താതിരിക്കാനുള്ള മാർഗ്ഗങ്ങൾ ഉപയോഗിക്കണമെന്ന് നിഷ്ക്കർഷിക്കുകയും ചെയ്തു. പ്ലേറ്റോ, സിസറസ്, എപിക്റ്റെറ്റസ് തുടങ്ങി മറ്റ് പ്രമുഖ തത്വചിന്തകരും അവരുടെ പിതാക്കന്മാരുടെ വിഗ്രഹാരാധന തുടരാൻ ജനത്തെ ഉപദേശിച്ചു. സോക്രട്ടീസും ഡയോജനീസും ഏറ്റവും നിഷ്ഠൂരമായ കമാർത്തിയെ മനസ്സിൽ കടത്തുകയും അത് അനുവർത്തിക്കുകയും ചെയ്തു. വേശ്യാലയങ്ങൾ പതിവായി സന്ദർശിക്കാൻ കേറ്റോ ചെറുപ്പക്കാരോട് ആഹ്വാനം ചെയ്യുകയും ചെയ്തു. പ്ലേറ്റോ വേശ്യകളുടെ ഒരു സമൂഹത്തിന് ഇങ്ങനെ ഉപദേശം നൽകി, ഏറ്റവും നികൃഷ്ടവും

അസ്വാഭാവികവുമായ ഇന്ദ്രിയസുഖത്തെപ്പോലും പട്ടാളക്കാർക്ക് നിഷേധിക്കരുത്. മാത്രമല്ല ഇത്തരം കാര്യങ്ങൾ നിയമം വഴി ആ രാജ്യം തന്നെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്തു. സോളോൺ എന്ന വലിയ നിയമസൃഷ്ടാവ് അടിമകൾക്ക് മാത്രമാണ് രതി നിഷേധിച്ചത്. സ്റ്റോയ്ക് ചിന്താധാരയുടെ സ്ഥാപകനായ സെനോ, അതിന്റെ ചമയമായി മാറിയ കേറ്റോ, നീറോയുടെ കാലത്തെ വലിയ സന്മാർഗ്ഗിയായിരുന്ന സെനെക്കാ ഇവരെല്ലാം ആത്മഹത്യ ചെയ്യുകയായിരുന്നു. പൗരാണിക കാലഘട്ടത്തിന്റെ അലങ്കാരമായ ഇവർ ചെയ്തതും പ്രോത്സാഹിപ്പിച്ചതുമായ കാര്യങ്ങൾ ആരുമായും താരതമ്യം ചെയ്യാനേയാവില്ല."

"പക്ഷെ അവർ അനവധി നല്ല കാര്യങ്ങൾ പഠിപ്പിച്ചു." എമേഴ്സൺ ഊന്നിപ്പറഞ്ഞു.

"ശരി" ഡെയർ മറുപടി നൽകി. "അതാണ് ഞാൻ പറഞ്ഞു വരുന്നത്. അവിശ്വാസികളുടെ ലോകത്തെ അംഗീകരിക്കപ്പെട്ട മഹാന്മാരായിരുന്നു ഈ മനുഷ്യർ. ഈ ഏറ്റവും മികച്ചവർ അവരുടെ മികച്ചത് നൽകിയപ്പോൾ പോലും ആ കൽപനകൾ ശുഷ്കമായിരുന്നു. മാനവരാശിയെ മോശം അവസ്ഥയിൽ തന്നെ വിട്ടു.

"പക്ഷെ അവിശ്വാസികൾ ഒരു കാര്യം സമ്മതിക്കുന്നു, ഞാൻ പിന്നീട് ഇത് തെളിയിക്കുന്നതായിരിക്കും. അതായത് യാതൊരു മതേതരമായ വിദ്യാഭ്യാസവും കൂടാതെ യേശു എല്ലാ സന്മാർഗ്ഗികളെയും തത്വചിന്തകരെയും ഒരുമിച്ച് രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളി."

എമേഴ്സൺ വീണ്ടുമെഴുന്നേറ്റു. "പഴയനിയമ പ്രവചനങ്ങളെയും വിവരണങ്ങളെയും സാധൂകരിക്കുന്നതാണ് ക്രിസ്തുവെന്നതിന് വളരെ ന്യായമായ തെളിവുകൾ നിങ്ങൾ അവതരിപ്പിച്ചു കഴിഞ്ഞു. എന്നാൽ പോലും ക്രിസ്ത്യാനിത്വത്തെ സ്ഥാപിച്ചത് ക്രിസ്തുവാണെന്ന് തെളിയിക്കുന്നില്ല."

"എങ്കിൽ ക്രിസ്ത്യാനിത്വത്തിന്റെ സ്ഥാപനത്തെക്കുറിച്ച് നമുക്ക് ചുരുക്കമായി ഒരന്വേഷണം നടത്താം." ഡെയർ മറുപടി

നൽകി. “അത് നിലനിൽക്കുന്നുണ്ടെന്നും ഏതോ വിധേന ഉണ്ടായി എന്നും ആർക്കും നിഷേധിക്കാനാവില്ല.

“ഇതിന്റെ ഉത്ഭവത്തെക്കുറിച്ച് ആകെ രണ്ട് സിദ്ധാന്തങ്ങൾ മാത്രമേ ഉണ്ടാവാനിടയുള്ളൂ. ഇത് സ്ഥാപിച്ചത് ഒന്നുകിൽ ക്രിസ്തു അല്ലെങ്കിൽ കപടവേഷധാരികളാരെങ്കിലും.

“പക്ഷെ കാപട്യക്കാരാണെങ്കിൽ ഈ പുതിയ മതത്തിന്റെ പ്രചാരണം വളരെ അപകടം നിറഞ്ഞതാകുമായിരുന്നു. യഹൂദർക്ക് ക്രിസ്ത്യാനിത്വം അവരുടെ വ്യവസ്ഥാപിത വിശ്വാസങ്ങൾക്കെതിരായിരുന്നുവെന്നു മാത്രമല്ല അവരുടെ പ്രതീക്ഷകളും ആശ്വാസവും പടുത്തുയർത്തിയിരുന്ന അഭിപ്രായങ്ങൾക്കു തന്നെ എതിരായിരുന്നു.”

“അവരെ റോമരുടെ കയ്യിൽ നിന്ന് വിടുവിക്കാനൊരു മശിഹയെയാണ് അവർ കാത്തിരുന്നത്. ഈ പ്രതീക്ഷകൾക്ക് ഇച്ഛാഭംഗം വന്നുവെന്നുള്ള ചിന്തപോലും അവരെ കോപിപ്പിച്ചിരുന്നു. ക്രിസ്ത്യാനിത്വത്തിന്റെ മുഴുവൻ സിദ്ധാന്തവും അവർക്ക് പുതിയതും എതിർപ്പ് ഉളവാക്കുന്നതുമായിരുന്നു. ജാതികൾക്കും ദൈവരാജ്യം എന്നത് യഹൂദന് വളരെ അന്യമായ ഒരു സങ്കൽപ്പമായിരുന്നു. അത് അവനെ പുതിയ മതത്തിലേക്ക് നേടുന്നതിന് പകരം വിരോധിയാക്കി തീർക്കുന്ന ഒരു കാര്യമായിരുന്നു.

“അതിനെക്കാൾ മോശം എന്താണെന്നു വച്ചാൽ യേശുവിന്റെ അനുയായികൾക്ക് അന്യായവും ക്രൂരവുമായ ഒരു കൊലപാതകത്തെച്ചൊല്ലി യഹൂദരെ തിരസ്ക്കരിക്കേണ്ടി വന്നു. ഇതു തന്നെ അവരുടെ പ്രവർത്തിയെ കൂടുതൽ കടുപ്പമുള്ളതും അപകടകരവുമാക്കി. അധികാരത്തിന്റെ പിൻബലമുള്ള മുൻവിധിയോടാണ് ക്രിസ്തു ശിഷ്യർക്ക് പോരാടേണ്ടി വന്നത്. ആദ്യം നിരാശപ്പെടുത്തുകയും പിന്നീട് ക്രോധിപ്പിക്കുകയും ചെയ്തവരെയാണ് അവർ ആകർഷിക്കാൻ ശ്രമിച്ചത്. തീർച്ചയായും ഒരു പുതിയ മതം പരിചയപ്പെടുത്തുന്നതിന് ഒരു വിചിത്ര മാർഗ്ഗം.

“പക്ഷെ ഇത് ബുദ്ധിമുട്ടുകളുടെ തുടക്കം മാത്രമായിരുന്നു. റോമരുടെ രാജാധിപത്യത്തിൽ തന്നെ ക്രിസ്ത്യാനിത്വം ആദ്യ പ്രഹരം നൽകി. നിലവിലുണ്ടായിരുന്ന എല്ലാ മതങ്ങളെയും ശത്രുക്കളാക്കി. വിഗ്രഹാരാധികളുടെ എല്ലാ പുരാണേതിഹാസങ്ങളെയും അവർ ആരാധിച്ചിരുന്ന എല്ലാ ദൈവങ്ങളെയും പ്രാരംഭത്തിൽ തന്നെ, ഒന്നിനെയും ഒഴിച്ചിടാതെ സാഹസികമായി തന്നെ നിഷേധിച്ചു. യാതൊരു വിട്ടുവീഴ്ച്ചയ്ക്കും തയ്യാറായില്ല. വിഗ്രഹാരാധികളുമായി ബന്ധപ്പെട്ട എല്ലാ പ്രതിമയെയും ബലിപീഠങ്ങളെയും ക്ഷേത്രങ്ങളെയും ദേവന്മാരെയും തകർത്തെറിഞ്ഞുകൊണ്ടു മാത്രമേ അതിനു വിജയിക്കാനായുള്ളൂ.

“നിലനിന്നിരുന്ന ഒരായിരം മറ്റ് മതങ്ങളോടൊപ്പം ചേർക്കാനുള്ള ഒരു മതമായിരുന്നില്ല ക്രിസ്ത്യാനിത്വം. മറ്റെല്ലാ ദൈവങ്ങളും തെറ്റാണെന്നും ആരാധന വ്യർത്ഥവും വിഡ്ഢിത്തവും ചതിയുമാണെന്നും ശക്തമായി തള്ളിപ്പറഞ്ഞു.

“ഇവിടെ മറ്റൊരു വസ്തുത പരിഗണിക്കാം. പൗരാണികർ മതത്തെ അപ്പാടെ രാജ്യത്തിന്റെ ഒരു കാര്യമായിട്ടാണ് കണ്ടിരുന്നത്. അതിനോട് ബന്ധപ്പെട്ട ഒരു കാര്യമെന്നല്ല ഒഴിച്ചു കൂടാനാവാത്ത ഒന്നായി അതിനെ കണ്ടു. അതുകൊണ്ട് മതത്തെ തകർത്തെറിയാനുള്ള ഒരു ശ്രമത്തെ സർക്കാരിനെതിരായ നേരിട്ടുള്ള ആക്രമണമായാണ് കണ്ടത്. മരണശിക്ഷയർഹിക്കുന്ന ചതി. ആദിമ ക്രൈസ്തവർ ഇത് മനസ്സിലാക്കിയിരുന്നു.

“അതിലുപരി, അക്കാലത്തെ മത സംവിധാനങ്ങളെല്ലാം തന്നെ വളരെ വർഷങ്ങളായി സ്ഥാപിക്കപ്പെട്ടവയായിരുന്നു. പ്രാചീന കാലം മുതലെ അവരുടെ പുരോഹിതരും, ദാനധർമ്മവും, അനുഷ്ഠാനങ്ങളും, പ്രൗഢമായ ക്ഷേത്രങ്ങളുമെല്ലാം അവയുടെ ശക്തി തെളിയിച്ചിട്ടുണ്ട്. പ്രതിമയുണ്ടാക്കൽ, വര, വാസ്തുവിദ്യ, സംഗീതം എന്നിവയെല്ലാം അവയുടെ പ്രൗഢിയും ചമയവും സ്വാധീനവും വർദ്ധിപ്പിച്ചു.

“ഈ മതങ്ങളിൽ ഉൽസവങ്ങളുടെ നിറവായിരുന്നു. ജനത്തിന്റെ ആവശ്യവും അതായിരുന്നു. ഗിബ്ബോൺ പറയുന്നു,

അവരുടെ ഉൽസവങ്ങൾ സ്വകാര്യ പൊതു ജീവിതങ്ങളിലെ എല്ലാ ത്തരം ഇടപാടുകളിലും ആനന്ദങ്ങളിലും കൂടിക്കലർന്നിരുന്നു. സമൂ ഹത്തിലെ എല്ലാ മേഖലകളിലും വിനോദം നിറച്ചിരുന്നു അത്.

"ക്രിസ്ത്യാനികളുടെ മരണങ്ങൾ സത്യമായും രക്തസാ ക്ഷിത്വമായിരുന്നുവെന്ന് പ്ലിനിയുടെയും മാർഷ്യലിന്റെയും സാക്ഷ്യ ങ്ങളിൽ നിന്ന് വ്യക്തമാണ്. അതായത് അവർക്ക് ഏതു നിമിഷം വേണമെങ്കിലും അവിശ്വാസികളുടെ കസർത്തുകളിൽ ചേർന്നു കൊണ്ട് അവരുടെ ജീവൻ രക്ഷിക്കാമായിരുന്നു. എന്നിട്ടു പോ ലും അവർ ഒട്ടും പിന്തിരിഞ്ഞില്ല. ഏറ്റവും ക്രൂരമായ പീഢനം ഏറ്റപ്പോൾ പോലും.

"യേശു മരണത്തിനു വിധിക്കപ്പെട്ടെങ്കിൽ, അദ്ദേഹത്തിന്റെ അനുയായികൾക്ക് സമാനമായ വിധിയിൽ നിന്ന് ഒഴിവാകാമെന്ന് പ്രതീക്ഷിക്കാമോ? പ്രത്യേകിച്ചും മരണമായിരിക്കും അവരുടെ അന്തിമ വിധിയെന്ന് യേശു പറഞ്ഞിട്ടുള്ളപ്പോൾ. എന്നിട്ടു പോലും അവർ ഒട്ടും പിന്തിരിഞ്ഞില്ല. ഏറ്റവും ക്രൂരമായ പീഢനം ഏറ്റപ്പോൾ പോലും.

"ഈ സ്വാധീനത്തിന്റെ മതിയായ കാരണങ്ങൾ വിവരി ക്കേണ്ടതുണ്ട്. മുമ്പത്തേതുപോലെ തന്നെ ജീവിച്ചു പോയേക്കാം എന്ന് കരുതി ജീവൻ നഷ്ടപ്പെടുത്താതിരിക്കുന്നതിനു പകരം അനേകമാളുകൾ ക്രൂരപീഢനവും മരണവും ഏറ്റുവാങ്ങിയപ്പോൾ ഇത്തരമൊരു സ്വാധീനത്തിന് മതിയായ ഒരു കാരണവുമുണ്ടായി രുന്നിരിക്കണം. ഒന്നും പറയാതെ തന്നെ ദശലക്ഷക്കണക്കിനാളു കൾ കരുതി, അത് യേശുവാണെന്ന്. അവിശ്വാസികൾ പോലും സമ്മതിച്ചു. ഇനിയും അങ്ങനെ തന്നെയുണ്ടാവും.

"കൂടാതെ ക്രിസ്ത്യാനിത്വത്തിന്റെ ഉൽഭവത്തെക്കുറിച്ചുള്ള എല്ലാ വിവരണവും യോജിക്കുന്നു. മതപരവും മതേതരവുമായ എല്ലാ എഴുത്തുകാരും ഒരേ കാര്യം തന്നെ പറയുന്നു: റോമാ ഗവർ ണ്ണർ പന്തിയോസ് പിലാത്തോസിന്റെ അധികാരത്തിൽ യേരു ശലേമിൽ ക്രിസ്തു മരണത്തിനു വിധിക്കപ്പെട്ടു. സമകാലീനരോ

പിന്നീടുള്ളവരോ ഇക്കാര്യം ഘണ്ഡിക്കുന്നില്ല. യഹൂദ എഴുത്തുകാർക്കുപോലും മറിച്ചു പറയുവാനൊന്നുമില്ല.

“ഒന്നാം നൂറ്റണ്ടിൽ പ്ലിനിയോ, രണ്ടിൽ സെൽസസോ, മൂന്നിൽ പൊർഫിറിയോ, നാലിൽ ജൂലിയനോ പോലും പുതിയ നിയമത്തിന്റെ ആധികാരികതയെ സംശയിച്ചിട്ടില്ല. മാത്രമല്ല പുതിയ നിയമ എഴുത്തുകാരെന്ന് പറയുന്നവരാൽ തെറ്റിദ്ധരിക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ എന്ന ദുസ്സൂചന പോലും അവർ നടത്തിയിട്ടില്ല.

“എന്നാൽ ഇവിടെ ഈ എഴുത്തുകാരെല്ലാം അംഗീകരിക്കുന്ന ഒരപൂർവ്വ കഥയുടെ വസ്തുതകൾ ഇതാ: [28]ടൈബീരിയസ് സീസറിന്റെ കാലത്ത് ഏതാനം ആളുകൾ ചേർന്ന് ഈ ലോകത്തിൽ ഒരു പുതിയ മതം സ്ഥാപിക്കുവാൻ ശ്രമിച്ചു. ഇതിന്റെ നിർവ്വഹണത്തിനായുള്ള പരിശ്രമത്തിൽ അവർ സ്വയം വലിയ ആപത്തുകളോട് ഏറ്റുമുട്ടി. വലിയ കഷ്ടപ്പാടുകൾ സഹിച്ചു. കേട്ടുകേൾവിയില്ലാത്ത നരകയാതനയെ അതിജീവിച്ചു. എല്ലാം കുറ്റവാളിയായി വിധിക്കപ്പെട്ട, മൃത്യുവിനെ ജയിച്ച് ഉയിർത്തെഴുന്നേറ്റ കഥയിലെ ആ മനുഷ്യനുവേണ്ടിയായിരുന്നു. ഈ അപൂർവ്വ കഥ ചരിത്രത്തെ തന്നെ പരിവർത്തനം ചെയ്തു. സാമ്രാജ്യങ്ങളുടെ ഗതിമാറ്റി. ദശലക്ഷക്കണക്കിനു ജീവിതങ്ങളെ കൂടുതൽ നല്ലതിലേക്ക് മാറ്റിവിട്ടു.

“ഈ ആശ്ചര്യകരമായ കഥ പ്രസിദ്ധീകരിച്ചവർ ആത്മാർത്ഥത ഇല്ലാത്തവരായിരുന്നുവെങ്കിൽ അവരാണ് ഈ ഭൂമിയിലെ ഏറ്റവും വലിയ നുണയന്മാരും വിഡ്ഢികളും. അവർ ദുഷ്ട കഥാപാത്രങ്ങളായിരുന്നു. മറ്റൊന്നും കൊണ്ടല്ല, അവർ സത്യസന്ധത പഠിപ്പിച്ചു. അവർ ജീവിതത്തിൽ ഒന്നും പ്രതീക്ഷിക്കാതെ എല്ലാവരാലും ശപിക്കപ്പെട്ട നീചമരണം വരിച്ചു.

“ലോകത്തിന്റെ മുഴുവൻ ചരിത്രമെടുത്താലും ഒരു പുരുഷനോ സ്ത്രീയോ എന്തിന് ഒരു കുട്ടിയോ പോലും തെറ്റാണെന്ന് അവർ അറിഞ്ഞ അല്ലെങ്കിൽ തെറ്റായിരിക്കുമെന്ന് അവർ ചിന്തിച്ച ഒരു കഥ പ്രചരിപ്പിക്കുന്നതിനു വേണ്ടി ഇനി പറയും വിധമുള്ള

ജീവിതം സ്വമേധയാ തിരഞ്ഞെടുത്തിരിക്കില്ല. അപര്യാപ്തതയുടെ, നിരന്തരമായ അലച്ചിലിന്റെ, ശാശ്വതമായ വിപത്തിന്റെ, വീടും രാജ്യവും സന്തോഷത്തോടെ നഷ്ടപ്പെടുത്തിക്കൊണ്ട്, ചാട്ടവാറടികൾക്കും കല്ലേറിനും മുന്നിൽ സഹനശക്തിയോടെ നിന്നുകൊണ്ട്, ദീർഘവും ക്രൂരവുമായ തടവറകളിലായിക്കൊണ്ട്, സിംഹങ്ങൾക്ക് എറിഞ്ഞിടപ്പെട്ടുകൊണ്ട്, തീപ്പന്തങ്ങളായി എരിഞ്ഞടങ്ങിക്കൊണ്ട് വെറും ഒരു നുണക്കഥ പ്രചരിപ്പിക്കാൻ അവർ തയ്യാറായി. പൂർണ്ണമായി വിശ്വസിക്കാത്ത ഒരു കാര്യത്തിനുവേണ്ടി ഒരാളും ഇന്നുവരെ ഇത്തരത്തിൽ കഷ്ടതകൾ സഹിച്ചിട്ടില്ല. ഈ വസ്തുതകൾ ആർക്കും നിഷേധിക്കാനാവാത്ത വിധം അറിവുള്ളതും അത് ഒരു വിശദീകരണത്തിലൂടെ ഒഴിവാക്കാനാവാത്തതുമാണ്.

"ഏറ്റവും കടുത്ത അവിശ്വാസി പോലും ലോകത്തിലെ ഏറ്റവും വലിയ സ്വാധീനങ്ങളിലൊന്നായി ക്രിസ്തുവിന്റെ ജീവിതത്തെ അംഗീകരിക്കുന്നു."

എമേഴ്സൺ ഒരിക്കൽക്കൂടി എഴുന്നേറ്റു. "അവിശ്വാസികളെക്കൊണ്ട് തെളിയിക്കാൻ പോകുന്ന അനേകം കാര്യങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ നിങ്ങളിപ്പോൾ പറഞ്ഞു. എന്നാൽ ഒന്നിനു പോലും നിങ്ങൾ തെളിവുകൾ നൽകിയിട്ടില്ല. എപ്പോഴാണ് ഇതിന്റെ തെളിവുകൾ നൽകുക?" അദ്ദേഹത്തിന്റെ ചോദ്യത്തിന് അക്ഷമയുടെ ഒരു മുറുമുറുപ്പുണ്ടായിരുന്നു.

"അടുത്ത പ്രഭാഷണത്തിൽ," ഡേവിഡ് ഡെയർ പറഞ്ഞു. "അവിശ്വാസികൾ എഴുതിയ പുസ്തകങ്ങളിൽ നിന്ന് ഈ പരാമർശങ്ങൾ നിങ്ങൾ വായിക്കണം മിസ്റ്റർ എമേഴ്സൺ. നിങ്ങൾക്കും മറ്റ് ശ്രോതാക്കൾക്കും അത് അവിശ്വാസികൾ തന്നെ എഴുതിയതാണെന്നും ഞാൻ തെറ്റായി പറഞ്ഞതല്ല എന്നും മനസ്സിലാവും. അതെല്ലാം തന്നെ അസ്സൽ പുസ്തകങ്ങളിൽ നിന്നാണ്."

# 11. അവിശ്വാസികൾ യേശുവിനായി സാക്ഷ്യം പറയുന്നു

അടുത്ത ഞായറാഴ്ച വൈകീട്ട്. എമേഴ്സൺ കുടുംബം ഇരുന്ന ശേഷം ലൂസിലെ മുന്നോട്ടാഞ്ഞ് മന്ത്രിച്ചു: “സകല ചരിത്രത്തിലും വച്ച് ഏറ്റവും പ്രധാനപ്പെട്ട വ്യക്തി ക്രിസ്തുവാണെന്ന് അവിശ്വാസികൾ സമ്മതിക്കുന്നതായി കാണിക്കാൻ അദ്ദേഹത്തിന് കഴിയുമെന്ന് തോന്നുന്നുണ്ടോ, ഡാഡ്?”

“അയാൾക്കതിന് എങ്ങനെ കഴിയുമെന്ന് എനിക്കറിയില്ല.” പുരികം ചുളിച്ചുകൊണ്ട് അവളുടെ പിതാവ് പറഞ്ഞു. “കാരണം അവർ അങ്ങനെ സമ്മതിച്ചാൽ അവർ ക്രിസ്ത്യാനികളാകേണ്ടി വരും.’’

അതുവരെ ശ്രദ്ധിച്ചുകൊണ്ടിരുന്ന ജോർജ്ജ് പറഞ്ഞു. “മിക്കവാറും വ്യക്തമല്ലാത്ത എഴുത്തുകാരെയാവും അദ്ദേഹം ഉദ്ധരിക്കുക.”

ഒരു നിമിഷം ഇക്കാര്യം ചിന്തിച്ച എമേഴ്സൺ പറഞ്ഞു, “അതൊരു ബുദ്ധിയുള്ള ആലോചനയാണ്. നീ പറഞ്ഞത് ശരിയാണെന്ന് തോന്നുന്നു ജോർജ്ജ്.”

“ഞാൻ ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ട്,” എമേഴ്സന്റെ ഭാര്യ നിരീക്ഷിച്ചു, “അതായത് ഡെയർ ഇതുവരെ വാഗ്ദത്തം ചെയ്ത കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതേ, അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് പ്രതീക്ഷിക്കുന്നതിലുമപ്പുറം. പ്രധാനപ്പെട്ട, പ്രശസ്തരായ അവിശ്വാസികളെ തന്നെ അദ്ദേഹത്തിന്റെ പക്ഷം തെളിയിക്കുവാനായി കൊണ്ടുവരുമെന്ന് എനിക്കുറപ്പാണ്.”

കുടുംബത്തിലെ മറ്റ് മൂന്നംഗങ്ങളും അവളെ അവേശകരമായ ആദരവോടെ നോക്കി. “എന്തുപറ്റി അമ്മേ?,” ലൂസിലെ കിതപ്പോടെ ചോദിച്ചു, “അദ്ദേഹം അമ്മയുടെ മനസ്സ് മാറ്റിക്കഴിഞ്ഞോ?.”

“ഇല്ല, പക്ഷെ എനിക്കത് ശ്രദ്ധിക്കാതിരിക്കാനാവില്ല.

അവിശ്വാസത്തെ പിന്തുണയ്ക്കുന്ന തകർക്കാനാവാത്തതെന്ന് കരുതിയിരുന്ന കാര്യങ്ങൾ ഒന്നൊന്നായി തകർക്കപ്പെട്ടു കഴിഞ്ഞു. ഇനി അധികം ഇല്ല താനും. അവിശ്വാസിയുടെ വീട് ആടിയുലയുകയാണെന്നാണ് എനിക്ക് തോന്നുന്നത്. എന്നിട്ടിപ്പോൾ അദ്ദേഹം വാഗ്ദത്തം ചെയ്തിരിക്കുന്നു അവിശ്വാസികളെക്കൊണ്ട് തന്നെ ആ ജോലി പൂർത്തീകരിക്കുമെന്ന്. ഇദ്ദേഹത്തിന്റെ ഈ രീതി എനിക്ക് ഇഷ്ടപ്പെട്ടു."

സാധാരണ സൗമ്യമായും നിശ്ശബ്ദമായും കാണപ്പെടുന്ന എമേഴ്സന്റെ ഭാര്യയെ മറ്റ് മൂന്നു പേരും അതിയായ ആശ്ചര്യത്തോടെ നോക്കി. 'പക്ഷെ അമ്മേ, —–" ജോർജ്ജ് തുടങ്ങി.

'ശശ്" ലൂസിലെ മന്ത്രിച്ചു, 'ഇതാ വരുന്നു മിസ്റ്റർ ഡെയർ."

വളരെ അക്ഷമരായി കാത്തിരുന്ന തന്റെ ശ്രോതാക്കളെ പ്രഭാഷകൻ സ്വാഗതം നിറഞ്ഞ ചിരിയോടെ നോക്കി.

'എല്ലാവരെയും വീണ്ടും കാണാൻ സാധിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. കഴിഞ്ഞയാഴ്ച നമ്മൾ ചില വസ്തുതകൾ ശ്രദ്ധിക്കുകയുണ്ടായി. സുവിശേഷ എഴുത്തുകാരെ ഇന്ന് നമുക്ക് ക്രോസ് വിസ്താരം ചെയ്യാനാവില്ല. എങ്കിലും ലോകാരംഭം മുതൽ ഇന്നു വരെ ഒരു സാക്ഷിപോലും വിസ്തരിക്കപ്പെട്ടിട്ടില്ലാത്തവിധം അവർ പരിശോധിക്കപ്പെട്ടു.

'വിചക്ഷണന്മാരായ യഹൂദ ശത്രുക്കളും അതിയുക്തിവാദികളായ ഗ്രീക്കുകാരും ചുണക്കുട്ടന്മാരായ അഭിഭാഷകരെപ്പോലുള്ള റോമരും അവരെ പരിശോധിക്കുകയും ക്രോസ് വിസ്തരിക്കുകയും ചെയ്തു. മാത്രമല്ല അഗ്നി, വാൾ, കുരിശ്, ചാട്ടയടി, മരണം എന്നിവയാലും അവർ ശോധന ചെയ്യപ്പെട്ടു. ചരിത്രകാരന്മാരുടെയും അവരിൽ വിശ്വസിച്ച അനേകരുടെയും പീഢനത്തിനിരയായ ലോകത്തിലെ ഏക ചരിത്ര രേഖയാണ് സുവിശേഷം.

'ഇനി, പീഢനത്തിന്റെ വലിയ' അഗ്നിക്കിരയാകാത്ത സത്യസന്ധരായ മറ്റ് ചരിത്രകാരന്മാരുടെ എഴുത്തുകളെ നമ്മൾ സ്വീകരിക്കുകയാണെങ്കിൽ പീഢനത്താൽ പരീക്ഷിക്കപ്പെട്ട

സുവിശേഷപ്രവർത്തകരുടെ എഴുത്തുകളെ നാം എത്രയധികം വിശ്വസിക്കേണ്ടിയിരിക്കുന്നു.

'അവർ ആരേക്കുറിച്ച് എഴുതിയോ, ആ മനുഷ്യൻ നിശ്ചയമായും അവർക്ക് കേട്ടുകേൾവി പോലുമില്ലാത്തത്ര സത്യസന്ധത വരുത്താൻ മാത്രം അവരെ അതിഭയങ്കരമായി സ്വാധീനിച്ചിട്ടുണ്ടാവും.

'എന്നാൽ അദ്ദേഹം ലോകചരിത്രത്തിൽ വച്ച് ഏറ്റവും അതിശയനും, ഏറ്റവും സ്നേഹയോഗ്യനും, ഏറ്റവും ശക്തനുമായ മനുഷ്യൻ ആയത് സുവിശേഷപ്രവർത്തകർക്ക് മാത്രം അല്ല, ആധുനികരായ നാസ്തികർക്കു കൂടിയാണ്.'—"

"മിസ്റ്റർ ഡെയർ" എമേഴ്സൺ ഇടയ്ക്കു കയറി പറഞ്ഞു. 'ഇത്തരം പ്രസ്താവനകൾ നിങ്ങൾ വളരെ പ്രാവശ്യം പറഞ്ഞു കഴിഞ്ഞു. എന്നാൽ ഇതുവരെ യാതൊരു തെളിവും നൽകിയിട്ടുമില്ല. നിങ്ങളോടുള്ള എല്ലാ ആദരവോടെയും ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും പറയട്ടെ നിങ്ങൾ പറയുന്നതിനപ്പുറം ഞങ്ങൾ പ്രതീക്ഷിയ്ക്കുന്നു.

കയ്യടികളുടെ അലയടിയിൽ പ്രഭാഷകന്റെ മറുപടി പറയാനുള്ള ആദ്യ ശ്രമം മുങ്ങിത്താണു. നേരിട്ടുള്ള പ്രവർത്തി ആവശ്യപ്പെടുന്ന തരത്തിലായിരുന്നു പ്രേക്ഷകരുടെ മനോവികാരം.

'എന്നാൽ ശരി. നിങ്ങൾക്ക് അത് ഇപ്പോൾ തന്നെ നൽകാം. മിസ്റ്റർ എമേഴ്സൺ നിങ്ങൾ മുന്നോട്ട് കടന്നു വന്ന് ഞാൻ തരുന്ന പുസ്തകത്തിൽ ഒരു നാസ്തികൻ എഴുതിയിരിക്കുന്ന കാര്യങ്ങൾ വായിക്കാമോ?"

"തീർച്ചയായും." തിങ്ങിനിറഞ്ഞ ഹാളിന്റെ നടുവിലൂടെ പ്ലാറ്റ്ഫോമിലേയ്ക്ക് നടന്നുകൊണ്ട് എമേഴ്സൺ പറഞ്ഞു. ഡെയറും ചെയർമാൻ ഡോ. മോർലിയും ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു.

ഒരു വലിയ പുസ്തകം എടുത്ത് നീട്ടിയിട്ട് പ്രഭാഷകൻ എമേഴ്സണോട് പറഞ്ഞു, "ഞാൻ നിങ്ങളെ ഈ പുസ്തകം

ഏൽപ്പിക്കുന്നു. ഇതിന്റെ എഴുത്തുകാരനെക്കുറിച്ചും കൃതികളെക്കുറിച്ചും ദയവായി ശ്രോതാക്കളോട് ഒന്നു വിവരിക്കാമോ?'

തന്റെ കയ്യിലെ പുസ്തകം പരിശോധിച്ച ശേഷം എല്ലാവർക്കും കേൾക്കാവുന്ന രീതിയിൽ എമേഴ്സൺ സംസാരിച്ചു.

"വില്ല്യം ഇ. എച്ച്. ലെക്കി എഴുതിയ 'ഹിസ്റ്ററി ഓഫ് യൂറോപ്യൻ മോറൽസ്' എന്ന പുസ്തകത്തിന്റെ രണ്ടാം വാല്യമാണ് ഇത്. 'ഹിസ്റ്ററി ഓഫ് ദി റൈസ് ആൻഡ് ഇൻഫ്ളുവൻസ് ഓഫ് ദി സ്പിരിറ്റ് ഓഫ് റാഷണലിസം ഇൻ യൂറോപ്പ്' എന്ന കൃതിയും ഇദ്ദേഹത്തിന്റേതാണ്. ഐറിഷ് ചരിത്രകാരനും രാഷ്ട്രമീമാംസകനും തത്വചിന്തകനുമായ ലെക്കി 1903ൽ അന്തരിച്ചു. അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ ആ രാജ്യത്തെ മുൻനിര അവിശ്വാസികളിൽ ഒരാളായിരുന്നു ലെക്കി. ചിന്തിക്കുന്ന ഒരു മനുഷ്യന് പിന്തുടരാവുന്ന ഒരേയൊരു വഴി യുക്തിവാദത്തിന്റേതു മാത്രമാണെന്ന് തെളിയിക്കാൻ അദ്ദേഹം നാല് വലിയ വാല്യങ്ങൾ തന്നെ എഴുതി."

"അങ്ങനെയെങ്കിൽ ലെക്കിയെ നിങ്ങൾ അക്കാലത്തെ ഏറ്റവും പ്രമുഖനായ അവിശ്വാസിയായി കരുതുമോ?" ഡെയർ ചോദിച്ചു.

"നിസ്സംശയമായും" എമേഴ്സൺ മറുപടി പറഞ്ഞു.

"ഇനി അതിന്റെ എട്ട്, ഒമ്പത് പേജുകൾ എടുക്കുക. അടയാളപ്പെടുത്തിയിരിക്കുന്ന ഭാഗം വായിക്കുക." പ്രഭാഷകൻ നിർദ്ദേശിച്ചു.

അടയാളപ്പെടുത്തിയിരിക്കുന്ന ഭാഗം വായിച്ചു തുടങ്ങിയ എമേഴ്സന്റെ ശബ്ദം വ്യക്തവും ശക്തവുമായി ആ ഓഡിറ്റോറിയത്തിന്റെ എല്ലാ മൂലയിലും മുഴങ്ങി.

"ഒരു ഉത്തമ വ്യക്തിത്വത്തെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുകയെന്നത് ക്രിസ്ത്യാനിത്വത്തിനു വേണ്ടി കരുതി വച്ചിരുന്നു. പതിനെട്ട് നൂറ്റാണ്ടുകളിലൂടെയുള്ള മാറ്റങ്ങൾക്കിടയിലും ആ വ്യക്തിത്വം മനുഷ്യ ഹൃദയങ്ങളെ വികാരാധീനമായ സ്നേഹത്തിലൂടെ സ്വാധീനിച്ചു. എല്ലാ കാലങ്ങളിലും ദേശങ്ങളിലും

സ്വഭാവങ്ങളിലും അവസ്ഥകളിലും പ്രവർത്തിക്കാൻ അതിന് കഴിയുമെന്ന് തെളിയിച്ചു. നന്മയുടെ ഏറ്റവും വലിയ മാതൃക മാത്രമായിരുന്നില്ല അത്. അതിന്റെ പ്രയുക്തിക്കുള്ള ശക്തമായ പ്രചോദനം കൂടിയായിരുന്നു അത്. ആഴത്തിലുള്ള സ്വാധീനം ആ വ്യക്തിത്വത്തിനു ചെലുത്താനായി. ഹ്രസ്വമായ വെറും മൂന്നു വർഷക്കാലത്തെ പരസ്യ ജീവിതം മനുഷ്യകുലത്തെ മുഴുവൻ പുനർജ്ജനിപ്പിക്കാനും മയപ്പെടുത്താനും വളരെയധികം ചെയ്തുവെന്നത് സത്യമായും പറയാവുന്ന ഒരു കാര്യമാണ്. അത് തത്വചിന്തകരുടെ സൂക്ഷ്മമായ പഠനങ്ങളെക്കാളും സന്മാർഗ്ഗികളുടെ എല്ലാ ഗുണദോഷങ്ങളെക്കാളും മീതെയാണ്."

"നന്ദി, ഇപ്പോഴത്തേക്ക് അത്രയും മതിയാവും." പ്രഭാഷകൻ അമ്പരപ്പിന്റെ ബഹിർസ്ഫുരണങ്ങളുമായിരിക്കുന്ന പ്രേക്ഷകർക്കു നേരെ തിരിഞ്ഞപ്പോൾ എമേഴ്സൺ ഡോ. മോർലിയുടെ അടുത്തായി ഇരുന്നു.

"ആ ഉണ്ട മദ്ധ്യത്തിൽ തന്നെ കൊണ്ടു" ലൂസിലെ നെടുവീർപ്പിട്ടു. എമേഴ്സന്റെ ഭാര്യ സന്തോഷം പ്രകടിപ്പിച്ചപ്പോൾ ജോർജ്ജ് ചിന്താക്കുഴപ്പത്തിലായിരുന്നു.

"ക്രിസ്തു എല്ലാ ചരിത്രത്തിന്റെയും ഹൃദയമാണെന്ന് ഈ വാക്കുകൾ ഉറപ്പിക്കുന്നു. അതു മാത്രമല്ല നന്മയ്ക്കു വേണ്ടി ലോകത്തെ എല്ലാ സന്മാർഗ്ഗികളുടെയും തത്വചിന്തകരുടെയും ജീവിതങ്ങളെക്കാളും ഉൽപന്നങ്ങളെക്കാളും ശക്തം ക്രിസ്തുവിന്റെ മൂന്നു വർഷക്കാലത്തെ ജീവിതമായിരുന്നു. ഇത് എല്ലാവരാലും ഉറപ്പിക്കപ്പെട്ട, സ്പഷ്ടമായി സംസാരിക്കുന്ന, ലോകം അംഗീകരിച്ച ഒരു നാസ്തികൻ, ഒരു നിഷ്പക്ഷനായ ചരിത്രകാരൻ വളരെ വർഷങ്ങളായി അതീവ ജാഗ്രതയോടെ തെളിവുകൾ തൂക്കി നോക്കിയ ശേഷം പറഞ്ഞ വാക്കുകളാണ്.

"ഇത്തരത്തിലൊരു ആവേശം ഒരു ചൂടൻ വിശ്വാസിയിൽ നിന്നു മാത്രമേ നിങ്ങൾക്ക് പ്രതീക്ഷിക്കാനാവുകയുള്ളൂ. എന്നാൽ ഇത്ര വർദ്ധിതമായ പുകഴ്ച്ച ഒരു വിഖ്യാത നാസ്തികനിൽ നിന്നു വന്നുവെന്നതിൽ ഞാനും നിങ്ങളെപ്പോലെ തന്നെ

ആശ്ചര്യപ്പെടുകയാണ്. പക്ഷെ ഇതാണ് വസ്തുത, ഇത് വിവരിക്കുക എന്നത് എന്റെ കാര്യവുമല്ല.

"ഇനി അദ്ദേഹം മാത്രമാണ് ഇത്തരം സ്തുതി പാടൽ നടത്തിയിരിക്കുന്നതെങ്കിൽ ബൈബിളിന്റെ ശക്തരായ എതിരാളികൾക്കിടയിൽ ഉത്തരം കിട്ടാത്ത തരത്തിലുള്ളൊരു പ്രതികരണമായി നമുക്ക് ഇങ്ങനെ കരുതാമായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ മറ്റൊരു പുസ്തകം നിങ്ങളെ ഏൽപ്പിക്കുന്നു മിസ്റ്റർ എമേഴ്സൺ. ദയവായി ഇത് പരിശോധിച്ചശേഷം പ്രേക്ഷകരോട് ഈ പുസ്തകത്തിന്റെ എഴുത്തുകാരനെക്കുറിച്ച് പറയാമോ?"

ഒരു മിനിറ്റു നേരം ആ പുസ്തകം പരിശോധിച്ച ശേഷം എമേഴ്സൺ പറഞ്ഞു. "പ്രകൃതി, മതങ്ങളെക്കൊണ്ടുള്ള ഉപയോഗം, ഏകദൈവവിശ്വാസം എന്നിവയെക്കുറിച്ച് ജോൺ സ്റ്റുവർട്ട് മിൽ എഴുതിയതാണ് ഈ പുസ്തകം. ബ്രിട്ടീഷ് സാമ്പത്തിക വിദഗ്ധനും തത്വചിന്തകനുമായ ജോൺ, ലെക്കി മരിക്കുന്നതിനും ഏതാനം വർഷം മുൻപാണ് മരിച്ചത്. ഒപ്പം തന്നെ അദ്ദേഹം ഒരു പ്രഖ്യാപിത അവിശ്വാസിയാണെന്ന് എല്ലാവർക്കും അറിയുകയും ചെയ്യാം.

"വളരെ നന്ന്," ഡേവിഡ് ഡെയർ പറഞ്ഞു. "ദയവായി രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് 253 മുതൽ 255 വരെ പേജുകളിൽ നിന്ന് വായിച്ചാലും.

"ക്രിസ്തു ഇന്നും ഒരു അനുപമമായ വ്യക്തിത്വമാണ്. അദ്ദേഹത്തിന്റെ മുൻഗാമികളെ പോലെയോ പിൻഗാമികളെപ്പോലെയോ അല്ല, അദ്ദേഹത്തിന്റെ നേരിട്ടുള്ള അദ്ധ്യാപനം ലഭിച്ചവർ പോലും അങ്ങനെയല്ല. സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതിൽ നിന്നു വ്യത്യസ്തമായി ക്രിസ്തു ചരിത്രത്തിന്റെ ഭാഗമല്ലെന്ന് പറയുന്നത് വെറുതെയാവും. ആ സ്വഭാവത്തിൽ ആരാധ്യമായതിൽ തന്റെ പിൻഗാമികളുടെ പാരമ്പര്യോപദേശം അധികമായി കൂട്ടിച്ചേർത്തതെങ്കിലും ഉണ്ടോയെന്നും നമുക്കറിയില്ല....... എന്നാൽ ആ ശിഷ്യരിലോ, പുതുതായി ആ മതം സ്വീകരിച്ചവരിലോ ആർക്കാണ് യേശു പറഞ്ഞ കാര്യങ്ങൾ കണ്ടുപിടിച്ച് പറയുവാനോ

സുവിശേഷങ്ങളിലെ യേശുവിന്റെ സ്വഭാവവും ജീവിതവും ഭാവനയിൽ കണ്ട് എഴുതുവാനോ കഴിവുള്ളത്? തീർച്ചയായും ഗലീലയിലെ മുക്കുവന്മാർക്ക് അതിനാവില്ല; തന്റെ സ്വഭാവവും വ്യക്തിസവിശേഷതയും പൂർണ്ണമായി വേറിട്ടു വിന്ന വിശുദ്ധ പൗലോസിനുമാവില്ല; അപ്രകാരം തന്നെയായിരുന്നു ആദിമ ക്രൈസ്തവ എഴുത്തുകാരും......

"ഭൂമിയിൽ ഉണ്ടായിട്ടുള്ളതിൽ എക്കാലത്തെയും ഏറ്റവും വലിയ സാമൂഹ്യ പരിഷ്കർത്താവ്, ആ ദൗത്യത്തിന്റെ രക്തസാക്ഷി തുടങ്ങിയ ഗുണങ്ങൾ ഈ വിശിഷ്ട പ്രതിഭയിൽ ഒത്തുവന്നു. മനുഷ്യകുലത്തിന്റെ ഉത്കൃഷ്ട പ്രതിനിധിയും വഴികാട്ടിയും ആയി ഇങ്ങനെ ഒരു മനുഷ്യനെ തിരഞ്ഞെടുത്ത് അതിൽ സ്ഥിരപ്പെടുവാനുള്ള മതത്തിന്റെ തീരുമാനം ഒരിക്കലും തെറ്റിയിട്ടില്ല. നന്മയുടെ നിയമത്തെ അമൂർത്തതയിൽ നിന്നും മൂർത്തതയിലേയ്ക്ക് കൊണ്ടുവന്നതിന് ഇതിൽപരമായി ഒരു ഉദാഹരണം കണ്ടെത്താൻ ഒരു അവിശ്വാസിക്കുപോലും എളുപ്പം കഴിയില്ല. അതുപോലെ ജീവിക്കുവാൻ പരിശ്രമിച്ചാൽ ക്രിസ്തു നമ്മുടെ ജീവിതത്തെ അംഗീകരിക്കും.

"നിരീക്ഷിച്ചാലും," പ്രഭാഷകൻ പറഞ്ഞു. "നാസ്തികനായ മിൽ വളരെ വ്യക്തമായി പറയുന്നു, ക്രിസ്തു അംഗീകരിക്കുന്നതിനുവേണ്ടി ജീവിക്കുക എന്നതിനേക്കാൾ മികച്ചതായി ഒരു അവിശ്വാസിക്ക് ഒന്നും ചെയ്യാനില്ല. നാസ്തികർ ക്രിസ്ത്യാനികളായിരിക്കണം എന്ന് ആപത്കരമായി പറയുന്നതുപോലെ തന്നെയാണത്! ഞാൻ അദ്ദേഹത്തോട് യോജിക്കുന്നു."

"പക്ഷെ," എമേഴ്സൺ ഇടയ്ക്കു കയറി, "മിൽ ഒരിക്കലും ക്രിസ്ത്യാനിത്വത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടില്ല. അദ്ദേഹത്തിന്റെ വാക്കുകൾ എന്നെ കുഴയ്ക്കുന്നു."

"ഞാനും കുഴങ്ങിയിരിക്കുകയാണ്, പക്ഷെ അദ്ദേഹം അങ്ങനെ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ നാസ്തിക സുഹൃത്തുക്കൾ ഈ എഴുത്തിനെ എതിർത്തിട്ടുപോലും അദ്ദേഹത്തിന്റെ ഈ പുസ്തകത്തിന്റെ പിന്നീടുള്ള പതിപ്പുകളിൽ നിന്ന് അത് ഒഴിവാക്കുകയോ പിൻവലിക്കുകയോ ചെയ്തില്ല. ക്രിസ്തുവിനെക്കുറിച്ച്

ഏറ്റവും ആഹ്ലാദഭരിതമായ കാര്യങ്ങൾ പറയുകയും അടിയുറച്ച അവിശ്വാസികളായി തുടരുകയും ചെയ്യുന്ന അവിശ്വാസികളുടെ വൈരുദ്ധ്യ സ്വഭാവത്തെക്കുറിച്ച് വിവരിക്കാൻ എനിക്കാവില്ല.

"ക്രിസ്ത്യാനിത്വത്തിനെതിരെ വർഷങ്ങളോളം പൊരുതിയ ശേഷം ലോകത്തിലെ മുൻനിര നാസ്തികർ അടിയുറച്ച ക്രിസ്ത്യാനികളെപ്പോലെ വീറോടും ശക്തിയോടും കൂടി ക്രിസ്തുവിനെയും ക്രിസ്ത്യാനിത്വത്തെയും പുകഴ്ത്തുവാൻ അവസരം കണ്ടെത്തുന്നു എന്ന് കാണിക്കുവാൻ പരിശ്രമിക്കുക മാത്രമാണ് ഞാൻ. ഈ രണ്ടു പേരും പ്രസിദ്ധരായ നാസ്തികരാണെങ്കിലും ഇവർ മാത്രമല്ല ക്രിസ്തുവിന്റെയും ക്രിസ്ത്യാനിത്വത്തിന്റെയും പ്രശംസ നടത്തിയിട്ടുള്ളത്. ഇവരെക്കാൾ വിഖ്യാതരായ അവിശ്വാസികളെ ഞാൻ സാക്ഷിക്കൂട്ടിലേക്ക് കൊണ്ടുവരാം."

ഡേവിഡ് ഡെയർ ഒരു പുസ്തകം എമേഴ്സണ് കൈമാറി. "ഇതെഴുതിയത് ആരാണെന്ന് പ്രേക്ഷകരോട് ദയവായി പറഞ്ഞാലും." ഡെയർ പറഞ്ഞു.

എമേഴ്സൺ ആ പുസ്തകം പരിശോധിച്ച ശേഷം ജനത്തിനു നേരെ തിരിഞ്ഞ് എല്ലാവരും കേൾക്കെ ഉച്ചത്തിൽ പറഞ്ഞു. "ജേർണൽ ഓഫ് റിസർച്ചസ്' എന്ന ഈ പുസ്തകം എഴുതിയത് പരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ചാൾസ് ഡാർവിൻ ആണ്."

"അദ്ദേഹത്തെ ഒരു ക്രിസ്ത്യാനിയായി ഗണിക്കുന്നുണ്ടോ?" ഡെയർ ചോദിച്ചു."നേരെ മറിച്ചാണ്. ബൈബിളിനെ പുല്ലുപോലും വിലമതിച്ചിട്ടില്ല." എമേഴ്സൺ പ്രതികരിച്ചു. "അദ്ദേഹം ഒരു പ്രസിദ്ധ അവിശ്വാസിയായിരുന്നു."

"1831 മുതൽ 1836 വരെ ഡാർവിൻ ബീഗിളിൽ ലോകം ചുറ്റി." പ്രഭാഷകൻ പറഞ്ഞു. "തന്റെ യാത്രയിൽ വച്ചേറ്റവും ഇരുണ്ട പ്രദേശങ്ങൾ കണ്ടെത്തിയത് ന്യൂസീലാൻഡിലാണെന്ന് അദ്ദേഹം റിപ്പോർട്ട് ചെയ്യുന്നു."

"അദ്ദേഹം ഇംഗ്ലണ്ടിൽ തിരിച്ചെത്തിയ ശേഷം, മിഷണറികൾക്കും മിഷണറി പ്രവർത്തകർക്കും നേരെ ഉശിരൻ

ആക്രമണങ്ങൾ നടക്കുന്നതായി കണ്ടെത്തി. ഈ ആക്രമണങ്ങൾ നടത്തുന്നവരെ കുറിച്ച് എഴുതിക്കൊണ്ട് അദ്ദേഹം ഈ പ്രസ്താവനകൾ നടത്തുകയുണ്ടായി. എമേഴ്സൺ ഇപ്പോൾ അതിന്റെ 414, 425, 505 പേജുകളിൽ നിന്ന് വായിക്കുന്നതായിരിക്കും.

മേൽപ്പറഞ്ഞ പേജുകളിലേക്ക് മറിച്ച് എമേഴ്സൺ വായിച്ചു.

"അവർ പലപ്പോഴും പലതും മറക്കുന്നു അല്ലെങ്കിൽ ഓർക്കുന്നില്ല. മനുഷ്യക്കുരുതി, വിഗ്രഹാരാധനക്കാരായ പൗരോഹിത്യത്തിന്റെ ശക്തി - ലോകത്തിന്റെ മറ്റൊരു ഭാഗത്തും ഇല്ലാത്ത സാമ്യതകളില്ലാത്ത വഷളത്തത്തിന്റെ വ്യവസ്ഥ - ആ വ്യവസ്ഥയുടെ പരിണതഫലമായ ശിശുഹത്യ - കുരുന്നുകളെയും സ്ത്രീകളെയും ഒഴിവാക്കാത്ത ജേതാക്കന്മാരുടെ രക്തപങ്കിലമായ യുദ്ധങ്ങൾ - ഇവയെല്ലാം നിർത്തലാക്കപ്പെട്ടു. കൂടാതെ അവിശ്വസ്തത, അമിതഭോഗം, ദുരാചാരം ഇവയെല്ലാം ക്രിസ്ത്യാനിത്വം മൂലം വളരെയധികമായി കുറഞ്ഞു. ഒരു കപ്പൽയാത്രക്കാരൻ തന്റെ യാത്രയിൽ ഇവയെല്ലാം മറക്കുന്നത് നന്ദികേടാണ്. ഒരജ്ഞാത തീരത്ത് കപ്പൽഛേദത്തിന്റെ സാദ്ധ്യത ഉണ്ടായാൽ അയാൾ മുട്ടിപ്പായി പ്രാർത്ഥിക്കും മിഷണറിയുടെ പാഠം അവിടം വരെ എത്തിയിരുന്നെങ്കിൽ."

"മിഷണറിയുടെ പാഠം മന്ത്രവാദിയുടെ വടിയാണ്. വീട് പണിയപ്പെട്ടു, ജനലുകൾ പിടിപ്പിച്ചു, കൃഷിനിലങ്ങൾ ഉഴുതു, മരങ്ങൾ വരെ ന്യൂസീലാൻഡുകാർ നട്ടു."

"തെക്കേ തീരങ്ങളിലുടനീളം ക്രിസ്ത്യാനിത്വത്തിന്റെ വരവോടെ വലിയ മാറ്റങ്ങൾ ഉണ്ടായിത്തുടങ്ങി. ചരിത്രരേഖകളിൽ അത് അങ്ങനെ തന്നെ നിൽക്കുന്നു."

"ക്രിസ്ത്യാനിത്വം തകരുമെന്ന തന്റെ വിശ്വാസം പ്രകടിപ്പിച്ച ശേഷം ഒരു അടിയുറച്ച അവിശ്വാസി എന്തിനാണ് ക്രിസ്ത്യാനിത്വത്തിനുവേണ്ടി എഴുതുന്നത്?" എമേഴ്സൺ പുസ്തകം കൈമാറി ഇരുന്ന ശേഷം പ്രഭാഷകൻ ചോദിച്ചു. "തന്റെ സിദ്ധാന്തം തെറ്റാണെന്നതിന്റെ തർക്കമില്ലാത്ത തെളിവ് നേരിട്ട് കണ്ടതുകൊണ്ട്

അദ്ദേഹത്തിന്റെ മനുഷ്യത്വവും സത്യസന്ധതയും മൂലം തെറ്റ് ഏറ്റു പറയുകയായിരുന്നു. ന്യൂസീലാൻഡിലെ മിഷൻ പ്രവർത്തനത്തിന്റെ ഫലങ്ങൾ ഡാർവിന്റെ ആശ്ചര്യത്തെ ഉത്തേജിപ്പിക്കുകയും പ്രശംസയെ പുറത്തുകൊണ്ടുവരികയും ചെയ്തു. ലോകത്തിന്റെ മറ്റേതൊരു ഭാഗത്തെയും ക്രിസ്തീയ മിഷൻ പ്രവർത്തനത്തിന്റെ പ്രഭാവം ഇതുതന്നെയാണ്.

"അവിശ്വാസികൾ പൊതുവിൽ ഒരു മനുഷ്യ നിർമ്മിത പുസ്തകം എന്നതിനപ്പുറം ബൈബിളിനെ അംഗീകരിക്കാതിരിക്കുമ്പോൾ, ആ സ്ഥാനത്ത് മറ്റൊരു പുസ്തകം അവർക്കെന്തുകൊണ്ട് തരുവാൻ സാധിക്കുന്നില്ല? കാരണം ഭൂരിപക്ഷം അവിശ്വാസികളും ചിന്തിക്കുന്നതിങ്ങനെയാണ്. മുനഷ്യരാശി നിരന്തരമായി പുരോഗമിക്കുന്നു. കൂടുതൽ നന്നാകുന്നു. എന്തുകൊണ്ട് അവർ ഒരു മികച്ച പുസ്തകം പുറപ്പെടുവിക്കുന്നില്ല? എന്നാൽ അവർ അതിനൊരു ശ്രമം പോലും നടത്തിയിട്ടില്ല.

"സെൽസസിന്റെ കാലം മുതൽ ഇന്നു വരെ ഒരു അവിശ്വാസി പോലും അത്തരം ഒന്ന് മുന്നോട്ട് വച്ചിട്ടില്ല. ഒരവിശ്വാസി പോലും  ലോകത്ത് ഒരു പുസ്തകത്തെക്കുറിച്ചും ഇങ്ങനെ പറഞ്ഞിട്ടുണ്ടാവില്ല. 'ഇതാണ് ലോകത്തെ ഏറ്റവും ജ്ഞാനമുള്ള പുസ്തകം. ഇതാണ് പുസ്തകങ്ങളുടെ പുസ്തകം. ഇവിടെ സകല മാനവരാശിക്കും മാനസിക പോഷണത്തിനും ഹൃദയത്തിന്റെയും ആത്മാവിന്റെയും ഉയർച്ചയ്ക്കുമായി കടന്നുവരാം. ഭൂമിയിലെ എല്ലാ ഭാഷയിലേയ്ക്കും അത് പരിഭാഷപ്പെടുത്താം. അതുമായി എല്ലാ രാജ്യം, ഭാഷ, വംശം, ജനം എന്നിവിടങ്ങളിലേയ്ക്ക് പോകാം. ജീവൻ തന്നെ ബലികഴിച്ചുകൊണ്ട് അവർക്കെല്ലാം ഒരു മികച്ച പാത കാട്ടിക്കൊടുക്കാം.' എന്നാൽ നമ്മൾ കണ്ടതുപോലെ നാസ്തികർ ബൈബിളിനേക്കുറിച്ച് ഏതാണ്ട് ഇത് തന്നെ പറയുന്നു. ഇനിയും നമുക്ക് കാണാനാവും.

"നാസ്തികർക്ക് ഇന്ന് അനേകം അച്ചടിശാലകളും വലിയ സ്കൂളുകളും അവർ അവകാശപ്പെടുന്നതു പോലെ ഏറ്റവും വലിയ പണ്ഡിതന്മാരുമുണ്ട്. അവർക്ക് വിശാലമായ സമ്പത്തും നിസ്സീമമായ

സമയവും ശാസ്ത്രത്തിന്റെ എല്ലാ അവസരങ്ങളുമുണ്ട്. ഒരു ധ്രുവം മുതൽ മറ്റേ ധ്രുവം വരെ ലോകം തിരഞ്ഞു കഴിഞ്ഞു. അതിന്റെ ഏറ്റവും വലിയ പർവ്വതങ്ങൾ വരെ അളക്കപ്പെട്ടു. അതിന്റെ ആഴമേറിയ സമുദ്രങ്ങൾ അളന്നു നോക്കിക്കഴിഞ്ഞു. ടെലിഗ്രാഫും റേഡിയോയും എല്ലാ രാജ്യങ്ങളെയും കുറിച്ചുള്ള അറിവ് വിരൽ ത്തുമ്പിൽ എത്തിച്ചു കഴിഞ്ഞു. മുഴുവൻ ലോകത്തിന്റെയും ഗതകാ ലത്തിന്റെ ശേഖരണങ്ങളെ പുസ്തകങ്ങൾ നമ്മുടെ സേവകരാക്കി കഴിഞ്ഞു.

“കീഴെ പാറകൾ, മീതെ നക്ഷത്രങ്ങൾ, പരീക്ഷണശാ ലകളിലെ മൈക്രോസ്കോപ്പും, തീച്ചൂളയും ടെലസ്കോപ്പും അവയുടെ പല രഹസ്യങ്ങളെയും വെളിപ്പെടുത്തി. എന്നിട്ടും രണ്ടാ യിരം വർഷങ്ങളിലെ ചരിത്രവും അനുഭവവും ഉള്ള നാസ്തികർക്ക് ഈ സാഹചര്യങ്ങൾ ബൈബിൾ രചയിതാക്കൾക്കുമേൽ പ്രയോ ജനപ്പെടുത്തി ബൈബിളിനേക്കാൾ ശ്രേഷ്ഠമായ ഒരു പുസ്തകം നമുക്ക് തരുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നു മാത്രമല്ല അതിന് ശ്രമിച്ചിട്ടു പോലുമില്ല. പക്വത വന്നശേഷം ഇരുപതോ അതിലധി കമോ വർഷം അവർ ബൈബിളിനെ ആക്രമിക്കാനാണ് സമയം ചിലവഴിക്കുന്നത്. എന്നാൽ മരണത്തിനു മുമ്പായി അവരുടെ മുൻ ആക്രമണങ്ങളെ ഖണ്ഡിച്ചുകൊണ്ട് അന്നുവരെ ഉശിരോടെ എതിർ ത്തുകൊണ്ടിരുന്ന അതേ പുസ്തകത്തെക്കുറിച്ച് ആവേശത്തോടെ പുകഴ്ത്തി എഴുതാൻ അവർ തന്നെ, ചിന്തിപ്പിക്കുന്ന താളുകൾ ഉഴിഞ്ഞു വയ്ക്കുന്നു.

“ബൈബിളിനെതിരെ അനേകം ലേഖനങ്ങൾ എഴുതിയ ശേഷം [29]തോമസ് ഹക്സ്‌ലിക്കും ഇതേ അനുഭവം ഉണ്ടായി. ബൈബിളിനേക്കാൾ മെച്ചമായ ഒന്ന് കണ്ടെത്തേണ്ടത് എത്ര പ്രാ ധാന്യമുള്ളതാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് തന്നെ അദ്ദേഹം പു രാതനവും ആധുനികവും ആയ എല്ലാ സാഹിത്യ കൃതികളും വ്യ ഗ്രതയോടെ തിരഞ്ഞു. ഒന്നും കണ്ടെത്തിയില്ല. അദ്ദേഹം ഒടുവിൽ പൊതു വിദ്യാലയങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ സ്രോതസായി ബൈബിൾ ഉപയോഗിക്കുവാൻ അപേക്ഷിക്കുകയായിരുന്നു.

“മിസ്റ്റർ എമേഴ്സൺ,” ഡെയർ അഭിപ്രായപ്പെട്ടു, “ഹക്സ്‌ലി കണ്ടുപിടിച്ച പ്രസിദ്ധമായ ആ പദം ഏതാണെന്ന് ശ്രോതാക്കളോട് വിവരിക്കാൻ നിങ്ങൾക്ക് കഴിയുമെന്ന് എനിക്കുറപ്പുണ്ട്.”

“അതെ” എമേഴ്സൺ മറുപടി പറഞ്ഞു. ‘അറിവില്ലാത്തൊരാൾ; അവിശ്വാസി’ എന്ന് അർത്ഥം വരുന്ന ‘അഗ്നോസ്റ്റിക്’ എന്ന വാക്കാണ് അദ്ദേഹം കണ്ടുപിടിച്ചത്. അദ്ദേഹം സ്വയം അങ്ങനെയാണെന്നാണ് വിളിച്ചത്.”

“ഹക്സ്‌ലിയുടെ ഒരു ലേഖനമുള്ള 1870 ഡിസംബറിലെ ‘കൺടെംപററി റിവ്യൂ’വിന്റെ ഒരു പതിപ്പ് ഞാൻ നിങ്ങൾക്ക് തരുന്നു. എമേഴ്സൺ, അടയാളപ്പെടുത്തിയിരിക്കുന്ന ഭാഗം ദയവായി വായിച്ചാലും.”

അവിടിരുന്ന എല്ലാവരും ഈ വാക്കുകൾ ശ്രദ്ധിച്ച് കേട്ടു.

‘‘ഞാൻ എല്ലായ്പ്പോഴും മതേതര വിദ്യാഭ്യാസത്തെ ശക്തമായി അനുകൂലിച്ചു. അതായത് ദൈവശാസ്ത്രം ഇല്ലാത്ത വിദ്യാഭ്യാസം. പക്ഷെ ഇക്കാര്യം ഏറ്റുപറയാതിരിക്കാൻ എനിക്കാവില്ല. ഇന്നത്തെ കുത്തഴിഞ്ഞ അവസ്ഥയിൽ നല്ല പെരുമാറ്റത്തിന് അവശ്യ അടിസ്ഥാനമായ മതപരമായ വികാരം ഉണ്ടാക്കുവാൻ ബൈബിൾ ഉപയോഗിക്കാതെ എങ്ങനെ സാധിക്കുമെന്ന് ഞാൻ വളരെ അംബരപ്പെട്ടിട്ടുണ്ട്. വിഗ്രഹാരാധകനായ സന്മാർഗ്ഗിക്ക് ജീവനും നിറവുമില്ല........... ബൈബിൾ ഒന്നടങ്കം എടുക്കാം; നീതിപൂർവ്വകമായ വിമർശനം അനുസരിച്ച് എത്രമാത്രം അതിൽ നിന്ന് കുറയ്ക്കാമോ അത് കുറയ്ക്കുക...... എന്നിട്ടും അതിൽ ചിലത് അവശേഷിക്കുന്നു........ വളരെയധികം സാന്മാർഗ്ഗിക സൗന്ദര്യവും പെരുമയും.

“ഇനി ഇത് പരിഗണിച്ചാലും...., ഇംഗ്ലീഷ് ചരിത്രത്തിൽ ഉത്തമവും കുലീനവുമായ എല്ലാ ജീവിതങ്ങളിലും ബൈബിൾ മൂന്നു നൂറ്റാണ്ടുകളിലൂടെ ഇഴ നെയ്തു ചേർക്കപ്പെട്ടു. അത് ഏറ്റവും ഉത്തമവും ശുദ്ധവുമായ ഇംഗ്ലീഷിലാണ് എഴുതിയിരിക്കുന്നത്. മാത്രവുമല്ല ഒരു സാഹിത്യ കൃതിയുടെ ഉത്കൃഷ്ട സൗന്ദര്യത്താലും അത് നിറഞ്ഞിരിക്കുന്നു. അവിടെ ആ ഗ്രാമത്തിൽ നിന്നും ഒരിക്കലും പുറത്തിറങ്ങാതെ മറ്റ് രാജ്യങ്ങളും സംസ്ക്കാരങ്ങളും

ഉണ്ടെന്നറിയാതെ കഴിഞ്ഞവരുണ്ടായിരുന്നുവെന്ന ഒരു സൂചന പോലും തരുന്നില്ല. ഒപ്പം തന്നെ ലോകത്തിലെ അതിപുരാതന രാജ്യ ങ്ങളോടൊപ്പം നീണ്ടു കിടക്കുന്ന ഒരു മഹത്തായ ചരിത്രവും ഇംഗ്ലണ്ടിനുണ്ട്."

"ഇനി, ഇപ്പോൾ," ഡേവിഡ് ഡെയർ പറഞ്ഞു, "സയൻസ് ആൻഡ് എഡ്യൂക്കേഷൻ' എന്ന പുസ്തകത്തിന്റെ 398-ാം പേജിൽ ഹക്സ്ലി പറയുന്ന മറ്റൊരു പദമുണ്ട്."

എമേഴ്സൺ ആ പുസ്തകമെടുത്ത് വ്യക്തമായി വായിച്ചു.

"മറ്റേതു പുസ്തകം പഠിച്ചാലാണ് കുട്ടികൾ ഇത്രയധികം മനുഷ്യത്വവത്ക്കരിക്കപ്പെടുക. ആ നീണ്ട ചരിത്ര പ്രഗമനത്തിലെ ഒരോ സ്വരൂപവും അവരെപ്പോലെ തന്നെ നിറയുന്നതായി അവരെക്കൊണ്ട് തോന്നിപ്പിക്കുന്നു. പക്ഷെ രണ്ട് നശ്വരതകളുടെ ഇടവേളയ്ക്കിടയിൽ ഒരു നൈമിഷികമായ വിടവ് ഉണ്ട്. നന്മ ചെയ്യാനും തിന്മയെ വെറുക്കാനുമുള്ള അതിന്റെ ശ്രമങ്ങൾ എക്കാലത്തും അനുഗ്രഹമോ ശാപമോ അതിന് നേടിക്കൊടുക്കുന്നു?"

മുഖത്ത് ഒരു ഗൗരവ ഭാവത്തോടെ അയാൾ ആ പുസ്തകം അടച്ചു.

"അതെ, ഇതേ വ്യക്തി തന്നെയാണ് ഗ്ലാഡ്സ്റ്റണുമായി ബൈബിളിനെക്കുറിച്ച് അനേക വർഷങ്ങൾ ചൂടൻ സംവാദങ്ങൾ നടത്തിയത്." ഡെയർ പറഞ്ഞു. "ബൈബിളിനെ തന്റെ അഹംഭാവം നിറഞ്ഞ അറിവില്ലായ്മ പ്രദർശിപ്പിക്കാനും പരിഹസിക്കാനുമുള്ള ഒരു വിഷയമായി കണ്ട ഹക്സ്ലി പിന്നീട് മതവിരോധിയായ അപരി ഷ്കൃതനെതിരായ പ്രതിഷേധം രേഖപ്പെടുത്തുന്നുണ്ട്. പിന്നീട് മറ്റൊരു പുസ്തകത്തിൽ, 'എസ്സേയ്സ് അപോൺ കോൺട്രോവെർ ടെഡ് ക്വസ്റ്റ്യൻസ്' 39, 40 പേജുകളിൽ അദ്ദേഹം ഇത് വ്യക്തമാ ക്കുന്നുണ്ട്. തന്റെ അഭിപ്രായം ഇപ്പോൾ നിങ്ങൾക്കു മുന്നിൽ പ്രദർ ശിപ്പിക്കപ്പെട്ടതു പോലെ നൈമിഷികമല്ല, മറിച്ച് ഒരു ഉറച്ച തീരുമാ നമായിരുന്നു." ഈ പുസ്തകവും പ്രഭാഷകൻ എമേഴ്സണു കൈമാറി. അദ്ദേഹം വായിച്ചു:

'ഈ ആധുനിക കാലഘട്ടം വരെയും പാവങ്ങളുടെയും അടിച്ചമർത്തപ്പെട്ടവരുടെയും [30]'മാഗ്ന കാർട്ട'യായിരുന്നു ബൈബിൾ. ഇസ്രയേലിന്റേതു പോലെ, ജനങ്ങളുടെ താത്പര്യങ്ങളെ ഇത്രയധികമായി കണക്കിലെടുത്ത ഒരു ഭരണഘടന ഇന്നോളം ഒരു രാജ്യത്തിനുമുണ്ടായിട്ടില്ല. ഭരണാധികാരികളുടെ വിശേഷാധികാരങ്ങളെക്കാൾ ചുമതലകളാണ് അതിൽ ഊന്നിപ്പറഞ്ഞിട്ടുള്ളത്........ ദീർഘകാലാടിസ്ഥാനത്തിൽ രാജ്യത്തിന്റെ ക്ഷേമം നിലനിൽക്കുന്നത് അതിലെ പൗരന്മാരുടെ സത്യസന്ധതയിലും നീതിയിലുമാണെന്ന അടിസ്ഥാന സത്യം ഇത്ര ശക്തമായി മറ്റൊരിടത്തും പറയുന്നില്ല....... മനുഷ്യരാശിക്ക് ഇതുവരെ, അല്ലെങ്കിൽ ഒരുപക്ഷേ ഇനിയൊരിക്കലും ഇതിനെ (ബൈബിൾ) മാറ്റി നിർത്താനാവില്ല.'

"ഇപ്പോൾ മഹാനായ അവിശ്വാസി തോമസ് ഹക്സ്‌ലി പറയുന്നതനുസരിച്ച്, വിദ്യാർത്ഥികളെ പഠിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം, സാന്മാർഗ്ഗികത വളർത്തിയെടുക്കാൻ, പാവങ്ങളെയും അടിച്ചമർത്തപ്പെട്ടവരെയും സഹായിക്കാൻ, ഭരണാധികാരികളെ പഠിപ്പിക്കാൻ, പൗരന്മാരെ പരിശീലിപ്പിക്കാൻ, എല്ലാത്തിനും ബൈബിളാണ് ആവശ്യം," പ്രഭാഷകൻ പറഞ്ഞു.

"മുൻനിര അവിശ്വാസികളെല്ലാം തന്നെ പരസ്യമായി ഒന്നിനു പിറകെ ഒന്നായി സാന്മാർഗ്ഗികവും മതപരവും പ്രായോഗികവുമായ വിദ്യാഭ്യാസത്തിന്റെ ഏക സ്രോതസ്സായി ബൈബിളിലേക്ക് തിരിയുന്നതായി നമ്മൾ കണ്ടെത്തിക്കഴിഞ്ഞു. ഇന്നത്തെ പ്രഭാഷണം അവസാനിപ്പിക്കുന്നതിനു മുമ്പായി ഞാൻ മറ്റൊരു ശാസ്ത്രജ്ഞനെ പരിചയപ്പെടുത്താം. ഡാർവിന്റെയും ഹക്സ്‌ലിയുടെയും സമകാലികനായ [31]'ജോർജ്ജ് റൊമാനെസ്'. അദ്ദേഹം അറിയപ്പെട്ട ഒരു നാസ്തികനായിരുന്നു. എന്നാൽ മരിക്കുന്നതിനു മുമ്പായി നാസ്തികത്വത്തോടുള്ള തൃപ്തിക്കുറവിൽ നിന്ന് അദ്ദേഹം മതത്തെക്കുറിച്ചുള്ള ചില ചിന്തകൾ എഴുതുകയുണ്ടായി. അദ്ദേഹം എല്ലാ മേഖലയിലെയും സന്മാർഗ്ഗികവും മതപരവുമായ പുസ്തകങ്ങൾ പരിശോധിച്ചു. മികച്ചതിനായുള്ള തിരച്ചിലായിരുന്നു അത്. മരണാനന്തരം പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ അവസാനം അദ്ദേഹം

തന്റെ ദൃഢവിശ്വാസങ്ങൾ ഇങ്ങനെ കൂട്ടിച്ചേർക്കുന്നു. 'തോട്സ് ഓൺ റിലിജ്യൻ' എന്ന പുസ്തകത്തിന്റെ 170, 171 പേജുകൾ വായിക്കാൻ ഞാൻ എമേഴ്സണെ ക്ഷണിക്കുന്നു.

എമേഴ്സൺ ആ പുസ്തകമെടുത്ത് ഒരു നിമിഷം ആലോചനാപൂർവ്വം വിരലോടിച്ച ശേഷം വായിച്ചു; "എല്ലാ മതങ്ങളെക്കാളും അളക്കാനാവാത്തത്ര മുന്നിലാണ് ക്രിസ്തുമതം. മാത്രമല്ല ഇന്നുവരെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സന്മാർഗ്ഗികവും ആത്മീയവുമായ എല്ലാ ചിന്താരീതികളിലും വച്ച് ഏറ്റവും മുന്നിലുള്ളതും അതു തന്നെയാണ്. ഇത് സത്യമായാലും ഇല്ലെങ്കിലും തത്വചിന്തയോ ശാസ്ത്രമോ കവിതയോ ഇന്നുവരെ ചിന്തയിലോ പ്രവർത്തിയിലോ സൗന്ദര്യത്തിലോ ഇതുമായി ഒരു തരത്തിലും താരതമ്യം ചെയ്യാവുന്ന ഒന്നും പുറപ്പെടുവിച്ചിട്ടില്ല. ഭൂമിയിൽ ഇന്നുവരെ അറിയപ്പെട്ടിട്ടുള്ളതിൽ വച്ച് നമ്മുടെ ആത്മീയ ഭാവത്തെ സ്പർശിക്കുന്നതും ഏറ്റവും സുന്ദരവും മനസ്സിലാവുന്നതുമായ ഒന്നിന്റെ മഹത്തായ പ്രകടനമാണത്. 'ദൈവം സ്നേഹമാണ്' എന്ന ഒറ്റ സിദ്ധാന്തവുമായി താരതമ്യം ചെയ്യാൻ ലോകത്തിലെ എല്ലാ ശാസ്ത്രവും തത്വചിന്തയും മനുഷ്യ ചിന്തയ്ക്കു മുന്നിൽ എന്താണ് നൽകിയിട്ടുള്ളത്?"

താൻ വായിച്ച വാക്കുകളെ നോക്കിക്കൊണ്ട് പരിഭ്രമത്തോടെ എമേഴ്സൺ നിന്നു. ശ്രോതാക്കളിൽ നിന്നൊരു ശബ്ദം വിളിച്ചു പറഞ്ഞു, 'അത് വീണ്ടും വായിക്കുക.' മറ്റുള്ളവരും അതേ ആവശ്യം ഉന്നയിച്ചു. അതുകൊണ്ട് അദ്ദേഹം ആ ഖണ്ഡിക ഒന്നുകൂടി വളരെ സാവധാനം ചിന്തിച്ച് ഏറെക്കുറെ ആദരവോടുകൂടി വായിച്ചു. അദ്ദേഹം വായിച്ചു തീർത്ത് ഇരുന്ന ശേഷം എല്ലാ ശ്രോതാക്കളും ധ്യാനനിബദ്ധമായ നിശബ്ദതയിലായിരുന്നു. അവസാനം ഡേവിഡ് ഡെയർ സംസാരിച്ചു.

"ഈ തിളങ്ങുന്ന പ്രശംസകൾ എഴുതിയിരിക്കുന്ന പ്രശസ്ത ധർമ്മോപദേശികളുടെ വാക്കുകളുടെ ചൂട് നിങ്ങളെ അംബരപ്പിക്കുന്നില്ലേ. പക്ഷെ നിങ്ങളുടെ അതേ അംബരപ്പ് പങ്കുവച്ചുകൊണ്ട് ഞാൻ പറയട്ടെ ഇതെല്ലാം ലോകപ്രശസ്ത അവിശ്വാസികൾ എഴുതിയതാണ്. ഇനി അവിശ്വാസത്തിന്റെ ലോകനേതാക്കൾ തന്നെ

ബൈബിളിനെയും ക്രിസ്ത്യാനിത്വത്തെയും ക്രിസ്തുവിനെയും കുറിച്ച് ഇത്തരം സ്തുതിവാക്യങ്ങൾ എഴുതിയാൽ നിങ്ങൾ എന്തിന് അവിശ്വാസത്തിൽ തുടരണം? ലോകത്തിലെ മുൻനിര നാസ്തികർ തന്നെ ബൈബിളിനെ ലോകത്തിലെ ഗുണകരമായ ശക്തിയായി കണ്ടെത്തുമ്പോൾ നമ്മൾ അതിനെ അതിസൂക്ഷ്മമായി പഠിക്കേണ്ടുന്ന സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു."

എമേഴ്സൺ സംസാരിക്കാനായി എഴുന്നേറ്റു. "ഇടകലർന്ന വികാരങ്ങളുമായാണ് ഞാൻ ഈ ഭാഗങ്ങൾ വായിച്ചത്," എമേഴ്സൺ പറഞ്ഞു. "ഈ വ്യക്തികൾ ഇത്തരം കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെന്ന് ഞാൻ ഒരിക്കലും ചിന്തിച്ചിട്ടു പോലുമില്ല. ഈ മനുഷ്യർ എത്ര തന്നെ സ്വാധീനം ചെലുത്തിയവരാണെങ്കിലും അവർ ഇന്ന് മണ്ണടിഞ്ഞു കഴിഞ്ഞു. മരിച്ചിട്ട് അറുപതും എൺപതും വർഷങ്ങൾ കഴിഞ്ഞു. ചിന്തകരുടെ വിശ്വാസങ്ങളെ സ്വാധീനിക്കാൻ തക്കവണ്ണം വളരെയധികം കണ്ടെത്തലുകൾ കഴിഞ്ഞ മുപ്പതു വർഷങ്ങളിലുണ്ടായി. മുൻനിര ആധുനിക നാസ്തികർ എന്തു പറയുന്നുവെന്നറിയാൻ എനിക്ക് ആഗ്രഹമുണ്ട്."

എമേഴ്സന്റെ വാക്കുകളെ പിന്തുടർന്ന കയ്യടി പ്രേക്ഷകരുടെയും അതേ ആഗ്രഹത്തെ സൂചിപ്പിച്ചു. പ്രഭാഷകൻ മുന്നോട്ട് അടി വച്ച ശേഷം പറഞ്ഞു:

"വളരെ നന്നായി. അടുത്തയാഴ്ച മുൻനിര ആധുനിക നാസ്തികരുടെ ഏറ്റുപറച്ചിലുകൾ നമുക്ക് പരിശോധിക്കാം."

## 12. പ്രമുഖരായ ആധുനിക അവിശ്വാസികളുടെ ഏറ്റുപറച്ചിലുകൾ

എമേഴ്സൺ കുടുംബം വളരെ നേരത്തെ എത്തി. “കൊള്ളാം, എപ്പോഴത്തേക്കാളും താത്പര്യം ഇന്നുണ്ടെന്നു തോന്നുന്നല്ലോ. ഡാഡ് നിങ്ങൾ വേവലാതിയിലാണെന്നു തോന്നുന്നു.” തിങ്ങിനിറഞ്ഞ ഹാളിലേയ്ക്ക് നോക്കി ജോർജ്ജ് പറഞ്ഞു.

ലൂസിലെ തലയാട്ടി. “ഞാനദ്ദേഹത്തിന്റെ സ്ഥാനത്തായിരുന്നെങ്കിൽ എനിക്കും വേവലാതിയുണ്ടാവും. പരാജയമടയാൻ പോകുന്നുവെന്നു തോന്നുന്ന ഒരു കാരണത്തിനായി നിലകൊള്ളുന്ന ഒരു യുദ്ധവീരനല്ലേ അദ്ദേഹം. ഇവിടെ എണ്ണൂറിലധികം മുതിർന്നവരുണ്ട്. അവരിൽ പകുതി പേരും അവിശ്വാസികളാണ്. അവർക്കാർക്കും തന്നെ ഒരു മനുഷ്യൻ സാക്ഷ്യപ്പെടുത്തിയ തെളിവുകൾക്ക് മറുപടി നൽകാനാവുന്നില്ല. ഡെയർ, മെല്ലെ എന്നാൽ തീർച്ചയായും അവരെ ഒരു മൂലയിലേയ്ക്ക് ഒതുക്കിക്കൊണ്ടിരിക്കുകയാണ്.”

“അത് സത്യമാണ്.” എമേഴ്സന്റെ ഭാര്യ പ്രതികരിച്ചു.

എമേഴ്സൺ ഭാര്യയെ അംബരപ്പോടെ നോക്കി. “അപ്പോൾ നാസ്തികരുടെ ഭാഗം പരാജയപ്പെട്ടുവെന്നാണോ നീ ചിന്തിക്കുന്നത്?”

“നിങ്ങൾക്കങ്ങനെ തോന്നുന്നില്ലേ?” അവർ മറുചോദ്യം ചോദിച്ചു. അയാൾ വിസമ്മതിച്ചു.

“ഡാഡ്, ഇനിയെങ്കിലും സത്യം സമ്മതിച്ചു കൂടെ,” ലൂസിലെ കളിയാക്കി.

“എന്റെ കുടുംബം മുഴുവൻ എനിക്കെതിരാണോ?” അദ്ദേഹം ചിരിച്ചു. “ഞാൻ നിങ്ങൾക്കുള്ള മറുപടി പിന്നീട് തരാം. ഇപ്പോൾ ഡെയർ എന്നെ സ്റ്റേജിലേയ്ക്ക് വിളിക്കുകയാണ്.”

ഏതാനം സ്വാഗത വാക്കുകൾ മാത്രം പറഞ്ഞിട്ട് പ്രഭാഷകൻ നേരിട്ട് വിഷയത്തിലേക്ക് കടന്നു. “ഞാൻ ഈ അടുത്ത കാലത്തെ

പ്രമുഖരായ പല അവിശ്വാസികളെയും ഉദ്ദരിക്കാൻ പദ്ധതിയിട്ടിരുന്നു. ഇംഗ്ലണ്ടിൽ നിന്നുള്ള കാർലൈലും ബ്ലാച്ച്ഫോർഡും, ജർമ്മനിയിൽ നിന്നുള്ള ഗേഥേയും സ്ട്രൗസും, ഫ്രാൻസിൽ നിന്നുള്ള റൗസ്സോയും റെനാനും, അമേരിക്കയിൽ നിന്നുള്ള ടോം പെയ്നും ഇംഗർസോളും. ഇവരെല്ലാം തങ്ങളുടെ അജ്ഞേയതാവാദത്തിന് ലോകമെമ്പാടും പേരുകേട്ടവരാണ് എങ്കിലും ക്രിസ്തുവിനെ ഉത്സാഹത്തോടെ പുകഴ്ത്തിക്കൊണ്ട് എഴുതിയിട്ടുണ്ട്.

“എന്നാൽ നിങ്ങൾ ആധുനിക നാസ്തികരുടെ അഭിപ്രായങ്ങൾ ചോദിക്കുന്നു. അതിനാൽ നിങ്ങൾക്ക് അത് തരേണ്ടതാകുന്നു. നമുക്ക് പ്രശസ്ത അവിശ്വാസിയും പരിഷ്ക്കരണ വാദിയുമായ [32]എച്ച്. ജി. വെൽസിലേയ്ക്ക് തിരിയാം. അദ്ദേഹത്തെ ഈ ശ്രോതാക്കൾക്ക് പരിചയപ്പെടുത്തേണ്ട ആവശ്യമില്ലല്ലോ. ‘അമേരിക്കൻ മാഗസിന്റെ’ 1922 ജൂലൈ ലക്കത്തിൽ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് ജീവൻ വച്ച വാക്കുകൾ ഒന്ന് വായിക്കാമോ മിസ്റ്റർ എമേഴ്സൺ?”

“ആഹ്ലാദത്തോടെ,” മാസിക കയ്യിലെടുത്തുകൊണ്ട് എമേഴ്സൺ മറുപടി പറഞ്ഞു.

“നസറായനായ യേശു............ ലളിതമായി പറഞ്ഞാൽ ചരിത്രത്തിലെ സുപ്രധാന പ്രതിരൂപമാണ്. ഞാനദ്ദേഹത്തെക്കുറിച്ച് സംസാരിക്കുന്നത് അദ്ദേഹത്തെ ഒരു മനുഷ്യനായി കണ്ടുകൊണ്ടാണ്. കാരണം ഞാൻ മനസ്സിലാക്കുന്നത് ചരിത്രകാരൻ അദ്ദേഹത്തെ ഒരു മനുഷ്യനായി തന്നെ കരുതണം. ഒരു ചിത്രകാരൻ അദ്ദേഹത്തെ മനുഷ്യനായി തന്നെ ചിത്രീകരിക്കണം......... അദ്ദേഹം ഒരിക്കലും ജീവിച്ചിരുന്നില്ല എന്ന് കരുതുന്നതും അദ്ദേഹത്തിന്റെ ജീവിതത്തിലെ സംഭവങ്ങൾ സൃഷ്ടികളാണെന്നും കരുതുന്നതും വളരെ ദുഷ്കരമാണ്. അത് ചരിത്രകാരന്റെ പാതയിൽ കൂടുതൽ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നു. സുവിശേഷ കഥകളിലെ ഒഴിച്ചു കൂടാനാവാത്ത ഘടകങ്ങളെ സ്വീകരിക്കേണ്ടതായും വരുന്നു.

“തീർച്ചയായും ഞാനും നിങ്ങളും ജീവിക്കുന്ന രാജ്യങ്ങളിൽ ദശലക്ഷക്കണക്കിന് ആണിനും പെണ്ണിനും യേശു ഒരു സാധാ

രണ മനുഷ്യനെക്കാൾ ഉപരിയാണ്. പക്ഷെ ചരിത്രകാരൻ ആ വസ്തുത അവഗണിക്കണം. തന്റെ പുസ്തകം സൂര്യനു കീഴിലുള്ള എല്ലാ രാജ്യങ്ങളിലും വായിക്കപ്പെടണമെങ്കിൽ ചോദ്യം ചെയ്യപ്പെടാതെ വിശ്വസിക്കാവുന്ന ആ തെളിവുകളോട് പറ്റിച്ചേരണം."

"വെൽസ് അദ്ദേഹത്തിനു തന്നെ നിശ്ചയിക്കുന്ന അതിർവരമ്പുകൾ ശ്രദ്ധിക്കുക," പ്രഭാഷകൻ ഇടയ്ക്കു കയറി പറഞ്ഞു. "അദ്ദേഹം ഒരു ചരിത്രകാരനായി മാത്രം സംസാരിക്കുന്നു. ചോദ്യം ചെയ്യപ്പെടാത്ത, ലോകത്തെ എല്ലാ രാജ്യങ്ങളും സ്വീകരിച്ച തെളിവുകൾ മാത്രം അദ്ദേഹം സ്വീകരിക്കുന്നു. എന്നിട്ടു കൂടി അദ്ദേഹം എത്തിച്ചേരുന്ന അംബരപ്പിക്കുന്ന കണ്ടെത്തലുകൾ നിരീക്ഷിച്ചാലും. ദയവായി വായന തുടരുമോ മിസ്റ്റർ എമേഴ്സൺ?"

"ഇപ്പോൾ ഇത് രസകരവും സുപ്രധാനവുമല്ലേ? ഒരു ചരിത്രകാരൻ, ഒരു ചരിത്രകാരന്റെ ആവേശവുമായി തുടങ്ങുന്നു. ദൈവശാസ്ത്രപരമായ യാതൊരു മുൻവിധികളുമില്ലാതെ ഇങ്ങനെ കണ്ടെത്തുന്നു. ഒരു ചില്ലിക്കാശു പോലും എടുക്കാനില്ലാതിരുന്ന നസരെത്തിൽ നിന്നുള്ള ആ അദ്ധ്യാപകന് പ്രഥമസ്ഥാനം നൽകാതെ മാനവരാശിയുടെ പുരോഗതി വരച്ചു കാട്ടാനാവില്ല."

"പുരാതന റോമൻ ചരിത്രകാരന്മാർ ക്രിസ്തുവിനെ പൂർണ്ണമായും തള്ളിക്കളഞ്ഞു. അവർ അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളുടെ വളർച്ചയും വ്യാപനവും തള്ളിക്കളഞ്ഞു. ജീവിതത്തിൽ നിന്ന് വ്യത്യസ്തമായ ഒന്നായി അതിനെ കരുതി....... അദ്ദേഹം തന്റെ കാലത്തെ ചരിത്രരേഖകളിൽ ഒരു അടയാളവും അവശേഷിപ്പിച്ചില്ല. എന്നിട്ടും ആയിരത്തിത്തൊള്ളായിരത്തിലധികം വർഷങ്ങൾക്കു ശേഷം എന്നെപ്പോലൊരു ചരിത്രകാരൻ ക്രിസ്ത്യാനിയെന്ന് സ്വയം വിളിക്കാത്തൊരാൾ, ഈ സ്നേഹവാനായ ലളിത മനുഷ്യന്റെ സ്വഭാവവും ജീവിതവും കേന്ദ്രബിന്ദുവായി കണ്ടെത്തുന്നു."

"നമ്മൾ അവന്റെ കാന്തികശക്തി മനസ്സിലാക്കുന്നു. അവനെ ഒരു പ്രാവശ്യം മാത്രം കണ്ട മനുഷ്യർ അവരുടെ ഇടപാടുകൾ വിട്ടിട്ട് അവനെ പിന്തുടരുന്നു. അവരെ അവൻ സ്നേഹവും ധൈര്യവും കൊണ്ടു നിറച്ചു. അവന്റെ സാന്നിദ്ധ്യം അബലരെയും

അവശതയനുഭവിക്കുന്നവരെയും ആവേശഭരിതരാക്കി. അവൻ അറിവോടെയും അധികാരത്തോടെയും സംസാരിച്ചപ്പോൾ പണ്ഡിതരെയും സൂക്ഷ്മ ബുദ്ധിയായവരെയും കുഴക്കി......

"അതുകൊണ്ട് ചരിത്രകാരൻ, അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ദൈവശാസ്ത്രപരമായ പ്രാധാന്യം പരിഗണിക്കാതെ നസരായനായ യേശുവിന്റെ പേര് ലോകത്തിലെ ഏറ്റവും മഹത്തായ വ്യക്തിത്വങ്ങളുടെ ഏറ്റവും മുകളിൽ എഴുതുന്നു."

"അടിയുറച്ച അവിശ്വാസികൾ സൃഷ്ടിക്കുമെന്ന് കരുതുന്നതിൽ നിന്നും എത്രയോ വ്യത്യസ്തമായ പ്രസ്താവനകളാണിവ," എമേഴ്സൺ മാസിക തിരികെ നൽകിയ ശേഷം ഇരിക്കവേ ഡേവിഡ് ഡെയർ പറഞ്ഞു. "ക്രിസ്തുവിനും ക്രിസ്ത്യാനിത്വത്തിനും അംബരപ്പിക്കുന്ന വിധം ആദരവ് പ്രകടിപ്പിക്കുവാൻ അവരെ പ്രേരിപ്പിച്ചത് ദൃഢമായ വസ്തുതകളായിരുന്നു. ഇപ്പോഴും ക്രിസ്തുവിനെയും ക്രിസ്ത്യാനിത്വത്തെയും കുറിച്ച് പകുതിയോളം വരുന്ന നാസ്തികർ പറയുന്നത് സത്യമാണെങ്കിൽ, സർവ്വലോകത്തിലും വച്ച് ഒരേ ശ്വാസത്തിൽ പേരു വിളിക്കാവുന്ന മറ്റൊന്നില്ല, ഇതുപോലൊരു സ്വാധീനം വേറെയില്ലെന്നത് വളരെ വ്യക്തമാണ്.

"അവിശ്വാസികളുടെ എഴുത്തിൽ നിന്നു തന്നെ ക്രിസ്ത്യാനിത്വത്തെക്കുറിച്ച് വളരെ വിശദമായി ഉദ്ദരിക്കുവാൻ എനിക്ക് കഴിയും. ക്രിസ്ത്യാനിത്വം അടിമകളെ സ്വതന്ത്രമാക്കി, സർവ്വസാധാരണമായ പൊതു ആചാരമായ ശിശുഹത്യ നിർത്തലാക്കി, ആശുപത്രികൾ സ്ഥാപിച്ചു, സ്ത്രീകളുടെ സ്ഥാനത്തിന് ഉന്നമനമുണ്ടാക്കി, സ്വാതന്ത്ര്യം കൊണ്ടുവന്നു, ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ മികച്ച ഒന്നാക്കി മാറ്റി. ഇതെല്ലാം ക്രിസ്ത്യാനിത്വത്തിന് എങ്ങനെ സാധിച്ചുവെന്ന് എച്ച്. ജി. വെൽസിന്റെ പ്രസ്താവനകളിൽ നിന്നു തന്നെ അനുമാനിക്കുവാൻ സാധിക്കും. ഇനി മിസ്റ്റർ എമേഴ്സൺ 'ഇംഗർസോളിന്റെ' സ്ഥാനം എടുത്തിരിക്കുന്ന മുൻനിര അവിശ്വാസി ആരാണെന്നാണ് നിങ്ങൾ പറയുന്നത്?"

എമേഴ്സൺ ഒരു നിമിഷം ചിന്തിച്ചു. "അമേരിക്കൻ മെർക്കുറിയുടെ എഡിറ്ററും യുക്തിവാദപരമായ ഏറ്റവും പുതിയ വിവരങ്ങൾ

അടിസ്ഥാനമാക്കിയുള്ള അത്യാധുനികമായ ഏതാനം പുസ്തകങ്ങളുടെ രചയിതാവുമായ [33]എച്ച്. എൽ. മെൻകെൻ. വെൽസിന്റെ സ്ഥാനം എടുക്കുക മാത്രമല്ല അദ്ദേഹത്തിന്റേതായ വ്യക്തമായ ഒരു സ്ഥാനം സൃഷ്ടിക്കുക കൂടി ചെയ്തിട്ടുണ്ട്. തീർച്ചയായും അദ്ദേഹത്തിന് ഇംഗർസോളിനെക്കാളും വിദ്യാഭ്യാസവും, വൊൾട്ടെയറിനെക്കാൾ പരിഹാസവും, ബെർണാർഡ് ഷായെപ്പോലെ ആധുനികനും ആണ്."

"1930ൽ പ്രസിദ്ധീകരിച്ച മെൻകെന്റെ ഒരു പുസ്തകം 'ട്രീറ്റൈസ് ഓൺ ഗോഡ്സ്' എന്റെ കൈവശമുണ്ട്. വായിക്കുമെങ്കിൽ ഞാൻ ഏതാനം ഖണ്ഡികകൾ അടയാളപ്പെടുത്തിയിട്ടുണ്ട്." ഡേവിഡ് ഡെയർ പറഞ്ഞു.

എമേഴ്സൺ പുസ്തകത്തിന്റെ 227-ാം പേജ് തുറന്ന് വായിച്ചു:

"യേശുവിന്റെ ചരിത്രസ്വഭാവം ക്രിസ്ത്യാനിയോ അവിശ്വാസിയോ ആരും ഗൗരവമായി ചോദ്യം ചെയ്യാറില്ല. അദ്ദേഹത്തെക്കുറിച്ചുള്ള പ്രധാന വസ്തുതകൾ വിവാദരഹിതമാണ്."

"ഇനി 255-ാം പേജ് എടുക്കുക," പ്രഭാഷകൻ പറഞ്ഞു.

"അദ്ദേഹത്തിന്റെ ഒറ്റയായ, വിസ്മയകരമായ വിജയത്തെക്കുറിച്ച് പറയുക എളുപ്പമല്ല. ജീവിതത്തിൽ അവജ്ഞയുടെ പാനപാത്രം മാത്രം കുടിച്ച ഒരാൾ തന്റെ മരണത്തിലൂടെ വിശാലമായ മാന്യതയിലേക്കും സാഹചര്യത്തിലേക്കും താരതമ്യം ചെയ്യാനാവാത്ത ലോകത്തെ കുലുക്കുന്ന ശക്തിയിലേക്കും പ്രശസ്തിയിലേക്കും അത് സ്വയം ഉയർത്താൻ എങ്ങനെ സാധിച്ചു?"

"ഇനി, മെൻകെൻ പറയുന്നതനുസരിച്ച്," ഡെയർ പറഞ്ഞു, "യേശുവിന് ലോകത്തെ കുലുക്കുവാനുള്ള ശക്തിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഈ ശക്തിയെക്കുറിച്ച് വിശദീകരിക്കുവാൻ തനിക്കാവില്ലഎന്ന് മെൻകെൻ തുറന്നു സമ്മതിക്കുന്നു. എന്നാൽ ഇതു മാത്രമല്ല. ദയവായി 266, 267 പേജുകൾ വായിച്ചാലും."

"ബൈബിളിലെ പുതിയ നിയമത്തെ ചന്ദ്രശോഭ പോലെ തള്ളിക്കളയാതിരുന്നാൽ, സങ്കൽപ്പിക്കപ്പെടുന്ന കുരിശു മരണത്തിനു

ശേഷം വളരെപ്പേർ അദ്ദേഹത്തെ കണ്ടുവെന്നത് നിശ്ചയമാണ്. പുനരുത്ഥാനത്തിൽ വിശ്വസിക്കാൻ വളരെ വൈമനസ്യമുള്ളവർ പോലും കണ്ടു....... ഈ സിദ്ധാന്തത്തെക്കുറിച്ച്........ മാനവകുലത്തിലെ ഏറ്റവും പരിഷ്കൃതമായ ഒരു വലിയ വിഭാഗം വളരെ വിചിത്രമായ അഭിപ്രായങ്ങളും ആചാരങ്ങളുമാണ് ഉയർത്തിയിരിക്കുന്നത്. അതിന്റെ ശക്തി വളരെ വ്യാപ്തവും വളരെ ശക്തവുമാണ്. അതിന് ഒപ്പം വയ്ക്കാൻ മുഴുനീള ചരിത്രത്തിലും മറ്റൊന്നുമില്ല."

"മെൻകെന് യഹൂദരോട് കടുത്ത അനിഷ്ടമുണ്ടായിരുന്നു. അത് വളരെ ഉശിരോടെ പ്രകടിപ്പിക്കുന്നുമുണ്ട്," പ്രഭാഷകൻ തുടർന്നു പറഞ്ഞു. "ഞാൻ അദ്ദേഹത്തോട് വിയോജിക്കുന്നതുകൊണ്ടാണ് ഇതു പറയുന്നത്. മാത്രവുമല്ല ഈ ഭാവം നിമിത്തം അദ്ദേഹം സ്വയം തന്റെ അവസ്ഥ കൂടുതൽ കടുപ്പമുള്ളതാക്കുന്നു. യഹൂദർക്ക് എങ്ങനെ ബൈബിൾ പോലൊരു സാഹിത്യം എഴുതുവാൻ സാധിച്ചുവെന്ന രഹസ്യം നമ്മളെ അതിശയിപ്പിക്കുന്നതു പോലെ തന്നെ മെൻകെനെയും അതിശയിപ്പിക്കുന്നു. ഇന് പേജ് 345, 346, 347 വായിച്ചാലും."

"ബൈബിൾ സംശയാതീതമായി ലോകത്തിലെ ഏറ്റവും സുന്ദരമായ പുസ്തകമാണ്."

''ഒരു നിമിഷം, മിസ്റ്റർ എമേഴ്സൺ,'' ഡെയർ തടസ്സപ്പെടുത്തി. "നാസ്തികർ തെരുവിൽ സംസാരിക്കുന്നതും സഭാശുശ്രൂഷകനോട് തർക്കിക്കുന്നതും കേട്ടാൽ നിങ്ങൾ ചിന്തിക്കും ബൈബിൾ ലോകത്തിലെ ഏറ്റവും ജുഗുപ്സ ജനിപ്പിക്കുന്ന പുസ്തകമാണെന്ന്. എന്നാൽ ഇവിടെ അമേരിക്കയിലെ ഏറ്റവും ശ്രദ്ധേയനായ അജ്ഞേയതാവാദി നമ്മോടു പറയുകയാണ് സംശയാതീതമായും ബൈബിൾ ലോകത്തിലെ ഏറ്റവും സുന്ദരമായ പുസ്തകമാണെന്ന്. നാസ്തികർക്ക് താരതമ്യം ചെയ്യുവാൻ മറ്റൊന്നുമില്ലെന്നതിന്റെ സമ്മതമാണ് ഇത്. തുടർന്ന് വായിക്കുക."

"നിങ്ങൾക്കിഷ്ടമുള്ള ഏത് വേണമെങ്കിലുമെടുത്തോളൂ.... മറ്റൊരു സാഹിത്യവും പഴയതോ പുതിയതോ ഒന്നിനും ഒരു സമാന പുസ്തകമാവാനാവില്ല.

“അതിന്റെ ഭൂരിഭാഗവും യഹൂദരിൽ നിന്നാണ് വരുന്നത്. അവർ അതിനെ രൂപപ്പെടുത്തിയത് മനുഷ്യ ചരിത്രത്തിലെ ഒരു സംഭ്രമജനകമായ പ്രതിഭാസം തന്നെയാണ്. ആധുനിക ലോകം അവരെ അറിയുന്നപോലെ ഇത്ര ശ്രേഷ്ഠമായ ചിന്താഗതി ഉണ്ടാകുവാൻ തക്കവിധം അവരുടെ സ്വഭാവത്തിൽ ഒന്നും തന്നെയില്ല.....

ഒറ്റ നോട്ടത്തിൽ തന്നെ യഹൂദർ എക്കാലത്തെയും അപ്രിയരായ ഒരു വംശമാണെന്ന് യുക്തിപൂർവ്വം കുറിക്കാനാവും. പൊതുവെ നോക്കുകയാണെങ്കിൽ പരിഷ്കൃത മനുഷ്യർക്കുള്ള പല ഗുണങ്ങളും അവർക്കില്ല. നെഞ്ചുറപ്പ്, അന്തസ്സ്, അഴിമതിക്ക് അതീതരായിരിക്കുക, സ്വസ്ഥത, ആത്മവിശ്വാസം തുടങ്ങിയവയൊന്നും അവർക്കുണ്ടായില്ല. അവർക്ക് അഹങ്കാരമില്ലാത്ത ദുരഭിമാനവും......... ജ്ഞാനമില്ലാത്ത പാണ്ഡിത്യവും ഉണ്ടായിരുന്നു.......

“എന്നിട്ടും അനാദികാലം മുതലേ ഇതേ യഹൂദരായിരുന്നു മനുഷ്യവംശത്തിന്റെ മുഖ്യ സ്വപ്ന വിഹാരകർ. മറ്റെല്ലാ താരതമ്യങ്ങൾക്കും അപ്പുറം ഏറ്റവും വലിയ കവികളും അവരായിരുന്നു. അതിഗംഭീര കാവ്യങ്ങളായ സങ്കീർത്തനങ്ങൾ, സോളമന്റെ ഉത്തമഗീതം, ഇയ്യോബിന്റെയും രൂത്തിന്റെയും പുസ്തകങ്ങൾ ഇവയെല്ലാം എഴുതിയത് യഹൂദരാണ്. സദൃശ്യവാക്യങ്ങളിലെ മരണമില്ലാത്ത സംഗീതത്തിന് ഈണമിട്ടതും യഹൂദരാണെന്നത് എല്ലാവർക്കുമറിയാം. സീനായ് മലയിലെ പ്രസംഗം, ശിശുവായ ക്രിസ്തുവിനെ കുറിച്ചുള്ള താരതമ്യരഹിതമായ ഗാനം, റോമറിലെ പന്ത്രണ്ടാം അദ്ധ്യായം എല്ലാം, അതെ യഹൂദരാണ് നമുക്ക് ആ സ്വർഗ്ഗീയാനന്ദം സമ്മാനിച്ചത്.

“യോഹന്നാൻ 8: 3–11 വരെയുള്ള ഭാഗത്തിൽ വിവരിച്ചിരിക്കുന്ന രംഗം ലോകത്തിൽ രചിക്കപ്പെട്ടതിൽ വച്ചേറ്റവും ഹൃദയസ്പൃക്കായ നാടകമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതുപോലെ തന്നെ സോളമന്റെ ഉത്തമഗീതം ഏറ്റവും ഹൃദയഹാരിയും, 23–ാം സങ്കീർത്തനം ഏറ്റവും വലിയ സ്തുതി ഗീതവുമാണ്.

“ഈ അതീന്ദ്രിയമായ സമ്പത്തെല്ലാം ക്രിസ്ത്യാനിത്വത്തിന് അനന്തരാവകാശമായി ലഭിക്കുന്നത് ഉദാസീനരായ, അറേബ്യയിലെ

അലഞ്ഞു തിരിഞ്ഞു നടക്കുന്ന ഒരു വർഗ്ഗത്തിൽ നിന്നാണ്. വളരെ പ്രസിദ്ധിയറ്റതും അപ്രധാനവുമായ ഒരു കൂട്ടം. മതേതര ചരിത്രം അവരെ അറിയുക പോലുമില്ല. ആധുനിക മനുഷ്യന്റെ ഒരു പൂർവ്വിക സ്വത്തും ഇതിനെക്കാൾ സമ്പന്നമല്ല. മനുഷ്യ ചിന്തയിൽ ഇതിലും പകിട്ടുള്ള മുദ്രയിടാൻ ആർക്കുമായിട്ടില്ല, ഗ്രീക്കു പൈതൃകത്തിനു പോലും.

"യേശുവിന്റെ കഥ...... താരതമ്യത്തിനുമപ്പുറം മനസ്സലിയിക്കുന്നു. അത് വാസ്തവത്തിൽ എക്കാലത്തേക്കും നിരൂപിക്കപ്പെട്ട ഏറ്റവും മനോജ്ഞമായ കഥയാണ്...... ഇതിനൊപ്പം താരതമ്യപ്പെടുത്തുമ്പോൾ മുസ്ലിമിന്റെയും ബ്രഹ്മന്റെയും, പാർസിയുടെയും ബുദ്ധമതക്കാരന്റെയും വിശുദ്ധഗ്രന്ഥങ്ങളിലെ ഏറ്റവും മികച്ചതെന്ന് നിങ്ങൾ കണ്ടെത്തുന്നത് പ്രകാശമില്ലാത്തതും പുതുമ നഷ്ടപ്പെട്ടതും പ്രയോജനരഹിതവുമാണ്.

എമേഴ്സൺ പുസ്തകം തിരികെ നൽകി ഇരുന്ന ശേഷം പ്രഭാഷകൻ തട്ടിന്റെ അറ്റത്തേക്ക് കടന്നു നിന്നുകൊണ്ട് സംസാരിച്ചു:

"ഈ അജ്ഞേയതാവാദികളായ എഴുത്തുകാരിൽ നിന്നും ഇനിയും ഏറെയുണ്ട്. വെൽസിനെയും മെൻകെനെയുമാണ് ഞാൻ ഉദ്ദരിക്കാൻ ആഗ്രഹിച്ചത്. സർവ്വലോകത്തിലും വച്ച് ഏറ്റവും പ്രബലമായ ശക്തി യേശുവാണെന്ന് സമ്മതിക്കുന്നതായി കാണിക്കുകയാണ് ഈ അത്യാധുനിക അവിശ്വാസികളുടെ ഉദ്ദരണികൾ.

"പക്ഷെ," എമേഴ്സൺ ഇടയ്ക്കു കയറി പറഞ്ഞു, "അവിശ്വാസികൾ ഇത്തരം പ്രസ്താവനകൾ നടത്തുന്നുവെന്നത് സത്യമാണെങ്കിൽ തന്നെയും എന്തുകൊണ്ട് അവരാരും ക്രിസ്ത്യാനികളാകുന്നില്ല? എന്നോട് വായിക്കാൻ ആവശ്യപ്പെട്ട വീക്ഷണങ്ങൾക്ക് അൽപമെങ്കിലും വില കൽപ്പിക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ട് അവരുടെ അവിശ്വാസം അവസാനിപ്പിച്ച് ക്രിസ്ത്യാനികളായില്ല?

അടക്കിപ്പിടിച്ച കയ്യടികൾ ആ ചോദ്യങ്ങൾക്കൊപ്പം ഉണ്ടായിരുന്നു. ഡേവിഡ് ഡെയർ ചിരിച്ചുകൊണ്ട് എമേഴ്സണെ നോക്കിയ ശേഷം ശ്രോതാക്കൾക്ക് നേരെ തിരിഞ്ഞു.

“ഒരു വളരെ നല്ല ചോദ്യം, യുക്തവും യുക്തിസഹവും തന്നെ. ഞാൻ ഉദ്ധരിച്ച വെൽസ്, മെൻചെൻ, ലെക്കി, മിൽ കൂടാതെ മറ്റുള്ളവരും ഈ ഏറ്റുപറച്ചിലുകൾക്കു ശേഷവും അവിശ്വാസി കളെന്ന് സ്വയം വിളിച്ചത് എന്തുകൊണ്ടെന്നു പറയുവാൻ ഞാൻ ആളല്ല. പക്ഷെ ഒരു വലിയ കൂട്ടം അവിശ്വാസികൾ തങ്ങളുടെ അവി ശ്വാസം വിട്ട് അടിയുറച്ച് പരസ്യമായി പ്രഖ്യാപിക്കുന്ന വിശ്വാസി കളായി മാറിയെന്നത് വസ്തുതയാണ്. അടുത്തയാഴ്ച അവയിൽ ചിലത് വിചിന്തനം ചെയ്യുകയെന്നത് നമ്മുടെ സവിശേഷ ഭാഗ്യമാ യിരിക്കും.”

## 13. മനം തിരിഞ്ഞ നാസ്തികർ

എമേഴ്സൺ കുടുംബം സൗകര്യപ്രദമായി ഇരിപ്പുറപ്പിച്ചു. ഏതാനം സുഹൃത്തുക്കളെ അഭിവാദ്യം ചെയ്യുകയും ചെയ്തു. പ്രഭാഷണം തുടങ്ങാൻ സമയമായിട്ടുണ്ടായിരുന്നില്ല.

"ഡേവിഡ് ഡെയർ തന്റെ ഉദ്യമത്തിൽ ഒരു മികച്ച പണിക്കാരനെപ്പോലെ കഴിവു തെളിയിച്ചുകൊണ്ടിരിക്കുന്നതിനെ എനിക്ക് പ്രശംസിക്കാതിരിക്കാനാവുന്നില്ല," ലൂസിലെ നിരീക്ഷിച്ചു. "പല പ്രവചനങ്ങളും തള്ളിക്കളയാനാവില്ലെന്നോ അവിശ്വാസികൾക്ക് വിവരിക്കാനാവില്ലെന്നോ വെറുതെ പറയുന്നതിനു പകരം അദ്ദേഹം അവ അവതരിപ്പിച്ച് ഏറ്റവും നികൃഷ്ടമായി അവയെ വിമർശിക്കാൻ അവിശ്വാസികളെ ക്ഷണിക്കുന്നു. തുറന്നു പറഞ്ഞാൽ ഇതുവരെ അവിശ്വാസികൾക്ക് ഒന്നും തന്നെ ചെയ്യാനായിട്ടില്ല."

"അതൊരു വസ്തുതയാണ്," അവളുടെ സഹോദരൻ സമ്മതിച്ചു. "മാത്രമല്ല എക്കാലത്തെയും ഏറ്റവും വലിയ വ്യക്തിത്വമാണ് ക്രിസ്തുവെന്ന് അവിശ്വാസികൾ സമ്മതിക്കുന്നു എന്ന് പറയുന്നതിനു പകരം അവരുടെ തന്നെ പുസ്തകങ്ങളിൽ നിന്ന് ഈ പ്ലാറ്റ്ഫോമിൽ അദ്ദേഹം വായിച്ചു കേൾപ്പിച്ചു. ഞാൻ അതിനെ ഒരു കൗശലപൂർവ്വമായ നീക്കമായി കാണുന്നു. ഏത് പരിവർത്തിത അവിശ്വാസികളുടെ കാര്യമായിരിക്കും ഇന്ന് അദ്ദേഹം നമ്മളോട് പറയാൻ പോകുന്നത്?"

"നീ ഒന്നുറപ്പാക്കിക്കോളൂ," മിസ്സിസ് എമേഴ്സൺ പറഞ്ഞു, "അവർ സാധാരണ അവിശ്വാസികളായിരിക്കില്ല."

"ഞാൻ നിങ്ങളോടെല്ലാവരോടും യോജിക്കുന്നു," ചിരിച്ചുകൊണ്ട് എമേഴ്സൺ പറഞ്ഞു. "ഡെയർ തന്റെ മുഴുവൻ ചർച്ചയും ഏറ്റവും മൗലികവും സുഖിപ്പിക്കുന്ന രീതിയിലുമാണ് കൈകാര്യം ചെയ്യുന്നത്. ഒട്ടും വില കുറഞ്ഞ പരിഹാസത്തിന് അദ്ദേഹം മുതിർന്നിട്ടില്ല. എല്ലാ ചോദ്യകർത്താക്കൾക്കും ന്യായമായ രീതിയിലും വിനയത്തോടെയും ചെവി കൊടുക്കുകയും അവരുടെ എല്ലാ

ചോദ്യങ്ങൾക്കും വ്യക്തമായും ബോദ്ധ്യപ്പെടുത്തുന്ന രീതിയിലും ഉത്തരം നൽകുകയും ചെയ്തു. ആ, ഇതാ അദ്ദേഹം സ്റ്റേജി ലേക്കെത്തിക്കഴിഞ്ഞു.”

പരിചിതരായിക്കഴിഞ്ഞ ചിലർക്കു നേരെ, അക്കൂട്ടത്തിൽ എമേഴ്സൺ കുടുംബത്തിനു നേരെയും തലയാട്ടിയ ശേഷം പ്രഭാ ഷകൻ തുടങ്ങി:

“രണ്ട് അവിശ്വാസികൾ ഒരിക്കൽ ഒരു റെയിൽവേ കംപാർ ട്ടുമെന്റിൽ ഇരുന്നുകൊണ്ട് യേശുവിന്റെ അത്ഭുത ജീവിതത്തെക്കു റിച്ച് പറഞ്ഞു. അതിലൊരാൾ പറഞ്ഞു, ‘എനിക്കു തോന്നുന്നു ക്രി സ്തുവിനെക്കുറിച്ച് വളരെ താൽപര്യമുളവാക്കുന്ന ഒരു കാൽപനി ക കഥ എഴുതാനാവുമെന്ന്.’

“മറ്റെയാൾ മറുപടി പറഞ്ഞു, ‘അതേ നിങ്ങൾ പറഞ്ഞത് ശരിയാണ്; അതെഴുതാൻ അനുയോജ്യനായ ആൾ താങ്കൾ തന്നെയാ ണ്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെയും സ്വഭാവത്തിന്റെയും ശരി യായ വീക്ഷണം പ്രതിപാദിക്കണം. നിലവിൽ അദ്ദേഹത്തെ ദിവ്യ നായി കാണിക്കുന്ന ചിത്രം വലിച്ചു കീറണം. മനുഷ്യരുടെയിടയിൽ വെറുമൊരു സാധാരണ മനുഷ്യൻ മാത്രമായിരുന്നു ക്രിസ്തുവെന്ന് വരച്ചു കാട്ടണം.”

“ആ നിർദ്ദേശം പ്രവർത്തിപഥത്തിലെത്തിച്ചു. വർഷങ്ങൾക്കു ശേഷം ആ അത്ഭുതകഥ പുറത്തുവന്നു. ആ നിർദ്ദേശം മുന്നോട്ട് വച്ചത് മറ്റാരുമായിരുന്നില്ല, ലോകപ്രശസ്ത അവിശ്വാസിയായ കേണൽ റോബർട്ട് ഇംഗർസോൾ ആയിരുന്നു. ആ പുസ്തകമെഴു തിയതോ ജനറൽ [34]ല്യൂ വാലസ്. പുസ്തകം – ‘ബെൻഹർ’.

“പുസ്തക രചനയ്ക്ക് ഉറവിടമായ ബൈബിൾ പഠിച്ചപ്പോൾ ജനറൽ വാലസ് വിശദീകരണങ്ങൾക്കതീതനായ ആ മനുഷ്യനെ, യേശുവിനെ മുഖാമുഖം കണ്ടു. ക്രിസ്തുവിന്റെ ജീവിതത്തെയും സ്വഭാവത്തെയും കുറിച്ച് കൂടുതൽ പഠിക്കുന്തോറും മനുഷ്യരുടെയി ടയിലെ വെറുമൊരു സാധാരണ മനുഷ്യനല്ല ക്രിസ്തുവെന്ന് അദ്ദേഹത്തിന് ഉറപ്പായിക്കൊണ്ടിരുന്നു.

“അദ്ദേഹം ഈ വസ്തുതകളിൽ വളരെ ആശ്ചര്യചകിതനായിരുന്നു. പ്രസിദ്ധിയറ്റ ഒരു ഗലീലിയൻ ഗ്രാമത്തിൽ നിന്ന്, പേര് പോലും നിന്ദാപാത്രമായ നീചവും നിന്ദ്യവുമായ ഗലീലിയിൽ നിന്ന്, ഗ്രീക്കോ ഹീബ്രുവോ ഭാഷകളറിയാത്ത ഒരു ചെറുപ്പക്കാരൻ കടന്നുവരുന്നു. തന്റെ പ്രവിശ്യയിൽ നിന്ന് പുറത്തേക്കേ പോകാത്ത ഒരു യുവ മരപ്പണിക്കാരൻ. തന്റെ ആദ്യ പൊതു പ്രസംഗം തന്നെ, ‘ഗിരിപ്രഭാഷണം’, ലോകം കേട്ടിട്ടുള്ള പ്രായോഗിക സന്മാർഗ്ഗങ്ങളിൽ വച്ച് ഏറ്റവും ഉത്തമവും വിപ്ലവകരവുമായി.

“മറ്റു ലോകരെപ്പോലെ ല്യൂ വാലസും ആ വാക്കുകളിൽ അത്ഭുതപ്പെട്ടുപോയി. കാലം അതിലെ വെളിച്ചം മങ്ങാനനുവദിച്ചിട്ടില്ല. അതിന്റെ ആകർഷണീയമായ മാധുര്യത്തിനോ ശക്തിക്കോ കുറവു വരുത്തിയിട്ടില്ല. പഴക്കം അതിന്റെ പുതുമയെ കെടുത്തുകയോ സൗരഭ്യത്തെ നശിപ്പിക്കുകയോ ചെയ്തിട്ടില്ല. എക്കാലവും മനുഷ്യരോട് സംസാരിക്കപ്പെട്ടിട്ടുള്ള ഏറ്റവും മധുരവും, ശാന്തവും, വിവേകം നിറഞ്ഞതുമായ വാക്കുകളായി അദ്ദേഹത്തിന്റെ വാക്കുകൾ സമാനതകളില്ലാതെ തിളങ്ങുന്നു.

“സാഹിത്യത്തിന് അത്യുത്തുംഗമായ സമ്പൂർണ്ണ മാതൃക, തത്വചിന്തയ്ക്ക് സമോന്നത വ്യക്തിത്വം, വിമർശനത്തിന് അതിന്റെ പരമോന്നത പ്രശ്നം, ദൈവശാസ്ത്രത്തിന് അതിന്റെ അടിസ്ഥാന സിദ്ധാന്തം, മതത്തിന് മൗലികമായ അനിവാര്യത, മനുഷ്യന് ഏറ്റവും അടുത്ത സുഹൃത്ത്, ഇവയെല്ലാമാണ് ല്യൂ വാലസ് ക്രിസ്തുവിനെക്കുറിച്ച് കണ്ടെത്തിയത്.

“ലോകചരിത്രത്തിൽ മഹത്തായ കേന്ദ്ര വസ്തുതയായാണ് അദ്ദേഹം ക്രിസ്തുവിനെ കണ്ടെത്തുന്നത്. അദ്ദേഹത്തിലേക്ക് എല്ലാം മുന്നോട്ടോ പിന്നോട്ടോ കടന്നുവരുന്നു. എല്ലാ ചരിത്രരേഖകളും ക്രിസ്തുവിലേക്ക് കേന്ദ്രീകരിക്കുകയും ക്രിസ്തുവിൽ നിന്ന് പ്രസരിക്കുകയും ചെയ്യുന്നു. ഒടുവിൽ സത്യം തിരസ്ക്കരിക്കാനാവാതെ അവിശ്വാസിയായ ഇംഗർസോളിന്റെ അവിശ്വാസി സുഹൃത്ത് ല്യൂ വാലസ് ക്രൂശിനു ചുവട്ടിലിരുന്ന് കരഞ്ഞു, ‘സത്യമായും ഇത് ദൈവപുത്രനായിരുന്നു.’ ക്രിസ്തുവിനെ വെറുമൊരു സാധാരണ

മനുഷ്യനായി ചിത്രീകരിക്കാനുദ്ദേശിച്ച പുസ്തകം 'ബെൻഹർ' എഴുതിയതിലൂടെ ല്യൂ വാലസ് മനസാന്തരപ്പെട്ടു. യേശുവിനെ ദൈവപുത്രനായി വരച്ചു കാട്ടി.

"ഏതാണ്ട് പത്തു വർഷം മുൻപ് ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പുസ്തകം യൂറോപ്പിനെ ഇടിവെട്ടേൽപ്പിച്ചു. ഉഗ്ര അവിശ്വാസിയായി ഗണിക്കപ്പെട്ട ഒരാളായിരുന്നു അതിന്റെ രചയിതാവ്. തനിക്ക് മുൻപ് മറ്റൊരാളും ചെയ്തിട്ടില്ലാത്തതു പോലെ ക്രിസ്തുവിനെ അവഹേളിച്ചതായി അദ്ദേഹം പറയുന്നു. അദ്ദേഹം പരിഹാസം നിറഞ്ഞ പുസ്തകങ്ങളെഴുതി. തികഞ്ഞ അവിശ്വാസത്തിലെത്തിച്ചേരാൻ തന്റെ ഭ്രാന്തവും വാചാലവുമായ നർമ്മം ഉപയോഗിച്ച് വിരോധാഭാസത്തിന്റെയും നിഷേധസിദ്ധാന്തത്തിന്റെയും എല്ലാ വഴികളിലൂടെയും തൂലിക ചലിപ്പിച്ചു.

അദ്ദേഹം തുടർന്നു പറയുന്നതിങ്ങനെയാണ്. 'മടുത്തിട്ടല്ല താൻ ക്രിസ്തുവിലേക്ക് തിരിഞ്ഞത്. എന്നാൽ ഇത് തന്റെ ജീവിതത്തെ കൂടുതൽ ദുഷ്ക്കരവും താങ്ങാനാവാത്ത ഉത്തരവാദിത്തമുള്ളതുമാക്കി. നാൽപതാം വയസിൽ ചെറുപ്പമായിരിക്കെത്തന്നെ ക്രിസ്തുവിലേക്ക് വന്നത് വയസ്സായതുകൊണ്ടുമല്ല. ലോകശ്രദ്ധ നേടണമെന്ന ആഗ്രഹം മൂലവുമല്ല. കാരണം പഴയ ചിന്താധാരയിൽ മുന്നേറിയിരുന്നെങ്കിൽ തനിക്ക് ഇതിനേക്കാൾ പ്രശംസ ലഭിക്കുമായിരുന്നു.' ചുരുക്കത്തിൽ ഒരാൾ ക്രിസ്തുവിനെയും ക്രിസ്ത്യാനിത്വത്തെയും ആക്രമിച്ച് പുസ്തകമെഴുതിയാൽ, അവിശ്വാസികളുടെ നേതാവായി ഗണിക്കപ്പെട്ടാൽ, നേരെ തിരിഞ്ഞ് തനിക്ക് തെറ്റിപ്പോയി എന്ന് സമ്മതിക്കാതെ തരമില്ലാതാവുന്നു.

"പ്രശസ്തനും സ്വയം പ്രഖ്യാപിത അവിശ്വാസിയുമായ [35]'ജിയോവാനി പാപിനി' ചെയ്തതും ഇതാണ്. അദ്ദേഹത്തിന്റെ 'ലൈഫ് ഓഫ് ക്രൈസ്റ്റ്' എന്ന പുസ്തകം ലോകത്തെ അത്ഭുതപ്പെടുത്തി. അത് എല്ലാ ആധുനിക ഭാഷകളിലേയ്ക്കും വിവർത്തനം ചെയ്യപ്പെടുകയും ചെയ്തു. തരിക്കുന്ന ആഹ്ലാദത്തോടെയാണ് ഞാനാ പുസ്തകം വായിച്ചത്."

എമേഴ്സൺ എഴുന്നേറ്റു. "ഞാൻ ഇതുവരെ ശല്യപ്പെടുത്തിയില്ല. കാരണം പരിവർത്തിത അവിശ്വാസികളുടെ കഥ പൂർണ്ണമായി കേൾക്കാൻ ഞാൻ ആഗ്രഹിച്ചു. എന്നാൽ ഈ പറഞ്ഞവരൊന്നും തന്നെ അന്വേഷണ ബുദ്ധിയോടെ തങ്ങളുടെ രാജ്യം ഒരിക്കലും വിട്ടു പോയിട്ടില്ല. അവർ വെറുതെ ബൈബിൾ വായിച്ചു, ഏതാനും ചരിത്ര പുസ്തകങ്ങൾ വായിച്ചു, അവരുടെ മനസ്സു മാറ്റി. ഇത് അവിശ്വാസികൾ വിശ്വാസികളാകുന്നതിന് തെളിവാണ് - ഞങ്ങൾക്കിത് നേരത്തെ അറിയാം - എന്നിരുന്നാലും അതിന് ബോദ്ധ്യപ്പെടുത്താനാവുന്നില്ല."

"ബൈബിളും ഏതാനും ചരിത്രപുസ്തകങ്ങളും വായിച്ച് ല്യൂ വാലസും പാപ്പിനിയും മറ്റുള്ളവരും തങ്ങളുടെ ദർശനങ്ങൾ മാറ്റിയെന്ന് നിങ്ങൾ സമ്മതിക്കുന്നു" ഡെയർ മറുപടി നൽകി. "ശുഷ്കം അവിശ്വാസികളേ അത്ര വലിയ ഗവേഷണം നടത്താൻ മുതിരാറുള്ളൂ. അതിൽ ആയിരത്തിലൊരാൾ പോലും ഇരുവശത്തെയും തെളിവുകൾ വായിക്കാറുമില്ല. എന്നാൽ ബൈബിൾ സത്യമല്ലെന്ന് അവതരിപ്പിച്ച് കാണിക്കാമെന്ന് പ്രഖ്യാപിച്ച് ക്രിസ്തീയ ലോകത്തെ ഷോക്കടിപ്പിച്ചുകൊണ്ട് കടന്നുവന്ന ഒരു അവിശ്വാസിയെക്കുറിച്ച് ഞാനിപ്പോൾ പറയാം.

"1881-ൽ [36]സർ വില്യം മിച്ചൽ റാംസേയായിരുന്നു അത്. മികച്ച ആർജ്ജവത്വവും സംസ്ക്കാരവും ഉന്നത വിദ്യാഭ്യാസവും കുറ്റമാരോപിക്കാനാവാത്ത വ്യക്തിത്വവുമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു അദ്ദേഹം. സത്യം അറിയാൻ അദ്ദേഹത്തിന് ആത്മാർത്ഥമായ ആഗ്രഹമുണ്ടായിരുന്നു. സംശയത്തിന്റേതായ അന്തരീക്ഷത്തിലായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസം. ബൈബിൾ വഞ്ചനാപരമാണെന്ന ദൃഢവിശ്വാസത്തിൽ അദ്ദേഹം എത്തിച്ചേർന്നു.

'ബൈബിളിന്റെ ഗൃഹമായ ഏഷ്യാ മൈനറിലേക്കും പാലസ്തീനിലേക്കും ഉള്ള സൂക്ഷ്മ പരിശോധനാ പര്യടനത്തിന് നേതൃത്വം നൽകാനായി വർഷങ്ങളുടെ തയ്യാറെടുപ്പ് തന്നെ അദ്ദേഹം നടത്തി. ബൈബിൾ സ്വർഗ്ഗത്തിൽ നിന്ന് നൽകപ്പെട്ടു എന്ന വാദം പൊളിച്ചെഴുതുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

അതിമോഹികളായ ഏതാനം ക്രിസ്തീയ സന്യാസിമാർ എഴുതിയ പുസ്തകമാണ് എന്നതിന് തെളിവുകൾ കുഴിച്ചെടുക്കുവാനായിരുന്നു ആ യാത്ര. പുതിയ നിയമ പുസ്തകത്തിൽ ഏറ്റവും ദുർബ്ബലമായ ഭാഗമായി അദ്ദേഹം പരിഗണിച്ചത് പൗലോസിന്റെ യാത്രകളുടെ കഥയാണ്. ഇവ അതുവരെ ആരും ആഴത്തിൽ പരിശോധിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് അപ്പോസ്തല പ്രവർത്തികളെ ഒരു വഴികാട്ടിയായി എടുത്തുകൊണ്ട് യാത്ര ചെയ്യുന്നതായി അദ്ദേഹം പ്രഖ്യാപിച്ചു. പൗലോസ് യാത്ര ചെയ്ത അതേ പാതകളിലൂടെ സഞ്ചരിച്ച് അതേ യാത്രകൾ നടത്തി അപ്പോസ്തലൻ വിവരിച്ച തരം യാത്രകൾ ഒരിക്കലും നടത്താനാവില്ലെന്ന് തെളിയിക്കുവാനായിരുന്നു ശ്രമം.

“ശത്രുപക്ഷം വളരെ ആവേശഭരിതരായി. ഒടുവിൽ ബൈബിൾ പൂർണ്ണമായി നരാകരിക്കപ്പെടുമെന്ന് അവർക്കുറപ്പായിരുന്നു. ഇത് ആലോചിച്ച ഏതാനം വിശ്വാസികൾ വിറച്ചുപോയി എന്നതും സത്യം. കാരണം നാലാം നൂറ്റാണ്ടിൽ റോമാ ചക്രവർത്തി ജൂലിയനു ശേഷം ബൈബിളിനെ നിരാകരിക്കുന്നതിനുള്ള ഏറ്റവും ആത്മവിശ്വാസമുള്ള ശ്രമമായിരുന്നു ഇത്. തന്റെ സർവ്വ സമ്പത്തും ഉപയോഗിച്ച് ബൈബിൾ വിശ്വാസം ഉന്മൂലനം ചെയ്യുന്നതിനായി പ്രവചനങ്ങളെ മന:പൂർവ്വം തകർക്കാൻ ശ്രമിക്കുകയായിരുന്നു ജൂലിയൻ. എന്നാൽ ഈ പദ്ധതി പരാജയപ്പെട്ടതായി അവിശ്വാസിയായ ചരിത്രകാരൻ ഗിബ്ബോൺ സമ്മതിക്കുന്നു.

“റാംസേ പര്യടനത്തെ അതിവിശിഷ്ടമാക്കിയത് അദ്ദേഹത്തിന് എതിർ ക്യാമ്പുകളിൽ നിന്ന് ലഭിച്ച ആത്മവിശ്വാസമാണ്. അദ്ദേഹം ബഹളം വയ്ക്കുന്ന ഒരു ദൈവദൂഷകനായിരുന്നില്ല. പാരീസിലോ ലണ്ടനിലോ ബർലിനിലോ ഉള്ള വിദൂര സ്ഥലങ്ങളിലിരുന്ന് പ്രാചീന പാലസ്തീനിൽ രൂപം കൊണ്ട ഒരു പുസ്തകത്തിനു നേർക്ക് ചാടി വീഴാൻ അദ്ദേഹം തയ്യാറായിരുന്നില്ല. അദ്ദേഹത്തിന്റെ ദൃഢവിശ്വാസത്തെക്കുറിച്ച് നെഞ്ചുറപ്പും പരിശോധനകൾ നടത്തുന്നതിന് ആവശ്യമായ ബുദ്ധിയും ഭൗതീക ഉപകരണങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ട് എല്ലാവരും റാംസെയെ വിശ്വസിച്ചു. വസ്തുതകൾ

കണ്ടെത്തുന്ന മുറയ്ക്ക് അവയെല്ലാം പ്രസിദ്ധീകരിക്കുമെന്ന അദ്ദേഹത്തിന്റെ വാക്ക് എല്ലാവർക്കും സ്വീകാര്യമായി.

"മറ്റൊരു മനുഷ്യനും തയ്യാറെടുക്കാത്ത വിധം അദ്ദേഹം ബൈബിളിന്റെ വസതിയിലേക്ക് പോയി. അവിടെ അക്ഷരാർത്ഥത്തിൽ 'തെളിവുകൾ കുഴിച്ചെടുത്തുകൊണ്ട്' അദ്ദേഹം പതിനഞ്ച് വർഷം ചെലവഴിച്ചു. എന്നിട്ട് 1896ൽ 'സെന്റ് പോൾ, ദി ട്രാവലർ ആൻഡ് ദി റോമൻ സിറ്റിസൺ' എന്ന വലിയ പുസ്തകം പ്രസിദ്ധീകരിച്ചു.

"ആ പുസ്തകം ലോകമെമ്പാടുമുള്ള അവിശ്വാസികളെ അന്ധാളിപ്പിച്ചു കളഞ്ഞു. അതിന്റെ ഭാവം തന്നെ അപ്പാടെ അപ്രതീക്ഷിതമായിരുന്നു. വർഷങ്ങൾക്കു മുമ്പ് അതിന്റെ രചയിതാവ് പ്രഖ്യാപിച്ച ഉദ്ദേശ്യങ്ങൾക്ക് കടകവിരുദ്ധമായിരുന്നു അത്. ഇരുപതു വർഷങ്ങൾ കൂടി കഠിന നൈരാശ്യവും ആശയക്കുഴപ്പവും വർദ്ധിച്ചു. ഒന്നിനു പിറകെ ഒന്നായി അതേ രചയിതാവിന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഓരോന്നും അപ്പപ്പോൾ കിളച്ചെടുത്ത തെളിവുകൾ നിറഞ്ഞതു പോലെ പുതിയ നിയമത്തിന്റെ യഥാർത്ഥ വിശദമായ സത്യം നിറച്ചവയായിരുന്നു. ആ തെളിവുകൾ ആർക്കും തടുക്കാനാവാത്തതായിരുന്നു. ധാരാളം അവിശ്വാസികൾ തങ്ങളുടെ പഴയ അവിശ്വാസത്തെ തള്ളിപ്പറഞ്ഞുകൊണ്ട് ക്രിസ്ത്യാനിത്വം സ്വീകരിച്ചു. മാത്രമല്ല ഇവ കാലാതിവർത്തിയായി ഇന്നും നിൽക്കുന്നു. അതിൽ ഒന്നു പോലും നിരാകരിക്കപ്പെടുകയോ അതിനു വേണ്ടി ആരെങ്കിലും ശ്രമിക്കുകയോ പോലുമുണ്ടായിട്ടില്ല.

'നാൽപ്പതു വർഷത്തെ പര്യവേക്ഷണവും എഴുത്തും വിവരിക്കാൻ ഏതാനും ഉദ്ദരണികൾക്കാവില്ലെങ്കിലും എനിക്ക് ചിലത് ഉദ്ദരിക്കാതിരിക്കാനാവില്ല. അപ്പോസ്തല പ്രവർത്തികളെക്കുറിച്ച് പറയുന്ന 'സെന്റ് പോൾ' എന്ന പുസ്തകത്തിന്റെ 238–ാം പേജിൽ റാംസേ ഇങ്ങനെ പറയുന്നു.'

"രംഗം നഗരത്തിൽ നിന്നു നഗരത്തിലേക്ക് മാറുമ്പോഴും എല്ലാ വിശദാംശങ്ങൾക്കുമിടയിൽ ആഖ്യാനപരമായ ഒരു തെറ്റു പോലും സംഭവിക്കുന്നില്ല." വീണ്ടും പേജ് 240–ൽ: "അപ്പോസ്തല

പ്രവർത്തികളിൽ പ്രസ്താവിച്ചിരിക്കുന്ന ഓരോ ചെറിയ വസ്തുതയ്ക്കും അതിന്റേതായ പ്രാധാന്യമുണ്ട്."

'അപ്പോസ്തല പ്രവർത്തികളിൽ പൗലോസിന്റെ സ്വഭാവ വിശേഷണം, റാംസേ പേജ് 20, 21-ൽ പറയുന്നു, എഴുത്തുകാരന്റെ വ്യക്തിപരമായ പരിചയം തെളിയിക്കുന്ന തരത്തിൽ വളരെ വിശദവും വൈയക്തികവുമാണ്. അതിലുപരി അപ്പോസ്തല പ്രവർത്തികളിലെ പൗലോസ്, തന്റെ ലേഖനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അതേ പൗലോസാണ്. അദ്ദേഹത്തിന്റെ രീതികളിലും ചിന്തകളിലും, പാണ്ഡിത്യം നിറഞ്ഞ തേച്ചു മിനുക്കിയ മര്യാദയുടെ ധ്വനി, ചടുലവും തീവ്രവുമായ മനോഭാവം ഇതെല്ലാം അവിടെ കാണാം. വൈദഗ്ധ്യവും പരിതഃസ്ഥിതികളോട് ഇണങ്ങാനുള്ള കഴിവും തന്റെ സ്വന്തം വീട്ടിലെന്നപോലെ സ്വീകാര്യനാവാൻ എല്ലാ സമൂഹങ്ങളിലും പൗലോസിനു കഴിഞ്ഞു. എല്ലാ ചുറ്റുപാടുകളിലും വളരെ അനായാസകരമായി സഞ്ചരിച്ചു. എല്ലായിടത്തും അദ്ദേഹം ശ്രദ്ധാകേന്ദ്രമായി. ഏഥൻസിലെ അഗോറയിൽ സോക്രട്ടിയൻ തർക്കശാസ്ത്രിയായെങ്കിൽ അവരുടെ സർവ്വകലാശാലയിൽ വാഗ്മിയായും പൗലോസ് മാറി. ചിലപ്പോൾ രാജാക്കന്മാരും അവരുടെ പ്രതിനിധികളുമായും സംഭാഷിക്കുന്നതു കാണാം. മറ്റുചിലപ്പോൾ കപ്പലിലെ ഉപദേശക സമിതിയിൽ ഉപദേശം നൽകുന്നവനായും കപ്പലിലെ മനസ്സു തകർന്ന ജീവനക്കാരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ പ്രോത്സാഹജനകമായ വാക്കുകൾ പറയുന്നവനായും കാണാം. പൗലോസ് എവിടെയാണെങ്കിലും അവിടെയുള്ളവരുടെ കണ്ണുകൾ മറ്റാരിലുമല്ല അദ്ദേഹത്തിൽ മാത്രമായിരിക്കും.'

'ഇനി അദ്ദേഹത്തിന്റെ പിൽക്കാലത്തുള്ള 1914-ൽ പ്രസിദ്ധീകരിച്ച ഒരു പുസ്തകമെടുക്കാം, 'പുതിയ നിയമത്തിന്റെ വിശ്വാസ്യതയെക്കുറിച്ചുള്ള പുതിയ കണ്ടുപിടിത്തത്തിന്റെ സാക്ഷീകരണം'. ആ പുസ്തകത്തിന്റെ ആമുഖത്തിലെ അഞ്ചാം പേജിൽ അദ്ദേഹം പറയുന്നു.. 'എന്റെ ലക്ഷ്യം' പുതിയ നിയമത്തിൽ ഏറ്റവും നിശിതമായ വിമർശനത്തിനു വിധേയമാക്കപ്പെട്ടിട്ടുള്ള ഏതാനം അദ്ധ്യായങ്ങൾ പദാനുപദം, വാക്യാനുവാക്യം പരിശോധിച്ച് പുതിയ

നിയമം അതിന്റെ ചേർച്ചയിൽ അതുല്യമാണെന്നും അതിന്റെ ഭാവത്തിലുള്ള സ്പഷ്ടതയും അർത്ഥഗർഭതയും വ്യക്തമായ സത്യഭാവവും തെളിയിക്കുക എന്നതുമാണ്. പുതിയ നിയമത്തിൽ ഉൾക്കൊള്ളുന്ന പുസ്തകങ്ങളിലെ ഒന്നോ രണ്ടോ പേരുടെ സ്വഭാവം മാത്രമല്ല അത് എല്ലാവർക്കും ഒരുപോലെ ബാധകമാണ്.'

'സ്ട്രൗസ് മുതൽ ഷ്മൈഡൽ വരെ വിഖ്യാതരും പ്രസ്തരുമായ പണ്ഡിതന്മാർക്ക് തെളിവുകൾ വ്യക്തമായി പരിശോധിക്കാനാവാത്തത് അവരുടെ കഴിവില്ലായ്മയാണെന്ന് സമ്മതിക്കുന്നു. സത്യത്തിന്റെ അവസാനത്തെയും ഉറപ്പുള്ളതുമായ മാനദണ്ഡത്തെ കണ്ണുമടച്ച് അവർ സമ്മതിച്ചതായി കണക്കാക്കി.' – പേജ് 262.

'പ്രസ്തുത എഴുത്തുകാരൻ തെളിവുകൾ കണ്ടെത്തുന്നതിൽ കാണിച്ചിട്ടുള്ള പുരോഗതിക്ക് കാരണം തന്നെ ലൂക്കോസ് ഒരു വിശ്വസ്ത മാർഗ്ഗദർശിയാണെന്ന വസ്തുതയുടെ ആദ്യ പ്രശംസയാണ്.' (പേജ് 259) 'ഈ എഴുത്തുകാരൻ എവിടെയെല്ലാം ലൂക്കോസിന്റെ ആധികാരികത പിന്തുടർന്നോ അവസാന വിശദാംശം വരെ അദ്ദേഹം ശരിയായിരുന്നു'. പേജ് 262

'അങ്ങനെ ബൈബിൾ വിശ്വാസത്തെ തകർക്കാനായി ഒരുമ്പെട്ട സർ വില്ല്യം റാംസെയ്ക്ക് ഇപ്രകാരം സംഭവിച്ചു. പുതിയ നിയമത്തിലെ പരമവും അതിസൂക്ഷ്മവുമായ സത്യത്തെയും വിശ്വാസ്യതയെയും കുറിച്ച് ഒട്ടും വ്യഥാക്ഷേപത്തിന് ഇടനൽകാതെ യുക്ത്യാനുസരണം തെളിയിക്കാനും സ്ഥാപിക്കാനും ഈ ആധുനിക കാലഘട്ടത്തിൽ മറ്റേതൊരു മനുഷ്യനെക്കാളുമധികം റാംസേ ചെയ്തു.

'കൂടാതെ വിഖ്യാത യുവ ജർമ്മൻ പണ്ഡിതൻ [37]'അഡോൾഫ് ഡെയ്സ്മാനെ'ക്കുറിച്ച് പറയുവാനും ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ റാംസേയുടേതിനു തൊട്ടു പിന്നിലായി മാത്രമാണ് സ്ഥാനം പിടിച്ചിട്ടുള്ളത്. റാംസേയുടെ അതേ മനോഭാവത്തോടെയാണ് അദ്ദേഹം തന്റെ അന്വേഷണം ആരംഭിച്ചത്. വർഷങ്ങളുടെ പര്യവേക്ഷണത്തിനു ശേഷം റാംസേയെപ്പോലെ തന്നെ തെറ്റാണെന്ന് തെളിയിക്കാൻ ഒരുമ്പെട്ട ബൈബിളിൽ

അടിയുറച്ച വിശ്വാസത്തിലെത്തിച്ചേർന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ബൈബിളിനെക്കുറിച്ചുള്ള ഏറ്റവും വിപ്ലവാത്മകമായ പുസ്തകം റാംസേയുടേതായിരുന്നുവെങ്കിൽ ഡെയ്സ്മാന്റെ 'പുരാതന കിഴക്കു നിന്നുള്ള വെളിച്ചം' എന്ന പുസ്തകം ഈ നൂറ്റാണ്ടിലെ അത്തരമൊന്നാണ്. ബൈബിളിന്റെ അവിശ്വാസ്യതയെക്കുറിച്ച് ഗവേഷണം നടത്തി തെളിയിക്കാനിറങ്ങിയ ഈ രണ്ട് അവിശ്വാസികളും ചേർന്ന് ബൈബിളിനനുകൂലമായ തെളിവുകളുടെ തകർക്കാനാവാത്ത ഒരു പാറ തന്നെ പടുത്തുയർത്തി. ഈ രണ്ടു മനുഷ്യരുടെയും തെളിവുകളെ കവച്ചുവയ്ക്കാതിരുന്നാൽ അവിശ്വാസത്തിന്റെ അസ്തിത്വം തന്നെ നഷ്ടപ്പെടുന്നു.

'ഈ വിഷയം ഒന്നു തൊട്ടിട്ടേയുള്ളൂ; എന്നാൽ ഇപ്പോൾ ഞാൻ നിർത്തുന്നു. ബൈബിൾ നാടുകളിലൂടെയും സത്യങ്ങളിലൂടെയും ഈ മനുഷ്യർ നടത്തിയ സാഹസികമായ പര്യവേക്ഷണങ്ങളെ പിന്തുടർന്നാൽ തീർച്ചയായും നിങ്ങൾക്ക് ത്രസിപ്പിക്കുന്ന സന്തോഷം ലഭിക്കുമെന്ന് ഞാൻ ഉറപ്പു നൽകുന്നു.

'അടുത്തയാഴ്ച നാസ്തികർക്ക് എന്താണ് നൽകാനുള്ളതെന്ന് പരിശോധിക്കാം.'

## 14. നാസ്തികന് എന്താണ് നൽകാനുള്ളത്

ജനം എത്തിച്ചേരാനായി എമേഴ്സൺ കുടുംബം കാത്തു നിന്നപ്പോൾ എമേഴ്സൺ വളരെ ചിന്താകുലനായി കാണപ്പെട്ടു. ലൂസിലെ മെല്ലെ മുന്നോട്ടാഞ്ഞ് പിതാവിന്റെ കണ്ണിനു മുന്നിലൂടെ കൈവ്വോടിച്ചു.

'എന്താണിത്ര ചിന്താഭാരത്താൽ നെറ്റി ചുളിച്ചിരിക്കുന്നത്, ഡാഡ്? അത് പിതാവിന്റെ ചേല് തന്നെ കെടുത്തിക്കളയുന്നു.' അവൾ കളിയാക്കിക്കൊണ്ട് പറഞ്ഞു.

'ഞാൻ ചിന്താകുലനാണ്,' അദ്ദേഹം സമ്മതിച്ചു.

'എന്തിനെക്കുറിച്ച്?'

'ഞാൻ മുഴുക്കടലിൽ അസ്ഥിരനായി നിൽക്കുകയാണ്. എന്റെ പ്രിയപ്പെട്ട ചോദ്യങ്ങൾക്കൊന്നും ഉത്തരം കിട്ടുകയില്ലെന്ന് എനിക്കുറപ്പായിരുന്നു. പക്ഷെ മിസ്റ്റർ ഡെയർ എന്റെ മിക്ക ചോദ്യ ങ്ങൾക്കും ഉത്തരം നൽകിയിരിക്കുന്നു. മാത്രമല്ല ക്രിസ്ത്യാനിത്വ ത്തിന് വേണ്ടി മിറകടക്കാനാവാത്ത അനേകം വാദഗതികളും മുന്നോട്ടു വച്ചിരിക്കുന്നു.'

'എന്തുകൊണ്ട് നിങ്ങളുടെ നാസ്തിക സുഹൃത്തുക്കളുടെ സഹായം തേടുന്നില്ല?' ജോർജ്ജ് ചോദിച്ചു.

'ഞാൻ ഡെയറിന്റെ വാദഗതികളെ അവരുടെ മുന്നിൽ വച്ചു. പക്ഷെ മറുപടി നൽകാൻ അവർക്കാകുന്നില്ല. ഇവിടു ള്ളാർക്കും അതിനുത്തരം നൽകാനായിട്ടില്ല. ഇപ്പോൾ അയാൾ ഞങ്ങളുടെ കോട്ടയ്ക്കകത്തു കയറി എല്ലാ പ്രതിരോധങ്ങളെയും ആക്രമിക്കാൻ പോകുകയാണ്. ഞങ്ങൾ പ്രതിരോധിക്കാനാവാ ത്തവിധമാണെന്ന് എനിക്കറിയാം. ഞങ്ങളുടെ ശക്തി ആക്രമി ക്കപ്പെടുകയാണ്.'

'പിന്നെന്തുകൊണ്ട് ആക്രമിച്ചു കൂടാ?' ഒരു മത്സരം പ്രതീ ക്ഷിച്ചുകൊണ്ട് കണ്ണുകളുയർത്തി ലൂസിലെ ചോദിച്ചു.

‘എന്റെ ഏറ്റവും നല്ല വാദഗതികൾ ഞാൻ മുന്നോട്ട് കൊണ്ടു വരികയും അവയ്ക്ക് ഉത്തരം ലഭിക്കുകയും ചെയ്തതുകൊണ്ട്.’

‘എന്താ ഡാഡ്!’ വാ പൊളിച്ചു കൊണ്ട് ലൂസിലെയും ജോർ ജ്ജും ഒരേ സ്വരത്തിൽ ചോദിച്ചു, ‘എന്തു പറ്റി?’

‘എനിക്കിപ്പൊഴുമറിയില്ല,’ അദ്ദേഹം ചിരിച്ചു.

‘എനിക്കറിയാം,’ ചിരിച്ചുകൊണ്ട് മിസിസ് എമേഴ്സൺ പറഞ്ഞു. ഒരു വിശദീകരണത്തിനായി എല്ലാവരും അവരിലേക്ക് തിരിഞ്ഞപ്പോഴേക്കും പ്രഭാഷകൻ തട്ടിലേക്ക് കയറുന്നതു കണ്ട് നിർത്തി.

‘വൈമനസ്യത്തോടെയാണ് ഞാനീ വിഷയത്തെ സമീപി ക്കുന്നത്,’ ഡേവിഡ് ഡെയർ പറഞ്ഞു. ‘മറ്റൊരാളുടെ വിശ്വാസത്തെ ആക്രമിക്കുന്നത് ഞാനൊരിക്കലും ഇഷ്ടപ്പെടുന്നില്ല. ക്രിസ്ത്യാനി ത്വത്തിന്റെ നല്ല വശമാണ് ഞാൻ അവതരിപ്പിക്കേണ്ടത്. പക്ഷെ അവി ശ്വാസി ക്രിസ്ത്യാനിത്വത്തെ തകർക്കാൻ ശ്രമിക്കുമ്പോൾ നമുക്കു മുന്നിലേക്ക് വയ്ക്കുന്നവ പരിഗണിക്കാതിരിക്കാൻ എനിക്കാവുന്നി ല്ല. ക്രിസ്ത്യാനിത്വത്തെക്കാൾ മുന്തിയ എന്തോ ഒന്നുണ്ടെന്ന് വരു ത്തിത്തീർക്കാൻ അയാൾ ശ്രമിക്കുമ്പോൾ – അല്ലെങ്കിൽ അയാൾ അത് തകർക്കാൻ ശ്രമിക്കില്ല – അതിന്റെ സ്ഥാനത്ത് എന്താണ് അയാൾ വയ്ക്കാൻ ശ്രമിക്കുന്നതെന്ന് നമ്മൾ വിശദമായി പരിശോ ധിക്കുകയും തൂക്കിനോക്കുകയും വേണം.’

എമേഴ്സൺ എഴുന്നേറ്റ് ശ്രോതാക്കളുടെ നേരെ തിരിഞ്ഞ് പറഞ്ഞു: ‘എനിക്കറിയാം പ്രഭാഷകന്റെ വളരെ മര്യാദയുള്ള ഈ രീതി ഞങ്ങൾക്കെല്ലാവർക്കും സ്വീകാര്യമാണ്. അതുകൊണ്ട് മു ഖവുരയില്ലാതെ തന്നെ മനസ്സിലുള്ളത് തുറന്നു സംസാരിക്കാവു ന്നതാണ്.’

ഹാർദ്ദവമായ കയ്യടി എമേഴ്സന്റെ വാക്കുകൾക്കു പിറകെ വന്നു.

‘നന്ദി’ സൗഹാർദ്ദത്തിന്റെ ഈ പ്രകടനത്തെ തിരിച്ചറിഞ്ഞു കൊണ്ട് പ്രഭാഷകൻ ചിരിച്ചു. ‘വിഖ്യാത നാസ്തികനായ റോബർട്ട്

ഇംഗർസോളിന് താൻ പ്രാണതുല്യം സ്നേഹിച്ച ഒരു സഹോദരനുണ്ടെന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. ആ സഹോദരന്റെ കുഴിമാടത്തിനടുത്ത് നിന്നുകൊണ്ട് റോബർട്ട് ശവസംസ്ക്കാര [38]പ്രഭാഷണം നടത്തി. അദ്ദേഹത്തിന്റെ പ്രതിഭയുടെ പൂർണ്ണതയുടെ പാരമ്യമെന്ന് ലോകമെങ്ങുമുള്ള സഹോദര നാസ്തികർ ആ പരാമർശങ്ങളെ വാഴ്ത്തി.

'മരണത്തിന്റെ പ്രതാപമുഖത്തിനു മുന്നിൽ, അജ്ഞാതമായതിന്റെ മുന്നിൽ, നാസ്തിക മനസ്സിന്റെ മുഖംമൂടി നെടുകെ പിളർന്നു. ആ വേദനിക്കുന്ന ആത്മാവ് നഗ്നമായി നിന്നു. ആ വിറയാർന്ന ചുണ്ടുകളിൽ നിന്ന് മുഴങ്ങിയ ഈ വിഖ്യാത വാക്കുകൾ ലോകം മുഴുവൻ ചുറ്റിസഞ്ചരിച്ചു:

'നടുക്കടലിലായാലും ദൂരെ തീരം മുറിച്ചു കടക്കുമ്പോഴായാലും ഒടുവിൽ ഒന്നൊഴിയാതെ എല്ലാവരുടെയും അവസാനം കുറിക്കുന്ന ഒരു തകരലുണ്ട്. എല്ലാ ജീവിതവും, അതിന്റെ ഓരോ മണിക്കൂറും സ്നേഹം കൊണ്ട് നിറഞ്ഞതാണെങ്കിലും ഓരോ നിമിഷവും സന്തോഷം കൊണ്ടലംകൃതമാണെങ്കിലും അതിന്റെ അന്ത്യം ഒരു ദുരന്തമാകുന്നു. നിഗൂഢതയും മരണവും ഊടും പാവും നെയ്ത പോലെ അത്ര ഇരുണ്ടതും ആഴത്തിലുള്ളതുമായ ദുഃഖമാണ് ആ ദുരന്തം. തണുത്ത് തരിശായ അനശ്വരതയുടെ രണ്ട് കൊടുമുടികൾക്കിടയിലെ ഒരു നനുത്ത യാത്രാമൊഴിയാണ് ജീവിതം. ആ കൊടുമുടികൾക്കപ്പുറത്തെ കാഴ്ച കാണാൻ വെറുതെ അദ്ധ്വാനിക്കുന്നു. നമ്മൾ ഉറക്കെ കരയുന്നു, എന്നാൽ കരച്ചിലിന്റെ പ്രതിധ്വനി മാത്രമാണ് ഏക മറുപടി.'

'എന്നെ സംബന്ധിച്ച്, അതി ദുഃഖകരമായ വാക്കുകളൊന്നും തന്നെ അദ്ദേഹം ഉച്ചരിച്ചില്ല. ജീവിതത്തിന്റെ ആഴങ്ങളും ഉയരങ്ങളും അളന്ന ഇംഗർസോളിന് തണുത്ത് തരിശായ ദുരന്തമായിരുന്നു ജീവിതം. അത്യുന്നതമായ അഭിലാഷമെങ്കിലും ബീഭത്സമായ അപഹാസം മാത്രം. യൂദാ 13-ൽ പറയുന്നതു പോലെ 'സദാകാലത്തേക്കുമുള്ള അന്ധതമസ്സ്' അത് അദ്ദേഹം മുഖാമുഖം നേരിട്ടു.

'നാസ്തികത എന്തായിരുന്നാലും, സത്യം അതല്ല, ആയിരിക്കുകയുമില്ല. അത് സത്യമാണെന്ന് പ്രഖ്യാപിക്കുന്നതേയില്ല. അത് തീർച്ചയായും ഒരു നിഷേധ സിദ്ധാന്തം മാത്രമാണ്. ഒരു വെളിച്ചവും പകരം നൽകാതെ മറ്റുള്ളവരുടെ മെഴുകുതിരി വെളിച്ചം കെടുത്തിക്കളയുന്നതാണ് നാസ്തികത.

'മറ്റൊരു വലിയ അവിശ്വാസിയായ [39]ഹെർബർട്ട് സ്പെൻസറിലേക്ക് നമുക്ക് തിരിയാം. ക്രിസ്ത്യാനിത്വത്തെ ആക്രമിക്കുകയോ അവഗണിക്കുകയോ ചെയ്ത ഇരുപതോളം വാല്യങ്ങൾ എഴുതിയ ശേഷം തന്റെ നീണ്ട ജീവിതത്തിന്റെ അന്ത്യയാമങ്ങളിൽ രണ്ട് വാല്യങ്ങളിലായി ആത്മകഥയെഴുതി. രണ്ടാം വാല്യത്തിന്റെ അവസാനം അദ്ദേഹം മരണത്തെക്കുറിച്ച് പറയുന്നു. സ്വന്തം അന്ത്യത്തെക്കുറിച്ച് വ്യക്തമായ ബീഭത്സതയോടെയാണ് എഴുതിയിരിക്കുന്നത്. മരണത്തിന്റെ ഒരു വസ്തുതയെക്കുറിച്ച് പറഞ്ഞ് അദ്ദേഹം വിലപിക്കുന്നു. 'നിലനിൽപിന്റെ ബോധത്തിനും നിലനിന്നിരുന്നുവെന്ന ബോധത്തിനും ഭ്രംശം സംഭവിക്കുന്നു.' മറ്റു വാക്കിൽ പറഞ്ഞാൽ തന്റെ 'ജീവിതത്തിന്റെ ഭൂപടം' എന്ന പുസ്തകത്തിൽ ലെക്കി പറയുന്നതുപോലെ ഒരാൾക്ക് ഒരിക്കലും ബോധത്തോടെ മരണത്തിലായിരിക്കാനാവില്ല.

'ചുരുക്കത്തിൽ ഹെർബർട്ട് സ്പെൻസർ തന്റെ ആത്മാവിന് ശാന്തി ലഭിക്കണമെന്ന് വാഞ്ചിച്ചു. മരണത്തെക്കുറിച്ച് എഴുതിയതിനു തൊട്ടുപിന്നാലെ അദ്ദേഹം ഇങ്ങനെ പറയുന്നു: 'യുക്തിസഹമായ വ്യാഖ്യാനങ്ങൾ, സ്വായത്തമാക്കാൻ ഇച്ഛരിക്കുകയും എന്നാൽ പരാജയപ്പെടുകയും കൂടുതൽ ഇച്ഛരിക്കുന്തോറും വീണ്ടും തോൽക്കുകയും ചെയ്യുന്ന ഇടം ഒരു വിധത്തിൽ പറഞ്ഞാൽ മതവിശ്വാസങ്ങൾ സ്വായത്തമാക്കുന്നു. ആവശ്യകതയുടെ സമൂഹത്തിൽ സഹതാപത്തോടെ ഞാൻ ഉറ്റുനോക്കുന്നു. പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള കഴിവില്ലായ്മയുടേയും പരിഹാരം കണ്ടെത്താനാവും എന്ന അഭിലാഷവും ചേർന്നാണ് അതിൽ നിന്നും വിസമ്മതിക്കുന്നത്.'
– 'ആത്മകഥ' വാല്യം 2, പേജ് 549.

‘ഏതാനം പ്രധാനപ്പെട്ട കണ്ടെത്തലുകൾ പിന്നാലെ വരുന്നു:

‘ഒന്ന്: സപെൻസറിന് അറിയാമായിരുന്നു അദ്ദേഹത്തിന്റെ പരിഹാരമാർഗ്ഗങ്ങൾ പരാജയപ്പെട്ടുവെന്ന്. അവ പരിഹാരം അല്ലായിരുന്നുവെന്നും അറിയാമായിരുന്നു. അദ്ദേഹം അങ്ങനെ പറയുന്നു. ബൈബിളില്ലാതെയുള്ള നിലനിൽപിനെക്കുറിച്ചുള്ള ഗൂഢാർത്ഥം കണ്ടുപിടിക്കാൻ അൻപതു വർഷം അദ്ദേഹത്തിന്റെ ഭീമാകാരമായ മനസ്സ് പ്രയത്നിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിനൊടുവിൽ ആ ശ്രമങ്ങളെല്ലാം എത്ര പാഴായിരുന്നു വെന്ന് അദ്ദേഹം സമ്മതിക്കുന്നു.

‘രണ്ട്: അവിശ്വാസം മതത്തിന്റെ സ്ഥാനം എടുക്കാനും മത മില്ലാതെയുള്ള നിലനിൽപിന് തെളിവുണ്ടാക്കാനും എത്രയധികം ശ്രമിച്ചുവോ അത്രയധികം അത് പരാജയപ്പെട്ടു.

‘മൂന്ന്: ഒരു പരിഹാരത്തിന്റെ ആവശ്യകത അദ്ദേഹം ഒരു വിലാപത്തോടെ തിരിച്ചറിഞ്ഞു. തന്റെയും മറ്റുള്ളവരുടെയും അ വിശ്വാസത്തിന്റേതായ വിവരണങ്ങൾ അപ്പാടെ ഉപേക്ഷിച്ചിട്ട് ക്രി സ്ത്യാനിത്വത്തിൽ പരിഹാരം തേടി. അദ്ദേഹം ക്രിസ്ത്യാനിത്വം മുന്നോട്ട് വച്ച പരിഹാരം സ്വീകരിച്ചില്ലെങ്കിലും വാഗ്ദാനം ചെയ്യ പ്പെട്ടവയിൽ ഏറ്റവും നല്ലത് അതാണെന്ന് സമ്മതിച്ചു.

‘നാല്: ക്രിസ്ത്യാനിത്വത്തോടുള്ള അദ്ദേഹത്തിന്റെ സജീവ മായ ശത്രുത്വം മരണത്തിനു മുമ്പായി ഒരുതരം മനസ്സലിവായി മാ റി. ഒരു ക്രിസ്ത്യാനിയായിരുന്നെങ്കിൽ എന്ന് ഒരു ആഗ്രഹവും അ ദ്ദേഹം പറയുകയുണ്ടായി. അദ്ദേഹത്തിന്റെ വാക്കുകൾ ഇത് അർ ത്ഥമാക്കുന്നില്ലെങ്കിൽ വാക്കുകൾക്ക് അർത്ഥമേയില്ല.

‘അദ്ദേഹം ഇത്ര മനസ്സലിവോടെയും ആഗ്രഹത്തോടെയും ഉറ്റുനോക്കിയ ക്രിസ്ത്യാനിത്വത്തെ വലിച്ചെറിഞ്ഞിട്ട് അദ്ദേഹം വ ലിച്ചെറിഞ്ഞവ നമ്മളെന്തിനു വാരി പുണരണം?

‘പക്ഷെ നമുക്ക് വർത്തമാനത്തിലേക്ക് വരാം. 1930, നവംബ റിലെ ‘അമേരിക്കൻ മാഗസിൻ’ എന്ന മാസികയിലെ 23-ാം പേജിൽ

ഡബ്ല്യു. ഒ. സാൻഡേഴ്സ് എന്ന വിഖ്യാത എഴുത്തുകാരന്റെ ഒരു ലേഖനമുണ്ട്. നമുക്ക് അദ്ദേഹത്തെ ശ്രദ്ധിക്കാം.

'ഭൂമിയിലെ ഏറ്റവും ഏകാന്തനും അസന്തുഷ്ടനുമായ വ്യക്തിത്വത്തെ ഞാൻ പരിചയപ്പെടുത്താം..... ... ദൈവത്തിൽ വിശ്വസിക്കാത്ത വ്യക്തിയെക്കുറിച്ചാണ് ഞാൻ പറയുന്നത്.... ...ദൈവമില്ലെന്ന് പറയുന്ന - അവിശ്വാസി - ഒരാളെയല്ല ഞാൻ നിങ്ങളോട് പരിചയപ്പെടാൻ ആവശ്യപ്പെടുന്നത്. എനിക്കറിയില്ല എന്ന് പറയുന്ന ആ അതിയായ ആഗ്രഹമുള്ള, ദയനീയനും ഏകാന്തനുമായ - അജ്ഞേയതാവാദി - ദൈവമില്ലാത്ത ഒരു മനുഷ്യനെയാണ് ഞാൻ നിങ്ങളോട് പരിചയപ്പെടാൻ പറയുന്നത്. ചിലർ അയാളെ നാസ്തികൻ എന്നും വിളിക്കുന്നു......

'ഈ അജ്ഞേയതാവാദിയെ വൈയക്തികമായി പരിചപ്പെടുത്താൻ ഞാൻ യോഗ്യനാണ്. ഞാൻ സ്വയം ഒരു അജ്ഞേയതാവാദിയാണ്. എന്റെ തന്നെ ജീവിതത്തിൽ നിന്ന്, ഹൃദയത്തിൽ നിന്ന്, മനസ്സിൽ നിന്ന് ഞാൻ ഇതെഴുതുന്നു. എന്നെ പരിചയപ്പെടുത്തുമ്പോൾ, നിങ്ങളുടെ അയൽപക്കത്തുള്ള അജ്ഞേയതാവാദിയെ നിങ്ങൾക്ക് പരിചയപ്പെടാനാവും. കാരണം അയാൾ എല്ലായിടത്തുമുണ്ട്.

'ആ അജ്ഞേയതാവാദിക്ക് നിങ്ങളോട് അസൂയയുണ്ടെന്ന് അറിയുമ്പോൾ മിക്കവാറും നിങ്ങൾ ആശ്ചര്യപ്പെടും. നിങ്ങൾക്ക് ദൈവത്തിലുള്ള വിശ്വാസം, മരണാനന്തരം സ്വർഗ്ഗമുണ്ടെന്നുള്ള അടിയുറച്ച വിശ്വാസം, ദുഃഖവും വേദനയുമില്ലാത്ത മരണാനന്തര ജീവിതത്തിൽ നിങ്ങളുടെ പ്രിയപ്പെട്ടവരെ കണ്ടുമുട്ടാനാവുമെന്ന അനുഗ്രഹിക്കപ്പെട്ട ഉറപ്പ് ഇക്കാര്യങ്ങളോടാണ് അയാളുടെ അസൂയ. ആ വിശ്വാസത്തെ പുണരാനും അതിലൂടെ ആശ്വസിപ്പിക്കപ്പെടാനും അയാൾ എന്തും ചെയ്യും.

'കാരണം അയാൾക്ക് ശവക്കുഴിയും കാര്യശാഠ്യവും മാത്രമാണുള്ളത്. കല്ലറയ്ക്കപ്പുറത്ത് അയാൾക്ക് കാണാനാവുന്നത് തന്റെ ശരീരവും വ്യക്തിത്വവും ക്രമപ്പെടുത്തിയിരിക്കുന്ന മൂലസത്തയുടെയും മനോ:സത്തയുടെയും ശിഥിലീകരണം മാത്രമാണ്....

‘എന്നാൽ ഈ ഭൗതിക കാഴ്ചപ്പാടിൽ എനിക്ക് നിർവൃതിയോ സന്തോഷമോ കണ്ടെത്താനാവുന്നില്ല. ഇതാണോ എല്ലാ മനുഷ്യ ജീവന്റെയും പരിശ്രമത്തിന്റെയും അവസാനം? .... അതുകൊണ്ട് ദൈവത്തിൽ വിശ്വസിക്കാത്ത മനുഷ്യന്റെ മുഖത്ത് കാണാവുന്ന ആഗ്രഹങ്ങളെക്കുറിച്ചും ഏകാന്തതയെക്കുറിച്ചും നിങ്ങളുടെ ഹൃദയത്തിലേയ്ക്കും മനസ്സിലേയ്ക്കും പകരാൻ ഞാൻ ശ്രമിക്കാം.

‘നിങ്ങളുടെ നാസ്തികന് ഒരു ധീരമുഖം കാണിക്കാനും വീരോചിതമായ പുഞ്ചിരിയോടെ ജീവിതത്തെ അഭിമുഖീകരിക്കാനുമായേക്കും. എന്നാൽ അവൻ സന്തുഷ്ടനല്ല...... എപ്പോൾ എന്തിനു വന്നുവെന്നറിയാതെ പ്രപഞ്ചത്തിന്റെ പരപ്പിനും പ്രതാപത്തിനും മുന്നിൽ സംഭ്രമിച്ച് ഭയഭക്തിയോടെ നിൽക്കുന്നു. അത്യാശ്ചര്യജനകമായ കാലം, അനന്തമായ സമയം എന്നിവയിൽ ഭയചകിതനാണ്.  അനന്തമായ സ്വയം ചെറുതാകലിൽ അവമാനിതനാണ്. തന്റെ ചപലതയും ബലഹീനതയും സംക്ഷിപ്തതയും ഗ്രഹിച്ച അയാൾക്കും ഇടയ്ക്കൊക്കെ ഒന്നു ചാരാൻ ഒരു ഊന്നുവടി ആഗ്രഹിക്കുന്നതായി നിങ്ങൾക്കു തോന്നിയിട്ടില്ലേ? അയാളും ഒരു കുരിശു ചുമക്കുന്നുണ്ട്.....

‘നിങ്ങളുടെ നാസ്തികൻ..... നിങ്ങളുടെ വിശ്വാസത്തിന്റെ ശക്തിയിൽ ഉദ്ബോധിതനാണ്. മദ്യപരും സ്ത്രീലമ്പടന്മാരും അസന്മാർഗ്ഗികളും അതിലൂടെ രൂപാന്തരപ്പെട്ടത് അയാൾ കണ്ടിട്ടുണ്ട്. രോഗികളും വയോധികരും മിത്രങ്ങളില്ലാത്തവരും അതിലൂടെ ആശ്വസിപ്പിക്കപ്പെടുന്നതും നിലനിൽക്കുന്നതും കണ്ടിട്ടുണ്ട്. നിങ്ങളുടെ ആശ്ചര്യജനകമായ ധർമ്മസ്ഥാപനങ്ങൾ,  അഭയസ്ഥാനങ്ങൾ, ആശുപത്രികൾ, ശിശുപരിപാലനസ്ഥലങ്ങൾ, സ്കൂളുകൾ എന്നിവയിൽ അയാൾക്ക് വളരെ മതിപ്പുണ്ട്........ നാസ്തികർ വളരെ കുറച്ച് മാത്രം ആശുപത്രികളും അനാഥമന്ദിരങ്ങളുമേ പണിതിട്ടുള്ളുവെന്ന് അയാൾക്ക് വളരെ ലജ്ജയോടെ സമ്മതിക്കേണ്ടിവരും.

‘ചക്രവാളം പോലും കാണാനാവാത്ത, നിലയില്ലാത്ത അനന്തസാഗരത്തിലെ ചതിക്കുന്ന ചങ്ങാടമാണ് അയാൾക്ക് ഈ ഭൂമി. അതിലെ ഓരോ വിലമതിക്കുന്ന ജീവനും വേണ്ടി അയാളുടെ

ഹൃദയം വേദനിക്കുന്നു. ഒഴുകി ഒഴുകി ഒഴുകി ഒരു തീർച്ചയുമില്ലാതെ എവിടേക്കോ......

'നിങ്ങൾ ഈ ഭൂമിയിലെ ഏറ്റവും ഏകാന്തനും അസന്തുഷ്ടനുമായ വ്യക്തിയെ കണ്ടുമുട്ടിക്കഴിഞ്ഞു.

'എങ്കിൽ അവിശ്വാസിക്ക് എന്താണ് നൽകാനുള്ളത്? ഒന്നുമില്ല; ഒന്നുമേയില്ല. അദ്ദേഹം അങ്ങനെ പറയുന്നു. അദ്ദേഹം വ്യക്തമായും ക്രിസ്ത്യാനിയെക്കുറിച്ച് അസൂയാലുവാണ്. അദ്ദേഹം ഏകാന്തനും അസന്തുഷ്ടനുമാണ്. എന്നിട്ട് അയാൾക്ക് ക്രിസ്ത്യാനിക്ക് എന്താണ് നൽകാനുള്ളത്? മറ്റൊന്നുമല്ല അദ്ദേഹത്തിന്റെ ഏകാന്തതയും അസന്തുഷ്ടിയും മാത്രം.'

'പക്ഷെ ഡെയർ' എമേഴ്സൺ ഇടയ്ക്ക് കയറി പറഞ്ഞു, 'അജ്ഞേയതാവാദിക്ക് ക്രിസ്ത്യാനിത്വം സ്വീകരിക്കാനാവില്ല. സ്വാഭാവിക നിയമമെന്ന് അയാൾ കാണുന്നതിനു കടകവിരുദ്ധമായി ഒരുപാടു കാര്യങ്ങൾ വിശ്വസിക്കേണ്ടിവരും. വിശ്വാസത്തിലൂടെ അദ്ദേഹത്തിന് ജീവിതം ചിട്ടപ്പെടുത്താനാവില്ല. വസ്തുതകൾ അനുസരിച്ചേ അദ്ദേഹത്തിന് നിയന്ത്രിക്കപ്പെടാനാവൂ. അജ്ഞേയതാവാദിക്ക് ഒന്നും നൽകാനില്ലാത്തതിന്റെ കാരണം അദ്ദേഹത്തിന് മരണാനന്തര ജീവിതത്തെപ്പറ്റി ഒന്നുമറിയില്ല എന്നതാണ്. വിശ്വാസത്തിനനുസരിച്ച് മാത്രം പ്രവർത്തിക്കുകയെന്നതോ തികച്ചും അസംബന്ധവുമാണ്.

'നേരേമറിച്ച്,' ഡെയർ ചിരിച്ചു, 'അതു തന്നെയാണ് നിങ്ങൾ ചെയ്യുന്നത്. ഏതൊരു മനുഷ്യജീവിയും ചെയ്യുക.'

'എനിക്ക് മനസ്സിലാവുന്നില്ല,' കുഴങ്ങിയ മുഖത്തോടെ എമേഴ്സൺ പറഞ്ഞു. 'നിങ്ങൾക്ക് അത് വിശദീകരിക്കാനാവുമെന്ന് ഞാൻ കരുതുന്നു.'

'സസന്തോഷം,' എല്ലാ മനുഷ്യവർഗ്ഗവും വിദ്യാസമ്പന്നരും അറിവില്ലാത്തവരും, കലാകാരന്മാരും, ശാസ്ത്രജ്ഞരും, ആദർശവാദിയും ഭൗതികവാദിയും, ഒരിക്കലും കാണാത്തതും തെളിയിക്കാനാവാത്തതുമായ കാര്യങ്ങളിൽ വിശ്വസിക്കുന്നു. ഗണിതശാസ്ത്ര

ജ്ഞന്മാർ പ്രത്യക്ഷപ്രമാണത്തിൽ (axiom) വിശ്വസിക്കുന്നു. രസതന്ത്രജ്ഞന്മാർ അണുവിലും, ജഗദ്‌വിഷയകമായി പദാർത്ഥ കണികകൾക്കിടയിൽ സ്ഥിതിചെയ്യുന്നതായി കരുതപ്പെട്ടിരുന്ന അതീന്ദ്രിയ വസ്തുവിലും, ശരീരങ്ങളിലെ കടകവിരുദ്ധമായ സ്വഭാവങ്ങളിലും വിശ്വസിക്കുന്നു. ജ്യോതിശാസ്ത്രജ്ഞർ ഗഹനമായ ശൂന്യാകാശത്തിന്റെ അനന്തതയിൽ വിശ്വസിക്കുന്നു. പ്രകൃതി ശാസ്ത്രജ്ഞർ അദൃശ്യമായ പ്രകൃതി ശക്തികളിലും പ്രകൃതി നിയമങ്ങളിലും വിശ്വസിക്കുന്നു. നമ്മുടെ തന്നെ മനസ്സിന്റെ സമാധാനത്തിനു വേണ്ടി ശരീരങ്ങൾ നിത്യമായി ആകർഷിക്കപ്പെടുന്നുവെന്നും ശാശ്വതമായി അത് അങ്ങനെയായിരിക്കുമെന്നും നമ്മൾ നിയമം ഉണ്ടാക്കുന്നു. എന്നാൽ അതിനെക്കുറിച്ച് നമുക്കൊന്നും തന്നെ അറിയുകയുമില്ല അത് തെളിയിക്കാനുമാവില്ല.

'വിഖ്യാത ശാസ്ത്രജ്ഞൻ തോമസ് ഹക്സ്‌ലിയുടെ വാക്കുകളനുസരിച്ച് ശാസ്ത്രം പോലും ഒരു വിശ്വാസമാണ്. അദ്ദേഹത്തിന്റെ പുസ്തകം 'പരിണാമവും ധർമ്മശാസ്ത്രവും' 'evolution and ethics' 121-ാം പേജിൽ ഇങ്ങനെ പറയുന്നു: 'ഈ ലോകത്തിൽ ഞാൻ എന്തെങ്കിലും അടിയുറച്ച് വിശ്വസിക്കുന്നുണ്ടെങ്കിൽ അത് കാര്യകാരണസിദ്ധാന്തത്തിന്റെ സാർവത്രിക പ്രാബല്യമാണ്. എന്നാൽ ഈ സാർവത്രികത എത്രമാത്രം അനുഭവമുണ്ടായാലും തെളിയിക്കാനാവില്ല.  പിന്നീട് അദ്ദേഹത്തിന്റെ 'സയൻസും ക്രിസ്തീയ പാരമ്പര്യവും' 'science and christian tradition' പേജ് 243-ൽ വീണ്ടും ഇങ്ങനെ പറയുന്നു: 'നമ്മുടെ എല്ലാ പ്രവർത്തിയുടെയും അടിസ്ഥാനവും, എല്ലാ യുക്തിയുടെയും പ്രാബല്യവും വിശ്വാസമെന്ന വലിയ കാര്യത്തെ ആശ്രയിച്ചാണിരിക്കുന്നത്.'

'അവിശ്വാസികളുടെ അറിവ് എന്നത് നിലനിൽപിനെക്കുറിച്ചും പ്രകൃതി ശക്തികളെക്കുറിച്ചും പദാർത്ഥം, പരമാണു, യന്ത്രതന്ത്രം എന്നിവയെക്കുറിച്ചുമുള്ള ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത സിദ്ധാന്തങ്ങളിന്മേലുള്ള വിശ്വാസത്തിലാണ്. എല്ലാവരും ക്രിസ്തന്യാനിയും അവിശ്വാസിയും ജീവിക്കുന്നത് വിശ്വാസത്തിലാണ്.

'അത്ഭുതങ്ങളെ പരിഹസിക്കുന്ന അതേ മനുഷ്യൻ തന്നെ

പ്രപഞ്ചം താനേ ഉണ്ടായി എന്ന് വിശ്വസിക്കുന്നത് നല്ലൊരു തമാശ യാണ്. ലോകം ഉണ്ടാക്കിയത് ദൈവമാണെന്നതിനെ കളിയാക്കുന്ന മനുഷ്യൻ അബോധാവസ്ഥയിലായ ശരീരത്തിൽ നിന്ന് സ്വയം ഉണ്ടായി വന്ന ആദ്യ ജീവകോശത്തിൽ ബോധാവസ്ഥയുണ്ടായതിനെപ്പറ്റി പാണ്ഡിത്യത്തോടെ സംസാരിക്കുന്നതും ചിരിയുളവാക്കുന്നു. അയാൾ മനുഷ്യന് ആത്മാവില്ലെന്നും പരമാണുവിന് ആത്മാവുണ്ടെന്നും തന്മാത്രയുടെ അബോധാവസ്ഥയിലുള്ള ഓർമ്മശക്തിയിൽ വിശ്വസിക്കുകയും ചെയ്യുന്നു! ജീവൻ സ്വയം ഉണ്ടായി എന്ന് വിശ്വസിക്കുകയും ദൈവം ഉണ്ടാക്കിയെന്നതിനെ തള്ളിപ്പറയുകയും ചെയ്യുന്നു!

'ഇരുട്ടിൽ തപ്പി സഹായം അഭ്യർത്ഥിക്കുന്നവർക്ക് നൽകാൻ അവിശ്വാസിയുടെ പക്കൽ നിരാശയുടെ നിലവിളിയും ഏകാന്തതയുടെ ഏങ്ങലടിയും മാത്രമേയുള്ളൂ. നിരാശ്രയരായ മനുഷ്യഗണത്തിന് സഹായം നൽകുന്നതിനു പകരം ബൈബിളിനെയും ക്രിസ്ത്യാനികളെയും വിമർശിക്കുന്നതിൽ സമയം ചിലവഴിക്കുന്നത് വളരെ എളുപ്പമായി അവിശ്വാസി കാണുന്നു. എന്നാൽ നമ്മുടെ വിശ്വാസത്തെ ഇളിച്ചു കാട്ടുന്ന ഇതേ അവിശ്വാസികൾ സമ്മതിക്കുന്നതോ അവരും വിശ്വാസത്തിലാണ് ജീവിക്കുന്നതെന്നാണ്. ക്രിസ്തുവിൽ വിശ്വസിച്ച നിങ്ങൾ വിഡ്ഢികളാണെന്ന് പറയുന്ന അതേ അവിശ്വാസികൾ തന്നെ നമ്മൾ ക്രിസ്തുവിൽ വിശ്വസിച്ചതിന് അസൂയാലുക്കളാവുകയും ചെയ്യുന്നു. നമ്മുടെ ക്രിസ്ത്യാനിത്വത്തെ തള്ളിക്കളയാൻ അതിശക്തമായി പറയുന്ന അതേ അവിശ്വാസികൾ തന്നെ സമ്മതിക്കുന്നു അതിനു പകരം വയ്ക്കാൻ അവരുടെ പക്കൽ ഒന്നുമില്ലെന്നും അത്തരം വിശ്വാസം നൽകുന്ന സാന്ത്വനവും സന്തോഷവും നേടാൻ എന്തു നൽകാനും തയ്യാറാണെന്നും പറയുന്നു.

'അപ്പോൾ അടുത്തയാഴ്ച, നമ്മുടെ അവസാന പ്രഭാഷണത്തിൽ, ക്രിസ്ത്യാനിത്വത്തിന് എന്താണ് നൽകാനുള്ളതെന്ന് നമുക്ക് നോക്കാം.'

# 15. ക്രിസ്ത്യാനിത്വത്തിന് എന്താണ് നൽകാനുള്ളത്;

# എമേഴ്സൺ കുടുംബത്തിന്റെ പരിവർത്തനം

പരമ്പരയിലെ അവസാന പ്രഭാഷണം കേൾക്കാനായി ജനം നേരത്തെ തന്നെ എത്തിച്ചേർന്നു. സംഭാഷണങ്ങളുടെ ഗുംജനം അതീവമായ താൽപര്യത്തെ സൂചിപ്പിച്ചു. ഹാളിന്റെ അവിടവിടയായി ചെറിയ ചെറിയ കൂട്ടങ്ങൾ സജീവമായ ചർച്ചകളിലായിരുന്നു.

ലൂസിലെയുടെ കണ്ണുകൾ ആശ്ചര്യത്താൽ തിളങ്ങി. 'എന്തെങ്കിലും സംഭവിക്കാൻ പോവുകയാണോ എന്ന് ഞാൻ അതിശയിക്കുന്നു,' അവൾ പിതാവിനോട് പറഞ്ഞു.

'വളരെക്കാര്യങ്ങൾ സംഭവിക്കാൻ പോകുന്നു മകളേ, എന്നാൽ അത് നീ പ്രതീക്ഷിക്കുന്നതു പോലെ ആകണമെന്നില്ല. ഈ രാത്രി ഇനിയൊരു വിവാദമുണ്ടാവുകയില്ല.'

'എന്തുകൊണ്ട്, എന്തു സംഭവിക്കും?'

'ഒരു വിവാദവുമുണ്ടാവുകയില്ല. കാരണം വിവാദസംബന്ധമായ എല്ലാ പ്രധാന കാര്യങ്ങളും പരാമർശിക്കപ്പെട്ടു കഴിഞ്ഞു. പിന്നെ ഇന്നത്തെ വിഷയമാകട്ടെ ആലോചനാശൂന്യമായ തടസ്സപ്പെടുത്തലുകൾക്കിടമില്ലാത്ത, എല്ലാവർക്കും വളരെ പ്രധാനപ്പെട്ട ഒന്നാണ്.'

'പക്ഷെ എന്താണ് സംഭവിക്കുക?' അവൾ നിർബന്ധിച്ചു.

'എനിക്ക് ഉറപ്പില്ല,' 'അവളുടെ ആത്മാർത്ഥത കണ്ടുകൊണ്ട് എമേഴ്സൺ ചിരിച്ചു. 'പക്ഷെ ഇവിടെ കൂടിയിരിക്കുന്ന അനേകരുടെ മുഴുവൻ ജീവിതത്തെയും ബാധിക്കുന്ന തീരുമാനങ്ങൾ എടുക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'

'ലൂസിലെ തിരിഞ്ഞ് പിതാവിനെ സ്പഷ്ടമായി നോക്കി. ജോർജ്ജും മിസിസ് എമേഴ്സണും ശ്വാസമടക്കിപ്പിടിച്ച്

താൽപര്യത്തോടെയിരുന്നു. ഒരു പുതിയ ഗൗരവം അവളുടെ ചോദ്യത്തിനുണ്ടായിരുന്നു:

'ഡാഡ്, ഒരു തീരുമാനം എടുത്തിട്ടുണ്ടോ?'

'ഇതുവരെ ഇല്ല, പക്ഷെ എടുക്കണമെന്ന് ഞാൻ വിചാരിക്കുന്നു. ആദ്യം ക്രിസ്ത്യാനിത്വത്തിന് എന്തു നൽകാനുണ്ടെന്ന് എനിക്കറിയണം. നീ തീരുമാനമെടുത്തിട്ടുണ്ടോ?'

'അതെ, ഞാനെടുത്തിട്ടുണ്ട്. അങ്ങേയ്ക്ക് വിരോധമില്ലെന്ന് കരുതുന്നു.'

'നിനക്കറിയുമോ, ഞാനെതിർക്കുന്നില്ല. നീയോ ജോർജ്ജേ? ' 'അതെ എന്ന മട്ടിൽ ജോർജ്ജ് തലയാട്ടി. 'നീയോ ഭാര്യേ?' ഇളം തവിട്ടു കണ്ണുകളിൽ അഭ്യർത്ഥനയോടെ മിസിസ് എമേഴ്സൺ ശാന്തമായി ഉറച്ച് പറഞ്ഞു:

'അതെ; ഒരു ക്രിസ്ത്യാനിയാവണമെന്ന തീവ്രാഭിലാഷം എനിക്ക് നേരത്തെ തന്നെ തോന്നിയിട്ടുണ്ട്.'

പെട്ടെന്ന് അവിടം ശാന്തമായി. പ്രഭാഷകനും അദ്ധ്യക്ഷനും സ്റ്റേജിലേക്ക് പോവുകയായിരുന്നു. ഡേവിഡ് ഡെയർ പ്രഭാഷണത്തിനായി എഴുന്നേറ്റപ്പോൾ ഒതുങ്ങിയ എന്നാൽ ഏകകണ്ഠമായ കൈയ്യടിയോടെയാണ് സ്വീകരിച്ചത്.

'ക്രിസ്ത്യാനിത്വത്തിന് എന്താണ് നിങ്ങൾക്കു നൽകാനുള്ളത്?' അദ്ദേഹം തുടങ്ങി, 'അവിശ്വാസിക്ക് ശൂന്യമായ നിരാശയും ആത്മാവിനെ നടുക്കുന്ന ഏകാന്തതയുമല്ലാതെ അജ്ഞേയതാവാദത്തിന് അക്ഷരാർത്ഥത്തിൽ ഒന്നും തന്നെ നൽകാനില്ലെന്ന മുൻനിര അവിശ്വാസികളുടെ വളരെ തുറന്ന ഏറ്റുപറച്ചിൽ നിങ്ങൾ കേട്ടുകഴിഞ്ഞു. ഈ അവിശ്വാസികൾ ഉച്ചരിച്ച പ്രകടമായ തീവ്രാഭിലാഷങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിരിക്കുന്നു.

'ബൈബിൾ, കാലത്തിന്റെ അന്ത്യത്തോളം മുൻകൂട്ടി പ്രവചിക്കുന്നതും പുരാതന ലോകത്തിലെ മുൻനിര രാഷ്ട്രങ്ങളുടെ ചരിത്രം പറയുന്നതും നിങ്ങൾ കണ്ടുകഴിഞ്ഞു. സംഭവങ്ങൾ നടക്കുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതപ്പെട്ടതാണ് പ്രവചനങ്ങൾ

എന്ന കാര്യം ഇവിടിരിക്കുന്ന നിങ്ങളിലാർക്കുമോ മറ്റാർക്കുമോ നിഷേധിക്കാനായിട്ടില്ല. സ്വാഭാവികമായും ആർക്കും അത് തെളിയിക്കാനുമാവില്ല. ലോകത്തിലെ മറ്റൊരു പുസ്തകത്തിലും യഥാർത്ഥ പ്രവചനങ്ങൾ ഇല്ലെന്ന് നിങ്ങളെല്ലാവരും അംഗീകരിച്ചു കഴിഞ്ഞു. ബൈബിൾ പ്രവചനങ്ങൾ അവിശ്വാസിക്ക് വിശദീകരിക്കാനാവാത്ത ഒരു രഹസ്യമാണ് സമ്മാനിക്കുന്നത്.

'ക്രിസ്ത്യാനിത്വത്തിന് നിങ്ങൾക്ക് നൽകാനുള്ളത് ക്രിസ്തുവിനെയാണ്. ഇവിടെ വായിക്കപ്പെട്ട ഇരുപതോളം മുൻനിര അവിശ്വാസികളുടെ സാക്ഷ്യങ്ങൾ അനുസരിച്ച് ഈ കാര്യം ലോകത്തിലെ ഏറ്റവും വലിയ വസ്തുതയാണെന്ന് വരുന്നു. ലോകത്തിലെ മറ്റാരെക്കാളും ആവേശത്തോടെയാണ് അവർ ക്രിസ്തുവിനെ ഉയർത്തിക്കാട്ടിയത്. അവസാനം വിഖ്യാതരായ ചില അവിശ്വാസികൾ പരസ്യമായി തങ്ങളുടെ അവിശ്വാസത്തെ തള്ളിപ്പറഞ്ഞ് ക്രിസ്തുവിലുള്ള വിശ്വാസം സസന്തോഷം ഏറ്റുപറഞ്ഞു.

'ക്രിസ്തു മാനവകുലത്തിന്, അതുപോലെ തന്നെ നിങ്ങൾക്ക് വ്യക്തിപരമായും എന്തർത്ഥമാക്കുന്നുവെന്ന് വിചിന്തനം ചെയ്യാം. രോഗികളെയും മുടന്തരെയും ബീഭത്സകമായി പ്രദർശിപ്പിക്കുകയും അവഗണിക്കുകയും ചെയ്യുന്ന രീതി ഇന്ന് പഴയതായിക്കഴിഞ്ഞു. നല്ല ശമരിയാക്കാരന്റെ കഥയും കാരുണ്യത്തിന്റെ പാഠങ്ങളും യേശു രോഗികൾക്ക് വ്യക്തിപരമായി ചെയ്ത ശുശ്രൂഷയും ആണ് ഇത് സംഭവ്യമാക്കിയത്. ബൈബിൾ കടന്നുചെന്നിടത്തെല്ലാം, രോഗികൾക്കും പരിക്കേറ്റവർക്കും ആശുപത്രികളിലും ആതുരാലയങ്ങളിലും കരുണാർദ്രമായ ചികിൽസ നൽകുകയെന്നത് ഇന്ന് നിയമമാണ്.

'നിങ്ങൾ ഒരു സാമൂഹ്യപരിഷ്കർത്താവും പാവങ്ങളിൽ തൽപരനുമാണോ? എങ്കിൽ പാവപ്പെട്ടവർ എങ്ങനെ അദ്ദേഹത്തിലൂടെ ഉയർത്തപ്പെട്ടുവെന്ന് ചിന്തിക്കുക. ദൈവദൃഷ്ടിയിൽ എല്ലാ മനുഷ്യരും ഒരേ രക്തമാണെന്നും സഹോദരീ സഹോദരന്മാരാണെന്നുമുള്ള യേശുവിന്റെ പഠിപ്പിക്കൽ അടിമത്തത്തെ തുടച്ചു നീക്കി. യേശുക്രിസ്തു, മർദ്ദിദർക്ക് ആശ്വാസവും സ്വാർത്ഥരായ സമ്പന്നരെ

സധൈര്യം കുറ്റം ചുമത്തുകയും ചെയ്യുന്നു. ദീനദയാലുത്വത്തിന്റെ ദോഷ ലഘൂകരണമല്ല എല്ലാവർക്കും മൗലികമായ സാമൂഹ്യനീതിക്കാണ് അദ്ദേഹം ആഹ്വാനം ചെയ്യുന്നത്.

'മാനവരാശിയുടെ പുരോഗതിക്ക് വിദ്യാഭ്യാസം അടിസ്ഥാനപരമായ ഒന്നാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? എങ്കിൽ അവൻ വിജ്ഞാനം വർദ്ധിപ്പിച്ചതായി നിങ്ങൾക്ക് വീക്ഷിക്കാം. മനുഷ്യനെ മാനസികമായും ശാരീരികമായും സമ്പൂർണ്ണരാക്കാൻ യേശു ആഗ്രഹിച്ചു. 'ലോകമെങ്ങും പോയി എല്ലാ രാജ്യങ്ങളെയും പഠിപ്പിക്കുക,' എന്ന് പറഞ്ഞപ്പോൾ ഏറ്റവും വലിയ ശക്തികളെ അദ്ദേഹം ലോകത്തിലേക്ക് നിർബന്ധിച്ച് അയയ്ക്കുകയായിരുന്നു. ആ കൽപനയിൽ അനേകം സൂചനകളുണ്ട്. എല്ലാ ലോകരാഷ്ട്രങ്ങളുടെയും ചരിത്രം ചികഞ്ഞ് ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഘട്ടങ്ങളിലും സുവിശേഷം പ്രയോഗിക്കാൻ എല്ലാ ക്രിസ്ത്യാനികൾക്കും അത് നിർദ്ദേശം നൽകുന്നു.

'കൽപനയനുസരിച്ച് എല്ലാ രാഷ്ട്രങ്ങളിലുമെത്തിച്ചേരണമെങ്കിൽ കപ്പൽയാത്രയുടെ മാർഗ്ഗങ്ങൾ പഠിച്ച് നൈപുണ്യം നേടേണ്ടത് ആവശ്യമായിരുന്നു. ഈ കൽപന എല്ലാ പ്രായത്തിലുമുള്ള ആളുകളിൽ ഇതുവരെ കാണാത്ത ഒരു ഊർജ്ജം അഴിച്ചുവിട്ടു. ഭൂമിയുടെ ആഴങ്ങളിലേക്കും മേഘങ്ങളുടെ ചിറകുകളിലേക്കും അത് അവരെ എത്തിച്ചു. മണലെരിയുന്ന സഹാറയിലേക്കും ആർട്ടിക്കിലെ വിറങ്ങലിക്കുന്ന ഏകാന്തതയിലേക്കും തിബത്തിന്റെ അറിയപ്പെടാത്ത പ്രാർത്ഥനാമന്ത്രങ്ങളിലേക്കും അത് അവരെ കൊണ്ടുചെന്നെത്തിച്ചു. എന്തുകൊണ്ട്? – കാരണം ആ വലിയ ദൗത്യം പൂർത്തിയാക്കണമായിരുന്നു.

'എല്ലാ രാഷ്ട്രങ്ങളെയും പഠിപ്പിക്കുക എന്ന കൽപന അർത്ഥമാക്കിയത് അദ്ധ്യാപകൻ പഠിതാവിനെക്കാൾ അറിവുള്ളയാളായിരിക്കണമെന്നതാണ്. യേശുവിന്റെ സുവിശേഷ ഘോഷണ ആഹ്വാനത്തെത്തുടർന്ന് 900–ൽപരം ഭാഷകളിൽ ബൈബിൾ എഴുതപ്പെട്ടു. എല്ലാത്തരത്തിലുമുള്ള പ്രായോഗികവും മതപരവുമായ പുസ്തകങ്ങൾ മിഷണറിമാർ വിവർത്തനം ചെയ്തു. ഭൂഗോളത്തിന്റെ

ഭൗമശാസ്ത്രപരമായ അറിവ് ഉണ്ടായതു തന്നെ മിഷണറിമാരിൽ നിന്നാണ്. വ്യാപാരികളുടെ കാൽ കുത്താൻ ഭയന്ന ഇടങ്ങളിൽ പോലും മിഷണറിമാർ ചെന്നെത്തി.

'യേശു വന്ന വംശം ലോകത്തിലെ ഏറ്റവും വെറുക്കപ്പെട്ട ഏറ്റവും ദ്രോഹിക്കപ്പെട്ട മർക്കടമുഷ്ടിക്കാരും സങ്കുചിതരും ആയിരുന്നു. എന്നിട്ടും അദ്ദേഹം ഒരു വിശ്വ മനുഷ്യനായി. പൗരസ്ത്യരെയും പാശ്ചാത്യരെയും ഒന്നിപ്പിക്കുകയും കിഴക്കിനും പടിഞ്ഞാറിനും ഒരുപോലെ ആകർഷണീയവുമായി.

'[40]സോക്രട്ടീസ് നാൽപതു വർഷം പഠിപ്പിച്ചു, [41]പ്ലേറ്റോ അമ്പതു, [42]അരിസ്റ്റോട്ടിൽ നാൽപത്, യേശുവോ വെറും മൂന്നു വർഷവും. എല്ലാ പഴമക്കാരിലും വച്ച് ഏറ്റവും മഹാന്മാരായ ഈ മൂന്ന് പേരുടെയും 130 വർഷത്തെ പഠിപ്പിക്കൽ ചേർത്തുവച്ചാലും അതിനെക്കാൾ അനന്തമായ ശക്തിപ്രവാഹമുള്ളതായിരുന്നു യേശുവിന്റെ മൂന്നു വർഷം.

'യേശു ഒരെഴുത്തുകാരനായിരുന്നില്ല. എന്നാൽ ചരിത്രത്തിലെ ഏതൊരു എഴുത്തുകാരനെക്കാളും ഉദ്ധരിക്കപ്പെട്ടത് അദ്ദേഹമാണ്. ഭൂമിയുടെ അങ്ങേയറ്റത്തോളം ആ വാക്കുകൾ ചിറകുവിരിച്ച് പറന്നെത്തി. ഏതാണ്ട് എല്ലാ ഭാഷകളിലേക്കും ദേശ്യഭാഷകളിലേക്കും അത് വിവർത്തനം ചെയ്യപ്പെട്ടു.

'ഇതുവരെ നമുക്കറിയാവുന്നതു പോലെ നസറെത്തിലെ ആശാരി ഒരു വാസ്തുശിൽപ രൂപരേഖയും തയ്യാറാക്കിയില്ല. എന്നാൽ ലോകത്തിലെ ഏറ്റവും മികച്ച വാസ്തുശിൽപ ഗോപുരങ്ങൾ അദ്ദേഹത്തിന്റെ ആരാധനക്കായി ഉയർത്തപ്പെട്ടവയാണ്.

'അദ്ദേഹം ഒരു ചിത്രവും വരച്ചില്ല. എന്നാൽ [43]റാഫേൽ, [44]മൈക്കലാഞ്ചലോ, [45]ലിയനാർഡോ ഡാവിഞ്ചി എന്നിവർക്ക് ചിത്രരചനയ്ക്ക് പ്രചോദനം ലഭിച്ചത് അദ്ദേഹത്തിൽ നിന്നാണ്.

'അദ്ദേഹം ഒരു കവിതയും എഴുതിയില്ല. എന്നാൽ [46]ഡാന്റേ, [47]മിൽട്ടൺ തുടങ്ങി ഇരുപതിലധികം ലോകപ്രശസ്ത കവികൾ അദ്ദേഹത്താൽ പ്രചോദിതരായി.

‘അദ്ദേഹം ഒരു സംഗീതവും ചിട്ടപ്പെടുത്തിയില്ല. എന്നിട്ടും [48]ഹായ്ഡൻ, [49]ഹാൻഡെൽ, [50]ബീഥോവൻ, [51]ബാച്ച്, [52]മെൻഡെൽ സോൻ എന്നിവരുടെ സംഗീതം ഏറ്റവും പരിപൂർണ്ണമായത് യേശുവിനെ സ്തുതിച്ചുകൊണ്ടുള്ള സങ്കീർത്തനങ്ങളിലും സ്വരലയങ്ങളിലും ശബ്ദവിന്യാസങ്ങളിലുമാണ്.

‘യേശു വളരെ സർവ്വജനബന്ധിയായിരുന്നു. എന്നാൽ എല്ലാ മമതയും നിരുത്സാഹപ്പെടുത്തുന്ന ഒരു പരിമിതഭാഷണം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആത്മനിയന്ത്രണം മർക്കടമുഷ്ടിയിലേക്കോ കാഠിന്യത്തിലേക്കോ നയിച്ചില്ല. അദ്ദേഹം ലോകത്തിനനുരൂപനായിരുന്നില്ല എന്നിട്ടും എല്ലാ മനുഷ്യരുടെയും ആവശ്യങ്ങളിലും കഷ്ടതകളിലും ബദ്ധശ്രദ്ധനായിരുന്നു.

‘അദ്ദേഹത്തിന്റെ ന്യായവിധികളുടെ സ്ഫുടത, ധർമ്മശാസ്ത്രത്തിന്റെ ആഴം, തീരുമാനങ്ങളുടെ നീതിയുക്തത, വാക്കുകളുടെ കനം, ആ മഹനീയ ജീവിതത്തിന്റെ കുറ്റമറ്റ സൗന്ദര്യം, അതിന്റെ സന്തുലനം, ശുദ്ധമായ കുലീനത്വം, വിശുദ്ധമായ ശക്തി ഇവയെല്ലാം അവിശ്വാസികൾ വാഴ്ത്തി.

‘ക്രിസ്തുവിന്റെ വാക്കുകളെ നിങ്ങൾ ഒരിക്കലും മുഴുവനായി ഉപയോഗിച്ച് തീരുകയില്ല. അത് ആപ്തവാക്യങ്ങളാകുന്നു. ആ വാക്കുകളുപയോഗിച്ച് നിയമം നിർമ്മിക്കുന്നു. അവ കൂട്ടിച്ചേർത്ത് സിദ്ധാന്തങ്ങളാക്കുന്നു. ആ വാക്കുകൾ പാവപ്പെട്ടവർക്കും ക്ഷീണിതർക്കും ആശ്വാസമാകുന്നു. അത് ജീവിതത്തിലേയ്ക്ക് വളർന്ന് സ്വഭാവത്തെ രൂപാന്തരീകരിക്കുന്നു. പക്ഷെ അതൊരിക്കലും കടന്നുപോകുന്നില്ല. ഇത്രയെല്ലാം ഉപയോഗിച്ചു കഴിഞ്ഞാലും അത് ആദ്യം പറഞ്ഞപ്പോൾ പോലെ തന്നെ പുത്തനായിരിക്കുന്നു.

‘ക്രിസ്തുവിന്റെ വാക്കുകൾക്ക് പഴമയുടെ ആകർഷണീയതയ്ക്കൊപ്പം ഇന്നിന്റെ പുതുമയുമുണ്ട്. കുഞ്ഞിന്റെ ലാളിത്യത്തിനൊപ്പം ദൈവത്തിന്റെ ജ്ഞാനവുമുണ്ട്. സ്നേഹാധരങ്ങളിൽ നിന്നുള്ള ചുംബനമെങ്കിലും പർവ്വതത്തെ പിളർക്കുന്ന മിന്നലിന്റെ ശക്തിയും അതിനുണ്ട്.

‘ഏറ്റവും ഉറപ്പുള്ള വിമർശനത്തിനു പോലും ക്രിസ്തുവിനെ പരിപൂർണ്ണ വിശുദ്ധിയുടെ അവതാരം എന്ന പദവിയിൽ നിന്ന് സ്ഥാനഭ്രഷ്ടനാക്കാനായിട്ടില്ല. അവിശ്വാസത്തിന്റെ ആടിയുലയുന്ന കടലലകൾ അവന്റെ പാദപീഠത്തിൽ തകർന്നടിയുന്നു. എന്നിട്ടും അവൻ പരമോന്നത മാതൃകയായി നിൽക്കുന്നു. വൻകാര്യങ്ങളുടെ പ്രേരകശക്തിയായും, ക്ഷീണിതർക്കാശ്വാസമായും, സർവ്വലോകത്തിന്റെയും സൗരഭ്യമായും, ലോകമാകുന്ന പൂന്തോപ്പിലെ ഏക വിശുദ്ധ പുഷ്പമായും അവൻ നിൽക്കുന്നു.

‘അവിശ്വാസികൾ വളരെ എളുപ്പം ഇക്കാര്യങ്ങൾ സമ്മതിക്കുകയും സ്വാഭാവിക രീതിയിൽ ക്രിസ്തുവിനുവേണ്ടി സംസാരിക്കുകയും ചെയ്യുന്നു. ഇന്നുവരെ ജീവിച്ചിരുന്നവരിൽ വച്ച് ഏറ്റവും മഹാനായ മനുഷ്യനാണ് അദ്ദേഹമെന്ന് അംഗീകരിക്കാൻ അവർ തയ്യാറാണ്. അദ്ദേഹത്തിന് മനുഷ്യത്വത്തിനൊപ്പം ദൈവീകത്വം കൂടിയുണ്ടെന്ന് സൂചന പോലും നൽകിയാൽ സുശ്ശക്തമായി അതിനെതിരാവുകയും ആ അഭിപ്രായത്തെ നിശ്ശിതമായി തള്ളിക്കളയുകയും ചെയ്യുന്നു.

‘എന്നിരുന്നാലും ക്രിസ്തുവിനെ ‘സൂപ്പർമാൻ’ എന്ന് വിളിച്ചതിലൂടെ അവർ കുടുങ്ങിയിരിക്കുകയാണ്. നേരത്തേതിനേക്കാൾ കൂടുതൽ കുഴപ്പത്തിലുമായി. ക്രിസ്തു യഥാർത്ഥമായും ദൈവവും മനുഷ്യനുമല്ലായെങ്കിൽ അദ്ദേഹം ലോകത്തിലെ ഏറ്റവും വലിയ വഞ്ചകനായിരിക്കും. കാരണം അവൻ പറഞ്ഞു ആരാധന അവനുള്ളതെന്ന്, ലോകത്തിന്റെ വെളിച്ചമെന്ന്, മുന്നമേ ഉണ്ടായിരുന്നുവെന്ന്, അവൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നുവെന്നും അവനും ദൈവവും തുല്യരെന്നും അവകാശപ്പെട്ടു. (യോഹന്നാൻ 5: 17, 18), ‘എല്ലാ മനുഷ്യരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ തന്നെ പുത്രനെയും ബഹുമാനിക്കണം.’ (യോഹന്നാൻ 5: 23); യോഹന്നാൻ 10: 30, 38 കൂടി വായിക്കുക. ‘നിന്റെ ദൈവമായ കർത്താവ്’, എന്ന് മത്തായി 4:7 ലും യോഹന്നാൻ 10:33ലും യേശു പ്രസ്താവിക്കുന്നു. തൊട്ടുവിശ്വാസിയായ തോമസ് ഉയിർത്തെഴുന്നേറ്റ യേശുവിനെ എന്റെ കർത്താവും എന്റെ ദൈവവും എന്ന് വിളിച്ചപ്പോൾ

യേശു അവനെ ശകാരിക്കുന്നില്ല. മറിച്ച് അവനോട് പറഞ്ഞു, 'എന്നെ കണ്ടതുകൊണ്ട് നീ വിശ്വസിച്ചിരിക്കുന്നു: എന്നെ കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ.' യോഹന്നാൻ 20: 28-29. നാല് സുവിശേഷങ്ങളിലുമായി ഇതേ അർത്ഥം വരുന്ന അനേകം കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

'ഒട്ടനവധി അവകാശവാദങ്ങൾ നടത്തിയിട്ട് ഒന്നുപോലും സത്യമല്ലാതെ വന്നിരുന്നുവെങ്കിൽ, ലോകചരിത്രത്തിലെ ഏറ്റവും തത്വദീക്ഷയില്ലാത്ത ചതിയൻ എന്ന് മുദ്രകുത്തപ്പെടുമായിരുന്നു. എന്നാൽ അദ്ദേഹം അങ്ങനെയൊരുത്തനായിരുന്നുവെന്ന് സമ്മതിക്കുന്ന ഒരു അവിശ്വാസിയെപ്പോലും നിങ്ങൾക്ക് കണ്ടെത്താനാവില്ല. നിങ്ങളെല്ലാവരും എന്നെപ്പോലെതന്നെ വിശ്വസിക്കുന്നു, ക്രിസ്തു സത്യസന്ധനും അചഞ്ചലനുമായിരുന്നുവെന്ന്. കാരണം ഒരു മോശം മനുഷ്യന് ഒരിക്കലും അദ്ദേഹം പഠിപ്പിച്ചതുപോലെ വലിയ സത്യങ്ങൾ പഠിപ്പിക്കുവാനാവില്ല. മാത്രമല്ല ഒരു നല്ല മനുഷ്യന് ഒരിക്കലും തന്റെ ജീവൻ നൽകിയവരെ ചതിക്കാനുമാവില്ല.

'പ്രത്യക്ഷത്തിൽ തന്നെ ബൈബിളിലെ ഏറ്റവും വലിയ പ്രതിബന്ധവും ഏറ്റവും കനമുള്ള തെളിവിന്റെ പ്രചോദനവും ക്രിസ്തുവാണ്. എല്ലാ മനുഷ്യപുത്രന്മാരെക്കാളും ആധികാരികതയോടെ തലയെടുത്തു നിൽക്കുന്നു, ആരാലും അനഭിഗമ്യനായി അടുക്കാനാവാതെ. അദ്ദേഹം കാലങ്ങളിലൂടെ ഒരു ജേതാവിനെപ്പോലെ കാലടി വയ്ക്കുന്നു. ഒപ്പം അവനു ചുറ്റും ഒരു സന്മാർഗ്ഗിക ശോഭയുണ്ട്. അത് ഏറ്റവും വിരോധമുള്ള വിമർശനത്തെപ്പോലും നിശ്ശബ്ദമാക്കി ആദരവോടെ തല കുനിപ്പിച്ചിട്ടുണ്ട്. കീഴടക്കാനാവാത്ത ആ യുഗങ്ങളുടെ പാറയിൽ എല്ലാ വിമർശനങ്ങളും കുഴങ്ങി തകർന്നടിഞ്ഞു. താൻ എങ്ങനെയായിരിക്കുമെന്ന് പ്രവചിച്ചതുപോലെ ക്രിസ്തു എല്ലായിടത്തുമുള്ള മനുഷ്യരെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്ന കാന്തികശ്ശക്തിയാണ്.

'അനന്തമായ സ്നേഹവും ഹൃദയത്തിൽ ശേഖരിച്ച് ഈ രാജാക്കന്മാരുടെ രാജാവ് സ്വർഗ്ഗത്തിൽ നിന്നെത്തി. മനുഷ്യരിലൊരാളാവാൻ, ഏറ്റവും നിന്ദ്യമായ പരിഹാസം സഹിക്കുവാൻ, അതി

ശക്തമായ പ്രലോഭനങ്ങളെ അതിജീവിക്കാൻ, ഏറ്റവും തരംതാണ മരണം വരിക്കാൻ, ഞാനും നിങ്ങളും സ്നേഹമെന്താണെന്നറിയാൻ, നമ്മളെ ഏദനിലെ നിഷ്കളങ്കതയിലേക്കും സന്തോഷത്തിലേക്കും തിരികെയെത്തിക്കാൻ. അവനു ചുറ്റും എല്ലാ സത്യവും ഒത്തുകൂടി വലംവയ്ക്കുന്നു, ഗ്രഹങ്ങൾ സൂര്യനെയെന്നപോലെ.

'ഇനി നിങ്ങൾ എന്റെ വ്യക്തിപരമായ ഒരു സാക്ഷ്യം പറയുവാൻ അനുവദിക്കുമോ?

'ഞാൻ ഒരു അവിശ്വാസിയായിട്ടാണ് വളർത്തപ്പെട്ടത്. എന്റെ മാതാപിതാക്കളും അടുത്ത ബന്ധുക്കളും അവരുടെ അവിശ്വാസത്തിൽ വളരെ അഭിമാനമുള്ളവരായിരുന്നു. അക്കാലത്തെ പൊങ്ങച്ചക്കാരായ അവിശ്വാസികളാലാണ് ഞാൻ പോഷിപ്പിക്കപ്പെട്ടത്.

'എന്നാൽ സെൽസസ് മുതൽ വെൽസ് വരെ എല്ലാ അവിശ്വാസികളും നിഷ്ഫലമായ ആശ്ചര്യത്തോടെ ക്രിസ്തുവിന്റെ തൊട്ടിലിനു ചുറ്റും നിൽക്കുന്നത് ഞാൻ ശ്രദ്ധിച്ചു. റോമരുടെ അത്യാർത്തിയും യഹൂദന്റെ വെറുപ്പും ഗ്രീക്കുകാരുടെ വിവേചനവും ഒത്തുചേർന്ന് അദ്ദേഹത്തെ ഞെരിച്ചു കളയുമെന്ന് ഉറപ്പുള്ള സമയത്ത് ഈ കുഞ്ഞിനെ ലോകത്തിലേക്ക് തള്ളിവിട്ടതെന്തിനെന്ന് ഞാൻ സന്ദേഹിച്ചു. ചരിത്രത്തിൽ വച്ച് ഏറ്റവും ശക്തവും വിനാശകരവുമായ ഈ കൂട്ടുകെട്ട് പോലും തൊഴുത്തിൽ പിറന്ന ആ ശിശുവിന്റെ ലക്ഷ്യത്തെ മുന്നോട്ടാക്കുകയാണ് ചെയ്തത് — ലോകത്തിലെ ഏറ്റവും അഴുക്കായ സ്ഥലത്ത് ഏറ്റവും ശുദ്ധനായ മനുഷ്യൻ.

'ഈ ദാരിദ്ര്യം പിടിച്ച, പ്രാചീന റോമിലെ സാധാരണ പൗരൻ ഒരധികാരവും പ്രയോഗിക്കാതെ, ഒരു സൈന്യത്തെയും നിയന്ത്രിക്കാതെ, ഒരു ഔദ്യോഗിക പദവിയും വഹിക്കാതെ, യാതൊരു ബഹുമതിയും ലഭിക്കാതെ, ഒരു പുസ്തകവുമെഴുതാതെ, നന്നേ ചെറുപ്പത്തിൽ ഏറ്റവും നിന്ദ്യമായി, രണ്ടു കള്ളന്മാരുടെ നടുവിൽ ഒരു കുറ്റവാളിയായി കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ചു. — എന്നിട്ടും ആ നാമം ലോകത്തിലേറ്റവും ആദരണീയ നാമമായി, അവിശ്വാസികൾക്കിടയിൽ പോലും, ഞാൻ ആശ്ചര്യചകിതനായി.

'ആയിരത്തിത്തൊള്ളായിരം വർഷങ്ങൾക്കു മുമ്പത്തേതു

പോലെ അദ്ദേഹത്തിന്റെ വാക്കുകൾ ഇന്നും എങ്ങനെ ശക്തി നിറഞ്ഞതായി എന്ന് ഒരവിശ്വാസിക്കും പറഞ്ഞു തരുവാനായില്ല. ആതുളയ്ക്കപ്പെട്ട കരങ്ങൾ കൊണ്ട് അധർമ്മത്തിന്റെ നരകത്തിൽ നിന്ന് അതിക്രൂര മനുഷ്യരുടെ പഴക്കം ചെന്ന ആത്മാക്കളെ എങ്ങനെ വലിച്ചെടുത്തുവെന്നും ഒരു പരിഹാസിക്കും വിവരിക്കാനായില്ല. പൊടുന്നനെ അവരെ എങ്ങനെ സ്ഥിരമാനസരും പീഢകരുടെ തീപ്പന്തങ്ങളിൽ എരിഞ്ഞടങ്ങിയ മഹാനായകന്മാരുമാക്കി എന്നും ആർക്കും പറയാനായില്ല. ക്രിസ്തുവിന്റെ സ്നേഹവും വൻശക്തിയും അവരുടെ ആത്മാക്കൾക്ക് സമാധാനം നൽകിയെന്നത് മറ്റുള്ളവർ അറിയണമായിരുന്നു.

'അനശ്വരമെന്ന് തോന്നിക്കുന്ന സാമ്രാജ്യങ്ങൾ കാലയവനികയ്ക്കുള്ളിൽ വിസ്മൃതിയലാവുമ്പോഴും വധിക്കപ്പെട്ട ഗലീലക്കാരന്റെ ശക്തിയും മഹത്വവും ഓരോ ആക്രമണത്തിലും ഓരോ കാലത്തിലും അഴകും ആക്കവും നേടുന്നതെങ്ങനെയെന്നും ഒരു അജ്ഞേയതാവാദിക്കും വ്യക്തമാക്കാനായില്ല.

'യേശു തന്നെ സധൈര്യം പ്രവചിച്ച ഒരു കാര്യം എന്തുകൊണ്ട് നിറവേറി എന്നും ഒരു നിന്ദകനും വിവരിക്കാനായില്ല. ടെലിഫോൺ, വിമാനം, റേഡിയോ, റെയിൽ, കുതിര, കാൽനട എന്നുവേണ്ട എല്ലാ മാർഗ്ഗങ്ങളിലൂടെയും അദ്ദേഹത്തിന്റെ വാക്കുകൾ ഏറ്റവും നിബിഢ വനങ്ങളെയും തുളച്ചു കയറുന്നു. അത്യുന്നത പർവ്വതങ്ങളെ കീഴടക്കുന്നു. ആഴക്കടലുകളെയും വന്യ മരുഭൂമികളെയും മുറിച്ചു കടക്കുന്നു. ഭൂമിയിലെ എല്ലാ ദേശ, ജാതി, ഭാഷ, ജനങ്ങളെയും അത് വിശ്വാസികളാക്കി മാറ്റുന്നു.

'ഈ ഒറ്റപ്പെട്ട യഹൂദന് ഒരേസമയം എങ്ങനെ ഒരു കുട്ടിക്കുപോലും മനസ്സിലാകുന്നതും എന്നാൽ സമുന്നത ചിന്തകന്മാർക്കുപോലും അതിന്റെ തിളക്കമുള്ള ആഴങ്ങൾ ഗ്രഹിക്കാനാവാത്തതുമായ വാക്കുകൾ പറയുവാനായി എന്ന് ഒരു സംശയാലുവിനു പോലും പറഞ്ഞു തരാനായില്ല. ഈ അസാധാരണ മനുഷ്യന്റെ ജീവിതം, വാക്കുകൾ, സ്വഭാവം ഇവയെല്ലാം ചരിത്രത്തിന്റെ

പ്രഹേളികയാണ്. ഏത് സ്വാഭാവിക വിവരണവും അദ്ദേഹത്തെ ഒരു അംബരപ്പിക്കുന്ന വൈരുദ്ധ്യവും ആഴമറ്റ രഹസ്യവുമാക്കുന്നു.

'പക്ഷെ അദ്ദേഹം അവകാശപ്പെട്ടത് എന്തോ അത് ഞാൻ സ്വീകരിച്ചപ്പോൾ ആ വൈരുദ്ധ്യം നിഷ്കപടമാണെന്നും രഹസ്യം രഹസ്യമേയല്ലെന്നും ഞാൻ പഠിച്ചു. അദ്ദേഹം ദൈവപുത്രനെന്നും, സ്വർഗ്ഗത്തിൽ നിന്നെത്തി മനുഷ്യനെ രക്ഷിപ്പാൻ വന്നു എന്നും എല്ലാറ്റിലുമുപരി എന്റെ രക്ഷകനെന്നും ഞാൻ വിശ്വസിച്ചു. ദൈവദൂതന്റെ വാക്കുകളിൽ ഞാൻ പുളകം കൊണ്ടു: 'നോക്കൂ, ..... നിനക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു, അതെ ക്രിസ്തുവെന്ന രാജാവ് തന്നെ.' ഇപ്പോൾ ഞാനൊരു വലിയ സത്യം പഠിച്ചു.

'ക്രിസ്തു ഒരായിരം തവണ ബെത്‌ലഹെമിൽ ജനിച്ചാലും, അവൻ നിന്നിൽ ജനിക്കുന്നില്ലെങ്കിൽ, നിന്റെ ആത്മാവ് അലഞ്ഞു തന്നെ നടക്കും.'

'എങ്കിൽ ഇതാണ് ക്രിസ്ത്യാനിത്വത്തിന് നൽകാനുള്ളത്: ഒരു പരിപൂർണ്ണ മാതൃക, പാപക്ഷമ, ആത്മവിശ്രമം, സാന്ത്വനം, സഹചാരി, രക്ഷകൻ കൂടാതെ അസംഖ്യം പരിപൂർണ്ണ ജീവികൾക്കൊപ്പം നിത്യതയിലുള്ള ജീവിതം. ഇതിൽ നിന്ന് വിപരീതമായി വിലപിക്കുന്ന നൈരാശ്യവും, പ്രത്യാശയില്ലാത്ത വാടിയ മുഖവും, ക്ഷീണിതമായ ഹൃദയ വേദനയും എല്ലാമാണ് അവിശ്വാസിക്ക് എക്കാലവുമുള്ളത്. നിങ്ങൾ ഏത് തെരഞ്ഞെടുക്കും? തെരഞ്ഞെടുപ്പ് നിങ്ങൾക്കുള്ളതാണ്. എന്നാൽ അവസരം ഇതാണ്. നിങ്ങൾക്ക് തെളിവുകൾ തുലനം ചെയ്തു നോക്കാനും ക്രിസ്തുവിനെ കുറിച്ച് ചിന്തിക്കുന്നതിന്റെ ആനന്ദം അനുഭവിച്ചറിയാനും ആഴ്ചകൾ തന്നെ ലഭിച്ചു. അവൻ നിങ്ങളുടെ ഹൃദയങ്ങളിൽ കടക്കാനും അവന്റെ സമാധാനം കൊണ്ടുവന്ന് പാപമോചനം പ്രാപിക്കാനുമാണ് പറയുന്നത്.'

'പിന്നീട് ഒരു നിമിഷം നിർത്തി, ശ്രോതാക്കളുടെ ഗൗരവം നിറഞ്ഞ മുഖങ്ങളിലേയ്ക്ക് കണ്ണോടിച്ചിട്ട് ഇങ്ങനെ പറഞ്ഞു:

'അവിശ്വാസം തള്ളിപ്പറഞ്ഞ്, യേശുവിനെ ദൈവപുത്രനായും, പാപത്തിൽ നിന്നുള്ള രക്ഷകനായും പരസ്യമായി സ്വീകരിക്കുന്നവർ, മുമ്പ് അവിശ്വാസിയായി അറിയപ്പെട്ടിരുന്നുവെങ്കിലും ഇനിയങ്ങോട്ട് ക്രിസ്ത്യാനിയായി, ക്രിസ്തുവിന്റെ അനുയായിയായി അറിയപ്പെടുവാൻ ആഗ്രഹിക്കുന്നവരും എഴുന്നേറ്റു നിൽക്കുക.'

'നൂറിലധികം പേർ പെട്ടെന്ന് എഴുന്നേറ്റു നിന്നു. ഡേവിഡ് ഡെയറിന്റെ കണ്ണ് എമേഴ്സൺ കുടുംബം സ്ഥിരമിരിക്കുന്നിടത്തേക്ക് പാളി. അവർ നാലു പേരും എഴുന്നേറ്റതു കണ്ട് ഡെയറിന്റെ കണ്ണുകളിൽ ആനന്ദമുണ്ടായി.

'മിസ്റ്റർ എമേഴ്സൺ,' അദ്ദേഹം പറഞ്ഞു, 'നിങ്ങളും നിങ്ങളുടെ കുടുംബവും ഇങ്ങനെ സാക്ഷികളായതിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങൾ എന്തുകൊണ്ട് ഇങ്ങനെ ഒരു നിലപാട് എടുത്തുവെന്ന് ശ്രോതാക്കളോട് പറയുവാൻ ബുദ്ധിമുട്ടുണ്ടോ?

'എനിക്കതിൽ വളരെ സന്തോഷമേയുള്ളൂ.' എമേഴ്സന്റെ ശബ്ദം വളരെ വ്യക്തമായിരുന്നു. അദ്ദേഹം സംസാരിച്ചത് അതിയായ സന്തോഷത്തോടെയായിരുന്നു. താങ്കൾ ഈ പ്രഭാഷണപരമ്പര തുടർന്നുകൊണ്ടിരുന്നപ്പോൾ ഞാൻ ബൈബിൾ മുഴുവൻ വായിക്കുകയായിരുന്നു. ബൈബിൾ പറഞ്ഞതായി ഞാൻ കരുതിയ പല കാര്യങ്ങളും അത് പഠിപ്പിച്ചിട്ടേയില്ല എന്ന് ഞാൻ കണ്ടെത്തി. ഞാൻ തടസ്സമായിക്കരുതിയ കഴമ്പില്ലാത്ത പല എതിർപ്പുകളും നിഷ്കളങ്കമായ പഠനത്തിനു മുന്നിൽ അപ്രത്യക്ഷമായി. ഞാൻ പുതിയ നിയമം വായിച്ചപ്പോൾ ജീവിതത്തിൽ ആദ്യമായി സമാധാനവും സംതൃപ്തിയും ഞാൻ യേശുവിൽ കണ്ടെത്തി. ഇരുട്ടിൽ തപ്പിത്തടഞ്ഞ് ഈ മഹാപ്രപഞ്ചത്തിന്റെ അനന്തതയിൽ ഞാൻ ഏകനാണെന്ന ഭയാനക ചിന്ത വഴിമാറി. ഈ പ്രപഞ്ച സൃഷ്ടിതാവായ യേശുക്രിസ്തുവിന്റെ കരം പിടിച്ചപ്പോൾ അത് ഒരു പൂർണ്ണ വിശ്വാസമായി മാറി.

'എന്റെ തെറ്റുകൾ, എന്റെ പാപങ്ങൾ, അതെന്തു തന്നെയായിരുന്നാലും ക്ഷമിക്കപ്പെട്ടുവെന്നറിയുന്നതാണ് ഈ ലോകത്തിലെ

ഏറ്റവും വലിയ ആനന്ദം. എന്റെ വരും വർഷങ്ങളിലേക്ക് ഉൽക്കട ഭീതിയോടെയാണ് ഞാൻ നോക്കിയിരുന്നത്. എന്നാൽ ഇപ്പോൾ അത് ആനന്ദത്തിന്റെ ഉറവയും യേശുവിനുള്ള സ്തുതികളുമാണ്. യേശുവിനെക്കുറിച്ച് എക്കാലവും ഉയർന്ന പരിഗണയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഞാനദ്ദേഹത്തെ എന്റെ സ്നേഹിതനും രക്ഷിതാവുമായി വിശ്വസിക്കുന്നു.'

എഴുന്നേറ്റു നിന്ന എല്ലാവരോടും മുന്നോട്ട് കടന്നു വരുവാൻ ആവശ്യപ്പെട്ടു. 'ദൈവരാജ്യത്തിന്റെ ഈ സുവിശേഷം' ലോകമെങ്ങും നൽകുന്നതിനുള്ള വേലയിൽ പങ്കാളികളാകുന്നതിനു വേണ്ടി അവരെയെല്ലാം ഈ സഭയോട് ഒന്നിപ്പിക്കാനുള്ള കാര്യങ്ങൾ വിവരിച്ചു. അവിടേക്ക് ആദ്യം എത്തിയത് സംതൃപ്തരായ മിസ്റ്റർ എമേഴ്സണും ഭാര്യയുമാണ്. ദൈവത്തിനു വേണ്ടി വേല ചെയ്യാനുള്ള ഒരു പുതിയ അഭിലാഷം ആത്മാവിൽ ജനിച്ച ജോർജ്ജും ഒരിക്കൽ കുസൃതിയായ ഒട്ടും ചിന്തിക്കാതിരുന്ന എന്നാൽ ഇപ്പോൾ പുതിയ ആത്മാവിന്റെ സൗന്ദര്യത്താൽ തിരുത്തപ്പെട്ട ലൂസിലെയും ഒപ്പമുണ്ടായിരുന്നു.

| നമ്പർ | കുറിപ്പുകൾ | പേജ് |
|---|---|---|

1. **ടോം (തോമസ്) പെയ്ൻ** : 1737 ജനുവരി 29ന് ഇംഗ്ലണ്ടിൽ ജനിച്ച് പിന്നീട് അമേരിക്കയിലേക്കും ഫ്രാൻസിലേക്കും നാടുകടത്തപ്പെട്ടു. അവിടെ മാക്സിമില്ല്യൻ റോബസ്പെറിയുടെ ദുർഭരണത്തെ വിമർശിച്ചതിന് ജയിലിലായി. 1794, 96ൽ രണ്ട് വാല്യങ്ങളിലായി ജയിലിൽ കിടന്ന് എഴുതിയ 'ദി ഏജ് ഓഫ് റീസൺ' അദ്ദേഹത്തിനെ ഒരു അവിശ്വാസി എന്ന നിലയിൽ പ്രശസ്തനാക്കി. അമേരിക്കയിലെ ന്യൂയോർക്കിൽ ജൂൺ എട്ടിന് 1809ൽ ദരിദ്രനായി മരിച്ചു. **18**
2. **റോബർട്ട് ഗ്രീൻ ഇംഗർസോൾ** : 1833, ഓഗസ്റ്റ് 11ന് ന്യൂയോർക്കിലെ ഡ്രെസ്ഡനിൽ ജനനം. "ദി ഗ്രേറ്റ് അഗ്നോസ്റ്റിക്" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഇദ്ദേഹം അമേരിക്കൻ സിവിൽ യുദ്ധസേനാനിയും രാഷ്ട്രീയ നേതാവും അജ്ഞേയതാവാദത്തിന്റെ ശക്തനായ വക്താവുമായിരുന്നു. പിതാവ് ഒരു പാസ്റ്ററായിരുന്നുവെങ്കിലും അദ്ദേഹം അവിശ്വാസിയായിരുന്നു. വിവാഹബന്ധം പിരിഞ്ഞ ശേഷം സഹോദരൻ എബോൺ ക്ലാർക്ക് ഇംഗർസോളിനൊപ്പം ഇല്ലിനോയിലായിരുന്നു താമസം. എല്ലാ വിഷയത്തെക്കുറിച്ചും സംസാരിക്കുന്ന മികച്ച പ്രഭാഷകനായിരുന്നു. അജ്ഞേയതാവാദമായിരുന്നു പ്രധാന വിഷയം. സ്വതന്ത്ര ചിന്തയും മനുഷ്യത്വവും ഉയർത്തിപ്പിടിച്ച പ്രഭാഷണങ്ങളിൽ മതവിശ്വാസത്തെ പുച്ഛത്തോടെയാണ് കണ്ടിരുന്നത്. 65-ാം വയസിൽ ഹൃദയാഘാതത്തെ തുടർന്നായിരുന്നു മരണം. **18**
3. **ഡേവിഡ് ഹ്യൂം** : 1711, മെയ് 7ന് സ്കോട്ട്ലൻഡിലെ എഡിൻബർഗിൽ ജനനം. പതിനെട്ടാം നൂറ്റാണ്ടിലെ തത്വചിന്തകൻ, ചരിത്രകാരൻ, സാമ്പത്തിക വിദഗ്ധൻ. 'എ ട്രീറ്റൈസ് ഓഫ് ഹ്യൂമൻ നേച്ചർ' (1739-40) പ്രധാന കൃതി. **20**
4. **ടയിർ** : അറബിയിൽ 'സൂർ' എന്ന് പറയുന്ന ഈ നഗരം ഇന്നത്തെ തെക്കെ ലെബനനിലായിരുന്നു സ്ഥിതി ചെയ്തിരുന്നത്. സീദോന്റെ സഹനഗരം. പ്രധാന ഫിനിഷ്യൻ തുറമുഖ നഗരവും. നെബുഖദെനേസർ, അലക്സാണ്ടർ, അറബികൾ തുടങ്ങിയവരാൽ നശിപ്പിക്കപ്പെട്ടു. ആധുനിക ടയിർ 1920ൽ ലെബനനിൽ ചേർക്കപ്പെട്ടു. പുരാതന ടയിറിന്റെ അവശിഷ്ടങ്ങളെ 1984-ൽ ലോക പൈതൃക സ്ഥലമായി 'യുനെസ്കോ' തെരഞ്ഞെടുത്തു. **28**
5. **ബാബിലോൺ** : ഇറാഖിലെ ബാഗ്ദാദിന് തെക്ക് 89 കി.മീ. ദൂരെ ആധുനിക നഗരമായ അൽ ഹില്ലയ്ക്കടുത്താണ് ഈ പുരാതന നഗരത്തിന്റെ അവശിഷ്ടങ്ങൾ ഇന്ന് കാണപ്പെടുന്നത്. ഏഴാം നൂറ്റാണ്ടിൽ ഇസ്ലാം ശക്തിയാർജ്ജിക്കും മുമ്പു തന്നെ ഈ നഗരം അപ്രത്യക്ഷമായി. **28**
6. **വോൾനി** : 1757 ഫെബ്രുവരി 3-ന് ജനിച്ച കോൺസ്റ്റന്റിൻ ഫ്രാങ്കേസ് ഡി വോൾനി ഒരു ഫ്രഞ്ച് തത്വചിന്തകനും ചരിത്രകാരനും ഒക്കെ ആയിരുന്നു. 1782-ൽ കിൾക്കൻ രാജ്യങ്ങൾ സന്ദർശിക്കാനാരംഭിച്ചു. ഈജിപ്തിൽ ഏഴു മാസം, സിറിയയിൽ രണ്ടു വർഷം; അതായത് ഇന്നത്തെ ലെബനൻ, ഇസ്രയേൽ, പലസ്തീൻ തുടങ്ങിയവ സ്ഥിതി ചെയ്തിടങ്ങളിൽ താമസിച്ചു. 1787-ൽ ഈ യാത്രകളുടെ വിവരണം പുസ്തകമാക്കി പ്രസിദ്ധീകരിച്ചു. **35**
7. **സീദോൻ** : ടയിറിന്റെ പിതൃനഗരം. ഇന്നത്തെ ലെബനന്റെ തെക്ക് പടിഞ്ഞാറൻ തുറമുഖ മേഖലയിലാണ് സ്ഥിതി ചെയ്തിരുന്നത്. ഒരു ലക്ഷത്തി നാൽപതിനായിരത്തിലധികമാണ് ജനസംഖ്യ. **36**
8. **അസ്കലോൻ** : പുരാതന അസ്കലോൻ തകർക്കപ്പെട്ടു. ഇന്ന് അഷ്കലോൺ എന്ന് അറിയപ്പെടുന്ന നഗരം ഇസ്രയേലിലാണുള്ളത്. **38**
9. **അലക്സാണ്ട്രിയ** : ഇന്നത്തെ വടക്കൻ ഈജിപ്തിലെ തുറമുഖ നഗരം. **44**
10. **എഡ്വേർഡ് ഗിബ്ബോൺ** : (1737 - 1794) ഇംഗ്ലീഷ് ചരിത്രകാരൻ. 1753- ജൂണിൽ റോമൻ കത്തോലക്ക മതാനുയായി ആയി. 1764ൽ റോമാ നഗരത്തിന്റെ അവശിഷ്ടങ്ങൾ കണ്ടുകൊണ്ടിരുന്നപ്പോഴാണ് *'റോമാ സാമ്രാജ്യത്തിന്റെ ഉയർച്ചയും താഴ്ച്ചയും'* എന്ന പുസ്തകം എഴുതണമെന്ന ആശയം ഉദിച്ചത്. 1300 വർഷത്തെ ചരിത്രം വിവരിക്കുന്ന പുസ്തകത്തിന് ആറ് വാല്യങ്ങളുണ്ട്. 1776-ലാണ് ആദ്യ വാല്യം പുറത്തു വന്നത്. 1787-ൽ അവസാന വാല്യവും. **45**
11. **മെംഫിസ്** : ആധുനിക കയ്റോ നഗരത്തിനു തെക്ക് നൈൽ നദിയുടെ പടിഞ്ഞാറൻ തീരത്ത് സ്ഥിതി ചെയ്യുന്ന അവശിഷ്ടങ്ങൾ പഴയ ഈജിപ്തിന്റെ തലസ്ഥാന നഗരമായിരുന്നു. **48**

12. **അമേലിയ ബി. എഡ്വേർഡ്സ്** : 1831 ജൂൺ 7-ന് ലണ്ടനിൽ ജനനം. നോവലിസ്റ്റ്, പത്രപ്രവർത്തക, സഞ്ചാരി, ഈജിപ്റ്റോളജിസ്റ്റ്. 1876-ൽ ആണ് 'എ തൗസൻഡ് മൈൽസ് അപ് ദി നൈൽസ്' പ്രസിദ്ധീകരിച്ചു. **50**
13. **സെൽസസ്** : മൂണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്ക് തത്വചിന്തകനും ക്രിസ്ത്യാനിത്വത്തിന്റെ ആദ്യകാല എതിരാളികളിൽ ഒരാളും. 'ദ ട്രൂ വേർഡ്', ക്രിസ്ത്യാനിത്വത്തിനെതിരായി എഴുതപ്പെട്ട ആദ്യകാല പുസ്തകങ്ങളിൽ ഒന്നാണ്. **54**
14. **പഞ്ചഗ്രന്ഥി** : ഉൽപ്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം **62**
15. **ഡീൻ സ്ററാൻലി** : 1815, ഡിസംബർ 13-ന് ഇംഗ്ലണ്ടിലെ ചെഷയറിൽ ജനനം. സഭാ ചരിത്രത്തെക്കുറിച്ചെഴുതി. ഓക്സ്ഫഡിൽ അദ്ധ്യാപകൻ. 1852-53ൽ ഈജിപ്തും വിശുദ്ധനാടും സന്ദർശിച്ചു. തുടർന്ന് 1856-ൽ 'സിറിയ പലസ്തീൻ' എഴുതി. **65**
16. **ഹെൻറി ഹാർട്ട് മിൽമാൻ** : 1791, ഫെബ്രുവരി 10-ന് ലണ്ടണിൽ ജനനം. ഇംഗ്ലീഷ് ചരിത്രകാരനും പുരോഹിതനും. 1829-ൽ 'ഹിസ്റ്ററി ഓഫ് ജ്യൂസ്' എഴുതി. ഗിബ്ബോണിന്റെ ജീവചരിത്രവും എഴുതിയിട്ടുണ്ട്. **66**
17. **സെപ്റ്റാജിന്റ്** : പുരാതന എബ്രായ ബൈബിളിന്റെ ഗ്രീക്ക് തർജ്ജമ. ഹെലേന്യകാലത്തെ ഗ്രീക്ക് ചക്രവർത്തി ടോളമി 2ന്റെ കാലത്ത് യഹൂദാ മഹാപുരോഹിതൻ നിയമിച്ച 70 വിവർത്തകന്മാരാണ് അന്ന് മൊഴിമാറ്റം ചെയ്തത്. സെപ്റ്റാ = ഏഴ്. **72**
18. **പിഗ്മി** : ഒരു ആഫ്രിക്കൻ ഗോത്രജനവിഭാഗം, ഇവർ ഉയരം കുറഞ്ഞവരാണ്. **77**
19. **ഡോഡോ** : മൗറീഷ്യസിൽ ജീവിച്ചിരുന്ന ടർക്കിക്കോഴിയെപ്പോലിരിക്കുന്ന പറക്കാനാവാത്ത ഒരുതരം പക്ഷി. 1661ൽ വംശനാശം സംഭവിച്ചു. **79**
20. **സൈറസ്** : 550-529 ബിസി വരെ പേർഷ്യൻ രാജാവായിരുന്നു. **82**
21. **സെർക്സസ്** : 486-465 ബിസി വരെ പേർഷ്യൻ രാജാവ്, സൈറസിന്റെ മകൾ അത്തോസയുടെ മകൻ. എസ്തേറിന്റെ പുസ്തകത്തിൽ പറയുന്ന അഹശ്വേരശായി കരുതപ്പെടുന്നത് സെർക്സസിനെയാണ്. **82**
22. **അലക്സാണ്ടർ** : 336-323 ബിസി വരെ മാസിഡോണിയയുടെ രാജാവും പേർഷ്യൻ സാമ്രാജ്യം കീഴടക്കി ലോകം തന്നെ അടക്കി  രിച്ച അലക്സാണ്ടർ ദി ഗ്രേറ്റ്. അരിസ്റ്റോട്ടലിന്റെ ശിഷ്യൻ. 323 ബിസിയിൽ 33-ാം വയസ്സിൽ ബാബിലോണിൽ വച്ച് പനി ബാധിച്ചായിരുന്നു മരണം. **82**
23. **വമ്പൻ പട** : ഏകദേശം 40000 കാലാളും 7000 കുതിരപ്പടയും. **83**
24. **പാർതിയന്മാർ** : ഇന്നത്തെ ഇറാനും അഫ്ഗാനിസ്ഥാനും അടങ്ങുന്ന പുരാതന ഏഷ്യൻ രാജ്യം - കാലഘട്ടം 250 ബിസി **83**
25. **അബു അൽ ഫേദ** : 1273-1331, ദമാസ്ക്കസിൽ ജനിച്ച അറേബ്യൻ ചരിത്രകാരനും ഭൗമശാസ്ത്രജ്ഞനും. **84**
26. **ജൂലിയൻ** : 361-363 ബിസി വരെ റോമൻ ചക്രവർത്തി. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ അനന്തരവൻ. ക്രിസ്ത്യാനിയായി ജനിച്ചുവെങ്കിലും ഒരു വിഗ്രഹാരാധിയായി മാറി. പേർഷ്യയുമായുള്ള യുദ്ധത്തിനിടയിൽ ബാഗ്ദാദിനടുത്തുവച്ച് കൊല്ലപ്പെട്ടു. **87**
27. **ടൈറ്റസ്, ഹഡ്രിയാൻ** : റോമൻ ചക്രവർത്തിമാർ. **88**
28. **ടൈബീരിയസ് സീസർ** : രണ്ടാമത്തെ റോമൻ ചക്രവർത്തി. അഗസ്റ്റസ് വളർത്തിക്കൊണ്ടുവന്ന ഇദ്ദേഹം സ്വന്തം അമ്മയായ ലിവിയ ഡ്രൂസിലയെ വിവാഹം ചെയ്തു. മകൻ ഡ്രൂസസിന്റെ മരണം ടൈബീരിയസിനെ അക്രമകാരിയും കൊലവെറിയനുമാക്കിത്തീർത്തു. രോഗശയ്യയിലായ ഇദ്ദേഹത്തെ ഭടന്മാർ കൊലപ്പെടുത്തുകയായിരുന്നു. **105**
29. **തോമസ് ഹക്സ്‌ലി** : 1825 മെയ് 4-ന് ജനനം. ബ്രിട്ടീഷ് ജീവശാസ്ത്രജ്ഞൻ. ഡാർവിന്റെ പരിണാമ സിദ്ധാന്തത്തെ ആദ്യകാലത്ത് അനുകൂലിച്ചിരുന്നു. 1860-ൽ ബിഷപ് സാമുവൽ വിൽബർഫോഴ്സുമായി ഇതേക്കുറിച്ച് നടത്തിയ സംവാദം ശ്രദ്ധയാകർഷിച്ചു. എന്നാൽ പിന്നീട് അദ്ദേഹം ദൈവശാസ്ത്രത്തിലേക്ക് തിരിഞ്ഞു. 1895ൽ മരണം. **117**
30. **മാഗ്ന കാർട്ട** : 1215-ൽ ബ്രിട്ടീഷ് രാജാവ് ജോണിനെക്കൊണ്ട് നിർബന്ധമായി ഒപ്പു വപ്പിച്ച ഉടമ്പടി. ഇത് പിന്നീട് ബ്രിട്ടീഷ് ഭരണഘടനയുടെ അടിത്തറയായിത്തീർന്നു. **120**
31. **ജോർജ്ജ് ജോൺ റൊമാനെസ്** : 1848 മെയ് 20-ന് കാനഡയിൽ ജനനം. താരതമ്യ സൈക്കോളജിക്ക് അടിത്തറ പാകിയ ജോർജ്ജ് ബ്രിട്ടീഷ് പൗരത്വം സ്വീകരിച്ചു. പരിണാമ സിദ്ധാന്ത ഉപജ്ഞാതാവായ ചാൾസ് ഡാർവിന്റെ സൈദ്ധാന്തിക സുഹൃത്തായിരുന്നു. ഡാർവിന്റെ സ്വാധീനത്താലാണ് അദ്ദേഹം അവിശ്വാസിയായതെങ്കിലും അവസാ

നം രോഗിയായപ്പോൾ ക്രിസ്തീയതയിലേക്ക് വന്നതായി ഭാര്യ വെളിപ്പെടുത്തുന്നു. 1894ൽ 46-ാം വയസിൽ മരണം. **120**

32. **എച്ച്. ജി. വെൽസ്** : 1866 സെപ്തംബർ 21-ന് ഇംഗ്ലണ്ടിലെ കെന്റിൽ ജനനം. നോവലിസ്റ്റ്, പത്രപ്രവർത്തകൻ, സോഷ്യളജിസ്റ്റ്, ചരിത്രകാരൻ എന്നീ നിലകളിൽ പ്രശസ്തൻ. *ദി ടൈം മെഷീൻ* (1895), *ദി ഇൻവിസിബിൾ മാൻ* (1897), *ദി വാർ ഓഫ് ദി വേൾഡ്സ്* (1898) തുടങ്ങിയ നോവലുകൾ വിഖ്യാതമാണ്. **124**
33. **എച്ച്. എൽ. മെൻഖെൻ** : 1880 സെപ്തംബർ 12-ന് അമേരിക്കയിലെ ബാൾട്ടിമോറിൽ ജനനം. ബാൾട്ടിമോർ സൺ എന്ന പത്രത്തിലാണ് കൂടുതലും പ്രവർത്തിച്ചത്. വിമർശകനും ഹാസ്യാത്മക പത്രപ്രവർത്തകനുമായിരുന്നു. 1956 ജനുവരി 29-ന് അന്ത്യം. **127**
34. **ജനറൽ ല്യൂ വാലസ്** : 1827 ഏപ്രിൽ 10-ന് അമേരിക്കയിലെ ബ്രൂക്ക്‌വില്ലെയിൽ ഇന്ത്യാനയിലെ ഗവർണ്ണറുടെ മകനായി ജനിച്ചു. മെക്സിക്കൻ യുദ്ധത്തിലും അമേരിക്കൻ ആഭ്യന്തര യുദ്ധത്തിലും പങ്കെടുത്ത് മേജർ ജനറൽ പദവിയിലെത്തി. മൂന്ന് ചരിത്ര നോവലുകൾ എഴുതി. 'ദി ഫെയർ ഗോഡ്' (1873), 'ദി പ്രിൻസ് ഓഫ് ഇന്ത്യ' (1893), 'ബെൻ ഹർ' (1880). രണ്ട് ഭാഗങ്ങളിലായി ബെൻ ഹർ ചലച്ചിത്രമാവുകയുണ്ടായി. **133**
35. **ജിയോവാന്നി പാപിനി** : 1881 ജനുവരി 9-ന് ഫ്ളോറൻസിൽ ജനനം. ഇറ്റാലിയൻ പത്രപ്രവർത്തകൻ, ലേഖനരചയിതാവ്, സാഹിത്യ വിമർശകൻ, കവി, നോവലിസ്ററ്. ചെറുപ്പം മുതലേ അവിശ്വാസിയായിരുന്നു. 'ദി ഫെയ്‌ലിയർ' എന്നാണ് അദ്ദേഹത്തിന്റെ ആത്മകഥയുടെ പേര്. 1921-ൽ 'ലൈഫ് ഓഫ് ക്രൈസ്റ്റ്' പ്രസിദ്ധീകരിച്ചുകൊണ്ട് ക്രിസ്ത്യാനിത്വം പ്രഖ്യാപിച്ചു. 1956 ജൂലൈ 8-ന് മരണം. **135**
36. **സർ വില്യം മിച്ചൽ റാംസേ** : 1851 മാർച്ച് 15-ന് സ്കോട്ട്‌ലൻഡിലെ ഗ്ലാസ്ഗോയിൽ ജനനം. പുരാവസ്തു ഗവേഷകനും പുതിയ നിയമ പണ്ഡിതനുമായിരുന്നു. 1939-ൽ മരിക്കുമ്പോഴേക്കും ഏഷ്യാ മൈനറിന്റെ ചരിത്രത്തെക്കുറിച്ചുള്ള അവസാന വാക്കായി മാറിയിരുന്നു. ഓക്സ്ഫഡിലും അബെർഡീനിലും അദ്ധ്യാപകൻ. 1906-ൽ സർ പദവി. ഓക്സ്ഫഡ് കോളജുകളിൽ നിന്ന് മൂന്ന് ഫെലോഷിപ്പ്. ബ്രിട്ടൺ, അമേരിക്ക, തുടങ്ങിയിടങ്ങളിലെ സർവ്വകലാശാലകളിൽ നിന്ന് 9 ഡോക്ടറേറ്റുകൾ. മറ്റുള്ളവർ പൗലോസിന്റെ ലേഖനങ്ങളെ സംശയിക്കുമ്പോൾ റാംസേ അവ എഴുതിയത് പൗലോസ് തന്നെയെന്ന് ഉറപ്പിക്കുന്നു. **136**
37. **ഗുസ്താവ് അഡോൾഫ് ഡെയ്‌സ്മാൻ** : 1866 നവംബർ 7-ന് ജനനം. ഒരു ജർമ്മൻ പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്ര പണ്ഡിതൻ. പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു ഭാഷയെക്കുറിച്ചുള്ള പഠനം വിഖ്യാതം. **140**
38. **1879, ജൂൺ 3-ന് സഹോദരൻ എബോണിന്റെ** ശവസംസ്ക്കാര ചടങ്ങിൽ വാഷിങ്ടണിൽ നടത്തിയ പ്രഭാഷണം പിറ്റേന്നത്തെ ന്യൂയോർക്ക് ട്രിബ്യൂൺ പ്രസിദ്ധീകരിക്കുകയുണ്ടായി. **144**
39. **ഹെർബർട്ട് സ്പെൻസർ** : 1820 ഏപ്രിൽ 27-ന് ഇംഗ്ലണ്ടിലെ ഡെർബിഷയറിൽ ജനനം. 'സോഷ്യൽ ഡാർവിനിസം' എന്ന സിദ്ധാന്തം പ്രചരിപ്പിച്ച തത്വചിന്തകൻ. ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട വിക്ടോറിയൻ ചിന്തകൻ. മരണം 1903 ഡിസംബർ 8. **145**
40. **സോക്രട്ടീസ്** : 470 ബിസിയിൽ ഏഥൻസിൽ ജനനം. വിഖ്യാത യവന തത്വചിന്തകൻ. പ്ലേറ്റോയെപ്പോലുള്ള അനേകം ശിഷ്യഗണങ്ങളുണ്ടായിരുന്നുവെങ്കിലും ദൈവവിചാരമില്ലായ്മയ്ക്കും യുവാക്കളെ വഴിതെറ്റിച്ചതിനും 399 ബിസിയിൽ വിഷം കൊടുത്ത് കൊല്ലുകയായിരുന്നു. വധശിക്ഷ സ്വീകരിച്ച സോക്രട്ടീസ് തന്റെ ഭാഗം ന്യായീകരിച്ചുകൊണ്ട് നടത്തുന്ന പ്രസംഗം ശിഷ്യൻ പ്ലേറ്റോ 'അപോളജി' എന്ന പേരിൽ എഴുതിയിട്ടുണ്ട്. **156**
41. **പ്ലേറ്റോ** : 428 ബിസിയിൽ ജനനം. യവന തത്വചിന്തകൻ. ഗുരു സോക്രട്ടീസും ശിഷ്യൻ അരിസ്റ്റോട്ടിലും ചേർന്ന് പാശ്ചാത്യ സംസ്കാരത്തിന്റെ അടിത്തറ പാകി. **156**
42. **അരിസ്റ്റോട്ടൽ** : 384 ബിസിയിൽ ജനനം. യവന തത്വചിന്തകനും ശാസ്ത്രജ്ഞനും. പ്ലേറ്റോ സ്ഥാപിച്ച അക്കാഡമിയിൽ പ്ലേറ്റോയുടെ ശിഷ്യനായി. 348 ബിസിയിൽ പ്ലേറ്റോയുടെ മരണശേഷം മാസിഡോണിയയിൽ തിരിച്ചെത്തിയ അരിസ്റ്റോട്ടൽ ബാലനായ അലക്സാണ്ടർ ചക്രവർത്തിയുടെ അദ്ധ്യാപകനായി. ഏഥൻസിൽ ലൈസിയം എന്ന പേരിൽ സ്വന്തം സ്കൂൾ സ്ഥാപിച്ചു. ഓർഗനോൺ, ഡി അനിമ, ഫിസിക്സ്, മെറ്റാഫിസിക്സ് തുടങ്ങിയവ കൃതികളാണ്. **156**

43. **റാഫേൽ** : 1483 ഏപ്രിൽ 6-ന് ഇറ്റലിയിലെ ഉർബിനോയിൽ ജനനം. ചിത്രകാരനും ശിൽപിയും. സിസ്റ്റൈൻ ചാപ്പൽ, സെന്റ് പീറ്റേഴ്സ് ബസിലിക്ക എന്നിവിടങ്ങളിലെല്ലാം ആ കരവിരുത് ദൃശ്യമാണ്. **156**

44. **മൈക്കലാഞ്ചലോ** : 1475 മാർച്ച് 6-ന് ഫ്ളോറൻസ് റിപബ്ലിക്കിൽ ജനനം. ശിൽപി, ചിത്രകാരൻ, കവി, വാസ്തുശിൽപി. ഇപ്പോൾ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലുള്ള 'പിയേത്ത' 'ബാക്കസ്' തുടങ്ങിയവ ആദ്യകാല മാസ്റ്റർപീസുകളാണ്. 'ദാവീദ്' വളരെ പ്രശസ്തമായ പ്രതിമയാണ്. സിസ്റ്റൈൻ ചാപ്പലിലെ അവസാനവിധി ചിത്രം തന്റെ ജീവിതത്തിന്റെ അവസാന 30 വർഷങ്ങളെടുത്താണ് പൂർത്തിയാക്കിയത്. **156**

45. **ലിയനാർഡോ ഡാ വിഞ്ചി** : 1452 ഏപ്രിൽ 15-ന് ഫ്ളോറൻസിൽ ജനനം. ഇറ്റാലിയൻ ചിത്രകാരൻ, ശിൽപി, ശാസ്ത്രജ്ഞൻ, വാസ്തുശിൽപി. 'അന്ത്യ അത്താഴം', 'മോണാലിസ' എന്നിവ വിഖ്യാത ചിത്രങ്ങൾ. 1519 മെയ് 2-ന് ഫ്രാൻസിലായിരുന്നു അന്ത്യം. **156**

46. **ഡാന്റേ** : 1265-ൽ ഇറ്റലിയിലെ ഫ്ളോറൻസിൽ ജനനം. കവി. 'ദി ഡിവൈൻ കോമഡി' വിഖ്യാത കാവ്യമാണ്. ഒരു ക്രിസ്തീയ തീർത്ഥാടകന്റെ നരകത്തിലൂടെയും സ്വർഗ്ഗത്തിലൂടെയുമുള്ള യാത്രയുടെ വിവരണം. **156**

47. **ജോൺ മിൽട്ടൺ** : 1608 ഡിസംബർ 9-ന് ലണ്ടനിൽ ജനനം. ഇംഗ്ലീഷ് കവി. സാത്താനെ ചിത്രീകരിച്ചുകൊണ്ടുള്ള 'പാരഡൈസ് ലോസ്റ്റ്' (നഷ്ടപ്പെട്ട സ്വർഗ്ഗം) വിഖ്യാത കാവ്യമാണ്. സാത്താനെ മറികടക്കുന്ന ക്രിസ്തുവിനെ ചിത്രീകരിക്കുന്ന 'പാരഡൈസ് റീഗേയ്ൻഡ്' (വീണ്ടെടുക്കപ്പെട്ട സ്വർഗ്ഗം' മറ്റൊരു ചെറുകാവ്യമാണ്. വില്ല്യം ഷേയ്ക്സ്പിയർ കഴിഞ്ഞാൽ ഏറ്റവും വലിയ ഇംഗ്ലീഷ് കവിയായി കരുതപ്പെടുന്നു. **156**

48. **ജോസഫ് ഹായ്ഡൻ** : ഓസ്ട്രിയൻ സംഗീതജ്ഞൻ. 1732 മാർച്ച് 31-ന് ജനനം. 106 സിംഫണികൾ ഈണമിട്ടു. വൊൾഫ്ഗാംങ് അമാഡേയൂസ് മൊസാർട്ട്, തന്റെ ശിഷ്യനായ ലുഡ്വിഗ് വാൻ ബീഥോവൻ എന്നിവരെ വളരെ സ്വാധീനിച്ചു. **157**

49. **ജോർജ്ജ് ഫ്രെഡ്രിക് ഹാൻഡെൽ** : ജർമ്മനിയിൽ ജനിച്ച ബ്രിട്ടീഷ് സംഗീതജ്ഞൻ. 1683 ഫെബ്രുവരി 23-ന് ജനനം. ഏറ്റവും മികച്ച ഓർഗൺ വാദകനായി അറിയപ്പെടുന്നു. 45 ഇറ്റാലിയൻ ഓപ്പറകൾ രൂപപ്പെടുത്തി. ഇസ്രയേൽ ഇൻ ഈജിപ്ത് ഇതിൽ പെടുന്നു. നിരവധി പള്ളിപ്പാട്ടുകളും ഈണമിട്ടു. **157**

50. **ലുഡ്വിഗ് വാൻ ബീഥോവൻ** : വിഖ്യാത ജർമ്മൻ സംഗീതജ്ഞൻ. 1770 ഡിസംബർ 17-ന് ജനനം. 1795 മുതൽ കേൾവി നഷ്ടപ്പെടുവാൻ ആരംഭിച്ചു. 1819ൽ പൂർണ്ണമായി ബധിരനായി. എന്നിട്ടും സംഗീതം ചിട്ടപ്പെടുത്തി. 1827-ൽ അന്തരിച്ചു. സംഗീതോപകരണങ്ങളെ വായ്പ്പാട്ടിനും മീതെ ഉയർത്തിയത് ബിഥോവനാണ്. **157**

51. **യൊഹാൻ സെബാസ്റ്റ്യൻ ബാച്ച്** : 1685 മാർച്ച് 21-ന് ജനനം. ജർമ്മൻ സംഗീതജ്ഞൻ. ഗായകൻ, വയലിനിസ്റ്റ്, ഓർഗാനിസ്റ്റ് എന്നീ നിലകളിൽ വിഖ്യാതൻ. 200ൽപരം പള്ളിപ്പാട്ടുകൾ ചിട്ടപ്പെടുത്തി. യൊഹാൻ ക്രിസ്റ്റ്യൻ ബാച്ച്, കാൾ ഫിലിപ്പ് എമ്മാനുവൽ ബാച്ച് എന്നിവർ മക്കളാണ്. ഇരുവരും പ്രശസ്ത സംഗീതജ്ഞർ. **157**

52. **ഫെലിക്സ് മെൻഡെൽസ്സോൻ** : ജർമ്മൻ സംഗീതജ്ഞൻ. 1809 ഫെബ്രുവരി 3-ന് ജനനം. പ്രൊട്ടസ്റ്റന്റായി മാറിയ ഒരു യഹൂദ കുടുംബത്തിലാണ് ജനിച്ചത്. 11-ാം വയസിൽ സംഗീതജ്ഞനായി. 16-ൽ തന്റെ ആദ്യ വിഖ്യാത സൃഷ്ടി അവതരിപ്പിച്ചു. **157**